K C S L

1915

To

1990

# പ്രഥമ
# വിദ്യാർത്ഥി
# പ്രസ്ഥാനം

K C S L

ജെ. ചിറയിൽ

LIBRARY
BANGALORE
063
C45

# പ്രഥമ വിദ്യാർത്ഥി പ്രസ്ഥാനം

കെ. സി. എസ്. എൽ.

(1915 - 1990)

ജെ. ചിറയിൽ

DC Library
*00055761*
P63 C45 C

DHARMARAM COLLEGE
LIBRARY
BANGALORE-29

1990

കെ.സി.എസ്.എൽ. പ്രസിദ്ധീകരണം_27

K.C.S.L. Central Office
Pastoral Orientation Centre
P. B. No. 2251, Palarivattom
Cochin - 682 025.

DHARMARAM COLLEGE LIBRARY
Ac. No 55261
Call No P.63/C45

Malayalam

PRADHAMA VIDYARTHI PRASTHANAM
K.C.S.L. (1915-1990)

By Fr. Joseph Chirayil C.M.I., M.A., B.Ed.

KCSL Publication - 27
January 1990

Published by:
KCSL Central Office, POC, Cochin-682025

Printed at:
L.F.I. Press, Thevara, Cochin-682013

Copies: 1500

Price: Rs. 10.00

# ഉള്ളടക്കം


ആമുഖം

ഈ ഗ്രന്ഥത്തെപ്പററി 9

1. ഒരു സംഘടന ജനിക്കുന്നു 12

2. വളർച്ചയും രൂപാന്തരീഭാവവും 19

3. യുവജനസഖ്യം മുതൽ കെ.സി.എസ്സ്.എൽ. വരെ 29

4. കെ.സി.എസ്സ്.എൽ. അഥവാ കേരള കത്തോലിക്കാ വിദ്യാർത്ഥിസഖ്യം 44

5. ജൂബിലിയുടെ പുളകപാളികൾ 57

6. വികാസത്തിൻെറ പുതിയ മാനങ്ങൾ 68

7. സംഘടന ഇന്ന് 81

8. ചരിത്രം നല്കുന്ന പാഠങ്ങൾ 100

9. അനുബന്ധങ്ങൾ

a) ജനറൽ ഡയറക്ടർമാർ 111

b) പ്രസിഡൻറുമാർ 111

c) വൈസ് പ്രസിഡൻറുമാർ 112

d) ജനറൽ സെക്രട്ടറിമാർ 113

e) ജനറൽ ട്രഷറന്മാർ 114

f) വിദ്യാർത്ഥി സെക്രട്ടറിമാർ 114

g) ട്രോഫികൾ, സമ്മാനങ്ങൾ 116

h) സ്കോളർഷിപ്പുകൾ 117

i) വിശ്വാസപ്രഖ്യാപനം 118

j) കെ.സി.എസ്സ്.എൽ. മുദ്രാവാക്യങ്ങൾ 119

k) മാർഗ്ഗരേഖ 1972 120

l) സംഘടനയുടെ ഉദ്ദേശലക്ഷ്യങ്ങൾ 123

m) സംഘടനാ വാർഷികങ്ങൾ 124

n) സംഘടനയുടെ ഇപ്പോഴത്തെ ഭാരവാഹികൾ 125

o) 1989–90 ലെ സ്ഥിതിവിവര കണക്ക് 126

p) കെ.സി.എസ്സ്.എൽ. ഗാനം 127

# ആമുഖം

കെ.സി.എസ്.എൽ. — ലോകത്തിലെ ആദ്യത്തെ വിദ്യാർത്ഥിസംഘടന! അനേകായിരം കേരളമക്കൾ മനസ്സിൽ താലോലിക്കുകയും കർമ്മപഥത്തിൽ ആവേശത്തോടെ വളർത്തിയെടുക്കുകയും ചെയ്ത ഒരു യുവജനപ്രസ്ഥാനം! വിദ്യാർത്ഥികൾ സ്ഥാപകരും അദ്ധ്യാപകർ സഹകാരികളുമായുള്ള ഒരു മാതൃകാ സംഘടന! സഭാദ്ധ്യക്ഷന്മാരും രാഷ്ട്രനേതാക്കളും സാമൂഹിക പരിഷ്കർത്താക്കളും വിദ്യാഭ്യാസ വിചക്ഷണരും ജീവിതവിജയം നേടാൻ കണ്ടെത്തിയ കുറുക്കുവഴി! ''വിശ്വാസം, പഠനം, സേവനം'' എന്ന മുദ്രാവാക്യം ജീവിതപ്രമാണമായി സ്വീകരിച്ച് ''ക്രിസ്തുവിലേക്കു വളരുവാൻ'' (എഫേ. 4, 15) വെമ്പൽ കൊള്ളുന്ന. അച്ചടക്കവും സുശിക്ഷണവുമുള്ള, ഉത്തമകത്തോലിക്കരും ഉത്തമപൗരന്മാരുമാകുവാൻ ആഗ്രഹിക്കുന്ന നല്ല വ്യക്തികളുടെ കൂട്ടായ്മ! അർഹരായവരെ അംഗീകരിക്കുകയും വളർത്തിയെടുക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ഒരു പരിശീലനവേദി. രാജ്യത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും വ്യക്തിത്വത്തിന്റെ സമഗ്രവളർച്ചയ്ക്കുംവേണ്ടിയുള്ള ക്രൈസ്തവ പരിശീലനം നൽകുന്ന ഒരു വിദ്യാർത്ഥിപ്രസ്ഥാനം! ഇതാണ് കെ.സി.എസ്.എൽ.

1915 ൽ തൃശ്ശിനാപ്പള്ളിയിൽ ആരംഭിച്ച് 1917 ൽ ആലപ്പുഴയിൽ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യപ്പെട്ട കെ.സി. എസ്.എൽ. സംഘടനയാണ് ഇന്ന് ലോകത്തുള്ളതിൽവച്ച് ഏററം പഴക്കംചെന്ന വിദ്യാർത്ഥിപ്രസ്ഥാനം. 1931 - ലാണ് പാശ്ചാത്യരാജ്യങ്ങളിൽ ആദ്യമായി വിദ്യാർത്ഥിപ്രസ്ഥാനങ്ങൾ രൂപംകൊണ്ടതു്. അതിനു വളരെ മുമ്പുതന്നെ കേരളം, തമിഴ്നാട്, കർണ്ണാടക, സിലോൺ, എന്നിവിടങ്ങളിലെ പ്രശസ്ത വിദ്യാലയങ്ങളിൽ ഈ സംഘടന പടർന്നുപന്തലിച്ചിരുന്നു. Pax Romana, AICUF, YCS/YSM തുടങ്ങിയ ദേശീയ, അന്തർദേശീയ സംഘടനകളിൽ കേരളത്തിനുപുറത്തുള്ള യൂണിററുകൾ ലയിച്ചതിനാൽ കെ.സി.എസ്.എൽ. ഇന്ന് ഒരു പ്രാദേശിക സംഘടനയായി മാറിയിരിക്കുന്നു എന്നുമാത്രം. എങ്കിലും റോമൻ കത്തോലിക്കാസഭ റോമിന്റേതു മാത്രമല്ലാത്തതുപോലെ കെ.സി.എസ്.എൽ. ഉം അതിന്റെ തനിമയും പാരമ്പര്യവും നിലനിർത്തിക്കൊണ്ടുതന്നെ വളരട്ടെ; മററുള്ളവരെ വളർത്തട്ടെ.

കേരളത്തിലും, ഇന്ത്യയിലും, ഇന്ത്യയ്ക്കുപുറത്തുമുള്ള അനേകായിരം പൂർവാംഗങ്ങൾ ഈ സംഘടനയെ മനസ്സിൽ താലോലിക്കുമ്പോൾ ഒന്നരലക്ഷത്തോളമുള്ള ഇന്നത്തെ അംഗങ്ങൾ ഇതി

നെ ആവേശത്തോടെ വളർത്തി പരിപോഷിപ്പിക്കുന്നു. കഴിഞ്ഞ ഏഴരപതിററാണ്ടിലെ ഈ സംഘടനയുടെ ചരിത്രം ആവേശോജ്ജ്വലമാണ്; ഉയർച്ചയും താഴ്ചയും, ഒടിവും വളവും, തിരിവും മറിവും പലേടത്തും നാം കണ്ടെന്നുവരും. ഒരു മാനുഷികപ്രസ്ഥാനത്തിൻേറതായ ബലഹീനതകളും ബലക്ഷയങ്ങളും മനസ്സിലാക്കി പ്രതികരിച്ചാലേ വരുംനാളുകളിൽ, മൂന്നാം സഹസ്രാബ്ദത്തിൽ, ഈ സംഘടന കേരളസഭയുടെ ശക്തിസ്രോതസ്സാവൂ. അതിനായി ചരിത്രവസ്തുതകൾ വസ്തുനിഷ്ഠമായി അവതരിപ്പിക്കാനുള്ള ഒരു ശ്രമമാണ് ഈ ഗ്രന്ഥം.

ലീഗിൻെറ ആരംഭംതന്നെ ഒരു പ്രത്യേകതയായിരുന്നു. വിദ്യാർത്ഥികൾ സ്ഥാപകരും, അദ്ധ്യാപകരും വൈദികരും സഹായികളുമായുള്ള ഒരു പ്രസ്ഥാനം! ഈ തനിമ ഉൾക്കൊണ്ട് വിദ്യാർത്ഥികളുടെ നേതൃത്വസവിശേഷതകൾ വളർത്തിയെടുക്കാൻ ഇന്നും സംഘടന ശ്രമിക്കുന്നു. ഇന്ന് സ്ഥാപകരും ആദിമസംഘാടകരും മൺമറഞ്ഞുകഴിഞ്ഞു. രണ്ടാം തലമുറയിലെ പലരും മറവിയുടെ മാറാപ്പുകളിൽ ചുരുണ്ടുകൂടാൻ തുടങ്ങി. ഒരു പ്രസ്ഥാനത്തിൻെറ തനിമയും ഓജസ്സും ഉന്മേഷവും അതിൻെറ ആദിമ ചൈതന്യം ഉൾക്കൊള്ളുന്ന പിൻതലമുറകളാണ്. കെ.സി.എസ്.എൽ – ൻെറ ചരിത്രം പുത്തൻ തലമുറകൾക്ക ആവേശം പകരണമെങ്കിൽ അതിൻെറ ആദിമ ചൈതന്യവും വളർച്ചയുടെ വിമ്മിട്ടങ്ങളും ആരംഭകരിൽനിന്നു തന്നെ അവർ സ്വാംശീകരിക്കണം. സംഘടനയുടെ ആ ജീവരക്തം വാർന്നുപോകാതെ സംക്രമണം ചെയ്യുന്നതിനുള്ള തീവ്രയത്നത്തിൻെറ ഫലമാണ് ഈ ചരിത്രഗ്രന്ഥം.

സംഘടന വളർത്തുകയും സംഘടനയെ വളർത്തുകയുംവഴി ജീവിതവിജയം നേടിയ നൂറുകണക്കിനാളുകൾ കെ. സി. എസ്.എൽ - ൻെറ അഭിമാനപാത്രങ്ങളാണ്. സഭാഭരണം, രാഷ്ട്രീയം, വിദ്യാഭ്യാസം, സാമൂഹികസേവനം തുടങ്ങിയ മണ്ഡലങ്ങളിൽ പ്രഗത്ഭരും അപ്പ്രിതരുമായ അനേകമനേകം കത്തോലിക്കാനേതാക്കളേയും ഉത്തമരായ മാതാപിതാക്കളേയും ഭാരതത്തിനു പ്രദാനംചെയ്യാൻ കെ.സി.എസ്.എൽ - നു സാധിച്ചിട്ടുണ്ട്. അവരുടെ പേരുകൾ ഇവിടെ എടുത്തുപറയുക ആവശ്യമില്ലെങ്കിലും, സംഘടനയുടെ ചിറകുകൾക്ക കരുത്തും കാന്തിയുമേകിയ ചില മഹാത്മാക്കളെ വിസ്മരിക്കാനാവില്ല — ലോകപ്രശസ്തനായ ധനതത്ത്വശാസ്ത്രജ്ഞനും മദ്രാസ് യൂണിവേഴ്സിററി പ്രൊഫസറും ആയിരുന്ന ഷെവലിയർ പി. ജെ. തോമസ്; മദ്രാസ് ഗവർണ്ണറും തിരുക്കൊച്ചി മുഖ്യമന്ത്രിയും ആയിരുന്ന എ.ജെ. ജോൺ; തിരുവിതാംകൂറിൻെറ വ്യവസായ ഡയറക്ടറും സംസ്കൃതപണ്ഡിതനും ഭൂഗർഭശാസ്ത്രജ്ഞനുമായിരുന്ന ഷെവ. ഐ.സി. ചാക്കോ; മദ്രാസ് വിദ്യാഭ്യാസമന്ത്രിയും തേവര എസ്.എച്ച്.,

മൈസൂർ സെൻറ് ഫിലോമിനാസ് കോളേജുകളുടെ പ്രിൻസിപ്പലുമായിരുന്ന ഷെവലിയർ സി.ജെ. വർക്കി: തിരുക്കൊച്ചി നിയമസഭാസ്പീക്കറും (ഇന്ത്യയിൽ തെരഞ്ഞെടുക്കപ്പെട്ട ആദ്യത്തെ സ്പീക്കർ) എറണാകുളം സെൻറ് ആൽബർട്ട്സ് കോളേജ് പ്രിൻസിപ്പലും ചങ്ങനാശ്ശേരി എസ്.ബി. കോളേജ് പ്രൊഫസറുമായിരുന്ന ഗ്രാൻറ് ഷെവലിയർ എൽ. എം. പൈലി; കേരള നിയമസഭാസ്പീക്കറായിരുന്ന അലക്സാണ്ടർ പറമ്പിത്തറ, കർദ്ദിനാൾ മാർ ജോസഫ് പാറേക്കാട്ടിൽ, മാർ ജോസഫ് അട്ടിപ്പേററി, മാർ സെബാസ്റ്റ്യൻ വയലിൽ തുടങ്ങിയവർ തെളിച്ച സ്വർണ്ണത്തേരിൽ സംഘടനയുടെ അഭിമാനവും യശസ്സും പടുത്തുയർത്തുന്നതിനായി അർപ്പണമാനസരായി അങ്കത്തട്ടിലുള്ള പതിനായിരങ്ങൾ ഇന്നും നമുക്ക് അഭിമാനം പകരുന്നു. അവരെപ്പോലെ അഭിനന്ദനാർഹരായി, കർമ്മനിരതരായി, നിസ്വാർത്ഥരായി, സംഘടനയെ നയിക്കുകയും സംഘടന നയിക്കുകയും ചെയ്യുന്നവരുടെ പ്രചോദനസ്രോതസ്സാണ് ഈ ലഘുഗ്രന്ഥം.

ഇന്ന് കെ.സി.എസ്.എൽ. നല്ല വ്യക്തികളുടെ ഒരു കൂട്ടായ്മയാണ്. ഇതൊരു മത്സരവേദിയല്ല, പരിശീലനവേദിയാണ്. സുവിശേഷമൂല്യങ്ങൾ ഉൾക്കൊള്ളുന്നതിനുള്ള പരിശീലനവേദിയാണ് കെ.സി.എസ്.എൽ. മത്സരങ്ങൾ. ''ജ്ഞാനത്തിലും പ്രായത്തിലും വളർന്ന'' ''ക്രിസ്തുവിലേയ്ക്കു വളരുവാൻ'' വെമ്പൽ കൊള്ളുകയും ''എല്ലാവർക്കും നന്മ ചെയ്തു കടന്നുപോയ ക്രിസ്തു''വിനെ ആധുനിക ലോകത്തിനു കാണിച്ചുകൊടുക്കുകയും ചെയ്യേണ്ട സമഗ്രവ്യക്തിത്വത്തിൻെറ ഉടമകളാണ് സംഘടനാംഗങ്ങൾ. അവർക്കുവേണ്ടി കൂലിയില്ലാതെ വേല ചെയ്യുന്നവരും വേതനമില്ലാതെ വ്യയംചെയ്യുന്നവരുമായ ആനിമേറേഴ്സും ബ. സിസ്റ്റേഴ്സും കേന്ദ്ര–രൂപതാ–ശാഖാ ഭാരവാഹികളും അഭിനന്ദനാർഹരാണ്. നിസ്വാർത്ഥമായി സംഘടനയെ ശക്തിപ്പെടുത്തി, ലീഗിനെ നല്ലൊരു പരിശീലനവേദിയാക്കി, മൺമറഞ്ഞ മഹാശയന്മാരെ മറക്കുവാൻ നമുക്കൊരിക്കലും സാധിക്കില്ല. അവർക്കുള്ള ചെറിയൊരു ഉപഹാരമാണ് ഈ ചരിത്രം.

കെ.സി.എസ്.എൽ. കത്തോലിക്കർ മാത്രം അംഗങ്ങളായുള്ള സംഘടനയാണ്. കത്തോലിക്കാ വിശ്വാസം സംഘടനയുടെ ആത്മാവെങ്കിലും പഠനത്തിലും സേവനത്തിലും ഇതരമതസ്ഥരുമായി ഒന്നുചേർന്ന് പ്രവർത്തിക്കുന്നു. കേരളത്തിൻെറ സാമൂഹികപരിവർത്തനത്തിനു മാതൃകാപരമായ പലതും കാഴ്ചവയ്ക്കാൻ ഒററക്കെട്ടായിനിന്ന സംഘടനയ്ക്കു കഴിഞ്ഞിട്ടുണ്ട്. ആഭരണഭ്രമത്തിനെതിരെ ആഭരണങ്ങൾ ഉപേക്ഷിക്കുക, മയക്കുമരുന്നുകൾക്കും ലഹരിപദാർത്ഥങ്ങൾക്കുമെതിരെ ബോധവല്ക്കരണം നടത്തുക, പൊതുജനങ്ങൾക്കും വാഹനങ്ങൾക്കും തടസ്സമില്ലാത്ത പുത്തൻ റാലി സംസ്കാരം കാഴ്ചവയ്ക്കുക, സാമൂഹികാനീതികൾക്കെതിരെ

സാമൂഹിക പ്രതിജ്ഞ ചെയ്യുക, മതപഠനം, സന്മാർഗ്ഗപഠനം എന്നിവ സ്വഭാവ സംസ്കരണത്തിനാവശ്യമാകയാൽ അവ പാഠ്യവിഷയമാക്കണമെന്നും സ്കൂൾ കാമ്പസ്സിൽ കക്ഷിരാഷ്ട്രീയം നിരോധിക്കണമെന്നും സർക്കാരിനോടാവശ്യപ്പെടുക, ഒരു കുട്ടിയ്ക്കു ഒരു വൃക്ഷം പരിപാടി തുടങ്ങിയ നിരവധി സാമൂഹിക ചലനങ്ങൾക്കു തുടക്കം കുറിക്കാനുള്ള ആദർശധീരത ഈ വിദ്യാർത്ഥി പ്രസ്ഥാനം പ്രകടിപ്പിച്ചിട്ടുണ്ട്. 1922-ൽ സംഘടന രൂപം കൊടുത്ത സ്റ്റഡിസർക്കിൾ (പഠനക്കളരി), ഇന്നു് മറ്റു പല സംഘടനകളും സ്വീകരിച്ചിട്ടുള്ള, സമഗ്ര വ്യക്തിത്വ വികസനത്തിനു സഹായിക്കുന്ന, വലിയൊരു പ്രസ്ഥാനമായിത്തീർന്നിട്ടുണ്ട്. ഈ നേട്ടങ്ങളും അതോടൊന്നിച്ചുള്ള കോട്ടങ്ങളും ചിത്രീകരിക്കുന്നതാണ് ഈ ഗ്രന്ഥം.

സംഘടനയുടെ സപ്തതി സ്മാരകമായി ഈ ചരിത്രം പ്രകാശനം ചെയ്യുവാൻ എക്സിക്യൂട്ടീവ് കമ്മററിയും മാനേജിംഗ് കമ്മററിയും തീരുമാനിച്ചെങ്കിലും കിട്ടാവുന്ന രേഖകളെല്ലാം സംഭരിച്ച്, ക്രമീകരിച്ച്, ചരിത്രമാക്കുവാൻ സമയമെടുത്തു. വർഷങ്ങൾ ദീർഘിച്ച ഈ തപസ്യ പൂർത്തിയാക്കാൻ, സംഘടനയോടുള്ള അതീവ സ്നേഹംമൂലം സന്മനസ്സും സഹിഷ്ണുതയും കാട്ടിയ ബ.ജോസഫ് ചിറയിലച്ചനു് സംഘടനയുടെ നന്ദിയും സ്നേഹവും അർപ്പിക്കട്ടെ. പ്രസിദ്ധ ഗ്രന്ഥകാരനും വിദ്യാഭ്യാസ സാംസ്കാരിക പ്രവർത്തകനുമായ ചിറയിലച്ചൻ ഗവേഷണ ചാതുരിയോടെ കെ. സി. എസ്. എൽ. ചരിത്രം പഠിക്കയും നോവൽ സാഹിത്യത്തിൻെറ ലാളിത്യത്തിൽ ഈ ഗ്രന്ഥം എഴുതുകയും ചെയ്തു. മാത്രമല്ല, സംഘടനയുടെ വളർച്ച ആത്മാർത്ഥമായി ആഗ്രഹിക്കുന്ന ഒരു നിരൂപകൻെറ ഗാംഭീര്യത്തോടും പ്രവാചക ധർമ്മത്തോടുംകൂടെ ഏതാനും വസ്തുതകൾ അദ്ദേഹം വിശകലനം ചെയ്തിട്ടുമുണ്ട്.

വിദ്യാർത്ഥികളുടെ പഠനത്തിനും ആനിമേറേറഴ്സിൻെറ ഉൾക്കാഴ്ചകൾക്കും ചരിത്ര ഗവേഷണാർത്ഥികളുടെ വിമർശനത്തിനുമായി ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നു. ഇതിൻെറ കൈയെഴുത്തുപ്രതി വളരെ ശ്രദ്ധയോടെ വായിച്ച് വേണ്ട തിരുത്തലുകൾ നല്കിയ എല്ലാവരോടും ഹൃദയത്തിൻെറ ഭാഷയിൽ നന്ദി.

സർഗ്ഗപ്രതിഭയെ വളർത്തി കർമ്മോത്സുകതയെ ഉത്തേജിപ്പിച്ച്, കലാസാഹിത്യകഴിവുകളെ പ്രോത്സാഹിപ്പിച്ച് സമഗ്ര വ്യക്തിത്വ വികസനത്തിലൂടെ ഉത്തമ ക്രൈസ്തവരും ഉത്തമ പൗരന്മാരുമായി ക്രിസ്തുവിലേയ്ക്കു വളരാൻ ഇതു വായിക്കുന്നവർക്കെല്ലാം സാധിക്കട്ടെ. സംഘടനയ്ക്കു ശക്തി പകരുന്ന എല്ലാവർക്കും അഭിനന്ദനങ്ങൾ, ആശംസകൾ!

എറണാകുളം സ്വന്തം ഡയറക്ടറച്ചൻ
8-12-1989 (ഫാ. ജോസഫ് പുത്തൻപുര സി.എം.ഐ)

# ഈ ഗ്രന്ഥത്തെപ്പററി

കെ.സി.എസ്.എൽ സംഘടനയുടെ ഒരു ചരിത്രമെഴുതണം മെന്നു് ഫാ.ജോസഫ് കൈമലയും ഫാ.ജോസഫ് പുത്തൻപുരയും എന്നോടാവശ്യപ്പെട്ടപ്പോഠം എനിക്കത്ഭുതമാണ് തോന്നിയതു്. കാരണം ഞാൻ ഈ സംഘടനയുടെ അംഗമോ പ്രവർത്തകനോ ആയിരുന്നിട്ടില്ല. സഖ്യത്തിനുവേണ്ടി ചില രൂപതകളിൽ കുറെ ക്ലാസ്സുകഠം എടുത്തിട്ടുള്ളതൊഴിച്ചാൽ ഞാനും സംഘടനയുമായി യാതൊരു ബന്ധവുമില്ല.

എങ്കിലും ഞാൻ ചരിത്രമെഴുതണം. ചരിത്രം സത്യവുമായിരിക്കണം. എൻെറ സുഹൃത്തുക്കളുടെ ആഗ്രഹം നിവർത്തിക്കാൻ തന്നെ തീരുമാനിച്ചു.

ഇന്ത്യയിലെ ആദ്യത്തെ യുവജനപ്രസ്ഥാനം! സംഘടനകഠം പിറക്കുകയും, കാലിട്ടടിക്കുകയും അകാലത്തിൽ അന്ത്യശ്വാസം വലിക്കുകയും ചെയ്യുന്ന നമ്മുടെ നാട്ടിൽ, സംഘടനകഠം വളരുന്തോറും പിളരുകയും പിളരുന്തോറും വളരുകയും ചെയ്യുന്ന ഇന്നാട്ടിൽ, തളന്നും വളന്നും, കിതച്ചും കുതിച്ചും, മുക്കാൽ നൂററാണ്ടു് പിന്നിട്ട ഒരു മുത്തശ്ശി! ഉള്ളിലേയ്ക്കു കടന്നപ്പോഠം അത്ഭുതവും ആകാംക്ഷയും വദ്ധിച്ചു.

അല്മായർ ആരംഭിച്ചു്, അല്മായർ വിയർപ്പു ചിന്തി വളർത്തിയ ആരോമലുണ്ണി. ഒരു ലക്ഷത്തിലധികം വിദ്യാത്ഥികളും നൂറുകണക്കിനു് അദ്ധ്യാപകരും അപ്പ്ണകുതുകികളായ കന്യാസ്ത്രീകളും താലോലിച്ചു വളർത്തിയ ഒരു പ്രസ്ഥാനം. കേരളത്തിലെ അഭിവന്ദ്യ പിതാക്കന്മാരുടെ പരിലാളനയിൽ അംഗീകൃതമായ ഒരു സഖ്യം. ദൈവപരിപാലനയുടെ തണലിനെമാത്രം ആശ്രയിച്ചുകൊണ്ടു് വളന്നു പന്തലിച്ചു് സ്നേഹത്തിൻെറ ഫലം ധാരാളമായി പുറപ്പെടുവിച്ച ഒരു മഹാവൃക്ഷം.

ഈശോ സഭക്കാർ ബാലാരിഷ്ടതകളിൽ നിന്നും രക്ഷിച്ച, സി. എം. ഐ. സഭ കൗമാരത്തിലും യൗവനത്തിലും കൈപിടിച്ചു നടത്തി പക്വതയുടെ പടി ചവുട്ടിക്കയററിയ പ്രിയങ്കരി. പ്രേഷിതത്വത്തിൻെറയും സേവനത്തിൻെറയും പാതയിൽ ഒളി മങ്ങാത്ത അല്മായ നക്ഷത്രങ്ങൾ തൂവെളിച്ചം ചിന്തി പ്രകാശമാനമാക്കിയ ഒരു പ്രതിഭാസം. കേരളത്തിലെ പ്രഗത്ഭരായ, മികവുററ, പ്രശസ്തരായ, അല്മായ പ്രേഷിതർ ജലവും വളവും നല്കി കണ്ണിലെ കൃഷ്ണമണിപോലെ കാത്തു പരിപാലിച്ച ബഹുജന പ്രസ്ഥാനം! ഇതിൻെറ ചരിത്രമെഴുതുക.

വായിച്ചു, പഠിച്ചു, ആലോചിച്ചു, ചർച്ചചെയ്തു, എഴുതി, സംഘടനയുടെ ചൈതന്യം ആവോളം ഒപ്പിയെടുത്ത്, പ്രവർത്തനങ്ങൾ തൂത്തു മിനുക്കി, നേതൃത്വനിരയെ മുൻപിൽ നിർത്തി, ലക്ഷ്യങ്ങളുടെ മുന്നേററത്തെ വരച്ചു കാട്ടാൻ ശ്രമിച്ചു. കുറെയൊക്കെ വിജയിച്ചുവെന്നു തോന്നുന്നു. എവിടെയെങ്കിലും മിനുസം കുറഞ്ഞിട്ടുണ്ടെങ്കിൽ, രൂപകല്പനയ്ക്കു ക്ഷതം ഭവിച്ചിട്ടുണ്ടെങ്കിൽ, ആരെയെങ്കിലും മറവിയുടെ മാറാലയിൽനിന്നും പുറത്തെടുക്കാൻ സാധിക്കാതെ വന്നിട്ടുണ്ടെങ്കിൽ അതിൻെറ തെററ് ഈ ഗ്രന്ഥകാരൻെറതുമാത്രം. സഹൃദയർ ക്ഷമിക്കുക.

വിസ്താരഭയം പലതും വെട്ടിക്കുറയ്ക്കാൻ പ്രേരിപ്പിച്ചിട്ടുണ്ട്. എഴുപത്തിരണ്ടു വർഷത്തെ ചരിത്രത്തിൽ സ്ഥായിയായവ മാത്രം പെറുക്കിയെടുത്തു. സാമാന്യ പ്രവർത്തനങ്ങളും ശാഖാ പ്രവർത്തനങ്ങളും ഉപേക്ഷിക്കേണ്ടി വന്നിട്ടുണ്ട്. സംഘടനയുടെ പൊതു ചരിത്രമാകയാൽ രൂപതകളിലെ വ്യാമിശ്രമായ പ്രവർത്തനങ്ങൾക്ക് ഊന്നൽ കൊടുത്തിട്ടില്ല. ഓരോ രൂപതയ്ക്കും അവരവരുടെ പ്രവർത്തന ചരിത്രമുണ്ട്. അവ വേറെ വേറെ എഴുതപ്പെടാവുന്നതുമാണ്.

ഈ ഗ്രന്ഥം സംഘടനയിലെ അംഗങ്ങൾക്ക് പഠനത്തിനും മത്സരത്തിനും വേണ്ടിയുള്ളതാണ്. അതിനു് അനുഗുണമായിട്ടത്രേ രചിക്കപ്പെട്ടിട്ടുള്ളതു്. അതിനു് എളുപ്പം ലഭിക്കാൻ അനുബന്ധങ്ങൾ സഹായിക്കും. അവ ചരിത്രത്തിൻെറ തന്നെ ഭാഗമെങ്കിലും ചരിത്രത്തിൻെറ ഒഴുക്കിനു് വിഘാതമാവാതിരിക്കാൻ അനുബന്ധമായി ചേർത്തിരിക്കുന്നുവെന്നു മാത്രം.

ഈ ചരിത്ര രചനയിൽ എന്നെ സഹായിച്ച അനവധിയാളുകൾ ഉണ്ട്. സർവസമാരാദ്ധ്യനും യശഃശരീരനും പുണ്യാത്മാവുമായ ഫെവ. പി. ററി. തോമസ് രചിച്ച ചരിത്രത്തിൻെറ ചുവടു പിടിച്ചാണ് ഈ പെറുഗ്രന്ഥം വിരചിതമായിട്ടുള്ളതു്. ശ്രീ. ജോസ് ആററുപുറം, ശ്രീ. എ. പി. യൂജിൻ എന്നിവർ

ചരിത്രത്തിൻെറ താളുകാം മറിച്ച് എല്ലാം വ്യക്തമായി എനിക്കു മനസ്സിലാക്കിത്തന്നു. സുപ്രധാന ചരിത്ര വസ്തുതകാം അടിവരയിട്ട് അവയുടെ പ്രാധാന്യം അഡ്വ. സിറിയക്ക് ജോസഫ് എന്നെ മനസ്സിലാക്കി. കെ. സി. എസ്. എൽ. സംഘടനയുമായി ദീർഘകാലം ഇടപഴകിയിട്ടുള്ള, അതിനു നേതൃത്വം നല്കിയിട്ടുള്ള, ഈ നാലു വ്യക്തികളോട് ഈ ലേഖകൻെറ കടപ്പാട് ഇവിടെ പരസ്യമായി പ്രഖ്യാപിച്ചുകൊള്ളുന്നു. ഇവരുടെ സഹകരണമില്ലായിരുന്നുവെങ്കിൽ ഈ ഗ്രന്ഥം വെളിച്ചം കാണുകയില്ലായിരുന്നു.

എന്നിൽ വിശ്വാസമർപ്പിച്ചുകൊണ്ട് ഈ ജോലി എന്നെ ഏല്പിച്ച ഫാ. കൈമലയോടും ഫാ. പുത്തൻപുരയോടും സംഘടനാഭാരവാഹികളോടും ഞാൻ നന്ദി പറയുന്നു.

എൻെറ കുഞ്ഞനുജന്മാരോടും അനുജത്തിമാരോടും രണ്ടു വാക്ക്: നിങ്ങാം മഹത്തായ ഒരു പ്രസ്ഥാനത്തിൻെറ അംഗങ്ങളാണ്. അതിൽ നിങ്ങാം അഭിമാനം കൊള്ളണം. നിങ്ങാംക്കു മുൻപേ ഈ സംഘടനയിലൂടെ കടന്നു പോവുകയും, സംഘടനയുമായി ബന്ധപ്പെടുകയും ചെയ്ത അനേകർ നിങ്ങാംക്കു മാതൃകകളായുണ്ട്. എങ്ങിനെ അവർ സമുദായത്തിൻെറയും സഭയുടെയും രാജ്യത്തിൻെറയും വിശിഷ്ട സന്താനങ്ങളായി ഈ സംഘടനയിലൂടെ വളന്ന് പലേ തലങ്ങളിൽ ഉന്നത ശീഷരായിത്തീന്നുവെന്ന്, ഈ ചരിത്ര ഗ്രന്ഥം നിങ്ങാംക്കു കാണിച്ചു തരും. അവരുടെ കാല്പാടുകളെ പിൻചെന്ന് സ്നേഹത്തിൻെറയും സേവനത്തിൻെറയും രാജപാതയിലൂടെ യേശുവിൽ വളന്ന് എങ്ങിനെ വലിയവരാകുവാൻ നിങ്ങാംക്കു കഴിയും എന്ന് ഈ ചെറുഗ്രന്ഥം അടിവരയിട്ട് നിങ്ങളെ ഓമ്മിപ്പിക്കും. കാലത്തിൻെറ കുത്തൊഴുക്കിൽ നഷ്ടധൈര്യരാകാതെ ജീവിതത്തിൻെറ വെൺവിഹായസിൽ ഉജ്വല ഭാസോടെ നിങ്ങാം വിരാജിക്കണം. ഭാവിയുടെ വാഗ്ദാനങ്ങളായ നിങ്ങാം ഈ സംഘടനയിലൂടെ വളന്നു വളന്നു വലിയവരായിത്തീരണം. ജഗദീശൻ നിങ്ങളെ അനുഗ്രഹിക്കട്ടെ.

കൊച്ചിൻ-11 നിങ്ങളുടെ
8-9-1989 സ്നേഹമുള്ള ചിറയിലച്ചൻ

# അദ്ധ്യായം 1

# ഒരു സംഘടന ജനിക്കുന്നു

കേരളീയർ അവരുടെ വർണ്ണശബളമായ പാരമ്പര്യത്തെക്കുറിച്ച് ഊററം കൊള്ളുന്നവരാണ്. സാംസ്കാരികവും, രാഷ്ട്രീയവും, സാമുദായികവും, മതപരവുമായ ഒരു പ്രത്യേക സംസ്കാര സമുച്ചയത്തിന്റെ വിധാതാക്കളും പരിപാലകരുമാണവർ. ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ നിന്നും സുതരാം വ്യവച്ഛേദിച്ചു നിർത്താവുന്ന ഒരു ജനതയും ജീവിത രീതിയുമാണത്. ഭാരത സംസ്കാരവും ഭാരത ജനതയുമായി അടിസ്ഥാനപരമായി ബന്ധമുണ്ടെങ്കിലും ഭൂപ്രകൃതിയും ഇതര ജനതയും രാജ്യങ്ങളുമായുള്ള ബന്ധവും, അവരുടെ ആചാര മര്യാദകളും മതഭാവങ്ങളും എല്ലാം കൂടിചേർന്നപ്പോാം അവർ ഒരു പ്രത്യേക ജനതയും, ഒരു പ്രത്യേക സംസ്കാരത്തിന്റെ സംവാഹകരുമായിത്തീർന്നു. അങ്ങിനെ കേരള സംസ്കാരവും, കേരള ജനതയും, നസ്രാണി ക്രിസ്ത്യാനികളും എല്ലാംകൂടി ഇതര ജാതികളും മതങ്ങളും ഒക്കെയായി സംലയനം പ്രാപിച്ചപ്പോാം ഒരു പുത്തൻ ഉണർവ്വും, ജീവിത ശൈലിയും ഉരുത്തിരിഞ്ഞു. നൂററാണ്ടുകളുടെ പരിണാമ പ്രക്രിയയിലൂടെ ഈ ജനത ഒരു പ്രത്യേക പൈതൃകത്തിന്റെയും അന

ന്യതയുടെയും ഉടമകളായി മാറി. അവക്ക് ഒരു പ്രത്യേക ചരിത്രമുണ്ട്. ഒരു പ്രത്യേക സംസ്കാരമുണ്ട്. കുഞ്ഞാലി മരയ്ക്കാരുടെയും തച്ചോളി ഒതേനൻെറയും, ഉണ്ണിയാർച്ചയുടെയും, ആദിശങ്കരൻെറയും, കേളപ്പജിയുടെയും, ചാവറയച്ചൻെറയും, അൽഫോൻസാമ്മയുടെയും, ശ്രീനാരായണ ഗുരുസ്വാമിയുടെയും, വേലുത്തമ്പിയുടെയും, ചന്തുവിൻെറയും, അയ്യങ്കാളിയുടെയും സംസ്കാര പാരമ്പര്യത്തിൻെറ ഊടും പാവും നെയ്തുകൂട്ടി മനോഹരമാക്കിത്തീർക്കുന്ന ഒരു സംസ്കാരം! സെൻറ് തോമസിൻെറയും വി. ഫ്രാൻസീസ് സേവ്യറിൻെറയും ക്നായിത്തൊമ്മൻെറയും ജീവിത ദർശനങ്ങളാകുന്ന സാംസ്കാരിക ഇഴന്തുലുകൾ കൂടി ഈ സാംസ്കാരത്തിൽ അലിഞ്ഞു ചേർന്നിട്ടുണ്ടെന്നു പറഞ്ഞാൽ അതിൽ അതിശയോക്തിയില്ല തന്നെ.

കൊട്ടും കൊരവയും ഇല്ലാതെ, സാംസ്കാരിക വ്യതിയാനങ്ങൾ പലപ്പോഴും വിധേയമായിട്ടുള്ള ഈ ജനത വളരെ നൂററാണ്ടുകൾക്ക മുൻപുതന്നെ, 'ഗ്ലാസ്നോസ്റ്റി'നും 'പെരിസ്ട്രോയിക്ക'യ്ക്കും വാതിൽ തുറന്നിട്ടിട്ടുള്ളതാണ്. ഏതു നന്മയും എവിടെ നിന്നു വന്നാലും സമാശ്ലേഷിക്കാൻ തയ്യാറായ ഇവിടത്തെ ജനതയും അവരുടെ ഭരണാധികാരികളും എല്ലാം ഈ സാംസ്കാരികനവോത്ഥാനത്തിനു് അരുനിന്നിട്ടുണ്ട്.

19-ാം നൂററാണ്ടിൽ ഇന്ത്യ മുഴുവൻ വ്യാപിച്ച നവോത്ഥാന പ്രക്രിയയോട്ട് കേരളീയരായ ഈ ജനത അവരുടെ പ്രത്യേക രീതിയിലാണ് പ്രതികരിച്ചതു്. ആ നവോത്ഥാനം വ്യത്യസ്ത രീതിയിൽ, വ്യത്യസ്തരായ ആളുകളുടെ നേതൃത്വത്തിൽ വൻപിച്ച നേട്ടങ്ങൾ ഇവിടെ സംജാതമാക്കിയിട്ടുണ്ട്.

ഇരുപതാം നൂററാണ്ടിൻെറ ആരംഭഘട്ടത്തിൽ പുത്തൻ പുത്തൻ സംഘടനകളും പുതുപുത്തൻ പ്രവർത്തന ശൈലികളും കണ്ടെത്താൻ ഈ ജനതയ്ക്കു കഴിഞ്ഞു. അതു് സംഘടനകളുടെ ഒരു കാലഘട്ടമായിരുന്നുവെന്നു വേണമെങ്കിൽ പറയാം. എല്ലായിടത്തും സംഘടനകൾ, എല്ലാവർക്കും സംഘടനകൾ! സംഘടിച്ചാലേ ശക്തരാകൂ എന്നുള്ള അവബോധം, സംഘടിച്ചാലേ വിജയം വരിക്കൂ എന്നുള്ള പ്രത്യാശ, സംഘടനകളിലൂടെയേ നേതൃനിരയെ വാർത്തെടുക്കാൻ കഴിയൂ എന്ന അഭിലാഷം, ഈ ചിന്തകളാണ് സംഘടനാ വല്ക്കരണത്തിനു് പലർക്കും പ്രചോദനമരുളിയതു്.

അതുപോലെതന്നെ ആ കാലഘട്ടത്തിൻെറ പ്രത്യേക ചരിത്രപശ്ചാത്തലവും കണക്കിലെടുക്കേണ്ടതുണ്ട്. അന്നു് കേരളം തിരുവിതാംകൂർ, കൊച്ചി, മലബാർ എന്ന മൂന്നു രാജ്യങ്ങളായിരുന്നല്ലോ? ഇതു് ജനങ്ങളിലും, ക്രിസ്ത്യാനികളിൽ പോലും ഒരുവിധ ചേരിതിരിവ് സംജാതമാക്കിയിരുന്നു.

വിഘടനവാദവും ചേരിപ്പോരും, സംഘട്ടനവും അതിൻെറയും ടെയിഡുമാക്ക് ആയിരുന്നു. മതസൗഹാർദ്ദം നേതാക്കൾ പ്രസംഗിച്ചിരുന്നെങ്കിലും മതനിഷ്പക്ഷതയും ഭൗതിക ചിന്തയും യുവജനങ്ങളെ കരണ്ടുതിന്നുവാൻ തുടങ്ങി. മതവും മതാചാരങ്ങളും ചോദ്യം ചെയ്യപ്പെട്ടു. യുവജനങ്ങളുടെ ധാർമ്മികജീവിതത്തിനു് ഇളക്കംതട്ടി. ഈ സാംസ്കാരിക–ധാർമ്മികച്യുതിയോടു് പ്രതികരിക്കേണ്ടതു് അന്നിൻെറ ആവശ്യവുമായി ചില ബുദ്ധിജീവികൾക്കു് അനുഭവപ്പെട്ടു.

## പ്രാരംഭ നടപടികൾ

ഇതെല്ലാം കേരളത്തിലെ ഏതാനും അഭ്യസ്തവിദ്യരായ യുവജനങ്ങളെയും മഥിച്ചുകൊണ്ടിരുന്നു. കത്തോലിക്കാവിദ്യാർത്ഥികളുടെ ആദ്ധ്യാത്മികവും, സാംസ്കാരികവും സാമൂഹികവുമായ പുരോഗതിക്കു് ഒരു സംഘടന ആവശ്യമാണെന്നു് ദീർഘദൃഷ്ടികളായ ഇവർക്കു തോന്നി. ഇവരിൽ ചിലർ തൃശിനാപ്പള്ളി സെൻറ് ജോസഫ്'സ് കോളേജിലെ വിദ്യാർത്ഥികളായിരുന്നു. തങ്ങളുടെ ഹൃദയാഭിലാഷം പ്രാവർത്തികമാക്കാൻ അവർ ബദ്ധപരികരായി. അഭിവന്ദ്യ ഡോ. ജോസഫ് അട്ടപ്പേററി, ഷെവ. ഡോക്ടർ പി. ജെ. തോമസ്, ഷെവ. ററി. ജെ. മാത്യു, ഷെവ. സി. ജെ. വക്കി, ഷെവ. ജോസഫ് പെട്ട (അന്നു് ഇവരെല്ലാം വിദ്യാർത്ഥികളായിരുന്നു.) എന്നിവർ 1915–ാമാണ്ടു് സെൻറ് ജോസഫ്സ് കോളേജിൻെറ ലോലീഹാളിൽ ഫാ. സിക്കാർഡ്. എസ്. ജെ.യുടെ അദ്ധ്യക്ഷതയിൽ ഒരുമിച്ചുകൂടി വിദ്യാർത്ഥികൾക്കായുള്ള ഒരു സംഘടനയ്ക്കു് രൂപം നല്കണമെന്നു് തീരുമാനിച്ചു. കെ. സി. എസ്. എൽ. എന്നു് ഇന്നു് അറിയപ്പെടുന്ന വിദ്യാർത്ഥി സംഘടന അന്നു ബീജാവാപം ചെയ്യപ്പെട്ടു. അല്മായർ, അല്മായർക്കുവേണ്ടി ആരംഭിച്ച ഒരു സംഘടനയായിരുന്നു അതു്. മുൻപറഞ്ഞ വ്യക്തികളാണു് ഈ സംഘടനയുടെ സ്ഥാപക പിതാക്കന്മാർ.

1916-ൽ ചങ്ങനാശ്ശേരി സെൻറ് ബർക്കുമാൻസ് സ്കൂളിൻെറ രജതജൂബിലിയോടനുബന്ധിച്ച് ഫാ. കവീൻ എസ്. ജെ.യുടെ അദ്ധ്യക്ഷതയിൽ, വൈദികരും, അദ്ധ്യാപകരും വിദ്യാർത്ഥികളും ചേർന്ന യോഗത്തിൽ തൃശിനാപ്പള്ളി തീരുമാനത്തെ സഹർഷം അംഗീകരിക്കുകയും സംഘടനയ്ക്കു് മലബാർ കാത്തലിക് സ്റ്റുഡൻസ് കോൺഫറൻസ് (M.C.S.C.) എന്നു് നാമകരണം ചെയ്യുകയും ഉണ്ടായി.

## ഉദ്ഘാടനം

പുതിയ സംഘടനയ്ക്കു് ഒരു നിയമാവലി എഴുതിയുണ്ടാക്കുന്നതിനും ഔപചാരിക ഉദ്ഘാടനത്തിനു് വേണ്ട പരിപാടി

കാം ആസൂത്രണം ചെയ്യുന്നതിനുമായി ശ്രീ. പി. ജെ. തോമസ് അദ്ധ്യക്ഷനായുള്ള ഒരു കമ്മററിയെ നിശ്ചയിച്ചു. ശ്രീമാന്മാരായ എൽ. ജെ. തോമസ്, കെ. ഇ. ജോബ്, എ. ജെ. ജോൺ എന്നീ പ്രമുഖന്മാർ ആയിരുന്നു കമ്മററിയംഗങ്ങാം.

കമ്മിററിയുടെ തീരുമാനമനുസരിച്ച് 1917 മെയ് 13-ാം തീയതി ആലപ്പുഴ ലെയോ XIII ഹൈസ്കൂളിൽവച്ച് കോട്ടയം മെത്രാൻ മാർ ചൂളപ്പറമ്പിൽ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ ചേന്ന യോഗത്തിൽ M.C.S C. ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യപ്പെട്ടു. അങ്ങിനെ കേരള കത്തോലിക്കാ സമുദായത്തിൻെറ ചരിത്രത്തിൽ ഇദംപ്രഥമമായി ഒരു വിദ്യാത്ഥി സംഘടന രൂപ മെടുത്തു മലബാർ കത്തോലിക്കാ വിദ്യാത്ഥി കോൺഫറൻസ് (Malabar Catholic Student Conference)

ഈ വിദ്യാത്ഥി സംഘടന ഔപചാരികമായി ഉദ്ഘാടി തമായ 1917 മെയ് 13-ാം തീയതിയ്ക്കു് ലോകചരിത്രത്തിലും, സഭാചരിത്രത്തിലും അതിപ്രധാനമായ ഒരു സ്ഥാനമുണ്ട്. ഈ തീയതിയിൽ തന്നെയാണ് സ്വഗ്ഗരാജ്ഞിയായ ദിവ്യാംബിക ഫാത്തിമായിലെ മൂന്നു ഇടയ കുട്ടികാംക്ക് പ്രഥമദശ്നമരുളി യതു്. യാദൃച്ഛികമെങ്കിലും ഈ നാംപ്പൊരുത്തം അവിസ്മര ണീയമായ ഒരു വസ്തുതയത്രേ. ഈ സംഘടനയേയും അതിൻെറ അംഗങ്ങളേയും ദിവ്യാംബികയോടു് അവിഭക്തമായി ബന്ധി ക്കുന്ന ഒരു സാഹചര്യമായി ഇതിനെ കാണുന്നതിൽ യാതൊരു അപാകതയും ഉണ്ടെന്നു തോന്നുന്നില്ല. ഈ നല്ല അമ്മയുടെ സ്നേഹസംരക്ഷണയിലാണ് ഈ സംഘടന പടന്നു പന്തലിച്ച് ഇന്നൊരു വൻവൃക്ഷമായിതീന്നിട്ടുള്ളതു്.

## പ്രഥമ നിയമാവലി

അന്നുതന്നെ കൂടിയ വക്കിംഗ് കമ്മററി സംഘടനയുടെ നിയമാവലി അംഗീകരിച്ചു. നിയമാവലിയിലെ വ്യവസ്ഥ യനുസരിച്ച്, തെരഞ്ഞെടുക്കപ്പെട്ട ഒരു പ്രസിഡൻറ്, രണ്ടു വൈസ് പ്രസിഡൻറുമാർ, സെക്രട്ടറി, ഖജാൻജി എന്നിവർ സംഘടനയുടെ ഭാരവാഹികളായുണ്ടാകണമെന്നു നിശ്ചയിച്ചു. അതുപോലെതന്നെ തെരഞ്ഞെടുക്കപ്പെട്ട ഒരാത്മീയനിയന്താവും സംഘടനയ്ക്കു് ഉണ്ടായിരിക്കും. ഇവരുടെ കാലാവധി ഒരു വഷ ത്തേയ്ക്കു മാത്രമായിരുന്നു. ഇവരും ഓരോ രൂപതാപ്രതിനിധികളും കേരളത്തിനകത്തും പുറത്തും മലയാളികളായ കത്തോലിക്കാ വിദ്യാത്ഥികാം പഠിച്ചിരുന്ന വിദ്യാലയങ്ങളുടെ ഓരോ പ്രതി നിധികളും ചേന്നതായിരുന്നു മാനേജിംഗ് കമ്മററി.

## പ്രഥമഭരണസമിതി

അംഗീകൃതഭരണഘടനയനുസരിച്ച് ഉദ്ഘാടനദിവസം തന്നെ പ്രഥമഭരണസമിതി തെരഞ്ഞെടുക്കപ്പെട്ടു. M.C.S.C. യുടെ പ്രഥമനായകന്മാർ താഴെപ്പറയുന്നവരായിരുന്നു.

ശ്രീ. ജോൺ നീധരി (പ്രസിഡൻറ്)
ശ്രീ. ജോസഫ് വെള്ളാപ്പള്ളി(വൈസ് പ്രസിഡൻറ്)
ശ്രീ. എൽ.എം. പൈലി (വൈസ് പ്രസിഡൻറ്)
ശ്രീ. തോമസ് ചാണ്ടി (സെക്രട്ടറി)
ശ്രീ. ഏ.ജെ. ജോൺ (ട്രഷറർ)
ഫാ. ജിൽവാസ് എസ്.ജെ (ആത്മനിയന്താവ്)

## പ്രഖ്യാപിതലക്ഷ്യം

ഈ മഹാത്മാക്കളുടെ നേതൃത്വത്തിൽ പ്രാർത്ഥന, പ്രയത്നം, (Ora et Labora) എന്ന മുദ്രാവാക്യവുമായി സംഘടന പ്രവർത്തനസന്നദ്ധമായി. കേരളത്തിലെ വൈദിക മേലദ്ധ്യക്ഷന്മാരെല്ലാവരും അവരുടെ രക്ഷാകർത്തൃത്വവും അംഗീകാരവും സംഘടനയ്ക്ക് സന്തോഷപൂർവം നല്കി.

കോൺഫറൻസിൻെറ പ്രഖ്യാപിതലക്ഷ്യം കേരളത്തിലെ കത്തോലിക്കായുവാക്കളിൽ ഐക്യബോധം വളർത്തുകയും സമുദായത്തിൻെറ പൊതുതാല്പര്യങ്ങൾ പുലർത്തുന്നതിൽ അവരെ ജാഗരൂകരാക്കുകയും ചെയ്യുക എന്നതായിരുന്നു. ആദ്യകാലങ്ങളിൽ ഈ സംഘടനയ്ക്ക് രജിസ്റ്റർചെയ്ത ശാഖകളോ, വ്യക്തമായ കർമ്മപരിപാടികളോ ഉണ്ടായിരുന്നില്ല. സാഹചര്യങ്ങൾക്കനുസരിച്ചുള്ള കർമ്മപരിപാടി ഓരോസ്ഥലത്തും ആസൂത്രണം ചെയ്തിരുന്നു. ഏതെങ്കിലും കേന്ദ്രത്തിൽവച്ച് ഒരു വാർഷികവും കൊണ്ടാടിയിരുന്നു. ഈ വാർഷികങ്ങളിൽ പ്രഗത്ഭരായ പണ്ഡിതന്മാരുടെ പ്രസംഗങ്ങളും അതിനെത്തുടർന്നുള്ള ചർച്ചകളുമായിരുന്നു മുഖ്യചടങ്ങ്.

1917 - ൽ ഉദ്ഘാടനം ചെയ്യപ്പെട്ട ഈ വിദ്യാർത്ഥിസംഘടന 1922 - വരെ മലബാർ കത്തോലിക്കാവിദ്യാർത്ഥി കോൺഫറൻസെന്നപേരിൽ തന്നെ അറിയപ്പെട്ടു. ഈ കാലഘട്ടങ്ങളിൽ സാന്താക്രൂസ് ഹൈസ്കൂൾ കൊച്ചി (1918), സെൻറ് മേരീസ് ഹൈസ്കൂൾ ആലുവ (1919), സെൻറ് തോമസ് കോളേജ് തൃശ്ശൂർ (1920), സെൻറ് ആൽബർട്ട്സ് ഹൈസ്കൂൾ എറണാകുളം (1921), സെൻറ് ബർക്കുമാൻസ് ഹൈസ്കൂൾ ചങ്ങനാശ്ശേരി (1922), എന്നീ സ്ഥലങ്ങളിൽവച്ച് സംഘടനാവാർഷികങ്ങൾ സാഘോഷം കൊണ്ടാടി.

1918 - ലെ കൊച്ചി സമ്മേളനത്തിൽവച്ച് ശ്രീ. സി.ജെ വർക്കി സംഘടനയുടെ പ്രസിഡൻറായി തെരഞ്ഞെടുക്കപ്പെട്ടു.

അന്നത്തെ പൊതുസമ്മേളനത്തിൻെറ അദ്ധ്യക്ഷനായിട്ടാണ് ഫാ. ഒണോറെ എസ്. ജെ. ആദ്യമായി സംഘടനയിലേയ്ക്കു രംഗപ്രവേശം ചെയ്യുന്നത്. പിന്നീട് 'മലയാളികളുടെ പപ്പാ' യെന്ന അപരനാമത്താൽ അറിയപ്പെട്ടിരുന്ന ഫാ. ഒണോറെ, ഈ സംഘടനയുടെ എല്ലാമെല്ലാമായിത്തീർന്നു. 1934 – ൽ നിത്യഭാഗ്യത്തിനു വിളിക്കപ്പെടുന്നതുവരെ അദ്ദേഹം സംഘടനയുടെ വളർച്ചയ്ക്കും നിലനില്പിനും വേണ്ടി പ്രവർത്തിച്ചിരുന്നു. നല്ല ഒരദ്ധ്യാപകൻ സർവസമ്മതനായ ഒരു വൈദികൻ, മലയാളികളുടെ വന്ദ്യപിതാവ് എന്നീ നിലകളിൽ സമാരാദ്ധ്യനായ ആ വൈദികവരേണ്യൻ വിദ്യാർത്ഥി സംഘടനയുടെ ശില്പിയെന്ന നിലയിൽ കേരളകത്തോലിക്കാസഭയ്ക്കും സമുദായത്തിനും വേണ്ടി നിഷ്കാമകർമ്മത്തിൻെറ രാജപാതയിലൂടെ ചെയ്തു കൂട്ടിയ വൻസേവനങ്ങൾ ഒരുനാളും വിസ്മരിച്ചുകൂടാത്തതാണ്.

## ദ്വിദിനവാർഷികാഘോഷങ്ങൾ

1920 - ലെ തൃശ്ശൂർ സമ്മേളനത്തോടുകൂടിയാണ് വാർഷികം രണ്ടുദിവസമായി ആഘോഷിക്കുകയെന്ന രീതി നടപ്പിലായത്. വാർഷികത്തോടനുബന്ധിച്ച് ഉപന്യാസമത്സരം നടത്തി സമ്മാനം നല്കുന്ന പതിവും ഇവിടെയാരംഭിച്ചു. ''മാർപ്പാപ്പയുടെ അപ്രമാദിത്വം''എന്ന വിഷയത്തെ പുരസ്കരിച്ച് ശ്രീമാൻ ജി. എഫ്. പപ്പാളി രചിച്ച ഉപന്യാസമാണ് പ്രഥമമത്സരത്തിൽ സമ്മാനാർഹമായത്. തൃശ്ശൂർ യോഗത്തെതുടർന്ന് സംഘടനയുടെ ജിഹ്വയായി 'The Malabar Catholic Student' എന്ന ബുള്ളറ്റിൻ പ്രസിദ്ധീകരിച്ചുതുടങ്ങി.

1921 - ൽ എറണാകുളത്തുവച്ചുനടന്ന വാർഷികത്തോടുകൂടിയാണ് പ്രസംഗങ്ങളിൽ ചിലതും ചർച്ചകളും മലയാളമാദ്ധ്യമത്തിൽ നിർവഹിക്കാൻ ആരംഭിച്ചത്. അന്നുവരെ മാദ്ധ്യമം ഇംഗ്ലീഷ് ഭാഷതന്നെയായിരുന്നു. ഈ വാർഷികത്തോടുകൂടിയാണ് കായികമത്സരം സംഘടനാവാർഷികത്തിൻെറ ഒരു ഭാഗമായിത്തീർന്നത്. ഇതിനു മുൻകൈയെടുത്തത് യശ:ശരീരനായ ശ്രീമാൻ ജോസഫ് തളിയത്തായിരുന്നു. അദ്ദേഹം വാർഷികത്തോടനുബന്ധിച്ച് ഒരു ബാഡ്മിൻറൻ ടൂർണമെൻറ് സംഘടിപ്പിക്കുകയും അതിൻെറ ട്രോഫി ദാനം ചെയ്യുകയും ചെയ്തു. ശ്രീ. തളിയത്തിൻെറ ട്രോഫി ആദ്യമായി നേടിയത് അത്തുങ്കൽ ടീമായിരുന്നു.

## ഫാ. ഒണോറെ

1918-ൽ സംഘടനയുമായി ബന്ധപ്പെട്ട ഫാ. ഒണോറെയെ പിന്നീട് നാം കാണുന്നത് 1921 ലെ എറണാകുളം വാർഷികത്തിലാണ്. രണ്ടു ദിവസത്തെ വർക്കിംഗ് കമ്മിററി യോഗങ്ങ

ളിൽ അദ്ദേഹമായിരുന്നു അദ്ധ്യക്ഷപീഠം അലങ്കരിച്ചതു്. ഏതാണ്ടു നാലു വർഷം കൊണ്ടു് സംഘടനയ്ക്കു് 500-ൽ പരം അംഗങ്ങളുണ്ടായി. ഐക്യത്തിന്റെ ഈ ശൃംഖല ബലിഷ്ഠമായ തോടുകൂടി സംഘടന അതിന്റെ പ്രാഥമിക ലക്ഷ്യം നേടിക്കഴിഞ്ഞു. അതിനാൽ, പ്രേഷിതത്വത്തിന്റെ മെച്ചമായ മേച്ചിൽപ്പുറങ്ങളിലേയ്ക്കു് പ്രയാണമാരംഭിക്കേണ്ട സമയം സമാഗതമായി. സംഘടനയുടെ കൂടുതൽ വ്യാപകവും മഹത്തരവുമായ ഒരു ചിത്രം ഫാ. ഒണോരെയുടെ മനസ്സിൽ തെളിവാനു വന്നു. ഒരു മാതൃകാ സംഘടന ഏപ്രകാരമുള്ളതായിരിക്കണമെന്നും, ക്രിസ്തീയാദർശങ്ങളുടെ അടിസ്ഥാനത്തിൽ സാമൂഹിക പ്രവർത്തനം ഏപ്രകാരം സംഘടിപ്പിക്കപ്പെടണമെന്നും, ആദ്ധ്യാത്മിക ജീവിതത്തിന്റെയും വ്യക്തിപരമായ വിശുദ്ധിയുടെയും പ്രചോദനത്തിൽനിന്നു് ബാഹ്യ പ്രവർത്തനങ്ങൾ ഏപ്രകാരം രൂപം കൊള്ളണമെന്നും വിശദമായി വിവരിച്ചുകൊണ്ടു് ഫാ. ഒണോരെ നാലു ലഘുലേഖകൾ എഴുതി തയ്യാറാക്കി. ഇവ തൃശ്ശിനാപ്പള്ളി ശാഖയുടെ ചെലവിൽ അടിച്ചുപ്രസിദ്ധം ചെയ്തു് സംഘടനയിലെ എല്ലാ അംഗങ്ങൾക്കും വിതരണം ചെയ്തു.

1. The Inner side of the M.C.S.C.
2. For initation or inspiration
3. Fundamentals
4. Study circles

എന്നിവയായിരുന്നു ആ ലഘുലേഖകൾ. ഈ ലഘുലേഖകൾ സംഘടനാംഗങ്ങളിൽ പുതിയ ഉണർവ്വും കർമ്മശേഷിയും സന്നിവേശിപ്പിച്ചു. കത്തോലിക്കാ വിദ്യാർത്ഥികളുടെ ബുദ്ധിപരവും കായികവും, കലാപരവും ആയ കഴിവുകളെ വികസിപ്പിച്ചു് അവരെ രാജ്യത്തിനും സമുദായത്തിനും അഭിമാനം പകരുന്ന ഉത്തമ പൗരന്മാരായി വാർത്തെടുക്കുവാനുള്ള എല്ലാ ഉപാധികളും ഈ ലഘുലേഖകളിൽ പരാമൃശ്യമായി.

മിഷൻ പ്രവർത്തനത്തിനായി കേരളത്തിൽ വന്ന ഏതാനും ഈശോ സഭാ വൈദികരിൽ ഒരുവനായിരുന്നു ഫാ. ഒണോരെ. ജന്മനാ ഫ്രഞ്ചുകാരനായിരുന്നുവെങ്കിലും ജീവിതകാലം മുഴുവൻ കേരള സഭയ്ക്കുവേണ്ടി പ്രയത്നിച്ച ഒരു മഹാനുഭാവനായിരുന്നു അദ്ദേഹം. ഉള്ളിന്റെ ഉള്ളിൽ അദ്ദേഹം കേരളീയനായിരുന്നു. കേരളത്തെയും കേരള കത്തോലിക്കരെയും അദ്ദേഹം അത്യധികം സ്നേഹിച്ചിരുന്നു. തൃശ്ശിനാപ്പള്ളി സെൻറ് ജോസഫ്സ് കോളേജിൽ പഠിപ്പിച്ചുകൊണ്ടു് അദ്ദേഹം കേരളീയരെ വളർത്തി. ആ വളർത്തലിന്റെ ഒരു ഭാഗമായിട്ടു് പുതിയ സഖ്യത്തിന്റെ ലക്ഷ്യവും പ്രവർത്തന പദ്ധതികളുടെ സംവിധാനവും എന്തായിരിക്കണമെന്നുള്ള പ്രാരംഭ ചിന്തകളെ ഈ ലഘുലേഖകളിലൂടെ അദ്ദേഹം അവതരിപ്പിച്ചു.

# അദ്ധ്യായം 2

# വളർച്ചയും രൂപാന്തരീഭാവവും

സംഘടനയുടെ ചരിത്രത്തിനു് സുപ്രധാനമായ ഒരു നാഴികക്കല്ലായിരുന്നു 1922 - ലെ ചങ്ങനാശ്ശേരി സമ്മേളനം. ഈ സമ്മേളനത്തിൽവച്ചാണു് കോൺഫറൻസ് സഖ്യമായി മാറുന്നതു്. അങ്ങിനെ മലബാർ കാത്തലിക്ക് സ്റ്റുഡൻസ് കോൺഫറൻസ് (M.C.S.C.) മലബാർ കാത്തലിക്ക് സ്റ്റുഡൻസ് ലീഗ് (M.C S L.) എന്ന പേരു സ്വീകരിച്ചു. 1929 - വരെ ഈ പേരിലാണു് സംഘടന അറിയപ്പെട്ടിരുന്നതു്.

1922 - ൽ ചങ്ങനാശ്ശേരി സെൻറ് ബക്മാൻസിൽ ചേർന്ന കാര്യനിർവഹണയോഗത്തിൽ ഫാ.ഒണോരെ അദ്ധ്യക്ഷംവഹിച്ചു. സംഘടന അതിൻെറ ബാലാരിഷ്ടതയിൽ നിന്നും കാലുമാററി കുത്തുവാൻ വെമ്പിയ ആ അവസരത്തിൽ ഫാ.ഒണോരെ,

ഏതാനും നിർദ്ദേശങ്ങൾ യോഗത്തിൽ അവതരിപ്പിക്കുകയു ണ്ടായി.

1) സംഘടനാംഗങ്ങൾ സമുദായസേവനവും അല്മായപ്രേഷി തത്വവും അവരുടെ പ്രവർത്തനപരിപാടികളായി സ്വീ കരിക്കുക.

2) സഖ്യത്തിൻെറ ശാഖകൾ രാജ്യത്തിൻെറ നാനാഭാഗങ്ങളി ലും സ്ഥാപിക്കുക.

3) ആത്മീയോപദേഷ്ടാക്കളുടെ നേതൃത്വത്തിലും സഹകരണ ത്തിലും പഠനക്കളരികൾ സംഘടിപ്പിക്കുക.

4) അംഗങ്ങൾക്കായി വർഷംതോറും ധ്യാനം സംഘടിപ്പിക്കുക.

5) 'വിശ്വാസം, പഠനം, പ്രയത്നം എന്നീ മുദ്രാവാക്യം സ്വീ കരിക്കുക.

6) കേരള കത്തോലിക്കരുടെ അവകാശവാദങ്ങൾ ശക്തിപ്പെടു ത്തുന്നതിനായി അംഗങ്ങൾ നവീകരണമാർഗ്ഗങ്ങൾ കണ്ടുപി ടിച്ച് ഐക്യദാർഢ്യത്തോടും ഏകമനസ്സോടുംകൂടി കർമ്മരം ഗത്തു് ഇറങ്ങേണ്ട സമയം വന്നിരിക്കുന്നതിനാൽ കോൺ ഫറൻസിനെ ഒരു സഖ്യമായി(ലീഗ്)രൂപാന്തരപ്പെടുത്തുക.

ഈ നിർദ്ദേശങ്ങളെല്ലാം യോഗം ഏകകണ്ഠമായി അംഗീക രിച്ചു. തുടർന്ന്, 1918 മുതൽ സംഘടനയുടെ പ്രസിഡൻറായി അതിനെ ബാലാരിഷ്ടതകളിലൂടെ വളർത്തിയെടുത്ത ശ്രീമാൻ സി.ജെ. വർക്കി ഫാ. ഒണോരെയെ പുതിയ പ്രസിഡൻറായി നാമനിർദ്ദേശം ചെയ്യുകയും അദ്ദേഹം M C.S.L. - ൻെറ ആദ്യ ത്തെ അത്മായേതര പ്രസിഡൻറായി ചങ്ങനാശ്ശേരി വാർഷിക ത്തിൽ (1922) വച്ചു തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു.

പണ്ഡിതനായ ഒരു പ്രൊഫസർ, പ്രഗത്ഭനായ ഒരു ശാസ്ത്ര ഗവേഷകൻ, നലംതികഞ്ഞ ഒരു വിദ്യാഭ്യാസ വിചക്ഷണൻ, ഏററം ഉപരി ഒരു മാതൃകാസന്യാസി എന്ന നിലകളിൽ സർവ രാലും ആദരിക്കപ്പെട്ടിരുന്ന ആ കലാവല്ലഭൻ തൻെറ ത്യാഗനിർ ഭരമായ സേവനത്തിലൂടെ സഖ്യത്തെ വളർത്താനും നയിക്കാനും തയ്യാറായി. സഖ്യപ്രവർത്തനത്തിൻെറ വിശദാംശങ്ങളിലെല്ലാം അദ്ദേഹത്തിൻെറ പിതൃനിർവിശേഷമായ ശ്രദ്ധപതിഞ്ഞിരുന്നു. ശാഖകൾ സ്ഥാപിക്കുക, ധ്യാനപ്രസംഗങ്ങൾ നടത്തുക, നാടൊ ട്ടുക്കു പര്യടനം നടത്തി ഫണ്ടു ശേഖരിക്കുക തുടങ്ങി സംഘടനാ പരമായ നൂറുനൂറുകാര്യങ്ങൾ അദ്ദേഹംതന്നെ നിർവഹിച്ചു പോന്നു.

### ഭരണഘടനാഭേദഗതി

ആദ്യമായിത്തന്നെ ഭരണഘടനയിൽ വേണ്ട ഭേദഗതികൾ വരുത്തി. പരിഷ്കരിച്ച ഭരണഘടനയ്ക്ക് ചങ്ങനാശ്ശേരി സമ്മേളനം (1922) അംഗീകാരം നല്കി. പുതിയ ഭരണഘടനയിലെ സുപ്രധാനവ്യവസ്ഥകൾ താഴെപ്പറയുന്നവയായിരുന്നു.

a) പ്രസിഡൻറ്, വൈസ് പ്രസിഡൻറുമാർ, സെക്രട്ടറി, ട്രഷറർ എന്നിവർ തെരഞ്ഞെടുക്കപ്പെടുന്നു.

b) ഇവരുടെ ഔദ്യോഗിക കാലാവധി ഒരു വർഷമായിരിക്കും.

c) മലയാളികളായ വിദ്യാർത്ഥികൾ പഠിക്കുന്ന ഏതൊരു സ്ഥാപനത്തിലും സഖ്യത്തിൻെറ ശാഖകൾ സ്ഥാപിക്കാം.

d) കോളേജു വിദ്യാർത്ഥികൾക്കും, ഹൈസ്കൂൾ വിദ്യാർത്ഥികൾക്കും സഖ്യത്തിൽ അംഗത്വം നല്കാവുന്നതാണ്.

e) ഹൈസ്കൂൾ വിദ്യാർത്ഥികളുടെ വാർഷിക അംഗത്വഫീസ് അരരൂപയും കോളേജു വിദ്യാർത്ഥികളുടേതു് ഒരു രൂപയുമായിരിക്കും.

f) സഖ്യാംഗങ്ങൾ എല്ലാവരും ലീഗു മാസികയുടെ വരിക്കാരായിരിക്കേണ്ടതാണ്. വരിസംഖ്യ അരരൂപാ. മാസിക 6 ലക്കങ്ങൾ ഉള്ളതായിരിക്കണം.

g) ഓരോ രൂപതയിലെയും സംഘടനാപ്രവർത്തനങ്ങളുടെ പൊതുചുമതല, രൂപതാ ആത്മീയോപദേഷ്ടാവ്, രൂപതാ സെക്രട്ടറി എന്നിവരിൽ നിക്ഷിപ്തമായിരിക്കും.

h) സഖ്യത്തിൻെറ പൊതു ആത്മീയോപദേഷ്ടാവിനെയും രൂപതാ ആത്മീയോപദേഷ്ടാക്കളെയും തെരഞ്ഞെടുക്കുന്നതിനു പകരം, മെത്രാന്മാർ നിയമിക്കുന്നതാണെന്നു് വ്യവസ്ഥ ചെയ്തു.

പുത്തൻ ഉണർവ്വും പുത്തൻ ഭരണഘടനയുമായി സഖ്യം പ്രവർത്തനം ആരംഭിച്ചു. ഫാ. ഒണോറെ പ്രസിഡൻറായിരുന്നിടത്തോളം കാലം അദ്ദേഹം തന്നെയായിരുന്നു പൊതു ആത്മീയനിയന്താവിൻെറ ജോലിയും നിർവ്വഹിച്ചിരുന്നതു്. ശാഖാപ്രവർത്തനത്തിൻെറ ചുമതല ശാഖയുടെ ആത്മീയോപദേഷ്ടാവും ശാഖാസെക്രട്ടറിയും കൂടി നിർവ്വഹിച്ചിരുന്നു. ചങ്ങനാശ്ശേരി സമ്മേളനം കഴിഞ്ഞ അടുത്ത വർഷത്തിൽ M. C. S. L –നു് 15 ശാഖകൾ ഉണ്ടായി. ഇവയിൽ മധുര, മംഗലാപുരം, തൃശ്ശിനാപ്പള്ളി, പാളയംകോട്ടു് എന്നിവിടങ്ങളിലെ കോളേജുശാഖകൾ കേരളത്തിനു പുറത്തുള്ളവയായിരുന്നു. ഇവയെല്ലാംതന്നെ ഈശോസഭാവൈദികർ നടത്തുന്ന കോളേജുകളാണല്ലോ.

## കർമ്മപരിപാടികൾ

ഈ കാലഘട്ടത്തിലെ സഖ്യത്തിൻെറ കർമ്മപരിപാടികൾ താഴെപ്പറയുന്നവയാണ്. ഇവയെ ആദ്ധ്യാത്മികമെന്നും, മതവിജ്ഞാനീയമെന്നും സാമൂഹ്യസേവനപരമെന്നും മൂന്നായി തിരിക്കാം.

### 1. ആദ്ധ്യാത്മികം

**a) മാസാദ്യ ഞായറാഴ്ചയിലെ ദിവ്യകാരുണ്യ സ്വീകരണം**

എല്ലാ സഖ്യാംഗങ്ങളും മാസാദ്യ ഞായറാഴ്ചകളിൽ ദിവ്യകാരുണ്യം സ്വീകരിക്കുകയും തങ്ങളുടെ ചുമതലകളെക്കുറിച്ച് കുറെ സമയം ധ്യാനിക്കുകയും ചെയ്യുക.

**b) അഖണ്ഡ ദിവ്യകാരുണ്യ യജ്ഞം**

കേന്ദ്രത്തിൽനിന്നും മുൻകൂട്ടി നിശ്ചയിച്ചിരുന്ന കലാലയങ്ങളിൽ ഓരോ ദിവസവും അതതു ശാഖയിൽപെട്ട രണ്ടംഗങ്ങളെങ്കിലും ദിവ്യകാരുണ്യം സ്വീകരിക്കുക. ആണ്ടുവട്ടം മുഴുവൻ ഇടമുറിയാതെ ദിവ്യകാരുണ്യസ്വീകരണം നടക്കത്തക്കവിധമാണ് തീയതികൾ ക്രമീകരിച്ചതു്.

**c) ജ്ഞാനധ്യാനം**

അംഗങ്ങൾക്കായി വർഷത്തിലൊരിക്കൽ ഒരു ധ്യാനം നടത്തുക. പലപ്പോഴും വാർഷികത്തോടനുബന്ധിച്ചാണിതു നടത്തിയിരുന്നതു്.

### 2. മതവിജ്ഞാനീയം

**d) പഠനക്കളരി:-** സഖ്യത്തിൻെറ മുഖ്യപരിപാടിയാണ് പഠനക്കളരി. സ്വതന്ത്രമായ ചർച്ചകളിലൂടെ വിഷയങ്ങൾ വിശദമായി പഠിക്കുകയാണിതിൻെറ ഉദ്ദേശ്യം. ബൈബിൾ, വിശ്വാസസത്യങ്ങൾ, സഭാചരിത്രം, ശാസ്ത്രസിദ്ധാന്തങ്ങൾ, സാമൂഹ്യപ്രശ്നങ്ങൾ ഇവയെല്ലാം ചർച്ചചെയ്യപ്പെട്ടിരുന്നു.

**e) ഗ്രന്ഥശാലാ പ്രവർത്തനം:-** സദ്ഗ്രന്ഥങ്ങളും ലഘുലേഖകളും ശേഖരിച്ച് അംഗങ്ങളുടെ ഇടയിൽ വിതരണം ചെയ്തു് അവരുടെ ഗ്രന്ഥപാരായണാസക്തി വളർത്തിയെടുക്കുന്നതിനാണ് ഈ പ്രവർത്തനം. പല ശാഖകൾക്കും അവയുടെതായ ഗ്രന്ഥശേഖരവും ഉണ്ടായിരുന്നു.

### 3) സാമൂഹ്യസേവനം

#### f) കത്തോലിക്കാ സാഹിത്യ രചനയും പ്രചരണവും

മതപരവും സാമൂഹ്യവുമായ വിഷയങ്ങളെ സംബന്ധിച്ചുള്ള ഗ്രന്ഥങ്ങളും ലഘുലേഖകളും പ്രസിദ്ധം ചെയ്യുക. ഇതിന്ന് ഒരു കമ്മിററി പ്രവത്തിച്ചിരുന്നു. M. C. S. L. ഗ്രന്ഥാവലിയെന്ന പേരിൽ ഏതാനും ഗ്രന്ഥങ്ങാം സമിതി പ്രസാധനം ചെയ്തിരുന്നു. ഈ പ്രസിദ്ധീകരണങ്ങളുടെ പ്രതികാം ബഹുജനങ്ങളുടെ ഇടയിൽ വിററഴിക്കാൻ ശാഖകാം 'വില്പനാദൂതന്മാരെ' തിരുനാളുകളിലും വാഷികങ്ങളിലും അയച്ചിരുന്നു. അവർ റെയിൽവെ പ്ലാററ്ഫോമിലും തീവണ്ടികളിലും ഒക്കെ ബാഡ്ജ് ധരിച്ചുകൊണ്ട് വില്പന നടത്തിയിരുന്നു. ഇങ്ങനെ അനേകായിരം പ്രതികാം സഖ്യാംഗങ്ങാം വിററഴിച്ചു. ഇതു് സംഘടനയ്ക്കു് ഒരു ആദായ മാഗ്ഗവുമായിരുന്നു.

നിലവാരമുള്ള പ്രബന്ധങ്ങളും ലഘുലേഖകളും തയ്യാറാക്കാൻ ഒരു പഠനകേന്ദ്രം സ്ഥാപിച്ചെങ്കിലും അധികമൊന്നും പുറത്തുവിടാൻ ഈ കേന്ദ്രത്തിനു കഴിഞ്ഞില്ല തന്നെ.

g) **ഗ്രാമ പ്രസംഗങ്ങൾ:–** ശാഖകളുടെ ആഭിമുഖ്യത്തിൽ പട്ടണപ്രാന്തങ്ങളിലോ, ഗ്രാമപ്രദേശങ്ങളിലോ യോഗങ്ങാം സംഘടിപ്പിച്ച് സംഘടനയിൽപെട്ട പ്രഗത്ഭരായ വ്യക്തികളെ വരുത്തി വിജ്ഞാനപ്രദങ്ങളായ പ്രസംഗങ്ങാം ചെയ്യിക്കയായിരുന്നു ഇതുകൊണ്ടു് ഉദ്ദേശിച്ചതു്. ഇതോടനുബന്ധിച്ച് മാജിക് ലാന്റേൺ പ്രദശനവും നടത്തിയിരുന്നു. ടിക്കററുവച്ചുള്ള പരിപാടിയായിരുന്നതിനാൽ ഇതിൽനിന്നും തുച്ഛമായ ഒരാദായം ലഭിച്ചിരുന്നു. ഫാ. ഒണോരെ വളരെ ത്യാഗം സഹിച്ച് ഫ്രാൻസിൽനിന്നും 6 മാജിക് ലാന്റേണും കുറെ മതപരവും സാമൂഹികവുമായ ചിത്രങ്ങളും സംഘടനയ്ക്കായി നേടിയെടുത്തു എന്നതു് ഇവിടെ സ്മത്തവ്യമാണ്.

h) **മതബോധനം:-** സംഘടനാംഗങ്ങാം കുട്ടികാംക്കു മതബോധനം നൽകുന്നതിൽ ശ്രദ്ധ പതിച്ചിരുന്നു. മാജിക് ലാന്റേൺ, സ്ലൈഡ്സ്, മതപരമായ ചിത്രങ്ങാം ഇവയുടെ ഉപയോഗം ഈ പ്രേഷിതവൃത്തിയെ വളരെയധികം സമാകഷകമാക്കിത്തീത്തു. കോട്ടയം, ഇരിഞ്ഞാലക്കുട, ആലുവാ, ചങ്ങനാശ്ശേരി ശാഖകാം അനേകം വിദ്യാത്ഥികാംക്ക് മതബോധനം നൽകിയതായി രേഖകളിൽ കാണുന്നു.

## തിരുഹൃദയ പ്രതിഷ്ഠ

1923-ലെ വാഷികം ചേത്തലയിൽ വച്ചാണ് നടത്തപ്പെട്ടതു്. 1924-ൽ എറണാകുളം സെൻറ് ആൽബർട്ട് സ്കൂളിൽ വച്ച് വാഷികം അരങ്ങേറി. ഈ വാഷികത്തിൽ വച്ച് പട്ടണവാസികളുടെ സാമ്പത്തികോന്നമനം ലക്ഷ്യം വച്ചുകൊണ്ട് സഖ്യത്തിൻെറമേൽ നോട്ടത്തിൽ ഒരു സഹകരണ സംഘം രൂപീകരിക്കാൻ തീരുമാനിച്ചു. നിയമാവലി സഖ്യം മാസികയിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. എന്നാൽ ഇതു് പ്രാവത്തികമായില്ല തന്നെ. 1924-ലെ ഈ വാഷികത്തിൽ വച്ചാണ് സഖ്യത്തെ ഈശോയുടെ തിരുഹൃദയത്തിനു് പ്രതിഷ്ഠിച്ചതു്. വാഷിക സമ്മേളനങ്ങരം ആരംഭിച്ചിരുന്നതു് ഈ ഹൃദയാവജ്ജകമായ കമ്മത്തോടു കൂടിയായിരുന്നു. എന്നാൽ ഇപ്പോരം ഈ പ്രതിഷ്ഠാകമ്മം നടക്കുന്നില്ല.

## ധനസമ്പാദനം

ഒരു സംഘടനയുടെ പ്രവത്തനത്തിനു് ഫണ്ട് ആവശ്യമാണല്ലോ. ഒരു സ്ഥിരം ഫണ്ട് രൂപീകരിക്കുന്നതിനായിരുന്നു ഫാ. ഒണോരെയുടെ പുറപ്പാടു്. 1922-23-ൽ തൃശ്ശിനാപ്പള്ളി ശാഖ നടത്തിയ ഭാഗ്യക്കുറിയിൽനിന്നും ലഭിച്ച 500 രൂപയായിരുന്നു സ്ഥിരഫണ്ടിലെ ആദ്യ നിക്ഷേപം. 1924-ൽ ഫണ്ടു ശേഖരിക്കുന്നതിനു് ഫാ. വില്ല്യം സി. എം. ഐ. കൺവീനറായി ഒരു കമ്മിററിയെ നിയമിച്ചു. അവരും ഫണ്ടു ശേഖരണം നടത്തി. ഒരു പക്ഷേ, സംഘടനയുടെ ഔദ്യോഗിക പ്രവത്തനങ്ങളിലേയ്ക്കു് ഒരു കമ്മലീത്ത വൈദികൻ കടന്നു വരുന്നതു് വില്ല്യമച്ചനിലൂടെയായിരിക്കാം.

ഫാ. ഒണോരെ തന്നെ കാഞ്ഞിരപ്പള്ളി, മുണ്ടക്കയം മുതലായ സ്ഥലങ്ങളിൽപ്പോയി ധനശേഖരണം നടത്തിയിരുന്നു. ഏതാണ്ടു മൂവായിരം രൂപയോളം അദ്ദേഹം പിരിച്ചെടുത്തു. 1925-26-ൽ എൻ. ജെ. ജോസഫ് സെക്രട്ടറിയായുള്ള ഒരു കമ്മററി മറെറാരു ഭാഗ്യക്കുറി നടത്തി അതിൽനിന്നും 1100 രൂപ ലഭിക്കുകയുണ്ടായി. വൈദിക മേലദ്ധ്യക്ഷന്മാരിൽനിന്നും, കത്തോലിക്കാ സ്ഥാപനങ്ങളിൽനിന്നും, ഉദാരമതികളായ വ്യക്തികളിൽനിന്നും, പൂർവ്വ വിദ്യാത്ഥികളിൽനിന്നും സംഭാവനകരം സ്വീകരിച്ച് ഈ ഫണ്ടു വിപുലപ്പെടുത്തി. സംഘടന വാഷികച്ചെലവിൽനിന്നും മിച്ചം വന്നിരുന്ന തുകയും സ്ഥിരം ഫണ്ടിനോടു ചേത്തിരുന്നു. ഇപ്രകാരം മിച്ചം വച്ച ചെറുതുകകരം കൂട്ടിച്ചേത്ത്് തൃശ്ശൂർ ലൂർദ്ദുകറിയിൽ നാലായിരം രൂപാ ഒരു സ്ഥിരം നിക്ഷേപമായി ഇട്ടു. കൂടാതെ ലൂർദ്ദുകുറി വക ചിട്ടിയിൽ സഖ്യത്തിൻെറ പേരിൽ ഒരു നറുക്കു ചേരുകയും ഏതാനും വാഷിക തവണകരം അടയ്ക്കുകയും ചെയ്തു. ചിട്ടി

സംബന്ധമായ കാര്യങ്ങളിൽ തൃശ്ശൂർ രൂപതയിലെ വിദ്യാർത്ഥി സഖ്യത്തിൻെറ ജീവനാഡിയായിരുന്ന ശ്രീമാൻ സി. ഏ. പോളും അന്നു് സഖ്യത്തിൻെറ ഖജാൻജിയായിരുന്ന പ്രൊഫ. വി. എം. ജോസഫും വളരെയധികം ബുദ്ധിമുട്ടുകൾ സഹിച്ചിട്ടുണ്ടു്. സംഘടനയ്ക്കു് പില്ക്കാലത്തു് അനുഭവപ്പെട്ട ശക്തിക്ഷയം മൂലം ഈ കുറി മുഴമിപ്പിക്കാൻ ഇടയായില്ല.

## കേന്ദ്ര ഓഫീസ്

സംഘടനയുടെ പ്രവർത്തനപരിപാടികൾ വിപുലമാവുകയും അംഗസംഖ്യ വർദ്ധിക്കുകയും ചെയ്തപ്പോൾ സംഘടനയ്ക്കു് ഒരു കേന്ദ്ര ഓഫീസ് വേണമെന്നു് ഫാ. ഓണോരെ ആഗ്രഹിച്ചു. ഒരു സ്ഥലം കണ്ടുപിടിക്കുന്നതിനായിരുന്നു ആദ്യ ശ്രമം. അന്നു് 4000 രൂപ മതിപ്പു വില വരുന്ന 18 ½ സെൻറു സ്ഥലം, എറണാകുളം അരമനയ്ക്കു മുന്നിലായി, ബ്രോഡ്‌വേയ്ക്കു പടിഞ്ഞാറുവശമുള്ളതു്, പാട്ടവ്യവസ്ഥയിൽ നൽകാൻ മാർ അഗസ്റ്റിൻ കണ്ടത്തിൽ തിരുമേനി സമ്മതിച്ചു. കൈമാററ ഉടമ്പടിയിൽ, വാർഷിക വാടക 360 രൂപാ ഉൾക്കൊള്ളിച്ചിരുന്നെങ്കിലും M.C.S.L. പ്രവർത്തിച്ചുകൊണ്ടിരിക്കുന്നിടത്തോളം കാലം തുക നൽകേണ്ടതില്ലെന്നും ആ നല്ല പിതാവു് വ്യവസ്ഥ ചെയ്തിരുന്നു. അപ്രതീക്ഷിതവും മഹാമനസ്സുവുമായ ഈ സഹായം ഫാ. ഒണോരെയെ കർമ്മോത്സുകനാക്കി. ഒരു കെട്ടിടം നിർമ്മിക്കുകയായിരുന്നു അടുത്ത പരിപാടി. 12000 രൂപ അടങ്കൽ വരുന്ന ഒരു രണ്ടുനില കെട്ടിടത്തിൻെറ പ്ലാൻ അദ്ദേഹംതന്നെ തയ്യാറാക്കി. 1926 ഡിസംബർ 18-ാം തീയതി ഫാ. ഒണോരെ കെട്ടിടത്തിൻെറ ശിലാസ്ഥാപനം നിർവ്വഹിച്ചു. കെട്ടിടം പണിയാൻ പണമെവിടെ? ദൈവത്തിലാശ്രയിച്ചുകൊണ്ടു് ഉദാരമനസ്കരെ അദ്ദേഹം സമീപിച്ചു. സ്ഥാപനങ്ങളിൽനിന്നും ലഭിച്ച പണംകൊണ്ടു് പണിയാരംഭിച്ചു. ഫാ. ജേക്കബ് നടുവത്തുശ്ശേരിയും ഫാ. തോമസ് തളിയത്തും പണിയുടെ മേൽനോട്ടം വഹിച്ചു. പണത്തിൻെറ അഭാവം പണി മന്ദഗതിയിലാക്കി. ഒന്നര വർഷംകൊണ്ടു് കെട്ടിടത്തിൻെറ താഴത്തെ നിലയുടെ പ്രധാനഭാഗംമാത്രമേ പൂർത്തിയായുള്ളു. പണമില്ലാതെ ചുമതലപ്പെട്ട കമ്മററി കുഴങ്ങി.

1928 - ൽ പണപ്പിരിവു് ഊർജ്ജിതപ്പെടുത്തുവാൻ ഫാ. ജോർജ്ജ് മേനാച്ചേരിയുടെ നേതൃത്വത്തിൽ ഒരു പ്രത്യേക കമ്മററിയെ നിശ്ചയിച്ചു. അവരുടെ പരിശ്രമഫലമായി മന്ദഗതിയിലെങ്കിലും കെട്ടിടപ്പണി തുടർന്നുകൊണ്ടിരുന്നു. ശ്രീമാന്മാരായ വി.ഡി. ഔസേപ്പ്, പീററർ വളവി എന്നിവർ കെട്ടിടനിർമ്മാണ കമ്മററിക്ക് വേണ്ട വിദഗ്ദ്ധോപദേശവും സഹായസഹകരണങ്ങളും ചെയ്തുപോന്നു.

ഫണ്ടുശേഖരത്തിനിടെ വളരെ രസാവഹമായ ഒരു സംഭവം ഉണ്ടായി. ഫാ. ഒണോരെ പല മാന്യവ്യക്തികളെയും

പണത്തിനായി സമീപിച്ചിരുന്നുവെന്നു സൂചിപ്പിച്ചുവല്ലോ. ഒരിക്കൽ, ധനികനും, പരോപകാരതല്പരനും, ഒരു തോട്ടമുടമയുമായ മി. മർഫിയെ ബ. അച്ചൻ സമീപിച്ചു. അച്ചൻ വരുന്നതു കണ്ടപ്പോൾ മർഫി വിളിച്ചുപറഞ്ഞു. ''അങ്ങ് പണത്തിനാണു വരുന്നതെന്നെനിക്കറിയാം. പക്ഷേ. ഞാൻ പണം തരുന്നതിനു മുമ്പ് അച്ചൻ എന്റെകൂടെ അല്പം കുടിക്കണം''. ''അയ്യോ, ഞാൻ കുടിക്കാറില്ല'' അച്ചന്റെ മറുപടി ''എന്നാൽ അച്ചനു ഞാൻ ഒന്നും തരുകയില്ല'' മർഫി പറഞ്ഞു. എന്തുചെയ്യണമെന്നറിയാതെ ഫാ. ഒണോറെ കുഴങ്ങി. അല്പം ആലോചിച്ചശേഷം അദ്ദേഹം ഒരു പുഞ്ചിരിയോടെ പറഞ്ഞു ''എന്നാൽ രണ്ടു വിസ്കിയും സോഡയും കൊണ്ടുവരൂ'' അകത്തുപോയി വന്ന മി.മർഫി 10,000 രൂപയുടെ ഒരു ചെക്ക് ബ. അച്ചനു സമ്മാനിച്ചു. മി. മർഫി ബ. അച്ചനെ വീട്ടിനുള്ളിലേയ്ക്കു ക്ഷണിച്ച്, വളരെ മനോഹരവും വൃത്തിയുള്ളതുമായ ടോയിലററ് കാണിച്ചിട്ടു പറഞ്ഞു. ''ഈ നാട്ടുകാർക്ക് വൃത്തിയുള്ളതും മനോഹരവുമായ കക്കൂസുകൾ നിർമ്മിക്കുവാൻ അറിയില്ല. അങ്ങ് ഇതുപോലെയൊന്ന് നിർമ്മിച്ചിട്ട് അതിന്റെ ബില്ലും എന്റെ പേർക്ക് അയച്ചേക്കുക'' ബ. അച്ചൻ വളരെ സന്തുഷ്ടനായി തിരിച്ചുപോന്നു. ദൈവത്തിന്റെപരിപാലനാവൈഭവത്തെ അദ്ദേഹം മനസ്സുകൊണ്ടു വാഴ്ത്തി.

## മാസികയുടെ ജനനം

കേരളീയ കത്തോലിക്കാവിദ്യാർത്ഥി സംഘടനയുടെ ജിഹ്വയായിരുന്ന 'The Malabar Catholic Student' എന്ന ബുള്ളററിൻ ഒരു മാസികയുടെ കെട്ടും മട്ടുമായി 1922-ൽ പുറത്തുവന്നു. തൃശ്ശിനാപ്പള്ളിയിൽനിന്നു് ഫാ. ഒണോറെയുടെ നേതൃത്വത്തിലുള്ള ഒരു പ്രസ്സ് കമ്മററിയുടെ ചുമതലയിലാണ് അതു് പ്രസിദ്ധം ചെയ്തിരുന്നതു്. ഉള്ളടക്കം മുഴവൻ ഇംഗ്ലീഷായിരുന്നതിനാൽ എല്ലാവർക്കും പ്രയോജനമുണ്ടായില്ല. അതിനാൽ 1925 - ആഗസ്റ്റ്മാസം മുതൽ 'കേരളകത്തോലിക്കാവിദ്യാർത്ഥി' എന്ന മലയാള മാസിക, ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി ഫാ. വില്ല്യം സി.എം.ഐ യുടെ ചുമതലയിൽ ആരംഭിച്ചു. പക്ഷേ, സാമ്പത്തിക പരാധീനതനിമിത്തം അഞ്ചുലക്കം കഴിഞ്ഞപ്പോൾഅതുതാല്ക്കാലികമായിനിർത്താൻ നിർബ്ബന്ധിതമായി.

1925-ലെ വാർഷികസമ്മേളനം തൃശ്ശൂർ സെൻറ് തോമസ് കോളേജിൽവച്ചു നടന്നു. 1926 മെയ് മാസത്തിൽ ആലപ്പുഴ ലിയോ XIII-ൽ വച്ചു നടന്ന വാർഷികത്തിൽ ക്രിസ്തുരാജന്റെ തിരുനാൾ സംഘത്തിന്റെ രക്ഷാകർത്തൃത്വ തിരുനാളായി പ്രഖ്യാപിക്കയും, ശാഖകൾ വർഷംതോറും ഈ തിരുനാൾ ആചരിക്കണമെന്നു നിർദ്ദേശിക്കുകയും ചെയ്തു.

1927-ലെ പാലാ വാർഷികത്തിലെ തീരുമാനമനുസരിച്ച് 1928 ജനുവരിയോടുകൂടി മലയാള മാസിക പുനരുജ്ജീവിപ്പിച്ച്

മാന്നാനത്തുനിന്നു് വീണ്ടും പ്രസിദ്ധീകരിക്കുവാൻ ആരംഭിച്ചു. 1923-ൽ ചങ്ങനാശ്ശേരിയിൽചേന്ന വാഷികയോഗം മാസികയെക്കുറിച്ചു് ഒരു പുതിയ തീരുമാനം എടുത്തു. തൃശ്ശിനാപ്പള്ളിയിൽ നിന്നുമുള്ള ഇംഗ്ലീഷ്മാസികയും മാന്നാനത്തുനിന്നുള്ള മലയാളം മാസികയും സംയോജിപ്പിച്ചു് 40പേജുവരുന്നലക്കങ്ങളായി ഓരോ വഷ്വും ആറു ലക്കമെന്ന കണക്കിൽ മാന്നാനത്തുനിന്നും പ്രസാധനം ചെയ്യുക എന്നായിരുന്നു ആ നിശ്ചയം. 1928 ജൂലൈയിൽ ഈ നിശ്ചയം നടപ്പിൽ വന്നു. ഈ സംയോജിത മാസികയുടെ പേരു് 'കേരളീയ കത്തോലിക്കാവിദ്യാർത്ഥി' എന്നായിരുന്നു. ഇതിൻെറ പത്രാധിപർ ശ്രീ. കെ. സി. വക്കി കുന്നുംപുറവും. അന്നു ജീവിച്ചിരുന്ന പ്രഖ്യാതരായ കത്തോലിക്കാ സാഹിത്യകാരന്മാരുടെയും നേതാക്കന്മാരുടെയും ലേഖനങ്ങളും കവിതകളും ഈ പുതിയ മാസികയിൽ സ്ഥലം പിടിച്ചു. 1930 വരെ ഈ മാസിക മാന്നാനത്തുനിന്നുതന്നെ പ്രസാധനം ചെയ്തുപോന്നു.

### ബാഡ്ജ്

ഈ കാലയളവിൽ ഫാ. ഒണോറെ, M.C S.L. നു് ഒരു ബാഡ്ജ് സംവിധാനം ചെയ്തു. അതിൻെറ പ്രധാനഭാഗം അലൂമിനിയംകൊണ്ടുള്ള ഒരു കുരിശാണു്. ഈ കുരിശ് പച്ചബോർഡർ ഉള്ള ചുവന്ന ഒരു സിൽക്കുനാടയിൽ ചേത്തുപിടിപ്പിച്ചിരുന്നു. ചുവപ്പുനിറം ആത്മപരിത്യാഗത്തെയും പച്ചനിറം പ്രത്യാശയേയും സൂചിപ്പിക്കുന്നു. കുരിശിൻെറ നാലുതണ്ടുകളിൽ സംഘടനയുടെ പേരിൻെറ ആദ്യാക്ഷരങ്ങളായ M.C.S.L. ഉം നടുക്കു് ക്രിസ്തുവിൻെറ ഗ്രീക്കുനാമത്തിൻെറ ആദ്യാക്ഷരങ്ങളായ XP ഉം മുദ്രണംചെയ്തിരുന്നു.

### ബാഹ്യകേരളശാഖകൾ

1927 മെയ് 1–2 തീയതികളിൽ പാലായിൽവച്ചു നടന്ന കേരള കത്തോലിക്കാ കോൺഗ്രസിൻെറ വാഷികസമ്മേളനത്തോടനുബന്ധിച്ചു് നടത്തപ്പെട്ട സഖ്യവാർഷികത്തിൽ ഫാ. ഒണോറെ സഖ്യത്തിൻെറ ആയുഷ്കാല അദ്ധ്യക്ഷനായി തെരഞ്ഞെടുക്കപ്പെട്ടു. പാലാ സമ്മേളനത്തിൽ അവതരിപ്പിക്കപ്പെട്ട റിപ്പോട്ടിൻപ്രകാരം സഖ്യത്തിനു് 25 ശാഖകളും 1230 അംഗങ്ങളും ഉണ്ടായിരുന്നതായി കാണുന്നു. ഈ കാലഘട്ടത്തിൽ കേരളത്തിനുപുറത്തു് കാൻഡി സെമിനാരി(സിലോൺ) ലയോളാ കോളേജ് (മദ്രാസ്) പാക്ക് ടൗൺ (മദ്രാസ്), പാളയംകോട്ട, തൃശ്ശിനാപ്പള്ളി ടൗൺ, സെൻറ്മേരീസ് സെമിനാരി(തൃശ്ശിനാപ്പള്ളി) എന്നീ സ്ഥലങ്ങളിലും സഖ്യശാഖകൾ പ്രവത്തിച്ചിരുന്നു.

### അസ്വാസ്ഥ്യതകൾ

ഈ കാലഘട്ടത്തിൽ സംഘടനയ്ക്കു് ഒരു ഷോക്കു് ട്രീററ്മെൻറ് ആവശ്യമായിത്തീന്നു. വളരെ ഉത്കൃഷ്ടമായ ലക്ഷ്യ

ങ്ങൾ മുന്നിൽവച്ചുകൊണ്ടാണ് ഫാ. ഒണോരെ സഖ്യം വളർത്തിക്കൊണ്ടുവന്നതു്. പക്ഷേ, പാലാ സമ്മേളനത്തിനുശേഷം സംഘടനയിൽ പ്രകടമായി കണ്ട ചില പ്രവണതകൾ അദ്ദേഹത്തെ തീർത്തും അസ്വസ്ഥനാക്കി. അംഗങ്ങൾ തമ്മിലുള്ള ഐക്യബന്ധത്തിനും സഹകരണത്തിനും ഉലച്ചിൽ തട്ടിയതായി അദ്ദേഹം കണ്ടു. അംഗങ്ങൾ ക്രമേണ അനാസ്ഥയിലേയ്ക്കും അലസതയിലേയ്ക്കും ശിക്ഷണരാഹിത്യത്തിലേയ്ക്കും വഴുതിവീണു. പല ശാഖകളും അംഗത്വഫീസോ, പ്രവർത്തനറിപ്പോർട്ടോ യഥാസമയം അയച്ചുകൊടുക്കാതായി. ഫണ്ടു ശേഖരണത്തിലെ അനാസ്ഥ ഹെഡ് ഓഫീസു പണി അവതാളത്തിലാക്കി. സംഘടന വളർന്നുവെങ്കിലും അംഗങ്ങളിൽ ആദ്ധ്യാത്മിക ചൈതന്യം വളരാതിരുന്നതു് ആ നല്ല മനുഷ്യനെ ഭഗ്നാശനും വ്രണിതഹൃദയനുമാക്കി. ഇതിന്റെയൊക്കെ ഫലമായി 1927 ഡിസംബർ മാസത്തിൽ ഫാ. ഒണോരെ പ്രസിഡന്റു സ്ഥാനം രാജിവച്ചു. സംഘടനയെയും കേരള കത്തോലിക്കാ സമുദായത്തെയും ഈ വാർത്ത ഞെട്ടിച്ചു.

1927 ഡിസംബർ 28-ാം തീയതി എറണാകുളത്തു കൂടിയ മാനേജിംഗ് കമ്മററി രാജിക്കാര്യം ചർച്ചചെയ്തു. ഒണോരെ അച്ചനെക്കൊണ്ടു രാജി പിൻവലിപ്പിക്കുന്നതിനു് എന്തുംചെയ്യാൻ കമ്മററി അംഗങ്ങൾ തയ്യാറായി. സംഘടനയ്ക്കു സംഭവിച്ച കോട്ടം പരിഹരിക്കാൻ തങ്ങൾ തയ്യാറാണെന്നു് അവർ പ്രതിജ്ഞ ചെയ്തു. ഈ വാഗ്ദാനവും ഹൃദയസ്പൃശിയായ അപേക്ഷയും ഉൾക്കൊള്ളുന്ന ഒരുപ്രമേയം കമ്മററിപാസ്സാക്കി. ഫാ.ഒണോരെ തന്റെ രാജി പിൻവലിച്ചു.

## M.C Y.L.

1929 - ൽ ഫാ. ജോർജ്ജ് മേനാച്ചേരിയുടെ നേതൃത്വത്തിൽ സംഘടനാവാർഷികം ആലുവായിൽവച്ച് മൂന്നുദിവസത്തെ വിപുലമായ പരിപാടികളോടെ നടന്നു. 1928-ലെ ചങ്ങനാശ്ശേരി വാർഷികസമയത്തു് വളരെ കുറവായിരുന്ന അംഗസംഖ്യ വദ്ധിപ്പിക്കുവാൻ ഫാ. ഒണോരെയുടെ ഷോക്ക് ട്രീററ്മെൻറും ആലുവാ സമ്മേളനവും ഇടയാക്കി. അത്ഭുതപൂർവ്വമായ ഒരു ഉണർവ്വ് സംഘടനയിൽ സംജാതമായി. ഈ വാർഷികസമ്മേളനത്തിൽവച്ചാണ് മലബാർ കത്തോലിക്കാ വിദ്യാർത്ഥിസഖ്യം (M.C.S L.) മലബാർ കത്തോലിക്കാ യുവജനസഖ്യമായി (M.C.Y.L.) രൂപപരിണാമം കൊണ്ടതു്. സംഘടനയുടെ പ്രവർത്തനപരിധിയിൽ കേരളത്തിലെ യുവജനങ്ങളെമുഴവൻ ഉൾപ്പെടുത്തുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഈതീരുമാനം സഖ്യത്തിന്റെ ചരിത്രത്തിലെ മറെറാരു നാഴികക്കല്ലായിരുന്നു. സംഘടനയ്ക്കു നേരിട്ടുകൊണ്ടിരുന്ന അധഃപതനത്തിൽനിന്നും അതിനെ കരേററാനുള്ള ഒരു പരീക്ഷണമായിരുന്നു അതു്.

# അദ്ധ്യായം 3

# യുവജനസഖ്യം മുതൽ കെ.സി.എസ്.എൽ വരെ

1929-ലെ ആലുവാ വാഷികം നല്കിയ നവോന്മേഷത്തോടു കൂടി പുതിയ നാമ -The Malabar Catholic Youth League (M.C.Y.L)- ത്തിൽ സംഘടന പ്രവർത്തനമാരംഭിച്ചു. 1930 ഒക്ടോബർ പത്തിനായിരുന്നു ഫാ. ഒണോരെയുടെ വ്രതാനുഷ്ഠാന കനകജൂബിലി. മാനേജിംഗ് കമ്മററിയുടെ ആഹ്വാനമനുസരിച്ച് എല്ലാ ശാഖകളുംതന്നെ ആ ജൂബിലി കൊണ്ടാടി. 1930-ൽ ഒല്ലൂർ വച്ചു നടന്ന വാർഷികം ജൂബിലി ആഘോഷങ്ങൾക്ക് മകുടം ചാത്തി. ജൂബിലിയേറിയന്റെ ബഹുമാനാർത്ഥം ഒരു ഉദ്യാന വിരുന്നു നടത്തപ്പെട്ടു. കൂടാതെ സഖ്യത്തിന്റെ വകയായി ഒരു മംഗളപത്രവും സുകൃതമഞ്ജരിയും പണക്കിഴിയും ബ. അച്ചന് നല്കുകയുണ്ടായി. ചങ്ങനാശ്ശേരി, തൃശ്ശൂർ മെത്രാന്മാരെക്കൂടാതെ ആയിടെ പുനരൈക്യപ്പെട്ട മാർ. ഇവാനിയോസ് മെത്രാപ്പോലീത്തയും ആഘോഷങ്ങളിൽ പങ്കുചേന്നു.

സംഘത്തിന്റെ പ്രവര്‍ത്തനം വീണ്ടും മന്ദീഭവിച്ചു. പണത്തിനു ബുദ്ധിമുട്ടായി. മാസികാപ്രവര്‍ത്തനം നിന്നുപോകുമെന്ന നിലയിലായി. M.C.Y.L. പച്ചപിടിക്കുന്ന ഒരു ലക്ഷണവും കണ്ടില്ല. ഫാ. ഒണോരെയുടെ ഭാഷയില്‍ ''ഈ നിലയില്‍ മുന്നോട്ടുനീങ്ങിയാല്‍ M.C.Y.L. മാത്രമല്ല, കേരള കത്തോലിക്കാസമുദായവും അധ:പതിക്കും''. കേരളീയരുടെ ഇടയില്‍ ഉണ്ടായിരുന്ന അനൈക്യത്തേയും റീത്തുവഴക്കിനെയുമാണു് അദ്ദേഹം സൂചിപ്പിച്ചതു്.

1931-ല്‍ ഫാ. ഒണോരെ വാതരോഗം പിടിപെട്ടു കിടപ്പിലായി. ആയിടയ്ക്കു നടന്ന മാനേജിംഗ് കമ്മററികളിലൊന്നും അദ്ദേഹം സംബന്ധിക്കുകയുണ്ടായില്ല. രോഗശയ്യയില്‍ നിന്നു് ആവശ്യമായ നിര്‍ദ്ദേശങ്ങളും ഉപദേശങ്ങളും അദ്ദേഹം എഴുതി അയച്ചുകൊണ്ടിരുന്നു. 1932 ജനുവരിമാസത്തില്‍ അദ്ദേഹം പ്രസിഡണ്ടുസ്ഥാനം രാജിവച്ചു. വാര്‍ദ്ധക്യസഹജമായ രോഗവും ആലസ്യവുമാണു് രാജിക്കു കാരണമെന്നു് കത്തില്‍ പ്രത്യേകം എടുത്തുപറഞ്ഞിരുന്നുവെങ്കിലും സഖ്യത്തെ ബാധിച്ചിരുന്ന പ്രവര്‍ത്തനമാന്ദ്യവും മററു കെടുതികളും അതിനു പ്രേരകമായിരുന്നില്ലേയെന്നു സന്ദേഹിക്കേണ്ടിയിരിക്കുന്നു. അദ്ദേഹത്തിന്റെ രാജിയെക്കുറിച്ചു് യശ:ശ്ശരീരനായ എം.ഒ. ജോസഫ് ഇപ്രകാരം എഴുതുന്നു. ''......... കേരളത്തില്‍ കത്തോലിക്കത്വത്തിനല്ല പ്രാധാന്യം. റീത്തിനും ജാതിക്കും വിഭാഗീയ ചിന്തയ്ക്കുമാണു് മുന്‍തൂക്കം എന്ന വസ്തുതയാണു് അദ്ദേഹം എടുത്തുകാണിച്ചതു്. അനാരോഗ്യത്തിന്റെ പേരുപറഞ്ഞു് അദ്ദേഹം രാജിവയ്ക്കാന്‍ കാരണവും അതാണു്, ആരോഗ്യഹാനി ശരീരത്തിനായിരുന്നില്ല മനസ്സിനായിരുന്നു എന്നു ചുരുക്കം''. എറണാകുളത്തു് കേന്ദ്ര ഓഫീസ് നിര്‍മ്മിച്ചതു സംബന്ധിച്ചു് സംഘടനയ്ക്കുള്ളില്‍ അസുഖകരമായ ചില അടിയൊഴുക്കുകള്‍ രൂപംകൊള്ളുന്നതായി അദ്ദേഹത്തിനു മനസ്സിലായി. എറണാകുളത്തു നടന്ന വിശേഷാല്‍ പൊതുയോഗം തികഞ്ഞ വൈമനസ്യത്തോടും അഗാധമായ മനോവ്യഥയോടുംകൂടി ഫാ. ഒണോരെയുടെ രാജി സ്വീകരിച്ചു. അന്നു് 1932 ജനുവരി 6-ാം തീയതിയായിരുന്നു.

### കേന്ദ്ര ഓഫീസ്

കേന്ദ്ര ഓഫീസിന്റെ പ്രധാനഭാഗം ഏതാണ്ടു പൂര്‍ത്തിയായിരുന്നതിനാല്‍ അന്നുതന്നെ എറണാകുളം മെത്രാപ്പോലീത്താ മാര്‍ അഗസ്റ്റിന്‍ കണ്ടത്തില്‍ കെട്ടിടം വെഞ്ചരിച്ചു് ഉദ്ഘാടനം നിര്‍വ്വഹിച്ചു. ''സഖ്യത്തിനു കേരളത്തില്‍ സ്ഥിരപ്രതിഷ്ഠ നല്കുവാന്‍ ഫാ. ഒണോരെയ്ക്കുള്ള തീവ്രമായ ആഗ്രഹത്തിനു പ്രത്യക്ഷമായ തെളിവാണീസൗധം''എന്നാണു് ഉദ്ഘാടനാവസരത്തില്‍ തിരുമേനി പറഞ്ഞതു്. ഫാ. ജോര്‍ജ്ജ് കൂര്‍സ്, ഫാ.ഒണോരെ

യുടെ മനോഹരമായ എണ്ണച്ഛായാപടം കേന്ദ്രഓഫീസിൽ അനാച്ഛാദനം ചെയ്യുകയും ചെയ്തു.

ഫാ. ഒണോരെയുടെ രാജിയെതുടൎന്നു 1932-ൽ ശ്രീ. ഐ. സി. ചാക്കോ സംഘടനയുടെ പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടു. 1932-ലെ വാൎഷികം ചമ്പക്കുളത്തുവച്ചാണു് നടന്നതു്. 1933 ആഗസ്റ്റോടുകൂടി അദ്ദേഹവും പ്രസിഡണ്ടുസ്ഥാനം രാജിവച്ചു. ഈ വിഷമഘട്ടത്തിൽ സഖ്യാംഗങ്ങൾ ഫാ. ഒണോരെയിൽ ചെലുത്തിയ സമ്മൎദ്ദഫലമായി വീണ്ടും അദ്ദേഹം പ്രസിഡണ്ടുസ്ഥാനം ഏറ്റെടുക്കാൻ നിൎബന്ധിതനായി. 1933 - ൽ എറണാകുളത്തുചേൎന്ന വിശേഷാൽ സമ്മേളനം ഔദ്യോഗികമായി ഫാ. ഒണോരെയെ വീണ്ടും പ്രസിഡണ്ടായി തെരഞ്ഞെടുത്തു. അദ്ദേഹത്തെ സഹായിക്കുന്നതിനായി സുപ്രസിദ്ധആംഗലഭാഷാപണ്ഡിതനായിരുന്ന ഫാ. എൽ.ഡി. മൎഫി എസ്.ജെ. യെ 'പ്രസിഡണ്ടിൻെറ പേഴ്സണൽ അസിസ്റ്റൻറ'ായി നിയമിച്ചു. അന്നുതന്നെ കേന്ദ്ര ഓഫീസിൽ, സഖ്യത്തിൻെറ വകയായി ഒരു കേന്ദ്രഗ്രന്ഥശാല ഫാ. ഒണോരെ ഉദ്ഘാടനം ചെയ്തു. ഈ ലൈബ്രറിയിൽ 500 ഓളം ഗ്രന്ഥങ്ങൾ ഉണ്ടായിരുന്നു. അവയിൽ ഭൂരിഭാഗവും മാർ അഗസ്റ്റിൻ കണ്ടത്തിലിൻെറ സംഭാവനയായിരുന്നു.

## വനിതാംഗങ്ങൾ

1933 സെപ്റ്റംബറിലും 1934 ഒക്ടോബറിലും ഫാ. ഒണോരെ കേരളത്തിൽ പര്യടനം നടത്തി സഖ്യത്തിനു് ഉണർവും ഉന്മേഷവും നല്കാൻ ശ്രമിച്ചു. 1933-ൽ നടത്തിയ പര്യടനവേളയിലാണ് ആദ്യത്തെ വനിതാശാഖാ ചങ്ങനാശ്ശേരി സെൻറ് ജോസഫ്സ് ഗേൾസ് ഹൈസ്കൂളിൽ അദ്ദേഹം ഉദ്ഘാടനം ചെയ്തതു്. ഇതു് സഖ്യത്തിൻെറ ചരിത്രത്തിൽ സുപ്രധാനമായ ഒരു കാൽവയ്പായിരുന്നു. കാരണം. ഈ ശാഖാസ്ഥാപനത്തോടുകൂടിയാണു് വനിതകൾക്കു് ആദ്യമായി സഖ്യത്തിൽ അംഗത്വം അനുവദിക്കപ്പെട്ടതു്.

## കത്തോലിക്കാ യുവലോകം

M.C.S.L., M.C.Y.L. ആയതോടുകൂടി സംഘടനയുടെ ജിഹ്വയായ 'കേരള കത്തോലിക്കാ വിദ്യാൎത്ഥി' 'കത്തോലിക്കാ യുവലോക'മെന്ന പേരു സ്വീകരിച്ചു. ഇതുവരെ മാസിക പ്രസാധനം ചെയ്തിരുന്ന മാന്നാനത്തുനിന്നു് 1931-ൽ അതിൻെറ ആസ്ഥാനം എറണാകുളത്തേയ്ക്കു മാററുകയും ഫാ. ജോർജ്ജ് മേനാച്ചേരി അതിൻെറ ചുമതല ഏറെറടുക്കുകയും ചെയ്തു. സഹപത്രാധിപരെന്ന നിലയ്ക്കു് ശ്രീ. എം. ഒ. ജോസഫ് നെടുംകുന്നത്തിൻെറ മികവുററ സേവനവും മാസികയ്ക്കു ലഭിച്ചു. മോൺ.

ജേക്കബ് നടുവത്തുശ്ശേരിയും തന്റെ സേവനം വാഗ്ദാനം ചെയ്തു. ഈ മൂന്നു ബഹുമാന്യരായ വ്യക്തികളുടെ സഹായം ഇല്ലായിരുന്നുവെങ്കിൽ വളരെ മുൻപുതന്നെ സഖ്യത്തിന്റെ നാമ്പടഞ്ഞുപോകുമായിരുന്നു. പല പ്രതികൂലസാഹചര്യങ്ങളെയും നേരിടേണ്ടിവന്നിട്ടും 1936 വരെ ഈ മാസികയുടെ പ്രസിദ്ധീകരണം തുടർന്നു കൊണ്ടുപോകുവാൻ അവർക്കു കഴിഞ്ഞു. ശ്രീ. എം.ഓ. ജോസഫ് നെടുംകുന്നം ഇതേക്കുറിച്ച് ഹൃദയവേദനയോടെ ഇപ്രകാരം എഴുതുന്നു. ''1931 മുതൽ 1936 വരെ... കത്തോലിക്കാ യുവലോകത്തിന്റെ പത്രാധിപത്യവും കേന്ദ്രകാര്യാലയപ്രവർത്തനവും വഹിക്കുവാനുള്ള ഭാഗ്യം എനിക്കുണ്ടായി. ലീഗിന്റെ പ്രസിഡന്റുമാർ തൃശ്ശിനാപ്പള്ളിയിലോ മദ്രാസിലോ ആണെന്നുള്ളത് ഒരു ന്യൂനതയായി തോന്നാത്ത വിധം അതിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടു പോയിരുന്നു. 1936-ൽ യുവലോകത്തിന്റെ പത്രാധിപത്യം ഞാൻ രാജിവച്ചു. ഞാൻ രാജിവച്ചതിനുശേഷം ലീഗിന്റെ ഔദ്യോഗിക പത്രിക ഒരു ലക്കമേ നടന്നുള്ളൂ.''

## ഫാ. ഒണോരെയുടെ നിര്യാണം

രണ്ടാംപ്രാവശ്യം പ്രസിഡന്റു പദം ഏറ്റെടുത്തപ്പോൾ ഫാ. ഒണോരേയ്ക്കു 71 വയസ്സുണ്ടായിരുന്നു. ഹതഭാഗ്യയായ സഖ്യത്തിനു് അദ്ദേഹത്തിന്റെ പൈതൃക പരിലാളനം അധികനാൾ തുടർന്നനുഭവിക്കാൻ ഇടയായില്ല. 1934 ജൂൺ 15-ാം തീയതി കേരള കത്തോലിക്കാ യുവജനങ്ങളുടെ ആ അപ്പസ്തോലൻ മദ്രാസ് ലയോള കോളേജിൽവച്ച് കാലയവനികയ്ക്കുള്ളിൽ തിരോധാനം ചെയ്തു. സഖ്യത്തിനുവേണ്ടി അദ്ദേഹം രചിച്ച അവസാനത്തെ സർക്കുലർ അപ്പോഴും അച്ചടിച്ചുകഴിഞ്ഞിട്ടില്ലായിരുന്നു.

1935 ജനുവരി മാസത്തിൽ പുളിങ്കുന്ന് സെന്റ് ജോസഫ്സ് ഹൈസ്കൂളിൽവച്ച് സഖ്യത്തിന്റെ വാർഷികം നടന്നു. മാർ ഇവാനിയോസ് തിരുമേനി അദ്ധ്യക്ഷനായിരുന്ന ആ യോഗം ഫാ. ഒണോരെയുടെ നിര്യാണത്തിൽ അത്യഗാധമായ ദുഃഖം രേഖപ്പെടുത്തുകയുണ്ടായി. മാത്രമല്ല, അദ്ദേഹത്തിന്റെ നാമത്തിൽ ഉചിതമായ ഒരു സ്മാരകം ഏർപ്പെടുത്തണമെന്നതിനെക്കുറിച്ച് പല നിർദ്ദേശങ്ങളും മുന്നോട്ടുവന്നു. അതിലൊന്ന് സഖ്യം വക കേന്ദ്രാലയത്തിനു് 'ഒണോരെ ഹാൾ' എന്നു നാമകരണം ചെയ്യണമെന്നായിരുന്നു. ഒണോരെ അച്ചന്റെ നിര്യാണത്തോടുകൂടി അനുഭവപ്പെട്ട വിടവു നികത്തുവാൻ ഈശോസഭാ വൈദികർ തന്നെ മുന്നോട്ടുവന്നു. പുളിങ്കുന്നു സമ്മേളനം (1935) ഫാ. എൽ. ഡി. മർഫിയെ പ്രസിഡന്റായി തെരഞ്ഞെടുത്തു.

1937-ൽ സഖ്യത്തിന്റെ കോളേജു വിഭാഗം പാക്സ്റൊമാന യെന്ന സർവ്വരാജ്യ കത്തോലിക്കാ സർവ്വകലാശാലാ സംഘടന

യോട്ട് സംയോജിപ്പിക്കപ്പെട്ടു. ആ വർഷം തന്നെ ഫാ. കാർട്ടി എസ്.ജെ സഖ്യത്തിൻെറ പ്രസിഡൻറായി അവരോധിതനായി.

പക്ഷേ, സുപ്രസിദ്ധരായ ഈ വൈദികരുടെ നേതൃത്വത്തിനുപോലും സംഘടനയുടെ അധോഗതിയെ തടഞ്ഞുനിർത്താൻ സാധിച്ചില്ല. 1937-ൽ ചങ്ങനാശ്ശേരി സെൻറ് ബെക്ക്മാൻസ് കോളേജിലും 1938-ൽ മാന്നാനം സെൻറ് എഫ്രേംസ് സ്കൂളിലും വച്ച് ഫാ. കാർട്ടിയുടെ അദ്ധ്യക്ഷതയിൽ രണ്ടു വാർഷികങ്ങൾ നടന്നു. 1939-ലെ വാർഷികം കോട്ടയം സേക്രട്ട് ഹാർട്ട് മൗണ്ട് ഹൈസ്കൂളിൽവച്ചാണു നടന്നത്. അപ്പോഴേയ്ക്കും സംഘടന അന്ത്യശ്വാസം വലിക്കാനാരംഭിച്ചു. ഇതേപ്പററി ശ്രീ. എം.ഓ. ജോസഫ് നെടുംകുന്നം വിലപിക്കുന്നത് ഇപ്രകാരമാണ് "...ഫാ. ഒണോരെ മുൻകൂട്ടി കണ്ടതുപോലെ 1939 ആയതോടു കൂടി സഖ്യത്തിൻെറ കഥയവസാനിച്ചു. റീത്തു വ്യത്യാസമാകുന്ന കരിമ്പാറക്കെട്ടിൽ മുട്ടിത്തട്ടിയാണ് ആ കപ്പൽ ഉടഞ്ഞത്. ലീഗിൻെറ പ്രതാപകാലത്തെ പ്രവർത്തകന്മാരിൽ ഫാ.ഒണോരെ ഒഴികെയുള്ളവരെല്ലാം തന്നെ അന്നു ജീവിച്ചിരുപ്പുണ്ടായിരുന്നു. അതിനുവേണ്ടി എന്തുചെയ്യുവാനും അവർ സന്നദ്ധരുമായിരുന്നു. പക്ഷേ, അതിനെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള മൃതസഞ്ജീവനി ആരുടെ പക്കലും ഉണ്ടായിരുന്നില്ല." അങ്ങനെ M.C.Y.L പ്രവർത്തനരഹിതമായി.

1939-നുശേഷം പല വർഷങ്ങളിലും വാർഷികംപോലും നടന്നില്ല. ചിലപ്പോഴെല്ലാം വിശേഷാൽ പ്രതിനിധി സമ്മേളനംകൊണ്ടു തൃപ്തിപ്പെടേണ്ടി വന്നിട്ടുണ്ട്. പലപ്പോഴും പ്രസിഡൻറായ ഫാ. കാർട്ടി സന്നിഹിതനായിരുന്നില്ല. അതിനാൽ വൈസ് പ്രസിഡണ്ട് ശ്രീ. എം.സി. മത്തായിയുടെ നേതൃത്വത്തിലാണ് യോഗങ്ങൾ നടന്നിരുന്നത്. 1940, 41 – കളിൽ സഖ്യത്തിൻെറ ആഭിമുഖ്യത്തിൽ മാന്നാനത്തു വച്ചു രണ്ടു സമ്മർ ക്ലാസ്സുകൾ നടത്തിയതൊഴിച്ചാൽ ഒന്നുംതന്നെ കാര്യമായി നടന്നില്ല. 1941 - ൽ സഖ്യത്തിൻെറ വിശേഷാൽ പൊതുയോഗം ശ്രീമാൻ എം. സി. മത്തായി വിളിച്ചുകൂട്ടിയെങ്കിലും അധികമാരും സന്നിഹിതരായിരുന്നുമില്ല. ഈ യോഗത്തിൽവച്ച് ഡോ.ജി.എഫ്. പപ്പാളി സഖ്യത്തിൻെറ വൈസ് പ്രസിഡൻറായി തെരഞ്ഞെടുക്കപ്പെട്ടു. 1942 - ൽ സഖ്യത്തിനു 25 വയസ്സായെങ്കിലും ആ സംഭവം ആരുടെയും ശ്രദ്ധയിൽപെടാതെ കടന്നുപോയി.

## അന്ധകാരയുഗം

1941 - മുതൽ 1947 വരെയുള്ള കാലഘട്ടം സഖ്യത്തെ സംബന്ധിച്ചിടത്തോളം ഏററവും ഇരുളടഞ്ഞ ഒന്നായിരുന്നു. കേന്ദ്രഭരണസമിതി തീർത്തും നിശ്ശേഷ്ടമായിരുന്നു. ഒരു മാനേജിംഗ്

കമ്മററിപോലും ഈ കാലഘട്ടത്തിൽ നടന്നിട്ടില്ല. എങ്കിലും ചില കോണുകളിൽ ചുരുക്കം ചില വ്യക്തികൾ തങ്ങളുടെ ആസ്ഥാനങ്ങളിൽ ഏതാനും ചില പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടു പോന്നു. ചങ്ങനാശ്ശേരി രൂപതയിൽ M.C.Y L. - നെ രൂപതയുടെ കത്തോലിക്കാപ്രവർത്തനത്തിൻെറ ഒരു വിഭാഗമായി അംഗീകരിച്ചിരുന്നതിനാൽ വളരെ പരിമിതമായതോതിലെങ്കിലും സഖ്യം അവിടെ പ്രവർത്തിച്ചിരുന്നു. 1941 - ൽ പ്രസിദ്ധീകരിച്ച ഒരു രേഖയനുസരിച്ച് അന്ന് സഖ്യത്തിനു് 18 ശാഖകൾ ഉണ്ടായിരുന്നു. അവയിൽ ഒന്ന് തൃശ്ശിനാപ്പള്ളിയിലും 4 വനിതാശാഖകൾ ഉൾപ്പെടെ 13 എണ്ണം അവിഭക്ത ചങ്ങനാശ്ശേരി രൂപതയിലും 3 എണ്ണം എറണാകുളം അതിരൂപതയിലുമായിരുന്നു. 1941 - നു ശേഷം ഇവയും നിർജ്ജീവമായി. കേരളത്തിലെ പ്രമുഖരായ എല്ലാവരുംതന്നെ അവർ വൈദികരാകട്ടെ, അല്മായരാകട്ടെ, ഈ സഖ്യത്തിൻെറ കൊടിക്കീഴിൽ കടന്നുപോയിട്ടുള്ളവരോ ഏതെങ്കിലും വിധത്തിൽ ഈ സംഘടനയുമായി ബന്ധപ്പെട്ടവരോ ആയിരുന്നു. പ്രമുഖരും പ്രബുദ്ധരുമായ ഒരുപററം അല്മായനേതാക്കളെ വാർത്തെടുക്കാൻ ഈ സംഘടനയ്ക്കു സാധിച്ചിരുന്നു. ത്യാഗമതികളായ ഈശോസഭാ വൈദികരുടെ പരിലാളനയും നേതൃത്വവും ഈ സംഘടനയ്ക്ക് അദ്യാപി ലഭിച്ചിട്ടുണ്ട്. നമ്മുടെ വിദ്യാഭ്യാസത്തിൻെറ ഒരു വലിയ കുറവ്, വിശ്വാസസത്യങ്ങളെക്കുറിച്ചോ, മതാനുഷ്ഠാനങ്ങളെക്കുറിച്ചോ അറിവു സമ്പാദിക്കാനുള്ള അവസരം വിരളമാണെന്നുള്ളതാണ്. ഇതിനു പരിഹാരമായിട്ടാണ് ഈ സംഘടന ഉദ്ദേശിക്കപ്പെട്ടിരുന്നതു്. മറെറാരു വാക്കിൽ, കത്തോലിക്കാജീവിതപരിശീലനമാണ് ഈ സംഘടനയുടെ ലക്ഷ്യം. പക്ഷേ, ഈ നല്ല ഉദ്ദേശ്യങ്ങളെല്ലാം കേരളകത്തോലിക്കർ മറന്നുപോയി. വളരെയധികം തഴച്ചുവളരാൻ സാധ്യത ഉണ്ടായിരുന്ന സംഘടന അങ്ങനെ നാമാവശേഷമാകാറായി.

## പ്രകാശനാളങ്ങൾ

1941-നു ശേഷം മാന്നാനം, പുളിങ്കുന്ന്, വാഴക്കുളം എന്നീ സി. എം. ഐ. സ്കൂളുകളിലും ചങ്ങനാശ്ശേരിയിലും മാത്രം ശാഖകൾ മങ്ങാതെ, മയങ്ങാതെ നിന്നു. അന്ധകാരാവൃതമായ ഈ കാലഘട്ടത്തിലേയ്ക്ക് സി. എം. ഐ. വൈദികർ കടന്നു വരികയും ജലവും വളവും നല്കി സംഘടനയെ വളർത്താൻ ത്യാഗപൂർവ്വം പരിശ്രമിക്കയും ചെയ്തു. കഥാവശേഷമായിക്കൊണ്ടിരുന്ന സംഘടനയ്ക്ക് അവരുടെ നേതൃത്വം ഓജസ്സും തേജസ്സും നല്കി. സംഘടനയുടെ ആദ്യകാലം മുതൽ പിന്നിൽ പ്രവർത്തിച്ചിരുന്ന സി. എം. ഐ. വൈദികർ മുന്നോട്ടു വന്നില്ലായിരുന്നുവെങ്കിൽ ഒരു പക്ഷേ സംഘടന എന്നേയ്ക്കുമായി കാലയവനികയ്ക്കുള്ളിൽ

തിരോധാനം ചെയ്യുമായിരുന്നു. അവരുടെ നേതൃത്വത്തിൻെറ തണലിൽനിന്ന് ത്യാഗമതികളും പ്രഗത്ഭരുമായ അനേകം അല്മായർ പുതുചൈതന്യത്തോടുകൂടി രംഗപ്രവേശം ചെയ്തു. ഈ പ്രതിസന്ധിയിൽ സംഘടനയെ രക്ഷിച്ച കരകേററിയവർ ഫാ. വില്ല്യം, ഫാ. റൊമയോ തോമസ്, ഫാ. ഔറേലിയസ്, ഫാ. കോൺസ്ററൻെറയിൻ, ഫാ. ഓസ്വാൾഡ് എന്നീ സി.എം.ഐ. വൈദികരും, ഫാ. മേനാച്ചേരി, ഫാ. കെ. സി. ചാണ്ടി, ഫാ. കെ.ജെ. ആൻറണി ഡോ. ജി. എഫ്. പാപ്പാളി, ഷെവ. സി. ജെ. വക്കി, മി. സി. ഏ. പോാം, മി. എം. സി. മത്തായി, മി. കെ. ഇ. ജോബ് എന്നീ മഹത്തുക്കളുമത്രേ.

## കത്തോലിക്കാ കോൺഗ്രസ്സിൻെറ സമ്മർദ്ദം

ഈ പുനരുദ്ധാരണ നടപടികൾക്ക് തിരികൊളുത്തിയത് 1947 സെപ്ററംബർ 14-ാം തീയതി കൂടിയ കത്തോലിക്കാ കോൺഗ്രസ് മാനേജിംഗ് കമ്മററിയാണ്. സഭ്യത്തെ പുനരുദ്ധരിക്കേണ്ട ആവശ്യകതയെ ചൂണ്ടിക്കാണിച്ചുകൊണ്ട് യശശ്ശരീരനായ എം. ഒ. ജോസഫ് നെടുംകുന്നം ഒരു പ്രമേയം അവതരിപ്പിക്കുകയും കമ്മററി അതു പാസ്സാക്കുകയും ചെയ്തു. പ്രസ്തുത പ്രമേയത്തെ ആദരിച്ച് 1947 ഒക്ടോബർ 18-ാം തീയതി എറണാകുളം കേന്ദ്ര മന്ദിരത്തിൽ വച്ച് സംഘടനയുടെ വൈസ് പ്രസിഡൻറ് ഡോ. ജി.എഫ്. പാപ്പാളിയുടെ അദ്ധ്യക്ഷതയിൽ സംഘടനയുടെ മാനേജിംഗ് കമ്മററി ഒരു യോഗം ചേർന്നു. കമ്മററി അംഗങ്ങളെ കൂടാതെ, ഷെവ. സി.ജെ. വക്കി, ശ്രീ. ജയിംസ് കണ്ടത്തിൽ, ശ്രീ. പി. ഏ. കുരുവിള എന്നിവരും യോഗത്തിൽ സംബന്ധിച്ചു. സംഘടനയെ പുന:സംഘടിപ്പിക്കാൻ യോഗം തീരുമാനിക്കയും അതിന് അനുയോജ്യമായ പരിഷ്കരിച്ച ഒരു നിയമാവലി ക്രോഡീകരിക്കുന്നതിന് ഒരു കമ്മററിയെ ചുമതലപ്പെടുത്തുകയും ചെയ്തു. ഫാ. വില്ല്യം സി. എം. ഐ., സി.ജെ. വക്കി, ഡോ. ജി.എഫ്. പാപ്പാളി എന്നിവരായിരുന്നു കമ്മററിയംഗങ്ങൾ.

1947 ഡിസംബർ 29-ന് മാനേജിംഗ് കമ്മററിയുടെയും കേരളത്തിലെ വിദ്യാലയ പ്രതിനിധികളുടെയും സംയുക്ത യോഗം കേന്ദ്രാലയത്തിൽ കൂടി പുതിയ നിയമാവലി അംഗീകരിച്ചു. അതോടുകൂടിത്തന്നെ M.C.Y.L വീണ്ടും M. C. S. L ആക്കിത്തീർക്കണമെന്നും തീരുമാനിക്കുകയുണ്ടായി.

1948-ൽ തത്തമ്പള്ളിയിൽവച്ച കൂടിയ കത്തോലിക്കാ കോൺഗ്രസ് വാർഷികം M.C.S.L-ൻെറ പ്രയോജനത്തെക്കുറിച്ച് പൊതുജനങ്ങൾക്ക് ഔത്സുക്യമുണ്ടാകുവാൻ സഹാ

യിച്ചു. സഖ്യത്തിന്റെ പുനരുദ്ധാരണത്തിനു് ജനസഹകരണം നേടാൻ ഈ വിധ സമ്മേളനങ്ങൾ കേരളത്തിലാകെ സംഘടിപ്പിക്കുന്നതിനു് അന്നത്തെ ജനറൽ സെക്രട്ടറി ശ്രീ. പി. സി. കുര്യൻ വളരെ ത്യാഗങ്ങൾ സഹിച്ചിട്ടുണ്ടു്.

## രണ്ടാം വസന്തം

പുനരുദ്ധാരണ നടപടികൾ വിജയം ചൂടിയതു് 1949 മെയ് 2-ാം തിയതി രാമപുരം സെൻറ് അഗസ്റ്റിൻസ് ഹൈസ്കൂളിൽ കൂടിയ സഖ്യത്തിന്റെ വാർഷികത്തോടുകൂടിയത്രേ. ഈ യോഗത്തിൽ അവതരിപ്പിക്കപ്പെട്ട പ്രമേയത്തിലൂടെയാണ് M.C.Y.L വീണ്ടും M C S L ആയി അംഗീകരിക്കപ്പെട്ടതു്. രാമപുരം സമ്മേളനം സംഘടനയുടെ രണ്ടാം വസന്തത്തിന്റെ ആരംഭമായിരുന്നു. അന്നു നടന്ന തെരഞ്ഞെടുപ്പിൽ ശ്രീ.സി.ജെ. വർക്കി (പ്രസിഡൻറ്), ഡോക്ടർ ജി.എഫ്. പാപ്പാളി, ശ്രീ. കെ. സി സെബാസ്റ്റ്യൻ (വൈസ് പ്രസിഡൻറുമാർ), ശ്രീ. ഇ. ജെ. കാരി (ജന. സെക്രട്ടറി), ശ്രീ. ഡി. വർഗീസ് (ട്രഷറർ), ശ്രീ. കെ. എം. മാത്തൻ, ശ്രീ. എ. അഗസ്ററിൻ (വിദ്യാർത്ഥി സെക്രട്ടറിമാർ) എന്നിവർ പുതിയ ഭാരവാഹികളായി നിശ്ചയിക്കപ്പെട്ടു. ഫാ. വില്ല്യം സി.എം.ഐ. ആദ്ധ്യാത്മികനിയന്താവായും തെരഞ്ഞെടുക്കപ്പെട്ടു.

കർമ്മശൂരനും പ്രഗല്ഭനുമായ ഷെവ. സി. ജെ. വർക്കി പല ഉദ്ധാരണ നടപടികളും നിർദ്ദേശിച്ചെങ്കിലും, അദ്ദേഹം സെൻറ് ഫിലോമിനാസ് കോളേജു പ്രിൻസിപ്പലായി മൈസൂരിലായിരുന്നതിനാൽ അവയൊന്നും തന്നെ നടപ്പിലായില്ല. 1950 ൽ ചങ്ങനാശ്ശേരി സെൻറ് ബർക്കുമാൻസ് കോളേജിൽവച്ചും 1951-ൽ പാലാ സെൻറ് തോമസ് ഹൈസ്കൂളിൽവച്ചും സഖ്യത്തിന്റെ വാർഷികം ആഘോഷിക്കപ്പെട്ടു. അധികനാൾ കഴിയുന്നതിനുമുമ്പു് രോഗബാധിതനായിത്തീർന്ന ഷെവലിയർ സി. ജെ. വർക്കി തന്റെ പ്രസിഡൻറുസ്ഥാനം രാജിവയ്ക്കുകയുണ്ടായി. 1953 മെയ് 25-ാം തീയതി കേരളസഭാമാതാവിന്റെ ആ വീരപുത്രൻ ദിവംഗതനായി.

1952-ൽ ആലപ്പുഴ ലിയോ XIII ഹൈസ്കൂളിൽ ചേർന്ന വാർഷികത്തിൽ പ്രൊഫ. പി. ററി. തോമസ് പ്രസിഡൻറായി തെരഞ്ഞെടുക്കപ്പെട്ടു. ഇതിനുമുൻപ് ഒരു ദശവത്സരക്കാലം അദ്ദേഹം സംഘടനയുടെ ഖജാൻജി ആയി സേവനമനുഷ്ഠിച്ചിരുന്നു. രാമപുരം സമ്മേളനത്തിന്റെ ഉണർവ്വും ഉത്സാഹവും മൂന്നുവർഷം കഴിഞ്ഞിട്ടും സംഘടനയിൽ വലിയ ചലനമൊന്നും സൃഷ്ടിച്ചില്ല തന്നെ അതിനാൽ പുതിയ ഭരണസമിതി ഇക്കാര്യത്തിൽ സത്വരശ്രദ്ധ ചെലുത്തി. പഠനക്കളരികൾ പുനരാരംഭിക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നല്കിയതോടുകൂടി അവയ്ക്കുവേണ്ട

ഏതാനും ലഘുലേഖകൾ ബ. കോൺസ്റ്റൻൈൻറൻ അച്ചൻെറ നേതൃത്വത്തിൽ അച്ചടിച്ചു ശാഖകൾക്കു നല്കി. യുവവൈദികനായിരുന്ന അദ്ദേഹം ബ. വില്ല്യമച്ചൻെറ സഹായകനായി സംഘടനാരംഗത്തിറങ്ങിയതോടെ രണ്ടാം വസന്തം വിരിഞ്ഞു. അഖണ്ഡ ദിവ്യകാരുണ്യ സ്വീകരണയജ്ഞം, ലൈബ്രറി പ്രസ്ഥാനം, സാമൂഹ്യസേവനം, മിഷൻസഹായം മുതലായ പരിപാടികളും ശാഖാതലത്തിൽ സമാരംഭിക്കുകയുണ്ടായി.

## കലാലയങ്ങളോടു വിടവാങ്ങൽ

1949 - ൽ പരിഷ്ക്കരിച്ച നിയമാവലി അനുസരിച്ച് സഖ്യത്തിനു രണ്ടുവിഭാഗങ്ങൾ ഉണ്ടായിരുന്നു,കോളേജുവിദ്യാർത്ഥികൾ ഉൾപ്പെടുന്ന സീനിയർ വിഭാഗവും ഹൈസ്കൂൾ വിദ്യാർത്ഥികൾ ഉൾപ്പെടുന്ന ജൂണിയർ വിഭാഗവും. 1955 - ഓടുകൂടി കോളേജ് വിഭാഗം C.S U. ആയി, ഇതു പിന്നീട് A.I.C.U.F. - ൽ ലയിക്കുകയും തത്ഫലമായി സഖ്യം കോളേജ് രംഗത്തുനിന്നു പിന്മാറുകയും ചെയ്തു. അങ്ങനെ 1955 മുതൽ സഖ്യം അതിൻെറ പ്രവത്തനം ഹൈസ്കൂൾ രംഗത്തുമാത്രമായി പരിമിതപ്പെടുത്തി.

## വനിതാമുന്നേററം

1933 - ൽ ഒരു വനിതാശാഖയുണ്ടായിരുന്ന സഖ്യത്തിനു 1941 - ൽ നാലു വനിതാശാഖകൾ ആരംഭിക്കുവാനേ സാധിച്ചിരുന്നുള്ളു. എന്നാൽ 1949 - നുശേഷം വളരെയേറെ ഗേൾസ് സ്കൂളുകളിൽ വനിതാശാഖകൾ സ്ഥാപിതമായി. വളരെ ഉത്സാഹത്തോടെ പെൺകുട്ടികൾ ശാഖാപ്രവത്തനങ്ങൾക്കായി ഇറങ്ങുകയും പല രംഗങ്ങളിലും ആൺകുട്ടികളെ പിന്നിലാക്കുകയും ചെയ്തു. ബ. കന്യാസ്ത്രീകളുടെ നിസ്വാത്ഥസഹകരണവും ത്യാഗോജ്ജ്വലമായ അപ്പ്ണവുമാണു് ഈ മുന്നേററത്തിനു പിന്നിലുണ്ടായിരുന്നതു്. നൂറുകണക്കിനുള്ള ഈ അപ്പിതാത്മാക്കളുടെ നിസ്തന്ദ്രപരിശ്രമമാണു് ഇന്നും സംഘടനയുടെ ഏററവും വലിയ മുതൽക്കൂട്ട്. അവരോടൊത്തു് നിസ്വാത്ഥമതികളായി പ്രവത്തിക്കുന്ന ഏതാനും അദ്ധ്യാപികമാരും ഈ വളച്ച്യ്ക്കു് കാരണമായി എന്ന വസ്തുത ഇവിടെ വിസ്മരിക്കുന്നില്ല. സ്ത്രീവിഭാഗത്തിനു കൈവന്ന ഈ പ്രാധാന്യം പരിഗണിച്ചു് കേന്ദ്രഭരണസമിതിയിലും, രൂപതാകമ്മററികളിലും ഒരു വൈസ് പ്രസിഡൻറുസ്ഥാനവും ഒരു വിദ്യാത്ഥി സെക്രട്ടറിസ്ഥാനവും വനിതകൾക്കായി നീക്കിവയ്ക്കുവാൻ 1955 ഫെബ്രുവരി 6 - ാം തീയതി എറണാകുളം സെൻറ് ആൽബട്ട്സ് കോളേജിൽചേന്ന പ്രതിനിധി സമ്മേളനം തീരുമാനിച്ചു. അങ്ങനെ സഖ്യത്തിൻെറ ചരിത്രത്തിൽ ആദ്യമായി തെരഞ്ഞെടുക്കപ്പെട്ട വനിതാ വൈസ് പ്രസിഡൻറ് ആലപ്പുഴ സെൻറ് ആൻറണീസ് ഹൈസ്കൂളിലെ

അദ്ധ്യാപികയായിരുന്ന മിസ് കാതറൈൻ ചാണ്ടിയായിരുന്നു. ആ മഹതി തികഞ്ഞ കാര്യക്ഷമതയോടും കത്തവ്യനിഷ്ഠയോടും കൂടി ഈ സ്ഥാനം മൂന്നുവഷം(1958–61)നിവ്വഹിക്കുകയുണ്ടായി.

## ഏകദിന സമ്മേളനങ്ങൾ

പുതിയ ശാഖകൾ ആരംഭിക്കുന്നതിനു വേണ്ട ഉത്തേജനം നല്കുന്നതിനായി ഓരോ രൂപതയിലും ഏകദിന അദ്ധ്യാപക വിദ്യാത്ഥി കോൺഫറൻസുകൾ നടത്തുവാൻ ആരംഭിച്ചു. ഇവയിൽ ആദ്യത്തെ രൂപതാ കോൺഫറൻസ് 1957 സെപ്റ്റംബർ 22-ാം തീയതി നടന്ന ചങ്ങനാശ്ശേരി കോൺഫറൻസത്രേ. ഇത്തരം കോൺഫറൻസുകൾ നടന്ന എല്ലാ രൂപതകളിലും അചിരേണ പുതിയ ശാഖകൾ രൂപം കൊള്ളുകയുണ്ടായി. രൂപതയിലെ പ്രവർത്തനത്തിൻെറ ചുമതല തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥന്മാരടങ്ങിയ രൂപതാ കമ്മററിയിൽ നിക്ഷിപ്തമാകയും ചെയ്തു.

## നവീന കർമ്മപരിപാടികൾ

ശാഖാതലത്തിലെ കമ്മപരിപാടികൾ കാലോചിതമായി പരിഷ്കരിക്കുകയും ക്രമവൽക്കരിക്കുകയും ചെയ്യുന്നതിൽ കേന്ദ്ര സമിതി പ്രത്യേക ശ്രദ്ധ ചെലുത്തുകയുണ്ടായി. മുദ്രാവാക്യത്തിലെ, വിശ്വാസം, പഠനം, പ്രയത്നം, എന്നിവയെ ആധാരമാക്കി താഴെപ്പറയുന്ന പരിപാടികൾ ആസൂത്രണം ചെയ്തു,

### a) വിശ്വാസത്തോടു ബന്ധപ്പെട്ടവ

i ദിവ്യബലിയിലെ സജീവ ഭാഗഭാഗിത്വം
ii മാസാദ്യ ഞായറാഴ്ചയിലെ ദിവ്യകാരുണ്യ സ്വീകരണം
iii അഖണ്ഡ ദിവ്യകാരുണ്യ സ്വീകരണം
iv ക്രിസ്തുവിൻെറ രാജത്വതിരുനാൾ ആഘോഷം

### d) പഠനത്തെ സംബന്ധിക്കുന്നവ

i പഠനക്കളരി
ii സംഘാതചച്ച
iii ലൈബ്രറി പ്രവത്തനം
iv പ്രസംഗ പരിശീലനം
v കലാപരിശീലനം

### c) പ്രയത്നത്തെ സംബന്ധിക്കുന്നവ

i കുട്ടികളുടെ മതബോധനം
ii വിദ്യാലയത്തിലെ ശുചിത്വവും ശിക്ഷണവും
iii കത്തോലിക്കാ സാഹിത്യപ്രചരണം
iv സാധുജനസേവനം, പ്രത്യേകിച്ച് സാധു വിദ്യാത്ഥികളുടെയിടയിൽ
v മിഷൻ സഹായം

## കലാകായിക മത്സരങ്ങൾ

മിക്കവാറും എല്ലാതലങ്ങളിലും മത്സരങ്ങൾ സംഘടിപ്പിക്കുകയെന്ന പദ്ധതി ഈ കാലഘട്ടത്തിലാണ് സഖ്യം നടപ്പാക്കിയത്. ഒരു ഉപന്യാസമത്സരത്തിലും ബാഡ്മിൻറൺ മത്സരത്തിലും അദ്യാപി ഒതുങ്ങിനിന്ന സംഘടന കലാകായിക രംഗങ്ങളിലെ എല്ലാ വിഭാഗങ്ങളിലുംതന്നെ മത്സരങ്ങൾ ശ്രുപതാതലത്തിലും സമ്മർക്ലാസ്സുകളോടനുബന്ധിച്ചും നടത്തുവാൻ ആരംഭിച്ചു. ഇന്നാകട്ടെ വാർഷികത്തോടനുബന്ധിച്ച്, ഉപന്യാസം, ചെറുകഥ, കവിത, ചിത്രരചന, പ്രസംഗം, സംഗീതം, ഡാൻസ്, നാടകം എന്നി ഇനങ്ങളിലെല്ലാം മത്സരം നടത്തുകയും വിജയികൾക്ക് സമ്മാനം നല്കുകയും ചെയ്തുവരുന്നു. ഈ മത്സരങ്ങൾ സഖ്യത്തിൻെറ കർമ്മപരിപാടികളിൽ അംഗങ്ങൾക്കു താല്പര്യവും തീക്ഷ്ണതയും വളർത്തുവാൻ വളരെ സഹായകമായിട്ടുണ്ട്.

## സമ്മർക്യാമ്പുകൾ

1954-ൽ ഭരണങ്ങാനത്തു നടന്ന വാർഷികത്തിൽ അഭിവന്ദ്യ കാവുകാട്ട തിരുമേനിയുടെ നിർദ്ദേശമനുസരിച്ചാണ് സംഘടന സമ്മർക്യാമ്പുകൾ സംഘടിപ്പിക്കുന്ന രീതി ആരംഭിച്ചത്. ഇപ്രകാരമുള്ള ആദ്യത്തെ ക്യാമ്പ് ആൺകുട്ടികൾക്ക് മാന്നാനം സെൻറ് എപ്രേംസ് സ്കൂളിലും പെൺകുട്ടികൾക്ക് ആർപ്പൂക്കര സെൻറ് ഫിലോമിനാസ് സ്കൂളിലുംവച്ചാണ് നടത്തിയത്. ഏതാണ്ട് 150 വിദ്യാർത്ഥികൾ പങ്കെടുത്ത ഈ ക്യാമ്പിൻെറ മുഖ്യ സാരഥികൾ ഫാ. വില്ല്യം സി.എം.ഐ, ഫാ. കോൺസ്റ്റൻറയിൻ സി.എം.ഐ. പ്രൊഫ. പി.റ്റി. തോമസ് എന്നിവരായിരുന്നു.

## സഖ്യം വാർത്തകൾ

അംഗസംഖ്യ വർദ്ധിക്കുകയും ശാഖകൾ കർമ്മോത്സുകമാകുകയും ചെയ്തപ്പോൾ സംഘടനയ്ക്കൊരു പൊതുജിഹ്വ വേണമെന്നു വന്നു. ഫാ. സൈമൺ സി.എം.ഐ. യുടെ പരിശ്രമഫലമായി മാന്നാനത്തുനിന്നു പുറപ്പെട്ടന്ന 'കർമ്മേല കുസുമം' മാസികയിൽ, സഖ്യം വാർത്തകൾ കുറെക്കാലം പ്രസിദ്ധീകരിച്ചു. സൈമണച്ചൻ ''സ്വന്തം കൊച്ചച്ചൻ'' എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. 1958 മുതൽ ഫാ. കോൺസ്റ്റൻറയിൻ മണലേൽ സി. എം. ഐ. യുടെ ചുമതലയിൽ 'ലീഗ്സന്ദേശം' എന്ന ഒരു ലഘുലേഖ ഏതാനും ലക്കങ്ങൾ പ്രസിദ്ധീകരിക്കുകയുണ്ടായി. ശാഖാവാർത്തകളും സംഘടനയെ സംബന്ധിക്കുന്ന പൊതുനിർദ്ദേശങ്ങളുമായിരുന്നു ഉള്ളടക്കം. ഇതോടൊപ്പം പഠനക്കളരിക്കു വേണ്ട ലഘുലേഖകളും അച്ചടിച്ചു വിതരണം ചെയ്യുകയുണ്ടായി. മാസിക ആരംഭിക്കുന്നതിൻെറ ആദ്യപടിയായിരുന്നു 'ലീഗ് സന്ദേശം.'

## കത്തോലിക്കാ വിദ്യാർത്ഥി

മാനേജിംഗ് കമ്മററിയുടെ തീരുമാനമനുസരിച്ച് 1960 ഒക്ടോബർ മാസത്തിൽ പ്രസിഡൻറ് പി. ററി. തോമസിൻെറ ചുമതലയിലും പത്രാധിപത്യത്തിലും 'കത്തോലിക്കാ വിദ്യാർത്ഥി' എറണാകുളത്തുനിന്നു് ആരംഭിച്ചു. 1960-ൽ ചങ്ങനാശ്ശേരി എസ്. ബി. ഹൈസ്കൂളിൽ ചേർന്ന അതിരൂപതാ കോൺഫറൻസിൽ വച്ചു് അഭിവന്ദ്യ മാർ മാത്യു കാവുകാട്ടു തിരുമേനി മാസികയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. നാല്പതു പേജുള്ള ഒററ പ്രതിക്കു് വില .25 പൈസ ആയിരുന്നു. ആണ്ടിൽ 3 ലക്കം മാത്രം.

1964-ൽ പ്രൊഫ. പി. ററി. തോമസ് ഉദ്യോഗത്തിൽ നിന്നു വിരമിച്ചപ്പോൾ പുതിയ വൈസ് പ്രസിഡൻറ് കെ.ററി. തോമസ് മാസികയുടെ ചുമതല ഏറെറടുക്കുകയും പാലായിൽ നിന്നു അതു പ്രസിദ്ധീകരിച്ചു തുടങ്ങുകയും ചെയ്തു. ഇക്കാലയളവിൽ ത്രൈമാസികയ്ക്കു് കെട്ടിലും മട്ടിലും പല മാററങ്ങൾ ഉണ്ടായി. കെ. സി. എസ്. എൽ-ൻെറ മുൻ അംഗവും ചിരകാല സുഹൃത്തുമായിരുന്ന മാർ സെബാസ്റ്റ്യൻ വയലിൽ തിരുമേനിയുടെയും ഫാ. ജോസഫ് തണ്ണിപ്പാറയുടെയും നിർല്ലോഭ പരിലാളനയിൽ, കേന്ദ്രത്തിനു് യാതൊരു സാമ്പത്തിക ബാദ്ധ്യതയും ഉണ്ടാകാത്തവിധം പ്രസിദ്ധീകരണം വളരുകയും ചെയ്തുവെന്നുള്ളതു് പ്രത്യേകം പ്രസ്താവ്യമാണു്. 1966-ൽ ശ്രീ ടോം ജോസ് പത്രാധിപരായിത്തീർന്നു. മാസികയുടെ ഓരോ ലക്കത്തിലും വിദ്യാർത്ഥികളുടെ ലേഖനങ്ങളും, കവിതകളും, ചെറുകഥകളുമായിരുന്നു കൂടുതൽ. ശ്രീ. ടോം ജോസും പത്രാധിപരെന്ന ജോലി വളരെ സ്തുത്യർഹമാംവിധം നിർവ്വഹിച്ചു,

## കേന്ദ്ര ഓഫീസിൻെറ ദയനീയാവസ്ഥ

മുകളിലത്തെ നിലയിൽ ഒരു ഹാളും താഴത്തെ നിലയിൽ മൂന്നു മുറികളും ബാക്കി ഭാഗം അടിത്തറ മാത്രവുമായി നിന്നിരുന്ന കേന്ദ്ര ഓഫീസ് ഒണോരെയുടെ നിര്യാണശേഷം ഉപയോഗ ശൂന്യമായി കിടക്കുകയായിരുന്നു. മുനിസിപ്പാലിററി കരം അടയ്ക്കാതെ വർഷങ്ങളായി കിടന്ന കെട്ടിടം ലേലത്തിൽ പോകുമെന്ന നിലയായി. കുടിശ്ശിക അടച്ചു് കെട്ടിടം സ്വന്തമാക്കാൻ സംഘ്യവുമായി ബന്ധപ്പെട്ട ആരുംതന്നെ തുനിഞ്ഞില്ല. ഈ വിഷമ സന്ധിയിൽ ലേലത്തുക കെട്ടിവച്ചു് എറണാകുളം അരമന കെട്ടിടം ഏറെറടുത്തു. അതിനുശേഷം ഏതാനും വർഷം കെട്ടിടത്തിലെ മുറികൾ സൈനികാവശ്യങ്ങൾക്കും, കത്തോലിക്കാ കോൺഗ്രസിനും, ചില ബിസിനസുകാർക്കും വാടകയ്ക്കു കൊടുക്കുകയും, വാടക അരമനയിൽനിന്നു പിരിച്ചെടുക്കുകയും ചെയ്തു പോന്നു.

1949-ൽ ഷെ. സി. ജെ. വക്കിയുടെ നേതൃത്വത്തിൽ കെട്ടിടം ഏറ്റെടുക്കുവാനുള്ള ശ്രമം ആരംഭിച്ചു. എന്നാൽ കെട്ടിടം വിട്ടുതരണമെന്നുള്ള അപേക്ഷ അഭിവന്ദ്യ അഗസ്റ്റിൻ കണ്ടത്തിൽ തിരുമേനി സ്വീകരിച്ചില്ല. തൻെറ അരമനയുടെ നേരെ മുൻ വശത്തു് കിടക്കുന്ന വിലപിടിപ്പുള്ള സ്ഥലം കേന്ദ്ര ഓഫീസ് പണിയുന്നതിനായി സൗജന്യമായി നല്കിയിട്ടു്, സംഘടനയുടെ കഴിവുകേടു മൂലം കെട്ടിടവും സ്ഥലവും എന്നന്നേയ്ക്കുമായി നഷ്ട പ്പെടുന്ന അവസ്ഥ സംജാതമാക്കിയെന്നും വീണ്ടും ഇങ്ങനെ യൊരു പരീക്ഷണത്തിനു തയ്യാറില്ലെന്നുമായിരുന്നു തിരുമേനി യുടെ നിലപാടു്. കെട്ടിടത്തിനു ചെലവായ തുക തിരിച്ചു തരുന്നതിനും ആ നല്ല പിതാവു് സന്നദ്ധത പ്രകടിപ്പിച്ചു.

മാർ ജോസഫ് പാറേക്കാട്ടിൽ രൂപതാ ഭരണം ഏറ്റെടുത്ത ശേഷം, അന്നത്തെ പ്രസിഡൻറ് ശ്രീ. പി. ററി. തോമസ് കെട്ടിടത്തെ സംബന്ധിച്ചുള്ള നിവേദനവുമായി തിരുമേനിയെ സമീപിച്ചു. തൻെറ മുൻഗാമി ചെയ്ത ഔദ്യോഗിക തീരുമാന ത്തിൽനിന്നു വ്യതിചലിക്കുക സാദ്ധ്യമല്ലെന്നായിരുന്നു മറുപടി. എങ്കിലും ചില നിബന്ധനകളോടെ സംഘടനയുടെ ഉപയോഗ ത്തിനായി കെട്ടിടം വിട്ടുകൊടുക്കാൻ സമ്മതമായിരുന്നു. മാനേ ജിംഗ് കമ്മററിക്കു സ്വീകാര്യമെങ്കിൽ, അന്നത്തെ ന്യായമായ വില തന്നു് കാര്യം അവസാനിപ്പിക്കാമെന്നും തിരുമേനി അഭി പ്രായപ്പെട്ടു. സംഘടനയുടെ കേന്ദ്രമന്ദിരം പൂർണ്ണ ഉടമസ്ഥാവ കാശത്തോടെ തിരിച്ചു കിട്ടില്ലായെന്നു് ഏതാണ്ടു തീർച്ചയായി.

അക്കാലത്തു്, സംഘടനയുടെ നിത്യചെലവിനുപോലും നന്നാ ക്ലേശിക്കുന്നുണ്ടായിരുന്നു. അംഗങ്ങളിൽനിന്നു പിരിക്കുന്ന വാർഷിക ഫീസിൻെറ പകുതി (രണ്ടണ) മാത്രമായിരുന്നു ഏക വരുമാനം. വ്യക്തികളിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ സംഭാവനകൾ ലഭ്യമല്ലാതായി. കടം വാങ്ങി കാര്യങ്ങൾ നട ത്തുവാൻ ഭാരവാഹികൾ പലപ്പോഴും നിർബന്ധിതരായി. ഇത്തരം ഋണ ബാദ്ധ്യതകൾ വർഷങ്ങൾ ചെല്ലുന്തോറും വർദ്ധിച്ചു കൊണ്ടുമിരുന്നു. കെട്ടിടം തിരിച്ചു കിട്ടുക സാദ്ധ്യമല്ലെന്നു വന്നപ്പോൾ വളരെ വിസമ്മതത്തോടുകൂടിയാണെങ്കിലും പാറേ ക്കാട്ടിൽ തിരുമേനിയുടെ നിർദ്ദേശത്തിനു വഴങ്ങുവാൻ മാനേജിം ഗ് കമ്മററി തീരുമാനിച്ചു. അങ്ങനെ 1958 സെപ്റ്റംബർ 23-ാം തീയതി സഖ്യത്തിൻെറ പ്രതിനിധികളെന്ന നിലയിൽ ഫാ. വില്ല്യം സി. എം. ഐ. (പൊതു ആത്മീയോപദേഷ്ടാവു്) പ്രൊ. പി. ററി. തോമസ് (പ്രസിഡൻറ്) സി. എക്സ്. ജോൺ സെബാസ്റ്റ്യൻ (ട്രഷറർ) എന്നിവർ ചേർന്നു് കേന്ദ്രമന്ദിരത്തിന്മേ ലുള്ള സർവ്വ അവകാശങ്ങളും 17500 രൂപാ വിലയ്ക്കു് എറണാകുളം മെത്രാപ്പോലീത്തായ്ക്കു് തീറെഴുതിക്കൊടുത്തു.

## ലൂർദ്ദ് കുറി

പിന്നീട് തൃശ്ശൂർ ലൂർദ്ദുകുറിയിൽ സഖ്യത്തിന്റെ പേരിൽ കിടപ്പുള്ള പണം തിരിച്ചെടുക്കവാനായി ശ്രമം. ലൂർദ്ദുകുറിയിൽ സഖ്യത്തിന്റെ വക 4000 രൂപാ സ്ഥിര നിക്ഷേപമുണ്ടായിരുന്നു. കേന്ദ്രമന്ദിരം പണിയാൻ 900 രൂപാ അതിൽനിന്നു കടമെടുത്തിരുന്നു. സഖ്യം ചേർന്നിരുന്ന ചിട്ടി പിടിച്ച് പണം പററിയ വകയിൽ 250 രൂപാവീതമുള്ള വാഷിക തവണകാം അടയ്ക്കേണ്ടിയിരുന്നു. മുടങ്ങിയ തവണകാം സഖ്യത്തിന്റെ സ്ഥിരം നിക്ഷേപത്തിൽ നിന്ന് ഈടാക്കിയശേഷം ബാക്കിയുള്ളതേ ലഭിക്കൂ. പക്ഷേ ഒരു പ്രശ്നം! M. C. Y. L. എന്ന പേരിലാണ് ലൂർദ്ദുകുറിയുമായി ബന്ധപ്പെട്ടതു്. തുക മടക്കിച്ചോദിക്കുന്നതു് M. C S. L. ഉം. വളരെക്കാലത്തെ ന്യായ വാദത്തിനും എഴുത്തുകുത്തിനും ശേഷം പേരു രണ്ടാണെങ്കിലും സഖ്യം ഒന്നു തന്നെയെന്നു് അവരെ മനസ്സിലാക്കി. അങ്ങനെ 1961 അവസാനത്തോടുകൂടി 2041 രൂപാ 85 പൈസ സഖ്യത്തിനു മടക്കി കിട്ടി. ഇതു് സഖ്യത്തിനു കിട്ടേണ്ടിയിരുന്ന മുതൽ മാത്രമാണു്. 1943-നു ശേഷമുള്ള കാലത്തേയ്ക്കു് പലിശയിനത്തിൽ ഒരു പൈസ പോലും ലഭിച്ചില്ലയെന്നുള്ളതാണു് വസ്തുത.

അങ്ങനെ കേന്ദ്രമന്ദിരം വിററുകിട്ടിയ 17500 രൂപയും ലൂർദ്ദുകുറിയിൽനിന്നും ലഭിച്ച 2041 രൂപയും സഖ്യത്തിന്റെ തന്നാണ്ടത്തെ വരുമാനത്തിൽ നിന്നെടുത്ത 459 രൂപയും മററും കൂട്ടിച്ചേർത്തു് 1962 ജനവരി 30-ാം തിയതി 20000 രൂപയുടെ ഒരു സ്ഥിരനിക്ഷേപം ട്രാവൻകൂർ സ്റ്റേററ് ബാങ്കിന്റെ എറണാകുളം ശാഖയിൽ 5% പലിശയ്ക്കു് നിക്ഷേപിക്കുകയുണ്ടായി. ഇതാണു് സഖ്യത്തിന്റെ ശാശ്വതമൂലധനം,

## ശതാബ്ദിയാഘോഷം

1952 ഡിസംബർ മാസത്തിൽ എറണാകുളത്തുവച്ചാഘോഷിച്ച സെൻറ് തോമസിന്റെയും വി. ഫ്രാൻസീസ് സേവ്യറിന്റെയും ജൂബിലി മഹാമഹത്തിൽ M.C.S.L അതിന്റെ പങ്കു നിർവ്വഹിച്ചു. AICUF-മായി യോജിച്ചു് M.C.S.L വണ്ണപ്പകിട്ടാന്ന ഒരു യുവജനറാലിയും ബഹുസഹസ്രം ജനങ്ങാം സംബന്ധിച്ച ഒരു മഹായോഗവും നടത്തുകയുണ്ടായി. ശതാബ്ദിയാഘോഷം സംബന്ധിച്ച ആദ്യത്തെ ചടങ്ങ് ഈ റാലിയും പൊതുയോഗവുമായിരുന്നു.

## വിമലഹൃദയ പ്രതിഷ്ഠ

ഇതിനിടയിൽ പല വാഷികങ്ങളും സഖ്യം നടത്തുകയുണ്ടായി. 1953-ൽ സെൻറ്ബക്ക്മാൻസ് കോളേജ് ചങ്ങനാശ്ശേരി,

1954-ൽ സെന്റ് മേരീസ് ഹൈസ്കൂൾ ഭരണങ്ങാനം, 1955-ൽ സെന്റ് ആൽബർട്ട്സ് കോളേജ് എറണാകുളം, 1956-ൽ സെന്റ് ജോസഫ്സ് ഹൈസ്കൂൾ പുളിങ്കുന്ന് ഇവയായിരുന്നു വാർഷികം ആഘോഷിച്ച സ്ഥലങ്ങൾ. പുളിങ്കുന്ന് വാർഷികത്തിൽവച്ച് സഖ്യത്തെ മാതാവിന്റെ വിമലഹൃദയത്തിനു പ്രതിഷ്ഠിക്കുകയുണ്ടായി. വാർഷികത്തിന്റെ ചുമതല വഹിച്ച ഫാ. ഔറേലിയസ് സി. എം. ഐ തന്നെയായിരുന്നു പ്രതിഷ്ഠാജപത്തിന്റെ രചയിതാവും. 1957-ലെ വാർഷികം എസ്.എച്ച്. ഹൈസ്കൂൾ തേവര വച്ച് ആഘോഷിച്ചു. 1958-ലെ വാർഷികം വാഴക്കുളം ഇൻഫന്റ് ജീസസ് ഹൈസ്കൂളിലാണ് നടത്തപ്പെട്ടത്. ഈ വാർഷികത്തിൽവച്ചാണ് 'ഫാ. ഒണോരെ ട്രോഫി' സ്ഥാപിതമായത്: ഏററം നല്ല ശാഖയ്ക്കുള്ള ഈ ട്രോഫി ആദ്യമായി നേടിയത് ആലപ്പുഴ സെന്റ് ആന്റണീസ് ഗേൾസ് ഹൈസ്കൂളായിരുന്നു. 1959-ലെ വാർഷികം കൈപ്പുഴ സെന്റ് ജോർജ് ഹൈസ്കൂളിൽവച്ചു കൊണ്ടാടി. സഖ്യത്തിനും ഭാരവാഹികൾക്കും ഭാഗ്യസ്മരണാർഹനായ 23-ാം യോഹന്നാൻ മാർപ്പാപ്പ അപ്പസ്തോലികാശീർവ്വാദവും പൈതൃക സന്ദേശവും അയച്ചുകൊടുക്കുകയുണ്ടായി. 1960-ലെ M.C.S.L. വാർഷികം ഹോളിഫാമിലി ഹൈസ്കൂളിലും മൗണ്ട് കാർമ്മൽ ഹൈസ്കൂളിലും (കോട്ടയം) വച്ചു നടത്തപ്പെട്ടു. ഇതായിരുന്നു M. C. S. L.-ന്റെ അവസാനത്തെ വാർഷിക സമ്മേളനം.

## അദ്ധ്യായം 4

# കെ.സി.എസ്.എൽ അഥവാ കേരള കത്തോലിക്കാ വിദ്യാർത്ഥി സഖ്യം

1957-ൽ കേരളപ്പിറവിയോടുകൂടി, സഖ്യത്തിന്റെ പേരിൽ വ്യതിയാനം വരുത്തണമെന്ന് പലരും ആവശ്യപ്പെട്ടു. അതു പോലെതന്നെ സഖ്യത്തിന്റെ പ്രവർത്തനം വിവിധ രൂപതകളി ലേയ്ക്കു വ്യാപിച്ചതോടുകൂടി ഒരു പുതിയ ക്രമവത്കരണവും ആവശ്യമായി വന്നു. 1949-ലെ ഭരണഘടനയിൽ ഉൾപ്പെടാത്ത പല പദ്ധതികളും നടപടി ക്രമങ്ങളും സംഘടനയിൽ ഇതിനകം രൂപംകൊണ്ടു കഴിഞ്ഞു. ഇതു് സംഘടനയുടെ വളർച്ചയുടെ ഒരു ഭാഗമായി കണക്കാക്കേണ്ടതാണ്. ബ. വില്ല്യമച്ചന്റെയും കോൺസ്റ്റൻറയിനച്ചന്റെയും പ്രവർത്തനത്തിലൂടെ അക്കാലത്തു് സഖ്യത്തിനുണ്ടായ വളർച്ചയെ ആരും നിഷേധിക്കുകയില്ല. ഇതേ ക്കുറിച്ചു് അന്നത്തെ ജനറൽ സെക്രട്ടറിയായിരുന്ന ശ്രീമാൻ വി. ജോർജ് ഇരുമേട ഇപ്രകാരം പറയുന്നു ''...കാത്തോലി ക്കേററ് മാനേജ്മെൻറിലുള്ള പുതുശ്ശേരി എം. ഡി. ജി. ഹൈ

സ്കൂളിലെ കത്തോലിക്കാ വിദ്യാത്ഥികാംക്കവേണ്ടി ഒരു സംഘടനയുണ്ടാകണമെന്നതിനെപ്പററി മാർ സെവേരിയോസ് മെത്രാപ്പോലീത്താ തിരുമേനിയോടപേക്ഷിച്ചപ്പോറം അഭിവന്ദ്യ തിരുമേനി, ബ വില്ല്യമച്ചൻെറ പേക്ക് കല്പനതന്നു്, മഹത്തായ നമ്മുടെ സഖ്യത്തിൽ പ്രവേശിക്കുന്നതിനു് അവസരം നല്കി എന്നെ അനുഗ്രഹിക്കുകയുണ്ടായി. ഈ ഘട്ടത്തിലാണു് വിദ്യാത്ഥി സഖ്യം അതിൻെറ ദീഘ്കാല സുഷുപ്തിയിൽനിന്നു് ഉയത്തെഴുന്നേററതും അതിൻെറ രണ്ടാം വസന്തത്തിലേയ്ക്കു് പ്രവേശിച്ചതും. 1949-നുശേഷം സംഘടന അനുസ്യൂതം വളന്നുകൊണ്ടിരിക്കയാണു്. കാലോചിതമായ കമ്മപരിപാടികറം സ്വീകരിച്ചതിൻെറ ഫലമായി അതിൻെറ പ്രവത്തനമണ്ഡലം വളരെ വികസിച്ചിട്ടുണ്ടു്. അംഗസംഖ്യയിൽ അദ്ഭുതപൂർവ്വമായ വർദ്ധനവും കൈവന്നു കഴിഞ്ഞു...... ധിഷണാശാലിയായ ഫാ. കോൺസ്റ്റൻറയിൻ സി. എം. ഐ. വില്ല്യമച്ചൻെറ വലം കൈയ്യായി അമരത്തു കയറിയതും സഖ്യത്തെ സംബന്ധിച്ചിടത്തോളം വലിയ ഒരു നേട്ടമായിരുന്നു.'' അന്നു് ഫാ. വില്ല്യം. ഫാ. കോൺസ്റ്റൻറയിൻ, പ്രൊ. പി. ററി. തോമസ് എന്നീ ത്രിമൂർത്തികളായിരുന്നു സഖ്യത്തിൻെറ എല്ലാമെല്ലാം. ഇവരെക്കുറിച്ചു് അന്നത്തെ സമ്മേളനത്തിൽ പറഞ്ഞിരുന്നതു്. ''വില്ല്യമച്ചൻ സഖ്യത്തിൻെറ ഹൃദയവും ഫാദർ കോൺസ്റ്റൻറയിൻ അതിൻെറ തലച്ചോറും പ്രൊഫ. പി. ററി. തോമസ് സുശക്ത ഹസ്തങ്ങളും'' എന്നാണു്. അതായിരുന്നു സംഘടനയുടെ രണ്ടാം വസന്തത്തിൻെറ രഹസ്യവും.

## ടീച്ചേഴ്സ് ഗിൽഡ്

അദ്ധ്യാപകരുടെ സഹകരണമായിരുന്നു സഖ്യത്തിൻെറ നട്ടെല്ല്. നല്ല അദ്ധ്യാപകക്ക് മാത്രമേ നല്ല വിദ്യാത്ഥികളെ വളത്തുവാനും പ്രഗത്ഭരാക്കുവാനും സാധിക്കുകയുള്ളു. അതിലേയ്ക്കു് അദ്ധ്യാപകരെ വാത്തെടുക്കുവാനും പരിശീലിപ്പിക്കുവാനുമായിരുന്നു വില്ല്യമച്ചൻെറയും കോൺസ്റ്റൻറയിൻ അച്ചൻെറയും പരിശ്രമം ഒരിക്കൽ വില്ല്യമച്ചൻതന്നെ പറഞ്ഞു:''മാന്നാനം ട്രെയിനിംഗ് കോളേജ് കെ.സി.എസ്.എൽ ആനിമേറേറഴ്സിനുവേണ്ടി സ്ഥാപിച്ചതാണ്'' എന്നു്. കത്തോലിക്കാ വിദ്യാത്ഥികറംക്കു് നേതൃത്വം നല്കുന്നതിനു പ്രാപ്തരായ ധാരാളം അദ്ധ്യാപകർ ആ സ്ഥാപനത്തിൽ നിന്നു പുറത്തു വന്നിട്ടുണ്ടു്. അതുപോലെതന്നെ ബ. കോൺസ്റ്റൻറയിൻ സി. എം. ഐ. യുടെ മാനസശിശുവും അദ്ദേഹം തന്നെ അദ്യാപി വളത്തിയെടുത്തതുമായ കേരളാ കാത്തലിക് ടീച്ചേഴ്സ് ഗിൽഡും അല്മായക്കു വേണ്ടിയുള്ള ദൈവശാസ്ത്ര കോഴ്സും ഈ രംഗത്തു് വൻവിജയങ്ങറം കൊയ്തെടുത്തിട്ടുണ്ടു്. സംഘടനാപ്രവർത്തനത്തിൻെറ

ചുമതല ഏറ്റെടുക്കുവാനുള്ള അദ്ധ്യാപകർക്ക് പററിയ ഒരു പരിശീലനക്കളരിയായിരുന്നു ആ പ്രസ്ഥാനം.

N.B.C.L.C. പോലുള്ള ദേശീയ കേന്ദ്രങ്ങളോ, P. O. C. പോലുള്ള പ്രാദേശിക കേന്ദ്രങ്ങളോ സ്ഥാപിതമായിട്ടില്ലാത്ത ഒരു കാലസന്ധിയിൽ, അതും രണ്ടാം വത്തിക്കാൻ കൗൺസിലിനുമുൻപ്, മറെറാരു പ്രസ്ഥാനത്തിനു് ക്രാന്തദർശിയായ ഫാ. കോൺസ്റ്റൻറയിൽ ആരംഭം കുറിച്ചു. അതാണ് അല്മായക്കുവേണ്ടിയുള്ള ദൈവശാസ്ത്രകോഴ്സ്. അല്മായരെ, പ്രത്യേകിച്ച്, അദ്ധ്യാപകരെ മതകാര്യങ്ങളിൽ പ്രബുദ്ധരാക്കുകയായിരുന്നു ഇതിന്റെ ഉദ്ദേശ്യം. വഷത്തിൽ ഒരു മാസം എന്ന തോതിൽ നാലുവഷംകൊണ്ടു് ഈ കോഴ്സു് തീരും. ബൈബിൾ പഠനത്തോടൊപ്പം 'ക്രിസ്തു നമ്മുടെ വെളിച്ചം' 'ക്രിസ്തു സഭയിൽ', 'ക്രിസ്തു നമ്മുടെ ജീവൻ', 'ക്രിസ്തു നമ്മുടെ മാർഗ്ഗം' എന്നീ നാലു വിഷയങ്ങൾ ക്ലാസ്സിലൂടെയും സംഘാത ചർച്ചകളിലൂടെയും അദ്ധ്യാപകർക്ക് വ്യക്തമാക്കിക്കൊടുക്കുക, പഠനവും ജീവിതവും സമ്മേളിപ്പിച്ചുകൊണ്ടുള്ള ഈ പഠനത്തിനുശേഷം അദ്ധ്യാപകർ അവരുടെ വിദ്യാത്ഥികൾക്ക് ഇവയെല്ലാം പകന്നുകൊടുക്കുക. അവരെ പ്രബുദ്ധരും ക്രിസ്തു വിശ്വാസത്തിൽ അടിയുറച്ചവരുമാക്കുക, തുടങ്ങിയവയായിരുന്നു ഈ കോഴ്സിന്റെ ലക്ഷ്യം. മുന്നൂറിലേറെ കലാലയാധ്യാപകർ ഇതിൽ പങ്കെടുത്തിട്ടുണ്ട്. കത്തോലിക്കാ അദ്ധ്യാപകരുടെയും വിദ്യാത്ഥികളുടെയും ഭാവിയെ സംബന്ധിച്ചിടത്തോളം വലിയ പ്രത്യാശ നല്കിയ പ്രസ്ഥാനമായിരുന്നു ടീച്ചേഴ്സ് ഗിൽഡും അല്മായർക്കുവേണ്ടിയുള്ള ദൈവശാസ്ത്രകോഴ്സും. മരണവക്ത്രത്തിലായ, ഹൃദയസ്പന്ദനം നിലച്ചുപോകാറായ സംഘടനക്ക് വില്ല്യമച്ചനും കോൺസ്റ്റൻറയിൻ അച്ചനും സഹപ്രവത്തകരും കൂടി ഒരു ഇലക്ട്രോകാർഡിയാക്ക് ഷോക്കുകൊടുത്ത് അതിനെ ജീവിപ്പിച്ചെടുത്തു.

## ഭരണഘടനാ പരിഷ്കാരം

പുത്തൻ ചൈതന്യത്തിനും നവീന പ്രവർത്തനസരണികൾക്കും, ചൈതന്യവത്തായ പ്രയാണത്തിനും നിയമപരമായ അംഗീകാരം നല്കേണ്ടതും സഖ്യത്തിന്റെ ഭരണഘടന പരിഷ്കരിക്കേണ്ടതും ഒരാവശ്യമായി എല്ലാവക്കും അനുഭവപ്പെട്ടു. 1959 ആഗസ്റ്റ് 23-ാം തീയതി കോട്ടയം സെന്റ് ആൻസ് ഹൈസ്കൂളിൽ ചേർന്ന മാനേജിംഗ് കമ്മററി യോഗം അതിനായി ഫാ. കോൺസ്റ്റൻറയിൻ കൺവീനറായി ഒരു കമ്മററിയെ നിശ്ചയിച്ചു. ഫാ. വില്ല്യം, പ്രൊഫ. പി. ററി. തോമസ്, ശ്രീ. കെ. എം. മാത്തൻ, മിസ്. കാതറൈൻ ചാണ്ടി, ശ്രീ. വി. ജോർജ് ഇരുമേട ഇവരായിരുന്നു കമ്മററിയംഗങ്ങൾ. ഈ

കമ്മററി തയ്യാറാക്കിയ നക്കൽ ഭരണഘടന 1960 ജൂലൈ 31-ാം തീയതി കോട്ടയം ബി. സി. എം. കോളേജിൽ ചേന്ന വിശേഷാൽ പ്രതിനിധി യോഗം ചില ഭേദഗതികളോടെ അംഗീകരിക്കുകയുണ്ടായി. 1961 ഫെബ്രുവരി 5-ാം തീയതി മാന്നാനം സെൻറ് എഫ്രേംസ് ഹൈസ്കൂളിൽ വാഷിക യോഗം അത്യാഡംബരപൂർവ്വം കൊണ്ടാടി. അന്നത്തെ പൊതുയോഗത്തിൽ അദ്ധ്യക്ഷനായിരുന്ന പാലാ മെത്രാൻ മാർ സെബാസ്റ്റ്യൻ വയലിൽ തിരുമനസ്സുകൊണ്ട് ''ഇന്നുമുതൽ സംഘടനയുടെ പേര് കേരളാ കാത്തലിക് സ്റ്റുഡൻസ് ലീഗ് (K.C.S L.) എന്നായിരിക്കുമെന്നും, പുതിയ ഭരണഘടന പ്രാബല്യത്തിൽ വന്നിരിക്കുന്നുവെന്നും'' ഔദ്യോഗികമായി പ്രഖ്യാപിച്ചു.

പുതിയ ഭരണഘടന വിഭാവനം ചെയ്ത പുരോഗമനപരമായ പരിഷ്കാരങ്ങൾ താഴെ ചേക്കുന്നു.

1) സഖ്യത്തിൻെറ ഇനി മുതലുള്ള പേർ K.C.S.L. എന്നായിരിക്കും.

2) മലയാളത്തിൽ, പഴയ പേരായ 'കേരള കത്തോലിക്കാ വിദ്യാത്ഥി സഖ്യം' തുടരുന്നതായിരിക്കും.

3) ഹൈസ്കൂൾ വിദ്യാത്ഥികളെ കൂടാതെ, അപ്പർ പ്രൈമറി വിദ്യാർത്ഥികൾ സഖ്യത്തിൻെറ ഭാഗികാംഗങ്ങൾ ആയിരിക്കും. എല്ലാ പരിപാടികളിലും അവക്കു പങ്കുകൊള്ളാമെങ്കിലും അംഗത്വ ഫീസ് നല്കേണ്ടതില്ല.

4) ഹെഡ്മാസ്റ്റർ (ഹെഡ്മിസ്ട്രസ്) ശാഖയുടെ എക്സ് ഒഫീഷ്യോ പ്രസിഡൻറായിരിക്കും. ശാഖാ പ്രവത്തനം അദ്ദേഹത്തിൻെറ നിയന്ത്രണത്തിലായിരിക്കും.

5) വിശ്വാസസംബന്ധവും ആദ്ധ്യാത്മികവുമായ പരിപാടികളെ സംബന്ധിച്ച് ആത്മീയോപദേഷ്ടാവിനുള്ള ഉത്തരവാദിത്വം അഭംഗം തുടരുന്നതാണ്,

6) പെൺകുട്ടികൾ മാത്രമുള്ള ശാഖകളിൽ വൈദികരെ ലഭ്യമല്ലാത്ത പക്ഷം കന്യാസ്ത്രീകൾക്ക് ആത്മീയോപദേഷ്ടാക്കളായിരിക്കാവുന്നതാണ്.

7) രൂപതാ യൂണിററുകളുടെ ഘടന, അവയിലെ ഉദ്യോഗ ഭാരവാഹികളുടെയും സമിതികളുടെയും അധികാരങ്ങൾ വ്യക്തമായി നിർവ്വചിക്കപ്പെട്ടുകൊണ്ടുള്ള ക്ലോസുകൾ എന്നിവ പുതിയ ഭരണഘടനയുടെ ഒരു പ്രത്യേകതയാണ്.

8) രൂപതാ കമ്മററികൾക്ക് വരുമാനമാർഗ്ഗം തുറന്നു കൊടുത്തു അംഗത്വ ഫീസായ 25 പൈസയിൽ 5 പൈസ രൂപതാ കമ്മിററിക്കും, 5പൈസ കേന്ദ്രത്തിനും ബാക്കി 15പൈസ ശാഖയ്ക്കുമായി നിശ്ചയിച്ചു.

1962-ലെ വാർഷികം മലങ്കര സഭയുടെ ആഭിമുഖ്യത്തിലാണ് നടന്നതു്. തിരുവല്ലായിലുള്ള ഇരുവള്ളിപ്ര സെൻറ് തോമസ് സ്കൂളിൽവച്ച് കൊണ്ടാടി. മാർ ഗ്രിഗോറിയോസ്, മാർ അത്തനേഷ്യസ്, മാർ കാവുകാട്ട് എന്നീ തിരുമേനിമാർ പങ്കെടുത്ത ആ യോഗത്തിൽ ശ്രീമതി അന്നാ ചാണ്ടി ചെയ്ത പ്രസംഗം ജനശ്രദ്ധ പിടിച്ചുപററി. അനേകം അകത്തോലിക്കാ സഹോദരങ്ങളും യോഗത്തിൽ സംബന്ധിച്ചു. മലങ്കര സഭയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട ആദ്യത്തെ യോഗമായിരുന്നു അതു്.

രണ്ടാം വത്തിക്കാൻ സൂനഹദോസിൻെറ ചെലവിലേയ്ക്കായി സഖ്യാംഗങ്ങൾ അവരുടെ 'വിധവയുടെ കൊച്ചുകാശ്'–250 രൂപാ–അയച്ചുകൊടുക്കുകയുണ്ടായി. ഇന്ത്യാ–ചൈനാ യുദ്ധാവസരത്തിലും രാജ്യരക്ഷാനിധിയിലേയ്ക്ക് 250 രൂപാ സംഭാവന ചെയ്തു.

## പതാക, ലീഗുഗാനം

1962 നവംബർ 25–ാം തീയതി കോട്ടയം സെൻറ് ആൻസ് സ്കൂളിൽ ചേർന്ന മാനേജിംഗ് കമ്മററി പുതിയ പതാകയും ഔദ്യോഗിക ഗാനവും അംഗീകരിക്കുകയുണ്ടായി. മഞ്ഞ നിറമുള്ള സിൽക്കിൻെറ നടുവിൽ സഖ്യത്തിൻെറ ബാഡ്ജിലെ കുരിശും മററു ചിഹ്നങ്ങളും പതിച്ചതായിരുന്നു പതാകയുടെ മാതൃക. അതോടൊപ്പം ശാഖകൾ ഉപയോഗിക്കേണ്ട പതാകയുടെ മാതൃകയും അംഗീകരിച്ചു. പക്ഷേ; 1966 ഡിസംബറിൽ സഖ്യത്തിൻെറ കനക ജൂബിലി ആഘോഷിച്ച അവസരത്തിൽ പതാകയുടെ നിറം ചുവപ്പ് ആയി മാററുകയുണ്ടായി. സഖ്യത്തിൻെറ ഔദ്യോഗിക ഗാനം രചിച്ചതു് ആലപ്പുഴ Leo XIIIth ഹൈസ്കൂൾ അദ്ധ്യാപകൻ ശ്രീ. സി. പി. ചെറിയാൻ ചാവടിയിലാണ്.

1963 ഫെബ്രുവരി 2, 3 തീയതികളിൽ തൃശൂർ സെൻറ് തോമസ് കോളേജിൽവച്ചാണ് അക്കൊല്ലത്തെ വാർഷികം ആഘോഷിച്ചതു്. അതു് അത്ഭുതപൂർവ്വമായ ആനന്ദത്തിൻെറ ഒരവസരം കൂടിയായിരുന്നു. ഫാ. വില്ല്യം സി.എം.ഐ.യുടെ സന്യാസവ്രതവാഗ്ദാനത്തിൻെറ കനക ജൂബിലിയായിരുന്നു ആ വർഷം. വാർഷികത്തോടുകൂടി സഖ്യം ഈ ജൂബിലിയും ആഘോഷിച്ചു. തങ്ങളുടെ സഖ്യത്തിൻെറ എല്ലാമായിരുന്ന വില്ല്യമച്ചൻെറ ജൂബിലിയാഘോഷത്തിൽ 1000–ൽപരം അംഗങ്ങൾ

സംബന്ധിച്ചു. ജൂബിലി പ്രമാണിച്ച് 'കത്തോലിക്കാ വിദ്യാർത്ഥി'യുടെ ഒരു വിശേഷാൽ പ്രതി ഇറക്കുകയുണ്ടായി. ജൂബിലി സ്മാരകമായിട്ട്, ഏററവും മികച്ച പ്രാനക്കളരികം സംഘടിപ്പിക്കുന്ന ശാഖയ്ക്കു്, 'ഫാ. വില്ല്യം ജൂബിലി മെമ്മോറിയൽ ഷീൽഡ്' ഏർപ്പെടുത്തി. ആദ്യമായി ഈ ഷീൽഡു നേടിയതു് അരണാട്ടുകര ഇൻഫൻറ് ജീസസ് ഗേൾസ് ഹൈസ്കൂൾ ശാഖയാണ്.

പുതിയ നിയമാവലി നടപ്പിൽ വന്ന മാന്നാനം സമ്മേളനത്തിൽ വച്ച് ശ്രീ. സിറിയക്ക് തെക്കേത്തു് ജനറൽ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടു. സഖ്യത്തിനു് സ്ഥിരനിക്ഷേപം, പുതിയ പതാക, ഔദ്യോഗിക ഗാനം, വില്ല്യമച്ചൻെറ ജൂബിലി യാഘോഷം, ജൂബിലി വിശേഷാൽ പതിപ്പ്, ഫാ. വില്ല്യം ഷീൽഡ് സ്ഥാപനം, വത്തിക്കാൻ കൗൺസിലിനും രാജ്യരക്ഷാനിധിയിലേയ്ക്കും സംഭാവന, തിരുവല്ലാ, തൃശ്ശൂർ, കുറവിലങ്ങാട്ട് വാർഷികങ്ങൾ – ഇവയുടെയൊക്കെ കാര്യദർശിത്വം അദ്ദേഹമാണു വഹിച്ചതു്. എം. സി. എസ്. എൽ. ആയിരുന്നപ്പോൾ 41 ശാഖകളും 7000–ത്തോളം അംഗങ്ങളും ഉണ്ടായിരുന്ന സഖ്യത്തിനു് കുറവിലങ്ങാട്ടു വാർഷികമായപ്പോൾ നൂറിൽ അധികം ശാഖകളും 13066 അംഗങ്ങളുമായി. സ്റ്റഡിസർക്കിൾ സംഘടിപ്പിക്കുന്നതിനു് തീവ്രയത്നം നടത്തിയതോടൊപ്പം, നേതൃത്വപരിശീലന ക്യാമ്പു് എല്ലാ വർഷവും നടത്തിയതും ഇക്കാലഘട്ടത്തിലാണ്. 1961–64 കാലയളിവൽ ജനറൽ സെക്രട്ടറിയായിരുന്ന ശ്രീ. സിറിയക്ക് തെക്കേത്തു് സംഘടനയുടെ വളർച്ചയ്ക്കു വേണ്ടി സഹിച്ച ത്യാഗവും വഹിച്ച ഭാരവും സഞ്ചരിച്ച ദൂരവും വളരെ വലുതായിരുന്നുവെന്നു് ഇവിടെ സ്നേഹപൂർവ്വം അനുസ്മരിച്ചുകൊള്ളട്ടെ.

## പ്രസിഡൻറ് എമരീററസ്

1964-ൽ കുറവിലങ്ങാട് സെൻറ് മേരീസ് ബോയിസ് ഹൈസ്കൂളിൽവച്ചാണ് സഖ്യം അതിൻെറ വാർഷികം ആഘോഷിച്ചതു്. ഒരു വ്യാഴവട്ടക്കാലം സഖ്യത്തിൻെറ പ്രസിഡൻറായി ത്യാഗോജ്ജ്വലവും നിസ്വാർത്ഥവും, വീരോചിതവുമായ സേവനം കാഴ്ചവച്ച പ്രൊ. പി. ററി. തോമസ് സ്ഥാനമൊഴിഞ്ഞു. ഫാ. വില്ല്യം സി. എം. ഐ., ശ്രീമാൻ തോമസിനു് 'പ്രസിഡൻറ് എമരീററസ്' എന്ന ബഹുമതി നല്കുന്ന പ്രമേയം അവതരിപ്പിക്കുകയും പ്രതിനിധി സമ്മേളനം അതു് ഐകകണ്ഠ്യേന പാസാക്കുകയും ചെയ്തു.

ഈ വാർഷികത്തിൽ വച്ചുതന്നെ സ്ഥാനമൊഴിഞ്ഞ പ്രസിഡൻറിനുപകരം യുവാവും പക്വമതിയും മതപരമായ കാര്യങ്ങ

ളിൽ അഭിജ്ഞനും പണ്ഡിതനും വിദ്യാഭ്യാസ വിചക്ഷണനു മായ ശ്രീ കെ.ററി. സെബാസ്റ്റ്യനെ തെരഞ്ഞെടുത്തു. അതോടെ സഖ്യത്തിൻെറ നേതൃത്വം പുതിയ തലമുറയിൽ വന്നുചേർന്നു. അദ്ധ്യയനമണ്ഡലം, വിൻസൻറ് ഡി പോാം കോൺഫറൻസ്, സി. എസ്. യു എന്നീ സംഘടനകളിൽ പ്രവൎത്തിച്ച പരിചയ സമ്പന്നനായ ഒരു വ്യക്തിയായിരുന്നു ചങ്ങനാശ്ശേരി ബൎക്ക് മാൻസ് കോളേജിലെ പ്രൊഫസറായിരുന്ന അദ്ദേഹം. തൻെറ ആദ്യ ശ്രമം നേതൃത്വപരിശീലന ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിലും അതു മെച്ചമായി ക്രമവത്കരിക്കുന്നതിലുമായിരുന്നു. വത്തിക്കാൻ സൂനഹദോസിനുശേഷം അല്മായൎക്കുവേണ്ടിയുള്ള പൊന്തിഫിക്കൽ കൗൺസിൽ രൂപീകരിച്ചപ്പോൾ അതിൽ ഇന്ത്യയുടെ ഏകപ്രതിനിധിയും ഏഷ്യയിലെ മൂന്നുപേരിൽ ഒരാളുമായി തുടൎച്ചയായി ഏഴുവൎഷം വത്തിക്കാനിലെ ആലോചനായോഗങ്ങളിൽ പങ്കെടുക്കാനും ഭാരതസഭയുടെ എല്ലാ പുതിയ സംരഭങ്ങളുമായി ബന്ധപ്പെടാനും ഭാരതസഭ പിന്നീട് കണ്ടെത്തിയതു് ഈ സെബാസ്റ്റ്യൻ സാറിനെയാണ്.

## വില്ല്യമച്ചൻെറ നിര്യാണം

1965 ആഗസ്റ്റ് 15-ാം തീയതി കേരളത്തെമുഴുവനും സഖ്യത്തെ പ്രത്യേകിച്ചും ദുഃഖത്തിലാഴ്ത്തിക്കൊണ്ട് 1949 മുതൽ അന്നുവരെ സഖ്യത്തിൻെറ പൊതു ആത്മീയോപദേഷ്ടാവായി ജോലിചെയ്തിരുന്ന ഫാ. വില്ല്യം സി.എം.ഐ. നിര്യാതനായി. അതു് സഖ്യത്തെ സംബന്ധിച്ചു് ഒരു തീരാനഷ്ടമായിരുന്നു. വിശുദ്ധനായ ഒരു യതിവൎയ്യൻ, പ്രഗത്ഭനായ ഒരു വിദ്യാഭ്യാസവിചക്ഷണൻ, ശാലീനജീവിതത്തിൻെറ ഒരു ഉദാത്തമാതൃക, അജയ്യനായ ഒരു സംഘാടകൻ, പരിണിതപ്രജ്ഞനായ ഒരു പണ്ഡിതൻ, വിദ്യാൎത്ഥിലോകത്തിൻെറ ഒരു വത്സലപിതാവ്, പാവപ്പെട്ടവരുടെ ഒരു പടത്തലവൻ എന്നീ നിലകളിലെല്ലാം യശോപരിമളം പരത്തിയ ആ കൎമ്മയോഗിയുടെ മരണത്തെക്കുറിച്ച് പ്രൊഫ. പി.ററി. തോമസ് ഇപ്രകാരം പറയുന്നു. ''തൃശ്ശിനാപ്പള്ളി കോളേജിൽ ഒരു വിദ്യാൎത്ഥിയായിരിക്കെ ബ. ഒണോരെ അച്ചൻെറ വലംകൈയ്യായി നിന്നുകൊണ്ട് വിദ്യാൎത്ഥിസഖ്യത്തിനുവേണ്ടി ആരംഭിച്ച സേവനം അന്ത്യനിമിഷംവരെ അദ്ദേഹം തുടൎന്നുപോന്നു. ബ. ഒണോരെ അച്ചൻ കഴിഞ്ഞാൽ സഖ്യത്തെ ഇത്രമാത്രം സ്നേഹിക്കുകയും അതിനുവേണ്ടി ഇത്രയധികം ത്യാഗം അനുഷ്ഠിക്കുകയും ചെയ്ത മറെറാരു വ്യക്തിയും ഇല്ലെന്നു തന്നെ പറയാം. 1949-ൽ സഖ്യം പുനരുദ്ധരിക്കപ്പെട്ട നാൾ മുതൽ തൻെറ മരണംവരെ അദ്ദേഹമായിരുന്നു സംഘടനയുടെ പൊതു ആത്മീയോപദേഷ്ടാവ്. സഖ്യത്തിൻെറ കമ്മററിയോ

ഗങ്ങളിലും വാഷികചടങ്ങുകളിലും സംബന്ധിക്കുകയെന്നതു് അലംഘനീയമായ ഒരു വ്രതമായി അദ്ദേഹം കരുതിയിരുന്നു. ദൂരമോ, കായക്ലേശമോ, പ്രിൻസിപ്പൽ, ദീപിക മാനേജർ തുടങ്ങിയ മററു കത്തവ്യങ്ങളോ അതിനു പ്രതിബന്ധമായി നില്ക്കുവാൻ അദ്ദേഹം ഒരിക്കലും അനുവദിച്ചിരുന്നില്ല. യോഗങ്ങളിൽ വില്ല്യമച്ചൻ ഒരിക്കലും സംസാരിക്കാറില്ലായിരുന്നു. എങ്കിലും അദ്ദേഹത്തിൻെറ സാന്നിദ്ധ്യം അംഗങ്ങൾക്കു് ആത്മവിശ്വാസവും കത്തവ്യബോധവും പകൻകൊടുത്തിരുന്നു. വിഷമഘട്ടങ്ങളിലെല്ലാം അദ്ദേഹമായിരുന്നു സംഘടനയ്ക്കു താങ്ങും തണലും. അദ്ദേഹത്തിൻെറ നിര്യാണം സഖ്യത്തെ സംബന്ധിച്ചിടത്തോളം ഒരു തീരാനഷ്ടം തന്നെയാണു്''.

അദ്ദേഹത്തിൻെറ സ്മരണയെ നിലനിത്തുന്നതിനായി 1965 നവംബറിൽ കൂടിയ മാനേജിംഗ് കമ്മററി 'ഫാ.വില്ല്യം മെമ്മോറിയൽ സ്കോളർഷിപ്പ്' ഏപ്പെടുത്തുവാൻ തീരുമാനിച്ചു. ലീഡർഷിപ്പ് ക്യാമ്പിലെ ക്ലാസ്സുകളെ ആസ്പദമാക്കിയുള്ള പരീക്ഷയിൽ ഒന്നാം സമ്മാനം ലഭിക്കുന്ന വിദ്യാത്ഥിയ്ക്കാണു് 50 രൂപായുടെ ആ വാഷിക സ്കോളർഷിപ്പു നല്കുക. ആദ്യമായി ഈ സ്കോളർഷിപ്പു നേടിയതു് കുറവിലങ്ങാടു് സെൻറ് മേരീസ് ഗേൾസ് ഹൈസ്കൂൾ വിദ്യാത്ഥിനി കുമാരി ത്രേസ്യാമ്മയാണു്.

ബ്ര. വില്ല്യമച്ചൻെറ മരണശേഷമെങ്കിലും, പൊതു ആത്മീയോപദേഷ്ടാവായി ചാർജെടുക്കുവാൻ, സംഘടനയുടെ പ്രസിഡൻറും മാനേജിംഗ് കമ്മററിയും നിർബ്ബന്ധപൂവ്വം അപേക്ഷിച്ചിട്ടും ഔദ്യോഗികസ്ഥാനമൊന്നും സ്വീകരിക്കാതെ ഓർഗനൈസറായി സംഘടനാപ്രവത്തനം തുടരാനാണു് ബ.കോൺസ്റ്റൻറയിൻ മണലേൽ തീരുമാനിച്ചതു്. കേവലം നാലു സ്കൂളുകളിൽ നിന്നു് അന്നു കേരളത്തിലെ എല്ലാ രൂപതകളിലേയ്ക്കും സംഘടന വ്യാപിപ്പിക്കുന്നതിലും സജീവമാക്കുന്നതിലും അതിനായി അദ്ധ്യാപകരെ ഒരുക്കുന്നതിലും രാപകലില്ലാതെ ഒന്നരദശവഷക്കാലം അദ്ദേഹം നിസ്വാത്ഥമായി പരിശ്രമിച്ചു. ഇന്നത്തെ കെ.സി.എസ്.എൽ. നാമത്തിലും രൂപത്തിലും കമ്മപഥത്തിലും അതാക്കിയ അണിയറശില്പികളിൽ അഗ്രേസരനാണദ്ദേഹം.

## ആദ്ധ്യാത്മിക നവോത്ഥാനം

തുടന്നു് പൊതു ആത്മീയോപദേഷ്ടാവായി ഫാ. ഔറേലിയസ് സി.എം.ഐ. യെ സംഘടനാനേതൃത്വം ഐകകണ്ഠ്യേന തെരഞ്ഞെടുത്തു. 1966 ഏപ്രിൽ 13 - ാം തീയതി അദ്ദേഹം ജോലി ഏറെറടുത്തു. ഫാ. ഒണോറെയുടെ വിദ്യാത്ഥിയും 1917 മുതൽ സഖ്യത്തിനുവേണ്ടി നിശ്ശബ്ദസേവനം അനുഷ്ഠിച്ചിട്ടുള്ള

പരമസാത്വികനമായിരുന്ന ഫാ. ഔറേലിയസ്. അദ്ധ്വാനവും അനുരഞ്ജനവുമായിരുന്ന അദ്ദേഹത്തിൻെറ മുദ്രാവാക്യം. അദ്ദേഹത്തിൻെറ ഭാഷയിൽ ''കെ.സി.എസ്.എൽ. – ൻെറ പ്രധാന ഉദ്ദേശ്യം വിശ്വാസവും സ്ഥൈര്യവും ആദർശനിഷ്ഠയും, സേവന തീഷ്ണതയുമുള്ള കത്തോലിക്കാ യുവാക്കളെ ക്രിസ്തുരാജൻെറ കൊടിക്കീഴിൽ അണിനിരത്തുന്നതിന് കാര്യക്ഷമമായി പരിശീലിപ്പിക്കുക'' എന്നുള്ളതാണ്. അദ്ദേഹം തുടരുന്നു ''നമ്മുടെ സ്കൂളുകളിൽ ശരിയായ കത്തോലിക്കാ അന്തരീക്ഷം പുലർത്തി വിദ്യാർത്ഥികളെ തിരുസഭയുടെ ഉത്തമസന്താനങ്ങളാക്കിത്തീർക്കാൻ സാധിക്കാത്തപക്ഷം നമ്മുടെ വിദ്യാഭ്യാസസ്ഥാപനങ്ങൾകൊണ്ട് ഉദ്ദേശിക്കുന്ന പ്രധാനകാര്യം നടക്കുന്നില്ലെന്ന് നിസ്സംശയം പറയാം. എന്നാൽ കെ.സി.എസ്.എൽ. ഭരണഘടനയിൽ പറഞ്ഞിട്ടുള്ള പ്രവർത്തനപരിപാടികൾ പ്രായോഗികമാക്കുകയാണെങ്കിൽ ഇന്നത്തെ വിദ്യാഭ്യാസത്തിലുള്ള ഒരു വലിയ വിടവ് അത്രു നികത്തും. തിരുസഭ പ്രതീക്ഷിക്കുന്ന രീതിയിലുള്ള പരിശീലനം വിദ്യാർത്ഥികൾക്കു ലഭിക്കും''. ഇപ്രകാരമുള്ള ഒരു ലക്ഷ്യം മുന്നിൽവച്ചുകൊണ്ടാണ് ഫാ. ഔറേലിയസ് ആത്മീയോപദേഷ്ടാവ് സ്ഥാനം ഏറ്റെടുത്തത്.

പക്ഷേ, അദ്ദേഹത്തിന് തൻെറ പ്രയാണ പാതയിൽ കടന്നുകൂടിയ പ്രശ്നങ്ങളും മനസ്സിലായിരുന്നു. ഏററവും പ്രധാനമായി അദ്ദേഹത്തിന് അന്ന് അനുഭവപ്പെട്ടത് പണത്തിൻെറ പ്രശ്നമായിരുന്നു. അതിന് അദ്ദേഹം നല്കിയ പരിഹാരവും വളരെ ലഘുവാണ്. അദ്ദേഹം പറയുന്നു ''പലപ്പോഴും പണത്തിൻെറ പ്രശ്നമാണ്....സെമിനാറുകളിലും ക്യാമ്പുകളിലും സംബന്ധിക്കുന്നതിന് ഒരു വിലങ്ങുതടിയായി നില്ക്കുന്നത്. സ്കൂൾ കെട്ടിടം പണിയിക്കുന്നതിനും മററുമായി ലക്ഷക്കണക്കിന് രൂപാ എവിടെ നിന്നെങ്കിലും ഉണ്ടാകുന്ന മാനേജ്മെൻറ് സംഗതിയുടെ ഗൗരവത്തെക്കുറിച്ച് വേണ്ടവണ്ണം ചിന്തിച്ചിരുന്നെങ്കിൽ, ഇക്കാര്യത്തിനുവേണ്ടി വരുന്ന താരതമ്യേന വളരെ ലഘുവായ ചെലവും വഹിക്കുമായിരുന്നു.'' ഇതെത്രയോ പ്രായോഗികമായ ഒരു സംഗതിയാണ്. നമ്മുടെ സ്കൂളിൻെറ വാർഷിക ബഡ്ജററിൽ വെറും ഒരു ശതമാനം ഇപ്രകാരമുള്ള സംഘടനാ പ്രവർത്തനത്തിനായി മാററിവച്ചിരുന്നുവെങ്കിൽ തീർച്ചയായും നമ്മുടെ കുഞ്ഞുങ്ങളുടെ സമഗ്ര ജീവിതത്തെ വളർത്തിയെടുക്കാൻ സാധിച്ചേനേ. ഫാ. കോൺസ്റ്റൻറയിൻ പറയുന്നത് ഇവിടെ ശ്രദ്ധാർഹമാണ്. ''ഇന്നാട്ടിലെ കത്തോലിക്കാ വിദ്യാഭ്യാസം കാതോലികവുമല്ല, വിദ്യാഭ്യാസവുമല്ലയെന്നൊരു പരാതിയുണ്ട്.... നമ്മുടെ വിദ്യാഭ്യാസം ആദർശത്തിൽനിന്ന് ബഹുദൂരം പിന്നോട്ടു പോയിരിക്കയാണ്. വിജയശതമാനവും

ഫസ്റ്റ് ക്ലാസ്സുകളുടെ എണ്ണവും വദ്ധിച്ചാൽ എല്ലാമായി എന്നു കരുതുന്നവരാണ് നമ്മുടെ വിദ്യാഭ്യാസാധികൃതരിൽ ഭൂരിപക്ഷവും എന്നു തോന്നിപ്പോകുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണം വദ്ധിപ്പിക്കുന്നതിനുള്ള പരക്കം പാച്ചിലാണ് സർവ്വത്ര പ്രത്യക്ഷമാവുക. ചിലക്ക് വിദ്യാലയങ്ങളെ സർവ്വകലാശാലകളാക്കവാനുള്ള തത്രപ്പാടാണ്. ഏതു തരക്കാരെയാണ് കൊല്ലംതോറും ഈ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പുറത്തിറക്കുന്നതെന്നു ചിന്തിക്കുന്നവർ എത്ര ചുരുക്കം. ഇതു കാണുമ്പോൾ 'ദൈവമേ ഇവക്ക് സദ്ബുദ്ധി തോന്നിക്കണമേ' എന്നു ആരും പ്രാത്ഥിച്ചുപോകും.'' സമയം കഴിഞ്ഞിട്ടില്ല. ഇനിയെങ്കിലും ഈ സദ്ബുദ്ധി തോന്നി സഖ്യപ്രവർത്തനത്തെ ഊജ്ജസ്വലമാക്കാൻ എല്ലാവരും ശ്രമിച്ചിരുന്നെങ്കിൽ!

ഫാ. ഔറേലിയസ് പൊതു ആത്മീയോപദേഷ്ടാവായതിനെ തുടന്ന് സംഘടനയിൽ ഒരു ആദ്ധ്യാത്മിക നവോത്ഥാനം ദൃശ്യമായി. അദ്ദേഹം വിദ്യാത്ഥിയായിരുന്ന കാലത്തുതന്നെ (അന്ന് മി. കെ. ഇ. ചാക്കോ) വളരെയധികം കമ്മശേഷി ഈ രംഗത്തു് കാട്ടിയിരുന്നു. 1923 ലെ വാഷിക റിപ്പോർട്ടിൽ അന്നത്തെ ജനറൽ സെക്രട്ടറിയായിരുന്ന ശ്രീ. റോബട്ട് ജോജ്ജ് അദ്ദേഹത്തെക്കുറിച്ച് ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. ''ഒരു ത്രുപതാ സെക്രട്ടറിയെക്കൊണ്ടു് എന്തൊക്കെ ചെയ്യുവാൻ കഴിയുമെന്നതിനു് ഒരു ഉത്തമ ദൃഷ്ടാന്തമാണ് മി. കെ. ഇ. ചാക്കോയുടെ പ്രവത്തനം.'' ഈ പ്രശംസാ വചസ്സുകൾ ചെറുപ്പത്തിലെ പിടിച്ചു പററിയ ഫാ. ഒറേലിയസ് സഖ്യത്തെ വളച്ചയുടെ രാജപാതയിലൂടെ മുന്നോട്ട് നയിച്ചു.

ഈ കാലഘട്ടത്തിൽ സേവനസന്നദ്ധരും ഊജ്ജസ്വലരുമായ ഏതാനും ജനറൽ സെക്രട്ടറിമാരുടെ സേവനം സഖ്യത്തിനു ലഭിക്കുകയുണ്ടായി. ശ്രീമാന്മാരായ ഇ. ജെ. കാരി, കെ. എം. മാത്തൻ, ആൻഡ്രൂസ് കോട്ടിരി, ജോജ്ജ് ഇരുമ്പേട, സിറിയക്ക് തെക്കേത്തു്, കെ. ററി. ചെറിയാൻ, സി. എഫ്. തോമസ് എന്നിവരുടെ നാമങ്ങൾ ഇവിടെ സ്മരണാഹമത്രേ. സാമ്പത്തിക ഭദ്രത കൈവരുത്തുവാൻ സി. എക്സ്. ജോൺ സെബാസ്ത്യൻ കാര്യക്ഷമതയോടും ആത്മാത്ഥതയോടും കൂടി വളരെയധികം പരിശ്രമിച്ചു സംഘടനയ്ക്കുവേണ്ടി ജോൺ സെബാസ്ത്യൻ സാറിനെപ്പോലെ നിസ്വാത്ഥമായി പ്രവത്തിച്ചവർ ചുരുക്കമാണു്.

1965-ലെ വാഷികം അതിരമ്പുഴ സെൻറ് അലോഷ്യസ് സ്കൂളിൽ വച്ചും 1966-ലെ വാഷികം തേവര സേക്രഡ് ഹാർട്ട് കോളേജിലും വച്ചു നടത്തുകയുണ്ടായി. മുൻ പതിവു വിട്ട്

ത്തേവര വാർഷികം മൂന്നു ദിവസത്തെ പരിപാടികളോടുകൂടി ആഘോഷിക്കപ്പെട്ടു. തദവസരത്തിൽ ചേർന്ന മാനേജിംഗ് കമ്മററിയാണ് ലെയോ XIIIth സ്കൂളിൽ (ആലപ്പുഴ) വച്ചു ചേരാനിരുന്ന കനക ജൂബിലിയുടെ വിശദാംശങ്ങൾ ചർച്ച് ചെയ്തതു്.

## കനക ജൂബിലി

കനക ജൂബിലിക്കു മുൻപു് എല്ലാ രൂപതകളിലും സഖ്യത്തിൻെറ ശാഖകൾ സ്ഥാപിക്കണമെന്നായിരുന്നു ഭരണസമിതിയുടെ ലക്ഷ്യം. ഫാ. ഔറേലിയസ്, ഫാ. കോൺസ്റ്റൻറയിൻ, ശ്രീ. കെ. ററി. സെബാസ്റ്റ്യൻ, ശ്രീ. സി. എക്സ്. ജോൺ സെബാസ്റ്റ്യൻ എന്നിവരുടെ പരിശ്രമഫലമായി കൊല്ലം, കൊച്ചി എന്നീ രൂപതകളിൽ ശാഖകൾ പുതുതായി രൂപമെടുക്കുകയും വരാപ്പുഴ അതിരൂപതയിലെ ശാഖകൾ പുനരുജ്ജീവിപ്പിക്കുകയും ചെയ്തു. അംഗസംഖ്യയിൽ അയ്യായിരത്തിൻെറ വർദ്ധനവുണ്ടായി. അങ്ങനെ അന്നു് കേരളത്തിലെ 16 രൂപതകളിൽ 12 നെയും സഖ്യത്തിൻെറ പ്രവർത്തന പരിധിയിൽ കൊണ്ടുവരാൻ സാധിച്ചു. സമയച്ചുരുക്കംകൊണ്ടു മാത്രമാണു് ലക്ഷ്യത്തിലെത്തിക്കാൻ സാധിക്കാതെ പോയതു്.

1966 ആഗസ്റ്റ് 7-നു് ലിയോ XIIIth സ്കൂളിൽ ചേർന്ന മാനേജിംഗ് കമ്മററി ജൂബിലിയാഘോഷങ്ങൾക്കായുള്ള വിവിധ കമ്മററികൾക്കു രൂപം നല്കി. ലിയോ XIIIth ഹൈസ്കൂൾ റെക്ടർ ഫാ. വക്കി പുല്ലനെ സ്വീകരണ സംഘാദ്ധ്യക്ഷനായും ശ്രീ. സി. എക്സ്. ജോൺ സെബാസ്റ്റ്യനെ ആഘോഷങ്ങളുടെ ജനറൽ കൺവീനറായും ഐകകണ്ഠ്യേന തെരഞ്ഞെടുത്തു.

കനകജൂബിലിയാഘോഷം സഖ്യത്തെ സംബന്ധിച്ച് ഒരു നാഴികക്കല്ലായിരുന്നു. നിശ്ചിതപരിപാടിയനുസരിച്ചു് 1966 ഡിസംബർ 26 മുതൽ 30 വരെ തീയതികളിൽ ലിയോ XIII th ഹൈസ്കൂളിലെ 'ഒണോരെ നഗറി'ൽവച്ചു് ജൂബിലി സാഘോഷംകൊണ്ടാടി. 26 - ാം തീയതി ഉച്ചകഴിഞ്ഞു് വിദ്യാർത്ഥി സെക്രട്ടറി മാസ്റ്റർ ജെയിംസ് വർഗീസിൻെറ നേതൃത്വത്തിൽ ചങ്ങനാശ്ശേരിയിൽനിന്നു് ജലഘോഷയാത്രയായി സഖ്യപതാക ആലപ്പുഴയ്ക്കു കൊണ്ടുവന്നു. പ്രസിഡൻറ് കെ.ററി. സെബാസ്റ്റ്യൻെറ പ്രൗഢഗംഭീരമായ പ്രസംഗത്തെത്തുടർന്നു് പതാക ഉയർത്തൽ നിർവ്വഹിക്കപ്പെട്ടു. 27 - ാംതീയതി രാവിലെ അഖില കേരള കത്തോലിക്കാ കോൺഗ്രസ് പ്രസിഡൻറ് ഷെവലിയർ ജോസഫ് വിതയത്തിൽ ജൂബിലി ആഘോഷങ്ങൾ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. തുടർന്നു് വിവിധ സമ്മേളനങ്ങളും, കലാകായികപരിപാടികളും നടത്തപ്പെടുകയുണ്ടായി. രണ്ടായിരത്തോളം വിദ്യാർത്ഥികൾ പങ്കെടുത്ത വർണ്ണശബളമായ റാലി

ആലപ്പുഴപ്പട്ടണത്തെ കോരിത്തരിപ്പിച്ചു. സമാപനസമ്മേളനത്തിൽ അദ്ധ്യക്ഷനായിരുന്നതു് വരാപ്പുഴ ആർച്ചുബിഷപ്പ് ഡോക്ടർ ജോസഫ് അട്ടിപ്പേററിയായിരുന്നു. സംഘടനയുടെ ആദ്യ അംഗങ്ങളിലൊരാളായ അദ്ദേഹം പറഞ്ഞു ''സംഘടനയുടെ പുനരുജ്ജീവനവും വളർച്ചയും സൂചിപ്പിക്കുന്നതു്, അതിൻെറ അന്തസ്സത്തയിൽ സജീവമായ ചൈതന്യം കുടികൊള്ളുന്നുവെന്നും, പുതിയകാലത്തു് അതിനു് മഹത്തായ കർത്തവ്യങ്ങൾ നിർവ്വഹിക്കാനുണ്ടെന്നുമാണു്''. രണ്ടാം വത്തിക്കാൻ സൂനഹദോസ് ക്രിസ്തീയ വിദ്യാഭ്യാസത്തിൻെറ ലക്ഷ്യങ്ങളായി നിർദ്ദേശിച്ചിരിക്കുന്ന എല്ലാക്കാര്യങ്ങളും വിശദമായി ചർച്ചചെയ്ത തിരുമേനി, ''കെ.സി.എസ്.എൽ. – ൻെറ കീഴിൽ പരിശീലനം ലഭിച്ച യുവജനങ്ങൾ വിദ്യാർത്ഥി സമൂഹത്തിലും, അതിനുശേഷം സാമൂഹ്യജീവിതത്തിൻെറ വിവിധ മണ്ഡലങ്ങളിലും ക്രിസ്തുവിനു സാക്ഷ്യംവഹിക്കുകയും ക്രിസ്തീയാദർശങ്ങളുടെ സ്വാധീനം ചെലുത്തുകയും ചെയ്യേണ്ട പ്രേഷിതന്മാരാകുന്നു''. എന്നു് ഊന്നിപ്പറഞ്ഞു, ''ആദർശനിഷ്ഠയുള്ള നേതാക്കന്മാർക്കുവേണ്ടി ദാഹിക്കുന്ന സമൂഹത്തിനു് നല്ല നേതാക്കന്മാരെ പ്രദാനം ചെയ്യാൻകെ. സി. എസ്.എൽ. പോലുള്ള സംഘടനകളുടെ കർമ്മപരിപാടികളിൽ നേതൃത്വപരിശീലനത്തിനു് പ്രത്യേകം പ്രാധാന്യം നല്കണമെന്നു്'' ഉദ്ബോധിപ്പിച്ചുകൊണ്ടും അതിനായി അദ്ധ്യാപകരെ ആഹ്വാനം ചെയ്തുകൊണ്ടും അഭിവന്ദ്യപിതാവ് തൻെറ പ്രസംഗം അവസാനിപ്പിച്ചു.

തിരുക്കൊച്ചി സംസ്ഥാനത്തിൻെറ മുൻവിദ്യാഭ്യാസ മന്ത്രിയായിരുന്ന ഷെവ. എൽ. എം. പൈലി വികാരോജ്ജ്വലമായ തൻെറ പ്രസംഗത്തിൽ ''ഒരു മഹത്തായ സമൂഹത്തിൻെറയും, ഒരു വലിയ ജനതയുടെയും, ഒരു ശക്തമായ പ്രസ്ഥാനത്തിൻെറയും, മഹത്തായ ഒരു സംഘടനയുടെയും രാഷ്ട്രത്തിൻെറയും ഭാഗമാണു് നിങ്ങളെന്നതിൽ അഭിമാനം കൊള്ളണമെന്നും......... നിങ്ങൾ ഓരോരുത്തരും വഹിക്കേണ്ട ഉത്തരവാദിത്വത്തെക്കുറിച്ചു് ബോധവാന്മാരാകണമെന്നും വിദ്യാർത്ഥികളെ ഉദ്ബോധിപ്പിച്ചു. ജൂബിലി മഹാമഹം വളരെ വലിയ വിജയമായിരുന്നു. അന്നത്തെ പ്രശസ്തരായ എല്ലാ കത്തോലിക്കാ നേതാക്കളും ഇതിൽ പങ്കെടുത്തിരുന്നു.


ഈ വിജയത്തിനുപിന്നിൽ കേരള കത്തോലിക്കാ സമുദായത്തിലെ സമുന്നത നേതാക്കളുടെയും അഭിവന്ദ്യ വൈദിക ശ്രേഷ്ഠന്മാരുടെയും സഹകരണം ഉണ്ടായിരുന്നു. അടിസ്ഥാനപരമായി ഒരു വിദ്യാർത്ഥി സംഘടനയാണെങ്കിലും, ഇതിൻെറ പ്രവർത്തനവുമായി ബന്ധപ്പെട്ട് എല്ലാ സമുദായനേതാക്കളും ഇവിടെ അണിനിരന്നു. അതിനാൽ ഇതൊരു ജനകീയ പ്രസ്ഥാന

ത്തിന്റെ തലത്തിലേയ്ക്കു് ഉയൎന്നു. സംഘടനയെ വളൎത്തിയവരും സംഘടന വളൎത്തിയവരുമായ എല്ലാ മഹത്തുക്കളും സ്നേഹത്തിന്റെയും നന്ദിയുടെയും കൃതാൎത്ഥതയുടെയും ചേതോവികാരങ്ങളോടുകൂടി ഈ ജൂബിലി വിജയമാക്കിത്തീൎത്തു.

## ജൂബിലി സ്മരണിക

ഈ ജൂബിലിയുടെ ശാശ്വതസ്മരണ നിലനിറുത്തുന്നതിനായി ഒരു സ്മരണിക സംവിധാനം ചെയ്തു. പ്രൊഫ. പി. ററി തോമസ് കൺവീനറും ടോം ജോസ്, സി. എക്സ്. ജോൺ സെബാസ്റ്റ്യൻ, സി.എഫ്. തോമസ്, കെ.ററി. സെബാസ്റ്റ്യൻ ഫാ. ഔറേലിയസ് എന്നിവർ അംഗങ്ങളുമായി ഇതിലേയ്ക്കു് ഒരു കമ്മററിയെ തെരഞ്ഞെടുത്തു. വളരെ സ്തുത്യൎഹമായി കമ്മററി അവരുടെ ജോലി നിൎവ്വഹിച്ചു. ശ്രീ. പി.ററി. തോമസിന്റെ ഗവേഷണചതുരത വ്യക്തമാക്കിക്കൊണ്ടു് അദ്ദേഹം എഴുതിയ കെ. സി. എസ് എൽ. ചരിത്രം സംഘടനയെ സംബന്ധിച്ചു് ഒരു വിലപിടിപ്പുള്ള രേഖയത്രേ. ഈ സുവനീറിന്റെ പ്രസിദ്ധീകരണം, കോട്ടയത്തു ചേൎന്ന പ്രത്യേക യോഗത്തിൽ (3-9-1967) വച്ചു് കോട്ടയം രൂപതാദ്ധ്യക്ഷൻ ഡോ. തോമസ് തറയിൽ നിൎവ്വഹിക്കുകയുണ്ടായി.

ജൂബിലി വൎഷത്തെ നേതൃത്വപരിശീലന ക്യാമ്പ് കൊല്ലം ക്രിസ്തുരാജ് മോഡൽ ഹൈസ്കൂളിൽവച്ചു് 1967 ഏപ്രിൽ 9 മുതൽ 13 വരെ ഏററവും വിജയകരമായി നടത്തപ്പെടുകയുണ്ടായി. ഇരുനൂററിൽപരം അംഗങ്ങളും അനവധി അദ്ധ്യാപകരും ക്യാമ്പിൽ സജീവമായി പങ്കെടുത്തു. മോൺ. പീററർ തെക്കേവെളി ഉദ്ഘാടനം ചെയ്ത ക്യാമ്പിൽ കൊല്ലം ബിഷപ്പ് ഡോ. ജറോം ഫെർണാണ്ടസ് ചെയ്ത പ്രസംഗം ക്യാമ്പ് അംഗങ്ങളെ കൃതാൎത്ഥരാക്കി. പിതാവ് 500 രൂപ സംഘടനയ്ക്കു് സംഭാവനയും നല്കി. കനക ജൂബിലി വത്സരത്തിൽ ലീഗിനു് 123 ശാഖകളും 16723 അംഗങ്ങളും ഉണ്ടായിരുന്നു.



# അദ്ധ്യായം 5

# ജൂബിലിയുടെ പുളകപാളികൾ

കനക ജൂബിലിയാഘോഷം സംഘടനയെ സംബന്ധിച്ചിടത്തോളം ഒരു പുതിയ ഉണർവ്വ് നല്കി. കേരള കത്തോലിക്കാസഭയിലെ അതികായന്മാരുടെ സഹകരണം വിദ്യാർത്ഥികളിൽ ഒരു പുത്തൻ ചൈതന്യം കടത്തിവിട്ടു. കേരളത്തിലെ പേരും പെരുമയുമുള്ള എല്ലാ ക്രൈസ്തവ നേതാക്കളും സംഘടനയുമായി ഒരു തരത്തിലല്ലെങ്കിൽ മറെറാരു തലത്തിൽ ബന്ധപ്പെട്ടവരാണെന്നു ബോദ്ധ്യമായപ്പോഠം സംഘടനാ പ്രവർത്തനത്തിന് വിദ്യാർത്ഥികളിൽ കൂടുതൽ അഭിരുചിയുണ്ടായി. കഴിഞ്ഞ തലമുറയെപ്പോലെ സംഘടനയെ വളർത്തണമെന്നും, സംഘടനാ പ്രവർത്തനത്തിലൂടെ ജീവിതത്തിന്റെ ഉന്നതമാനങ്ങളിൽ വിഹരിക്കണമെന്നും അവക്ക് ആഗ്രഹമുദിച്ചു. കർമ്മക്ഷമതയോടെ അദ്ധ്യാപകരും വിദ്യാർത്ഥികളും പ്രവർത്തനരംഗത്തിറങ്ങി.

സംഘടനയുടെ 51–ാം വാർഷികം 1968 ഫെബ്രുവരി 3,4 തീയതികളിൽ എറണാകുളം സെൻറ് ആൽബർട്ട്സ് ഹൈസ്കൂളിൽ വച്ച് ആഘോഷിച്ചു. പ്രസിഡൻറ് കെ. ററി. സെബാസ്റ്റ്യൻ പതാക ഉയർത്തി. ഉദ്ഘാടനം നിർവ്വഹിച്ചതു്

ഇന്നത്തെ വരാപ്പുഴ‌ാദ്ധ്യക്ഷനായിരിക്കുന്ന കൊർണേലിയൂസ് ഇലഞ്ഞിക്കൽ തിരുമേനിയത്രേ. സമാപനസമ്മേളനാദ്ധ്യക്ഷൻ കെ. സി. എസ്. എൽ. പൂർവ്വാംഗം സുപ്രീംകോർട്ടു ജസ്റ്റിസ് കെ. കെ. മാത്യു ആയിരുന്നു.

കെ. സി. എസ്. എൽ. അംഗങ്ങൾക്കായി ഏതാനും, സ്കോളർഷിപ്പുകൾ കൂടി ഈ കാലഘട്ടത്തിൽ ആരംഭിച്ചു.

1) ഷെവലിയർ പോത്തൻ ജോസഫ് മെമ്മോറിയൽ സ്കോളർഷിപ്പ്:

2) ഏ. ജെ. ചാക്കോ ഇടയാടിയിൽ മെമ്മോറിയൽ സ്കോളർഷിപ്പ്: ഈ സ്കോളർഷിപ്പുകൾ രണ്ടും പത്താം സ്റ്റാൻഡേർഡിലെ ഏററം മെച്ചപ്പെട്ട വിദ്യാർത്ഥികൾക്ക വേണ്ടിയുള്ളതാണ്. ഓരോ സ്കോളർഷിപ്പും 1000 രൂപായുടെ പലിശയിൽ നിന്നു കിട്ടുന്ന തുകയായിരുന്നു.

3) കെ. കെ. കുരുവിള ആനത്താനം സ്കോളർഷിപ്പ്: സംഘടനാംഗങ്ങളിൽനിന്നും വൈദിക സന്യാസ ജീവിതത്തിലേയ്ക്കു പോകുന്ന പഠനസാമർത്ഥ്യമുള്ള അംഗത്തിനു നല്കുവാനുള്ളതാണ് ഈ സ്കോളർഷിപ്പ്. 1500 രൂപയുടെ പലിശയായിരിക്കും സ്കോളർഷിപ്പുതുക.

3-6-68-ൽ സെൻറ് ആൻസ് ഹൈസ്കൂളിൽ ചേർന്ന മാനേജിംഗ് കമ്മററിയിൽ അന്നത്തെ സെക്രട്ടറിയും പിന്നീട് ചങ്ങനാശ്ശേരി എം. എൽ. ഏ.യും ആയ സി.എഫ്. തോമസ് ഒരു പ്രമേയം അവതരിപ്പിച്ചു. 2000 വിദ്യാർത്ഥികൾക്കെങ്കിലും ഭക്ഷണം, വസ്ത്രം, ഫീസ് എന്നിവ സംഘടനാംഗങ്ങൾ സൗജന്യമായി നൽകുക. ഒരു ശാഖ 20 പേർക്ക് എന്ന നിരക്കിൽ നൽകുവാനാണ് നിശ്ചയിച്ചതു്. ഇതിലേയ്ക്കു് ഓരോ ആഴ്ചയും ഓരോ അംഗം 5 പൈസ വച്ച് പിരിക്കുവാനും തീരുമാനിച്ചു. ഈ കമ്മപരിപാടി ഒരു വലിയ വിജയമായിരുന്നു. അംഗങ്ങളുടെ ഉത്സാഹവും അദ്ധ്യാപകരുടെ സഹകരണവുമാണ് ഈ പരിപാടിയെ വിജയത്തിലെത്തിച്ചതു്.

## ബിഷപ്പ് ഗ്രേഷ്യൻ മുണ്ടാടൻ

ബ. ഔറേലിയസച്ചൻ 1968_ൽ ബാംഗ്ലൂർ ധർമ്മാരാം കോളേജിലെ ആദ്ധ്യാത്മിക പിതാവായി സ്ഥലം മാറിപോയപ്പോൾ ഇന്നത്തെ ബിജ്നോർ ബിഷപ്പും സി.ബി.സി.ഐ. ഉപാദ്ധ്യക്ഷനും ആയ ഗ്രേഷ്യൻ മുണ്ടാടൻ ആദ്ധ്യാത്മിക പിതാവിൻെറ ചുമതല ഏറെറടുത്തു. വിദഗ്ധമായ നേതൃത്വം സംഘടനയ്ക്കു നൽകുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. 1972-ൽ ബിജ്നോർ രൂപതാദ്ധ്യക്ഷനാകുന്നതുവരെ ഈ

സ്ഥാനം അദ്ദേഹം തുടൻന്നുപോന്നു. അദ്ദേഹത്തിൻെറ നേതൃത്വത്തിൽ സഖ്യം വളരെയധികം പുരോഗമിച്ചു. എല്ലാവക്കും എപ്പോഴും സമീപിക്കത്തക്ക ലാളിത്യവും സേവനമനസ്ഥിതിയും തേവര കോളേജിലെ ഗണിതശാസ്ത്രാദ്ധ്യാപകനായ അദ്ദേഹം പ്രകടിപ്പിച്ചു. ഏതു യൂണിററിലും സൗകര്യംപോലെ കയറിചെല്ലാനും സൗഹൃദത്തോടെ സംഘടനാകാര്യങ്ങൾ അന്വേഷിച്ചറിയുവാനും അദ്ദേഹം ഉത്സുകനായിരുന്നു സംഘടനയിൽ അച്ചടക്കം സ്ഥാപിച്ചതാണ് അദ്ദേഹത്തിൻെറ ഏററവും വലിയ നേട്ടം. ഞങ്ങളുടെ ഡയറക്ടർ മെത്രാനായി അഭിഷിക്തനാകുന്ന ചടങ്ങിൽ സഖ്യാംഗങ്ങൾ പലരും പങ്കെടുത്തു. അന്നേദിവസം, എല്ലാ ശാഖകളിലുംതന്നെ, പൌരുദിവ്യകാരുണ്യസ്വീകരണദിനമായി ആചരിക്കയും മംഗളപത്രം അയച്ചുകൊടുക്കുകയും ചെയ്തു. ബ. ഔറേലിയൂസച്ചൻ തന്നെ വീണ്ടും ആത്മീയോപദേഷ്ടാവായി ചാർജ്ജെടുത്തു. 1968-ലെ സംസ്ഥാനക്യാമ്പ് ഏപ്രിൽ രണ്ടു മുതൽ ആറു വരെ രാജഗിരി ഹൈസ്കൂളിൽവച്ചു നടത്തപ്പെട്ടു.

സംഘടനയുടെ 52-ാം വാർഷികം ഭരണങ്ങാനം സെൻററ് മേരീസ് സ്കൂളിൽ തയ്യാറാക്കിയ 'ഫാ. വില്ല്യംനഗറി'ൽ വച്ച് 1969 ഫെബ്രുവരി 1, 2 തീയതികളിൽ നടത്തപ്പെടുകയുണ്ടായി. 500-ൽ പരം വിദ്യാർത്ഥി പ്രതിനിധികൾ സംബന്ധിച്ച ഈ വാഷികം ഉദ്ഘാടനം ചെയ്തത് പാലാരൂപതാദ്ധ്യക്ഷൻ ഡോ. സെബാസ്റ്റ്യൻ വയലിൽ തിരുമനസ്സുകൊണ്ടാണ്. മോൺ. എൽ. ജെ ചിററൂർ അദ്ധ്യക്ഷനായിരുന്ന സമാപനസമ്മേളനത്തിൽ മി. കെ. എം. മാണി പ്രസംഗിച്ചു.

മാനേജിംഗ് കമ്മററി ഭരണഘടനാ ഭേദഗതികൾ പാസാക്കി. 1969 ഏപ്രിൽ 11 മുതൽ 15 വരെ രാജഗിരിയിൽവച്ചു നടത്തിയ ക്യാമ്പ് അഭിവന്ദ്യ കർദ്ദിനാൾ പാറേക്കാട്ടിൽ തിരുമേനി ഉദ്ഘാടനം ചെയ്തു. പ്രൊഫ. ജോർജ് ഓണക്കൂർ, ആനി തയ്യിൽ എന്നിവർ ക്ലാസ്സുകളെടുത്തു.

സംഘടനയുടെ 53-ാം വാർഷികം കോട്ടയം മൗണ്ട് കാർമ്മൽ സ്കൂളിൽവച്ച് 1970 ഫെബ്രുവരി 14, 15 തീയതികളിൽ നടന്നു. വിജയപുരം മെത്രാൻ ഡോ. അംബ്രോസ് അബ്സലോം പതാക ഉയർത്തി. ഉജ്ജയിൻ എക്സാർക്ക് മോൺ പെരുമററം ഉദ്ഘാടനം നിർവഹിച്ചു. സമാപനസമ്മേളനം കോട്ടയം മെത്രാൻ ഡോ. തോമസ് തറയിൽ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു.

മാനേജിംഗ് കമ്മററി 28, 31, 34 വകുപ്പുകൾ സംബന്ധിച്ചവതരിപ്പിച്ച ഭരണഘടനാഭേദഗതികൾ പാസാക്കി. ലീഗുപതാക, ശാഖാപതാകയുമായി ബന്ധപ്പെടുത്തണമെന്ന

നിർദ്ദേശം ഇവിടെയാണ് അവതരിപ്പിക്കപ്പെട്ടതു്. ആദ്യമായി റാലി സംഘടിപ്പിച്ചതും ഈ കാലഘട്ടത്തിലാണ്.

പ്രൊഫ. കെ. ററി. സെബാസ്റ്റ്യനുപകരം പ്രൊഫ. പി. ജെ. മാത്യു പ്രസിഡൻററായി തെരഞ്ഞെടുക്കപ്പെട്ടു. എറണാകുളം സെൻറ് ആൽബർട്ട്സ് കോളേജിലെ പ്രൊഫസറായിരുന്ന മാത്യുസാറാണ് വത്തിക്കാൻ കൗൺസിലിൻെറ വെളിച്ചത്തിൽ കെ. സി. എസ്. എൽ സംഘടനയുടെ പ്രവത്തന ശൈലി നവീകരിക്കാൻ ധൈര്യം പ്രകടിപ്പിച്ചതു്. 1972 ലെ മാഗ്ഗരേഖയും അതിനൊരുക്കമായുള്ള ബാംഗ്ളൂർ, തേവര സെമിനാറുകളും സംഘടനയിൽ മാററത്തിൻെറ തിരകളുയത്തുവാൻ അദ്ദേഹം ആസൂത്രണം ചെയ്തുവയത്രേ.

ഈ വർഷത്തെ ലീഡർ ഷിപ്പ് ക്യാമ്പ് 1970 ജൂൺ 21 മുതൽ 25 വരെ ചങ്ങനാശ്ശേരിയിൽവച്ചും സെപ്ററംബർ 17 ന് എറണാകുളത്തുവച്ചും സൗകര്യാത്ഥം രണ്ടായി നടത്തി.

1971 ഫെബ്രുവരി 13, 14 തീയതികളിൽ സെൻറ് ആൽബർട്ട്സ് കോളേജിൽവച്ചു നടത്തപ്പെട്ട 54–ാം വാഷികത്തിൽ ഷെ. എൽ. എം. പൈലി, മോൺ: മാത്യു വെള്ളാങ്കൽ എന്നിവർ വിശിഷ്ടാതിഥികളം ആയിരുന്നു. 1972 ഫെബ്രുവരി 19, 20 തീയതികളിൽ തൃശ്ശൂർ സെൻറ് മേരീസ് ഓർഫനേജിൽ വച്ചുകൂടിയ 55–ാം വാഷികത്തിൽ പ്രൊഫ. ഫിലിപ്പു തയ്യിൽ, ബിഷപ്പ് ജോസഫ് കണ്ടകുളം എന്നിവർ വിശിഷ്ടാതിഥികളായി സംബന്ധിച്ചു.

## മാർഗ്ഗരേഖ 1972

ലീഗു പ്രവർത്തകരുടെയും അഭ്യുദയകാംക്ഷികളുടെയും ഒരു പ്രത്യേക സമ്മേളനം 1972 ഡിസംബർ 9,10 എന്നീ തീയതികളിൽ തേവര ഹൈസ്കൂളിലും 31–ാം തീയതി തേവര കോളേജിലും വച്ചു കൂടുകയുണ്ടായി. കാലത്തിൻെറ പുരോഗതിയ്ക്ക് അനുസരണം ലീഗിൻെറ പ്രവർത്തനങ്ങളെ നവീകരിക്കുകയും ക്രോഡീകരിക്കുകയും ചെയ്യുകയായിരുന്നു സമ്മേളനത്തിൻെറ ലക്ഷ്യം. സി. ബി. സി. ഐ. യുടെയും കെ. സി. ബി. സി. യുടെയും യൂത്തു കമ്മീഷൻ ചെയർമാനായിരുന്ന മാർ ജോസഫ് പൗവ്വത്തിൽ ചർച്ചകൾക്ക നേതൃത്വം നല്കി. ദീർഘമായ പര്യാലോചനകൾക്കു ശേഷം നവീകരണത്തിനുപയുക്തമായ ഒരു മാഗ്ഗരേഖ തയ്യാറാക്കി. ഇതാണ് 1972ലെ മാഗ്ഗരേഖ.

1973 ഫെബ്രുവരി 10,11 തീയതികളിൽ ചങ്ങനാശ്ശേരി സെൻറ് ബർക്കുമാൻസ് ഹൈസ്കൂളിൽ വച്ച് സക്കറിയാസ് മാർ അത്തനേഷ്യസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ 56-ാം വാർഷികം ആഘോഷിച്ചു. ഡോ. കൊർണേലിയൂസ് ഇലഞ്ഞിക്കലായിരുന്നു ഉദ്ഘാടകൻ.

ജനറൽ കൗൺസിൽ യോഗത്തിൽവച്ച് ശ്രീ.ഏ പി.യൂജിൻ ജനറൽ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടു. മുൻപ് ക്രോഡീകൃതമായ മാർഗ്ഗരേഖകൾ ചർച്ച ചെയ്തു. ശ്രീ എ പി യൂജിൻ കൺവീനറായുള്ള ഭരണഘടനാ നവീകരണ കമ്മററിയും ശ്രീ. ടോം ജോസ് ചീഫ് എഡിറ്ററായുള്ള പത്രാധിപ സമിതിയും തെരഞ്ഞെടുക്കപ്പെട്ടു. 1973–ൽ ഫോർട്ടുകൊച്ചിയിൽ വച്ച് മാർഗ്ഗരേഖയ്ക്ക് അന്തിമരൂപം നൽകുകയും ചെയ്തു. 1973-ൽ വീണ്ടും പ്രൊഫ. പി.ജെ. മാത്യു പ്രസിഡൻറായി തെരഞ്ഞെടുക്കപ്പെട്ടു. ആ വർഷം തന്നെ ഫാ. എസ്. വെങ്ങാലൂർ സഖ്യത്തിൻെറ സംസ്ഥാന ഡയറക്ടറായി നോമിനേററു ചെയ്യപ്പെട്ടുവെങ്കിലും അദ്ദേഹത്തിൻെറ കോളേജ് വിദ്യാഭ്യാസം തീരുന്നതുവരെ ബ. ഔറേലിയൂസച്ചൻ തന്നെ ആക്ററിംഗ് ഡയറക്ടറായി ജോലി നോക്കിപ്പോന്നു.

## ബാംഗ്ളൂർ സെമിനാർ

1973 മെയ് മാസത്തിൽ സി. ബി. സി. ഐ. യുടെയും എൻ. ബി. സി. എൽ. സി. യുടെയും ആഭിമുഖ്യത്തിൽ ബാംഗ്ലൂരുള്ള വർക്കേഴ്സ് സെൻററിൽ വച്ച് അഞ്ചാറാഴ്ച ദീർഘിച്ച യൂത്ത് ആനിമേറേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം നടക്കുകയുണ്ടായി. ഇന്ത്യാ, സിലോൺ, മലേഷ്യ, ഹോംകോങ്ങ് എന്നിവിടങ്ങളിൽനിന്നും ഈ സെമിനാറിൽ പ്രതിനിധികൾ സംബന്ധിച്ചിരുന്നു. ജനറൽ സെക്രട്ടറി എ. പി. യൂജിൻ ഉൾപ്പെടെ പതിനഞ്ചു പേരെ കെ. സി. എസ്. എൽ. ഈ സെമിനാറിനയച്ചു. സുവിശേഷാദർശങ്ങൾക്കു ചേർന്ന സാമൂഹ്യ പരിവർത്തനത്തിനും പ്രവർത്തനോന്മുഖമായ പരിശീലനത്തിനും സഖ്യം മുൻഗണന നൽകണമെന്ന ആശയം ഈ സെമിനാറിൻെറ ഫലമായി പൊന്തിവന്നു. കെ. സി. എസ്. എൽ. ഇപ്രകാരം നവീകരിക്കപ്പെടേണ്ടതിനെ സംബന്ധിച്ച് ചർച്ച ചെയ്യുവാൻ ഒരു പ്രത്യേക സമ്മേളനം തന്നെ വിളിച്ചു കൂട്ടുവാൻ മലയാളികളായ പ്രതിനിധികൾ ഏ. പി യൂജിനെ പ്രേരിപ്പിച്ചു. ഇതിൻെറ വെളിച്ചത്തിൽ സംഘടിപ്പിക്കപ്പെട്ടതാണ് തേവര സമ്മേളനം.

**തേവര സമ്മേളനം**

മാർഗ്ഗരേഖയുടെ നടത്തിപ്പ് എപ്രകാരമായിരിക്കണം എന്നതായിരുന്നു മാർ ജോസഫ് കുണ്ടുകുളം ഉദ്ഘാടനം ചെയ്ത തേവര സമ്മേളനത്തിലെ പ്രധാന ചർച്ചാവിഷയം. മൂന്നുദിവസം ദീർഘിച്ച ഈ സമ്മേളനത്തിൽ അഭിവന്ദ്യ മാർ ജോസഫ് പവ്വത്തിൽ, മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി, സമുദായ നേതാക്കൾ, ബാംഗ്ലൂർ പരിശീലന ക്യാമ്പിൽ സംബന്ധിച്ച പ്രതിനിധികൾ എന്നിവർ സജീവമായി പങ്കെടുത്തു. സമാപന സമ്മേളനത്തിൽ അദ്ധ്യക്ഷം വഹിച്ചത് കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ ആയിരുന്നു. തേവര സമ്മേളനത്തിൽ അഞ്ചു പ്രബന്ധങ്ങൾ അവതരിപ്പിക്കപ്പെട്ടു,

ലിററർജിയും കെ. സി. എസ്. എൽ. അംഗങ്ങളും (ഫാ. സീലാസ് സി.എം.ഐ.); കെ.സി.എസ്.എൽ. പഴയ സംഘടന, പുതിയ പ്രശ്നങ്ങൾ, സമീപനരീതികൾ (കെ. ററി. സെബാസ്റ്റ്യൻ); ഉത്തേജകരുടെ പങ്കാളിത്തം. (ഫാ. സിൽവെസ്റ്റർ എഴമല); വിദ്യാർത്ഥികളും സാമൂഹ്യനീതിയും (ഫാ. ജോൺ ഇരുമേട) കെ. സി. എസ്. എൽ. ൻെറ ലക്ഷ്യങ്ങൾ (ഡോ. തോമസ് മൂലയിൽ) എന്നിവയായിരുന്നു ആ പ്രബന്ധങ്ങൾ. ഈ പ്രബന്ധങ്ങൾ പിന്നീട് രൂപതകളിലും അവതരിപ്പിക്കയുണ്ടായി. ഈ സമ്മേളനവും ഇതേ തുടർന്നുള്ള സംഭവവികാസങ്ങളും കെ. സി. എസ്. എൽ. സംഘടനയുടെ ചരിത്രത്തിലെ ഒരു വഴിത്തിരിവായിരുന്നു. ഇതിനെ തുടർന്നാണ് പുതിയ ഭരണഘടന, നേതൃത്വപരിശീലനത്തിനുള്ള ചെറുഗ്രന്ഥങ്ങൾ, സഖ്യത്തിനുവേണ്ടി പ്രത്യേക കുർബാന ടെക്സ്റ്റ്, ഉത്തേജകർക്കുവേണ്ടിയുള്ള പ്രത്യേക പരിശീലനക്കളരികൾ എന്നീ ആശയങ്ങൾ പൊന്തിവന്നതു്. ഈ സമ്മേളനത്തിനു ശേഷമാണ് ആദ്ധ്യാത്മികപിതാവ് സംഘടനയുടെ ഡയറക്ടറായിത്തീരുന്നതു്. 1973 ആഗസ്റ്റിൽ കോട്ടയത്തുകൂടിയ മാനേജിംഗ് കമ്മററി മീററിംഗിൽ ഫാ. എസ്. വെങ്ങാലൂർ ആദ്യത്തെ ജനറൽ ഡയറക്ടറായി ചാർജ്ജെടുത്തു. യൂത്ത് അഡ്വൈസർമാർ സംഘടനയുടെ ആനിമേറേഴ്സ് ആയിതീർന്നതും ഇതിനെ തുടർന്നത്രെ. മദ്ധ്യവേനൽ അവധിക്കാലത്തു് സംസ്ഥാനാടിസ്ഥാനത്തിൽ വിദ്യാർത്ഥികൾക്കായി നേതൃത്വപരിശീലന ക്യാമ്പുകൾ നടത്തി തുടങ്ങിയതും ഇക്കാലത്താണ്. കൂടുതൽ വിദ്യാർത്ഥിനീ വിദ്യാർത്ഥികൾക്ക് പങ്കെടുക്കുന്നതിനായി ഈ രണ്ടു ക്യാമ്പുകൾ വീതം നടത്തിയിരുന്നു.

1973 സെപ്ററമ്പർ 1,2 തീയതികളിൽ പാലാ അസംപ്ഷൻ ഇൻസ്റ്റിററ്യൂട്ടിൽ കേന്ദ്രരൂപതാ ഭാരവാഹികളുടെ ഒരു സമ്മേളനം നടന്നു. ഈ സമ്മേളനത്തിൽ ശ്രീ. എ.പി യൂജിൻ

ഗ്രൂപ്പ് ഡൈനാമിക്സിൽ അംഗങ്ങൾക്ക പരിശീലനം നൽകി. കൂടാതെ, ശാഖാപ്രവർത്തനം, രൂപതാപ്രവർത്തനം പഠനക്കളരി, മാസിക, നല്ല യൂണിററുകൾ തെരഞ്ഞെടുക്കുന്ന രീതി എന്നീ വിഷയങ്ങളെ പുരസ്കരിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചു.

സഖ്യത്തിൻെറ 57—ാം വാർഷികം 1974 ഫെബ്രുവരി 8,9,10 തീയതികളിൽ തിരുമൂലപുരം സെൻറ് തോമസ് ഹൈസ്കൂളിൽ മാർ അത്തനേഷ്യസ് തിരുമേനി ഉദ്ഘാടനം ചെയ്തു.

എറണാകുളത്ത് നവംബർ മാസത്തിൽ കൂടിയ മാനേജിംഗ് കമ്മററിയിൽ അവതരിപ്പിച്ച് പാസാക്കിയ ഭരണഘടനാ ഭേദഗതി തിരുമൂലപുരത്തു വച്ചും പാസാക്കി. അതിൻ പ്രകാരം ഒരു വിദ്യാർത്ഥി സ്ഥിരാംഗത്വ ഫീസായി ഒരു രൂപാ അടയ്ക്കണമെന്നും അതിൽ 50 പൈസ ശാഖയ്ക്കും 25 പൈസ രൂപതയ്ക്കും 25 പൈസ കേന്ദ്രത്തിനും നൽകണമെന്നും ഉള്ള നിയമം പ്രാബല്യത്തിൽ വന്നു.

1974-ൽ കോഡി ഇൻറർ നാഷണലിൽ 8 മാസത്തെ പരിശീലനത്തിനായി ശ്രീ. എ. പി. യൂജിൻ കാനഡായ്ക്കു പോയി. യുവജനങ്ങളെ വികസന പ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കാനുള്ള ഒരു പ്രൊജക്ററിനു് അദ്ദേഹം രൂപം നൽകി. പക്ഷേ, അതു് പ്രാവർത്തികമായില്ല. വിദ്യാർത്ഥികളെ സംഘടിപ്പിച്ചു് സ്കൂളുകളിൽ സഹകരണ പ്രസ്ഥാനം സംഘടിപ്പിക്കുവാൻ ആദ്യമായി രൂപ രേഖ തയ്യാറാക്കിയതും കെ. സി. എസ്. എൽ. ആണെന്ന കാര്യം അഭിമാനപൂർവ്വം ഇവിടെ അനുസ്മരിക്കുന്നു. അടിയന്തരാവസ്ഥക്കാലത്തു് ഗവൺമെൻറ് ഈ പ്രസ്ഥാനം സ്കൂളുകളിൽ നിർബ്ബന്ധിതമാക്കിയപ്പോൾ യഥാർത്ഥത്തിൽ സഖ്യത്തിൻെറ പ്രോജക്ററു അവർ നടപ്പാക്കുക മാത്രമാണു ചെയ്തതു്. ശ്രീ പി. ജെ. മാത്യുവിൻെറയും എ. പി. യൂജിൻെറയും നേതൃത്വത്തിൽ ഫോർട്ടുകൊച്ചിയിലുള്ള കനോസിയൻ സിസ്റ്റേഴ്സിൻെറ സ്കൂളിൽ വച്ചു് 400 ഓളം വിദ്യാർത്ഥികൾക്കു് സഹകരണ പ്രസ്ഥാനത്തിൽ പരിശീലനം നൽകുകയുണ്ടായി.

സഖ്യത്തിൻെറ 58 ാം വാർഷികം 1975 ഫെബ്രുവരി 8,9 തീയതികളിൽ തൃശ്ശൂർ സെൻറ് മേരീസ് കോളേജിൽ വച്ചു് ആഘോഷിച്ചു. കലാമത്സരങ്ങൾ സംബന്ധിച്ച ഏതാനും നിർദ്ദേശങ്ങൾ മാനേജിംഗ് കമ്മിററിയിൽ പൊന്തിവരികയുണ്ടായി.

## ഗവ. സ്കൂളുകളിലേയ്ക്ക്

1976 സഖ്യത്തെ സംബന്ധിച്ച് ഒരു സുപ്രധാന വർഷമാണ്. ആദ്യമായി ഒരു ഗവൺമെൻറ് സ്കൂളിൽ സഖ്യത്തിൻെറ ശാഖ ഉണ്ടായതു് ആ വർഷമാണ്. ആലപ്പുഴ ഗവൺമെൻറ് ഗേൾസ് ഹൈസ്കൂളിൽ ഹെഡ്മിസ്ട്രസായിരുന്ന (പിന്നീട് R D. D·) കെ. ജെ. മേരിക്കുട്ടിയുടെ പരിശ്രമഫലമായി അവിടെ സഖ്യത്തിൻെറ ഒരു ശാഖ ഉണ്ടാകുകയും അതു് മൂന്നു വർഷത്തോളം പ്രവർത്തന നിരതമാകുയും ചെയ്തു.

ഈ വർഷം ഫെബ്രുവരി 7, 8 തീയതികളിൽ സഖ്യത്തിൻെറ 59-ാം വാർഷികം കോട്ടയം എസ്. എച്ച്. മൗണ്ട് ഹൈസ്കൂളിൽവച്ച് ആഘോഷിക്കുകയുണ്ടായി. മാർ പൗവ്വത്തിൽ തിരുമനസ്സുകൊണ്ട് ഉദ്ഘാടനം ചെയ്ത വാർഷികത്തിലെ സമാപനസമ്മേളനാദ്ധ്യക്ഷൻ മാർ കുര്യാക്കോസ് കുന്നശ്ശേരി ആയിരുന്നു. 7-ാം തീയതിയിലെ പ്രതിനിധികളുടെ മാർച്ച്പാസ്റ്റ് ഈ വാർഷികത്തിലെ ഒരു പ്രത്യേകതയായിരുന്നു. ഓരോ രൂപതയും അവരവരുടെ കൊടിക്കീഴിൽ അണിനിരന്നു കൊണ്ടു നടത്തിയ മാർച്ചുപാസ്റ്റിൽ കോട്ടയം D.S.P. വി. ജി. ബാലകൃഷ്ണക്കുറുപ്പ് സല്യൂട്ട് സ്വീകരിച്ചു. കലോത്സവത്തിൽ 430-ഓളം പ്രതിനിധികൾ പങ്കെടുത്തു.

സഖ്യത്തിൻെറ അന്നത്തെ അംഗസംഖ്യ പതിനാലു രൂപതകളിലായി ഇരുപത്തി മൂവായിരത്തി ഇരുനൂററിരണ്ടുപേരായിരുന്നു. അടുത്ത മൂന്നുവർഷത്തേയ്ക്കുള്ള കേന്ദ്രഭാരവാഹികൾ തെരഞ്ഞെടുക്കപ്പെട്ടു. അഡ്വക്കേററ് സിറിയക്ക് ജോസഫ് പ്രസിഡൻറും ശ്രീ. ജോസഫ് ആററുപുറം ജനറൽ സെക്രട്ടറിയും ശ്രീ. എൻ. ജെ. ജോബ് ട്രഷററുമായി സ്ഥാനമേററ. പലേ മാനേജിംഗ് കമ്മററികളിലും ചർച്ച ചെയ്യുകയും ഭേദഗതികൾ വരുത്തുകയും പൊതു അഭിപ്രായത്തിനു് അയയ്ക്കുകയും അവസാനം മാനേജിംഗ് കമ്മററി അംഗീകരിക്കുകയും ചെയ്ത പുതിയ ഭരണഘടന ഈ 59-ാം വാർഷികത്തോടനുബന്ധിച്ചു കൂടിയ പ്രതിനിധി സമ്മേളനം സ്വീകരിക്കുകയും അന്നുമുതൽ നടപ്പിൽ വന്നിരിക്കുന്നതായി പ്രഖ്യാപിക്കുകയും ചെയ്തു.

പുതിയ ഭരണസമിതിയുടെ പ്രഥമപ്രവർത്തനപരിപാടി മദ്ധ്യവേനൽ അവധിക്കാല ക്യാമ്പ് സംഘടിപ്പിക്കുകയായിരുന്നു. ഏപ്രിൽ 9-ാം തീയതി രാജഗിരി ഹൈസ്കൂളിൽ അഖില കേരള കത്തോലിക്കാ കോൺഗ്രസ്സ് പ്രസിഡൻറ് ശ്രീ. കെ. എം. ജോസഫിൻെറ അദ്ധ്യക്ഷതയിൽചേന്ന സമ്മേളനം ധനകാര്യമന്ത്രി ശ്രീ. കെ. എം. മാണി ഉദ്ഘാടനം ചെയ്തു

10–ാം തീയതി ഷെ. വർഗ്ഗീസ് കണ്ണന്താനം, പ്രൊഫ. ഐ. സി. പീററർ, ശ്രീ. ജെ. ററി. ആമ്പല്ലൂർ, ശ്രീ. സി. എച്ച്. ജോസഫ് തുടങ്ങി പലേ പ്രഗത്ഭരും ക്ലാസ്സെടുക്കുകയുണ്ടായി. സമാപനസമ്മേളനത്തിൽ ബിഷപ്പ് സെബാസ്ററ്യൻ മങ്കുഴിക്കരി അദ്ധ്യക്ഷം വഹിച്ചു. അന്നത്തെ ദിവ്യബലിയർപ്പിച്ചതു് ഡോ. ജോസഫ് കേളന്തറ തിരുമേനിയായിരുന്നു.

വിദ്യാലയവർഷത്തെ പ്രാഥമിക മാനേജിംഗ് കമ്മററിക്കു മുമ്പ് രൂപതാ ഭാരവാഹികളുടെയും സംസ്ഥാന ഭാരവാഹികളുടെയും സംയുക്തയോഗം നടത്തുന്ന രീതി ഇക്കാലത്താണ് നടപ്പിലാക്കിയതു്. രൂപതാ കൗൺസിലുകൾ കൂടുന്നതിനുമുമ്പ് അതാതു വിദ്യാലയ വർഷത്തെ പ്രവർത്തനപരിപാടികൾ സംസ്ഥാനതലത്തിൽ ആസൂത്രണം ചെയ്യാൻ ഈ സമ്മേളനം സഹായകമായിത്തീർന്നു. മാത്രമല്ല, രൂപതാപ്രവർത്തനങ്ങളിൽ ഐകരൂപ്യവും ഇതുവഴി കൈവന്നു.

## വജ്രജൂബിലി

1976 ജൂലൈ 31–ാം തീയതി കോട്ടയം ബി. സി. എം. കോളേജിൽ ചേർന്ന മാനേജിംഗ് കമ്മററി യോഗത്തിൽവച്ചു് സഖ്യത്തിൻെറ വജ്രജൂബിലി ആഘോഷത്തെക്കുറിച്ചു പരിചിന്തിക്കുകയുണ്ടായി. താഴെപ്പറയുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതിനു് കമ്മററി തീരുമാനമെടുത്തു.

1) മാസത്തിൽ ഒരു നിശ്ചിതദിവസം സഖ്യാംഗങ്ങൾ സ്കൂൾ പരിസരത്തു് എവിടെയെങ്കിലുംകൂടി പ്രാർത്ഥിക്കുക.

2) വ്യക്തിപരമായ ആവശ്യങ്ങൾക്കു് ചെലവഴിക്കാനാഗ്രഹിക്കുന്ന തുകയിൽനിന്നു് ഒരു രൂപയെങ്കിലും ഓരോ അംഗവും മാററിവയ്ക്കുകയും ഇങ്ങനെ മിച്ചംവയ്ക്കുന്ന തുക കൊണ്ടു് ശാഖാടിസ്ഥാനത്തിൽ നിർദ്ധനരായ വിദ്യാർത്ഥികളെ സഹായിക്കുകയും ചെയ്യുക.

3) മദ്യപാനം, പുകവലി, ആഭരണഭ്രമം എന്നിവയ്ക്കെതിരായി സഖ്യാംഗങ്ങൾ അണിനിരക്കുകയും പൊതുജനാഭിപ്രായം രൂപീകരിക്കുവാൻ ഉതകുന്ന പ്രചാരണനടപടികൾ സ്വീകരിക്കയും ചെയ്യുക.

4) വജ്രജൂബിലി പ്രമാണിച്ചു് 1977 ആരംഭത്തിൽ സംസ്ഥാനതലത്തിൽ വിശ്വാസപ്രഖ്യാപനറാലി സംഘടിപ്പിക്കുക.

5) വജ്രജൂബിലിയോടനുബന്ധിച്ചു് ശേഖരിക്കുവാനുദ്ദേശിക്കുന്ന ഫണ്ടിലേയ്ക്കു് ഓരോ വിദ്യാർത്ഥിയും കേന്ദ്രആഫീസിൽനിന്നുംപ്രസിദ്ധീകരിക്കുന്ന കലണ്ടറിൻെറ ഒരു പ്രതിയെങ്കിലും വിററ് ആ പണം ഫണ്ടിലേയ്ക്കു് സ്വരൂപിക്കുക

കൊല്ലം രൂപതാ സഖ്യം പ്രസിഡൻറ് ശ്രീ ആൻറണി ആറാടൻ ഒരു ട്രോഫി ഏല്പിക്കുകയുണ്ടായി. കൊല്ലം ബിഷപ്പ് ജറോം ഫെർണാണ്ടസിൻെറ പൗരോഹിത്യസുവർണ്ണജൂബിലി സ്മാരകമായി ഏർപ്പെട്ടുത്തിയിട്ടുള്ള ഈ ട്രോഫി കലാസാഹിത്യ മത്സരങ്ങളിൽ ഏററം കൂടുതൽ പോയിൻറു നേടുന്ന രൂപതയ്ക്കു നൽകുവാനുള്ളതാണ്.

ഈ ഒരു വർഷംകൊണ്ട് അംഗസംഖ്യയിൽ വലിയ മാററം സംഭവിച്ചതായി കാണുന്നു. 14 രൂപതകളിലെ 198 ശാഖകളിലായി 31919 പേർ അംഗങ്ങളായി ഉണ്ടായിരുന്നു.

വജ്രജൂബിലിയോടനുബന്ധിച്ച് 1977 ജനുവരി 22 - ന് സംസ്ഥാനാടിസ്ഥാനത്തിൽ സ്കോളർഷിപ്പ് പരീക്ഷ നടത്തുകയുണ്ടായി. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം പ്രത്യേകമായി നടത്തിയ ഈ പരീക്ഷയിൽ ഒന്നാം സമ്മാനം 100 രൂപയും രണ്ടാം സമ്മാനം 50 രൂപയുമായിരുന്നു. ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായിട്ടു മാത്രമാണ് ഈ സ്കോളർഷിപ്പ് പരീക്ഷ ആരംഭിച്ചതെങ്കിലും പില്ക്കാലത്ത് ഈ പരീക്ഷതന്നെയാണ് ഷെവ. പി.ററി. തോമസ് സ്കോളർഷിപ്പ് പരീക്ഷയായി രൂപാന്തരം പ്രാപിച്ചത്. യു.പി. വിഭാഗത്തിനും ഹൈസ്കൂൾ വിഭാഗത്തിനും പ്രത്യേകം പ്രത്യേകമായിട്ടത്രേ ഈ പരീക്ഷ 1984-85 മുതൽ നടത്തപ്പെടുന്നത്. സ്കോളർഷിപ്പ് തുക ഇപ്പോൾ വർദ്ധിപ്പിച്ചിട്ടുമുണ്ട്.

സഖ്യത്തിൻെറ വജ്രജൂബിലി വാർഷികം 1977 ഫെബ്രുവരി 12,13 തീയതികളിൽ എറണാകുളം സെൻറ് ആൽബർട്ട്സ് കോളേജിൽവച്ച് നടത്തപ്പെട്ടു. ഇന്ത്യൻ പ്രസിഡൻറ് ശ്രീ ഫക്രുദീൻ അലി അഹമ്മദിൻെറ ആകസ്മിക നിര്യാണം മൂലം വർണ്ണോജ്ജ്വലമായ റാലിയും പൊതുസമ്മേളനവും റദ്ദാക്കി.

സഖ്യത്തിൻെറ മുൻഡയറക്ടറും സഖ്യത്തിൻെറ അന്നോളമുള്ള വളർച്ചയിൽ നിർണ്ണായകമായ പങ്കുവഹിച്ചിട്ടുള്ള ആളുമായ ബ. ഔറേലിയസ് സി.എം.ഐ. യുടെ പൗരോഹിത്യ സുവർണ്ണജൂബിലി 1977 ഫെബ്രുവരി 13-ാം തീയതി എറണാകുളം സെൻറ് മേരീസ് ഹൈസ്കൂൾ ഓഡിറേറാറിയത്തിൽ വച്ച് സമുചിതമായി ആഘോഷിച്ചു.

ഈ വർഷത്തെ അവിസ്മരണീയമായ ഒരു സംഭവമാണ് ചങ്ങനാശ്ശേരി അതിരൂപതയിലെ സജീവ സഖ്യ പ്രവർത്തകയായ കുമാരി ലിസിയമ്മ കുര്യൻെറ (സെൻറ് ജോസഫ്സ് ഗേൾസ് ഹൈസ്കൂൾ, ചങ്ങനാശ്ശേരി) പ്രശസ്ത വിജയം. 1977 മാർച്ച് മാസത്തിൽ നടന്ന എസ്. എസ്. എൽ. സി. പരീക്ഷയിൽ രണ്ടാം റാങ്ക് ലിസിയമ്മയ്ക്കായിരുന്നു. നല്ല നേതൃത്വപാടവം പലപ്പോഴും തെളിയിച്ചിട്ടുള്ള ഒരു സഖ്യാംഗമായിരു

ന്നു ആ വിദ്യാർത്ഥിനി. കെ. സി. എസ്. എൽ. ചരിത്രത്തിൽ ലിസിയമ്മയുടെ നേട്ടത്തെ പിന്നിലാക്കാൻ ആർക്കും ഇതുവരെ സാധിച്ചിട്ടില്ല.

വജ്രജൂബിലിയോടനുബന്ധിച്ച് സംസ്ഥാനാടിസ്ഥാനത്തിൽ എല്ലാ ശാഖകളിലും ഒരു ദിവസം വിശ്വാസ പ്രഖ്യാപനദിനമായി ആചരിക്കുവാൻ നിശ്ചയിച്ചിരുന്നു. ആദ്യത്തെ വിശ്വാസ പ്രഖ്യാപനദിനം 1977 ഡിസംബർ രണ്ടാം തീയതി നടത്തപ്പെട്ടു ''യേശു എന്റെ ദൈവം എന്റെ നേതാവ്'' എന്ന് ആലേഖിതമായ പ്രത്യേക ബാഡ്ജ് ധരിച്ചാണ് സഖ്യാംഗങ്ങൾ അന്നു സ്കൂളിൽ ഹാജരായത്. കേന്ദ്ര ഓഫീസിൽ നിന്നും പ്രത്യേകം തയ്യാറാക്കിയതും ക്രിസ്തുവിലും തിരുസഭയിലുമുള്ള വിശ്വാസം ഉറക്കെ പ്രഖ്യാപിക്കുന്നതുമായ പ്രത്യേക പ്രതിജ്ഞ ശാഖകളിൽ എല്ലാ അംഗങ്ങളും ഒരു പ്രത്യേക സ്ഥലത്തുകൂടി ഉറക്കെച്ചൊല്ലി. ആദ്യത്തെ അതേ ഉണർവ്വോടെ എല്ലാ വർഷവും ഈ ദിനാചരണം എല്ലാ ശാഖകളിലും അഭംഗുരം നടന്നു വരുന്നുണ്ട്.

വജ്രജൂബിലിയുടെ ഭാഗമായി മദ്യത്തിനും പുകവലിയ്ക്കും ആഭരണഭ്രമത്തിനുമെതിരായുള്ള സമരം സഖ്യാംഗങ്ങൾ സർവ്വശക്തിയോടുംകൂടി ആരംഭിച്ചു. ജസ്റ്റീസ് ബാലകൃഷ്ണ എറാടിയുടെ അദ്ധ്യക്ഷതയിൽ സെന്റ് ആൽബർട്ട്സ് കോളേജിൽ പൊതുസമ്മേളനം നടന്നു. കൊച്ചി, വരാപ്പുഴ, എറണാകുളം രൂപതകളുടെ സംയുക്താഭിമുഖ്യത്തിൽ നടത്തപ്പെട്ട ഈ ബോധവല്ക്കരണ സമ്മേളനത്തെ തുടർന്ന് സഖ്യാംഗങ്ങൾ എറണാകുളം നഗരവീഥികളിലൂടെ ഒരു റാലി സംഘടിപ്പിക്കയുണ്ടായി. ഡോ. സെബാസ്റ്റ്യൻ മങ്കുഴിക്കരി ആദ്യന്തം ഈ ജാഥയിൽ പങ്കെടുത്തു. മദ്യപാനം, പുകവലി, ആഭരണഭ്രമം എന്നീ സാമൂഹ്യതിന്മകൾക്കെതിരെ മനുഷ്യ മനസ്സാക്ഷിയെ ഉഥിപ്പിക്കാൻ ഉതകുന്ന മുദ്രാവാക്യങ്ങൾ എഴുതിയ പ്ലാക്കാർഡുകൾ ജാഥാംഗങ്ങൾ വഹിച്ചിരുന്നു.

തങ്ങൾ മദ്യം ഉപയോഗിക്കുന്നതല്ലെന്നും മദ്യപാനത്തിന് ഇതരരെ പ്രേരിപ്പിക്കയില്ലെന്നും പ്രതിജ്ഞ ചെയ്തുകൊണ്ടും കേരളത്തിൽ സമ്പൂർണ്ണമദ്യനിരോധനം ഏർപ്പെടുത്തണമെന്ന് കേരളസർക്കാരിനോട് ആവശ്യപ്പെട്ടുകൊണ്ടും ഒരു ലക്ഷം വിദ്യാർത്ഥികൾ ഒപ്പിട്ട ഒരു മെമ്മോറാണ്ടം 1978 ജൂലൈ 8-ാം തീയതി അന്നത്തെ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണിയ്ക്ക് സംഖ്യാംഗങ്ങൾ നേരിട്ടു സമർപ്പിച്ചു. കെ. സി. എസ്. എൽ. നേതൃത്വം നല്കിയ ഈ സംരംഭത്തെ കേരളത്തിലെ എല്ലാ പത്രങ്ങളും സാംസ്കാരിക നേതാക്കളും പ്രശംസിക്കുകയുണ്ടായി. ചില പത്രങ്ങൾ മുഖപ്രസംഗത്തിലൂടെ തന്നെ സഖ്യത്തെ പ്രോത്സാഹിപ്പിക്കുകയുമുണ്ടായി.

## അദ്ധ്യായം 6

# വികാസത്തിന്റെ പുതിയമാനങ്ങൾ

1973 മുതൽ 77 വരെ സംസ്ഥാന ഡയറക്ടറായി നിസ്തുല സേവനം സഖ്യത്തിനു നല്കിയ ഫാ. എസ്. വെങ്ങാലൂർ സി. എം. ഐ. ഉപരിപഠനാർത്ഥം റോമിലേയ്ക്കു പോയപ്പോൾ പണ്ഡിതനും, പരിചയ സമ്പന്നനും ഊർജ്ജസ്വലനുമായ ഫാ. ജോർജ്ജ് ഈരത്തറ സി. എം. ഐ. ജോയിന്റ് ഡിറക്ടറായി ചാർജെടുത്തു. 1977 ആഗസ്റ്റ് 6ന് അദ്ദേഹത്തെ ജനറൽ ഡിറക്ടറായി കെ. സി. ബി. സി. നിയമിച്ചു.

1978 ഫെബ്രുവരി 18,19 തീയതികളിൽ മൂവാററുപുഴ നിർമ്മല കോളേജിൽവച്ച് സഖ്യത്തിന്റെ 61-ാം വാർഷികം ആഘോഷിച്ചു. വർണ്ണോജ്ജ്വലമായ റാലി വാർഷികത്തിനു മാററു കൂട്ടി. ബിഷപ്പ് പുന്നക്കോട്ടിൽ അദ്ധ്യക്ഷം വഹിച്ച പൊതു സമ്മേളനം ഡോ. ജോസഫ് കേളന്തറ ഉദ്ഘാടനം ചെയ്തു. അന്നത്തെ ആഭ്യന്തരമന്ത്രി ശ്രീ. പി. ജെ. ജോസഫ്, ശ്രീ. പി. സി ജോസഫ് എം. എൽ. ഏ മുതലായവർ യോഗത്തെ അഭിസംബോധന ചെയ്തു. 19—ാം തീയതി ഉച്ചകഴിഞ്ഞ്

ശ്രീ. സിറിയക് ജോസഫിൻെറ അദ്ധ്യക്ഷതയിൽ ചേൎന്ന മൂന്നാം മാനേജിംഗ് കമ്മററി യോഗത്തിൽ 137 പ്രതിനിധി കരം സംബന്ധിച്ചു. വിദ്യാൎത്ഥി സെക്രട്ടറിമാരുടെ തെരഞ്ഞെടുപ്പ് ഈ യോഗത്തിൽ വച്ച് നടക്കുകയുണ്ടായി. 1977–78 ൽ 15 രൂപതകളിലായി 198 ശാഖകളും 29,946 വിദ്യാൎത്ഥി അംഗങ്ങളും സംഘടനയ്ക്കു് ഉണ്ടായിരുന്നു.

1978 ഏപ്രിൽ 3 മുതൽ 8 വരെ കളമശ്ശേരി രാജഗിരി ഹൈസ്കൂളിൽ നടന്ന നേതൃത്വപരിശീലന ക്യാമ്പിൽ 129 വിദ്യാൎത്ഥികരം സംബന്ധിച്ചു.

## ഗ്രന്ഥപാരായണ വർഷം

മുൻകൂട്ടി നിശ്ചയിച്ചിരുന്നതുപോലെ 1978-79 ഗ്രന്ഥ പാരായണ വൎഷമായി സഖ്യം ആചരിച്ചു. ഏററം കൂടുതൽ ഗ്രന്ഥങ്ങരം വായിച്ച് പാരായണ കുറിപ്പെഴുതുന്ന കുട്ടികരംക്ക് സംസ്ഥാനതലത്തിലും രൂപതാതലത്തിലും സമ്മാനങ്ങരം നല്കപ്പെട്ടു. വിവിധ സാഹിത്യ ശാഖയിൽപ്പെട്ട 25 പുസ്തകങ്ങരം വായനയ്ക്കായി നിർദ്ദേശിച്ചിരുന്നു. വിജ്ഞാനതൃഷ്ണ വൎദ്ധിപ്പിക്കാനും അന്വേഷണകൗതുകം വളൎത്താനും ആസ്വാദന ശേഷി പരിപോഷിപ്പിക്കാനും ഇതു കുട്ടികളെ കുറെയൊക്കെ പ്രാപ്തരാക്കി.

സന്മാൎഗ്ഗപഠനം ഹൈസ്കൂരം പാഠ്യപദ്ധതിയിൽ ഉരംപ്പെടുത്തണമെന്നു് അഭ്യൎത്ഥിച്ചുകൊണ്ടു് 1978 ഒക്ടോബർ മാസത്തിൽ കേന്ദ്ര നിർദ്ദേശപ്രകാരം, ആയിരക്കണക്കിനു് സഖ്യാംഗങ്ങരം കേരള മുഖ്യമന്ത്രിയ്ക്കു് കത്തുകരം അയയ്ക്കുകയുണ്ടായി. ഗവണ്മെൻറു സ്കൂളുകളിലുരംപ്പെടെ സന്മാൎഗ്ഗപഠനം പാഠ്യപദ്ധതിയുടെ ഭാഗമാക്കണമെന്നു് ഗവണ്മെൻറ് പിന്നീടു് നിർദ്ദേശം നല്കി.

സംഭവനാ കാർഡുകരം വഴി ഒരു ഫണ്ടു പിരിവിനുള്ള സംരംഭം 1978 ജൂണിൽ ആരംഭിച്ചു. സംസ്ഥാന ഡയറക്ടർ തന്നെയാണിതിൻെറ രൂപരേഖ തയ്യാറാക്കിയതു്. ഫണ്ടു ശേഖരണത്തിൽ വ്യാപൃതരായിരുന്ന വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിനു് ഒരു വിനോദയാത്രയും വാഗ്ദാനം ചെയ്തിരുന്നു. ചില രൂപതകരം ഈ പരിശ്രമത്തിൽ വേണ്ടത്ര സഹകരിക്കാതിരുന്നതിനാൽ ഫണ്ടു പിരിവു് വിചാരിച്ചിടത്തോളം വിജയിച്ചില്ല.

മതപരിവൎത്തനം നിഷേധിച്ചുകൊണ്ടു് മി. ത്യാഗി പാർലമെൻറിൽ അവതരിപ്പിച്ച കുപ്രസിദ്ധമായ ത്യാഗബില്ല് ഇന്ത്യയുടെ മതനിരപേക്ഷതയ്ക്കു് ഒരു കണ്ടകോടാലിയായി

രുന്നു. ഇന്ത്യമുഴുവൻ ക്രിസ്ത്യാനികൾ ഈ ബില്ലിനെതിരെ പ്രതിഷേധമുയർത്തി. അതിൻെറ ഭാഗമായി കേരളസഭ ഒന്നടങ്കം തിരുവനന്തപുരത്ത് റാലിയും പൊതുയോഗവും സംഘടിപ്പിച്ചു. 1979 മാർച്ചിൽ അലയടിച്ച ഈ പ്രതിഷേധ പ്രകടനങ്ങളിൽ കെ.സി.എസ്.എൽ. വളരെ ശ്രദ്ധേയമായ പങ്കു വഹിച്ചു. ഈ പ്രതിഷേധത്തിൻെറ കൊടുങ്കാററിൽ ത്യാഗിബിൽ കടപുഴകി വീണു.

ആ വർഷത്തെ സംസ്ഥാന ക്യാമ്പ് 1979 ഏപ്രിൽ 3 മുതൽ 7 വരെ രാജഗിരി ഹൈസ്കൂളിൽ നടന്നു. ബിഷപ്പ് ആൻറണി തണ്ണിക്കോട്ട് ഉദ്ഘാടനം ചെയ്ത ക്യാമ്പിൻെറ സമാപനസമ്മേളനത്തിൽ മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി അദ്ധ്യക്ഷനായിരുന്നു. പ്രഗത്ഭരായ പലരും ക്യാമ്പിൽ ക്ലാസ്സെടുത്തു. ക്യാമ്പിനിടയിൽ ഒരു ദിവസം മലയാററൂർ മലമുകളിലേയ്ക്ക് തീർത്ഥാടനവും കുരിശിൻെറ വഴിയും നടത്തുകയുണ്ടായി.

## വിദ്യാഭ്യാസ മാർഗനിർദ്ദേശകക്യാമ്പ്

എസ്. എസ്. എൽ. സി. പരീക്ഷയിൽ ഉന്നതവിജയം കൈവരുത്തുവാൻ എങ്ങിനെ പഠിക്കണം, എങ്ങിനെ പരീക്ഷയെഴുതണം തുടങ്ങിയ കാര്യങ്ങളെ പുരസ്കരിച്ച് ഒരു വിദ്യാഭ്യാസ മാർഗ്ഗനിർദ്ദേശക ക്യാമ്പ് 1979 ഏപ്രിൽ 23 മുതൽ 28 വരെ കോട്ടയം ചൈതന്യയിൽവച്ചു നടത്തി. 9–ാം സ്റ്റാൻഡാർഡിൽനിന്നും 60% മാർക്കിൽ കൂടുതൽ വാങ്ങിയ 49 വിദ്യാർത്ഥികൾ ഈ ക്യാമ്പിൽ സംബന്ധിച്ചു. പ്രൊഫ. ജോസഫ് അലക്സാണ്ടർ, ശ്രീമതി ഇന്ദു ബി. നായർ, പാലാ കെ. എം. മാത്യു എന്നിവർ ക്ലാസ്സെടുത്തു. ശ്രീ. കെ. എം. മാണി. കെ. ടി. തോമസ്, പ്രൊഫ. കെ. സി. ചാക്കോ, ജോൺ കുന്നപ്പള്ളി, ഡോ. പി. ജെ. വർഗ്ഗീസ്, കളക്ടർ ജോൺ മത്തായി, ആർച്ചുബിഷപ്പ് ആൻറണി പടിയറ എന്നിവർ ജീവിതത്തിൻെറ വിവിധ മേഖലകളിൽ തങ്ങൾ എപ്രകാരമാണു പടപൊരുതി വിജയിച്ചതെന്നു് കുട്ടികളെ പറഞ്ഞു മനസ്സിലാക്കി.

ഈ ക്യാമ്പിൻെറ മാതൃകയിൽ പല രൂപതകളിലും പിന്നീട് ഇത്തരം വിദ്യാഭ്യാസ മാർഗ്ഗനിർദ്ദേശകക്യാമ്പ് സംഘടിപ്പിക്കുകയുണ്ടായി.

പുതിയതായി രൂപംകൊണ്ട ഇരിങ്ങാലക്കുട രൂപതയിലെ സഖ്യപ്രവർത്തനങ്ങൾ 1978 ഒക്ടോബർ 29–ന് രൂപതാദ്ധ്യക്ഷൻ മാർ ജെയിംസ് പഴയാററിൽ ഉദ്ഘാടനം ചെയ്തു.

രൂപതകളെ പല മേഖലകളായിത്തിരിച്ച് മേഖലാടിസ്ഥാനത്തിൽ ക്യാമ്പുകൾ സംഘടിപ്പിക്കുക, ശാഖതോറും ഏകദിന സെമിനാറുകൾ നടത്തുക, ആനിമേറേറഴ്സിന് വേണ്ടി പ്രത്യേകം സെമിനാറുകൾ സംഘടിപ്പിക്കുക, മുതലായ പ്രവർത്തനങ്ങൾ ഈ കാലഘട്ടത്തിൽ പല രൂപതകളിലും നടത്തിപ്പോന്നു വിദ്യാർത്ഥികളുടെ സാഹിത്യ വാസനയെ പ്രോത്സാഹിപ്പിക്കുന്നതിനായി പല പ്രസിദ്ധീകരണങ്ങളും രൂപതാടിസ്ഥാനത്തിൽ അച്ചടിച്ചു വിതരണം ചെയ്യുകയുണ്ടായി. പല രൂപതകളിൽ നിന്നും കെ.സി.എസ്.എൽ. ബുള്ളററിനുകൾ പ്രസിദ്ധീകരിക്കയുണ്ടായി എന്നതും ഇവിടെ സ്മർത്തവ്യമത്രേ.

1979-ലെ തെരഞ്ഞെടുപ്പിൽ മുൻ ഭാരവാഹികളായ സിറിയക്ക് ജോസഫ് (പ്രസിഡൻറ്), ജോസ് ആറുപറ (ജനറൽ സെക്രട്ടറി), എൻ ജെ. ജോബ് (ട്രഷറർ) എന്നിവർ തന്നെ തെരഞ്ഞെടുക്കപ്പെട്ടു.

സഖ്യത്തിൻെറ 62-ാം വാർഷികം 1979 ഫെബ്രുവരി 10, 11 തീയതികളിൽ തേവര കോളേജിൽ വച്ചു ആഘോഷിച്ചു ആഭ്യന്തരമന്ത്രി ശ്രീ. കെ. എം. മാണി അദ്ധ്യക്ഷനായിരുന്ന പൊതു സമ്മേളനം ഉദ്ഘാടനം ചെയ്തതു് കർദ്ദിനാൾ പാറേക്കാട്ടിൽ ആണ് "നമ്മുടെ വിദ്യാലയങ്ങളിലും കലാലയങ്ങളിലും ക്രൈസ്തവ ചൈതന്യം പ്രചരിപ്പിക്കുവാൻ കഴിയുന്ന നന്മയുടെ ദൂതന്മാരെ രൂപപ്പെടുത്തുവാൻ കെ. സി. എസ്. എൽ. -നു സാധിക്കുമെന്നു" തിരുമേനി പറഞ്ഞു. സമാപന സമ്മേളനത്തിൽ എറണാകുളം ഡിസ്ട്രിക്ററ് ജഡ്ജ് ശ്രീമതി എലിസബത്ത് മത്തായി ഇടിക്കുള മുഖ്യാതിഥിയായിരുന്നു.

1979-ൽ സംഘടനയിൽ 220 ശാഖകളും 28,079 വിദ്യാർത്ഥി അംഗങ്ങളും ഉണ്ടായിരുന്നു.

## ശിശുവത്സരം

1979 അന്തരാഷ്ട്ര ശിശുവത്സരമായി ആചരിച്ചപ്പോൾ കെ. സി. എസ്. എൽ. സംസ്ഥാനതലത്തിൽ ഒരു ഉപന്യാസ മത്സരം നടത്തി വിജയികൾക്ക് സമ്മാനങ്ങൾ നല്കി.

1980-81 ലെ പ്രഥമ മാനേജിംഗ് കമ്മററി പാസാക്കിയ ഒരു പ്രമേയം ചരിത്രം സൃഷ്ടിച്ച ഒന്നായിരുന്നു. "കെ.സി. എസ്. എൽ. ലിൽ സജീവമായി പ്രവർത്തിച്ചിട്ടുള്ള വിദ്യാർ

ത്ഥികൾക്ക് രൂപതാ ഡയറക്ടർ നല്കുന്ന സർട്ടിഫിക്കററിൻെറ അടിസ്ഥാനത്തിൽ കോളേജ് പ്രവേശനത്തിനു് മാനേജ്മെൻറ് ക്വോട്ടായിൽ പ്രത്യേക പരിഗണന നല്കണമെന്നു് കത്തോലിക്കാ മാനേജുമെൻറുകളോടും കെ.സി.ബി.സി.യോടും അഭ്യത്ഥിക്കുന്നു.'' ചങ്ങനാശ്ശേരി, പാലാ, കോട്ടയം തുടങ്ങിയ രൂപതകളുടെ സ്ഥാപനങ്ങളിൽ ഇതനുസരിച്ചുള്ള പരിഗണന ലഭിക്കുന്നുണ്ട്. മററു രൂപതകളും, മാനേജുമെൻറുകളും ഈ മാതൃക സ്വീകരിച്ചിരുന്നുവെങ്കിൽ!

## ഡയറക്ടറുടെ വിദേശപര്യടനം

സംസ്ഥാന ഡയറക്ടർ ഫാ. ഈരത്തറ ആറുമാസത്തെ യൂറോപ്യൻ പര്യടനത്തിനു പോയപ്പോൾ ഫാ. ജോർജ് കല്ലറയ്ക്കൽ സി.എം.ഐ. ആക്ററിംഗ് ഡിറക്ടറായി ചാർജെടുത്തു. എറണാകുളം അതിരൂപതാ ഡിറക്ടറായിരുന്ന അദ്ദേഹത്തിനു് സഖ്യത്തിൻെറ പ്രവത്തന ശൈലി സുപരിചിതമായിരുന്നു. 1979-80ലെ പ്രവർത്തന പരിപാടികളിൽ കേന്ദ്ര ഭാരവാഹികളുടെ രൂപതാസന്ദർശനം ഉൾപ്പെടുത്തിയിരുന്നു. ഈ പരിപാടി കേന്ദ്ര രൂപതാബന്ധം സുദൃഢമാക്കാൻ ഏറെ സഹായിച്ചു.

ബ. ഈരത്തറയച്ചൻെറ വിദേശപര്യടനം സാമ്പത്തികമായി സംഘടനയ്ക്കു് ശക്തി പകരാനും ചില സാമൂഹ്യസേവന പരിപാടികൾ ആവിഷ്കരിക്കാനും സഹായകമായിത്തീന്നു. മാത്രമല്ല, റോമിൽവച്ച് പ. പിതാവിനെ സന്ദർശിച്ച് കെ. സി. എസ് .എൽ-ൻെറ ഒരു ഉപഹാരം സമർപ്പിക്കുകയും സഖ്യത്തിനായി പരിശുദ്ധ പിതാവിൻെറ പ്രത്യേക ആശീർവ്വാദം നേടുകയും ചെയ്തു. പോളണ്ടിലെ AMA എന്ന സംഘടനയിൽ നിന്നും ഈരത്തറയച്ചൻ വഴി ലഭിച്ച സഹായം ഉപയോഗിച്ച് എല്ലാ രൂപതാ ആനിമേറേറഴ്സ് ക്യാമ്പിനും കേന്ദ്രത്തിൽ നിന്നും ചരിത്രത്തിലാദ്യമായി ധനസഹായം നല്കി. ബിൽഡ് പോസ്റ്റ് എന്ന സംഘടനയിൽനിന്നും ബ. ഈരത്തറയച്ചൻ സമ്പാദിച്ച 15000 കിലോഗ്രാം വസ്ത്രങ്ങൾ കേരളത്തിലെ സാധുക്കൾക്കായി കെ.സി.എസ്.എൽ. പ്രവത്തകരിലൂടെ വിതരണം ചെയ്തു. കൊച്ചിയിലെ കസ്റ്റംസ് അധികൃതരുടെ അനാസ്ഥമൂലം ഇതിൽ 5000 കിലോഗ്രാമിൻെറ നാശനഷ്ടം സംഭവിച്ചുവെന്ന കാര്യവും ഇവിടെ രേഖപ്പെടുത്തുന്നു.

**ആടുവിതരണം**

1980 സെപ്റ്ററംബർ 13-ാം തീയതി സംസ്ഥാന തലത്തിൽ സാമൂഹ്യ സേവന ദിനം ആചരിച്ചു. ഒരു വിദേശ സംഘടനയുടെ സഹായത്തോടെ ബ. ഈരത്തറയച്ചൻ മറെറാരു പദ്ധതിയ്ക്കു് രൂപം നൽകിയിരുന്നു—ആടുവിതരണ പരിപാടി. 150 രൂപാ വിലയുള്ള ഒരാടിനെ വാങ്ങി ശാഖയിലെ ഒരു ദരിദ്ര വിദ്യാത്ഥിക്കോ, ഒരു സാധു കുടുംബത്തിനോ നൽകുന്നു. ആടു പ്രസവിക്കുമ്പോൾ ഒരു കുഞ്ഞിനെ ശാഖാഭാരവാഹികളെ ഏല്പിക്കുന്നു. വീണ്ടും ഈ രീതിയിൽ വിതരണ പ്രക്രിയ തുടന്നുകൊണ്ടിരിക്കും. ഏതാണ്ടു് 350-ൽ പരം ആടുകളെ ഈ പദ്ധതി പ്രകാരം വിതരണം ചെയ്യുവാൻ സഖ്യത്തിനു കഴിഞ്ഞു. എറണാകുളം അതിരൂപതയിൽ ഈ ആടു വിതരണ പദ്ധതി ഇപ്പോഴും തുടരുന്നുണ്ടു്.

1978 വരെ സംസ്ഥാന കലാമത്സരങ്ങളിൽ പുറത്തുനിന്നു് സഖ്യാംഗങ്ങളല്ലാത്ത പിന്നണിക്കാരെ ഉപയോഗിച്ചിരുന്നു. 1977-78-ലെ രണ്ടാം മാനേജിംഗ് കമ്മററി ഈ രീതി അവസാനിപ്പിക്കുകയും പകരം ഒന്നുകിൽ പശ്ചാത്തല സംഗീതോപകരണങ്ങൾ മത്സരത്തിൽ പങ്കെടുക്കുന്നവർ തന്നെ വായിക്കണമെന്നും അല്ലെങ്കിൽ റിക്കാർഡു ചെയ്ത കാസെററുകൾ ഉപയോഗിക്കണമെന്നും തീരുമാനിച്ചു. ഈ രീതിയാണു് ഇപ്പോഴും തുടരുന്നതു്. കലാമത്സര വേദിക്കു പിന്നിലെ ആൾത്തിരക്കു കുറയ്ക്കാനും സാമ്പത്തിക ക്ലേശം ലഘൂകരിക്കാനും ഇതു കൊണ്ടു സാധിച്ചു.

79-80-ൽ കേന്ദ്രാഭിമുഖ്യത്തിൽ ഫണ്ടു ശേഖരണ പരിപാടിയൊന്നും ആസൂത്രണം ചെയ്തിരുന്നില്ല. അതിനാൽ നൂറു രൂപയിൽ കുറയാത്ത ഒരു തുക ഓരോ രൂപതയും കേന്ദ്രത്തിനു നല്കണമെന്നു് ഒന്നാം മാനേജിംഗ് കമ്മററി യോഗം തീരുമാനിച്ചു. പല രൂപതകളും ഇക്കാര്യത്തിൽ സഹകരിച്ചില്ലായെന്നതാണു് പരമാത്ഥം.

സഖ്യത്തിൻെറ 63-ാം വാഷികം 1980 ഫെബ്രുവരി 9-നു് ആലപ്പുഴ ലിയോ XIIIth ഹൈസ്കൂളിൽ വച്ചു നടന്നു. 10-ാം തീയതി സ്പോർട്ട്സ് ക്വിസ്സ്, സ്പോർട്ട്സ് സിമ്പോസിയം എന്നിവ നടന്നു. കലാമേള ഫെബ്രുവരി 17-ാം തീയതി എറണാകുളം കലാഭവനിൽ വച്ചാണു നടന്നതു്. വാഷികാഘോഷ പരിപാടികൾ ഇപ്രകാരം രണ്ടു രൂപതകളിൽ രണ്ടു സ്ഥലത്തുവച്ചു നടത്തിയെന്നതു് 63-ാം വാഷികത്തിൻെറ മാത്രം പ്രത്യേകതയാണു്.

ലിസിയമ്മ കര്യനശേഷം പഠനത്തിൽ ഏററവും മികവു കാട്ടിയ കെ.സി.എസ്.എൽ. അംഗമായിരുന്നു റീനി തോമസ്.

1980-ലെ പരീക്ഷയിൽ 3-ാം റാങ്ക നേടിയ റീനി തോമസിനു് (ഹോളി ഏഞ്ചൽസ് വിദ്യാത്ഥിനി) കെ. സി. എസ്. എൽ. സ്കോളർഷിപ്പ നൽകി അംഗീകരിച്ചു.

ആ വർഷത്തെ നേതൃത്വ ക്യാമ്പ് 1980 ഏപ്രിൽ 11 മുതൽ 15 വരെ തേവര കോളേജിൽ വച്ചു നടന്നു. സി.ബി.സി.ഐ. യൂത്തു കമ്മീഷൻ ചെയർമാൻ ബിഷപ്പ് ഗ്രേഷ്യൻ മുണ്ടാടൻ ഉദ്ഘാടനം ചെയ്ത ക്യാമ്പിൽ പ്രഗത്ഭരായ അദ്ധ്യാപകർ ക്ലാസ്സു കളെടുത്തു. രണ്ടാമത്തെ ക്യാമ്പ് കോട്ടയം ചൈതന്യയിൽ വച്ച് (ഏപ്രിൽ 26 മുതൽ 30 വരെ) മന്ത്രി ശ്രീ. ലോനപ്പൻ നമ്പാടൻ ഉദ്ഘാടനം ചെയ്തു. രണ്ടു ക്യാമ്പിലുമായി ഏതാണ്ട് 140-ൽപരം കുട്ടികൾ പരിശീലനം നേടി.

മികച്ച അദ്ധ്യാപകനുള്ള സംസ്ഥാന അവാർഡു ലഭിച്ച ശ്രീ.കാളിയാർ മാത്യുവിനെ 1980 നവംബർ 8നു് ബി.സി.എം. കോളേജിൽ ചേന്ന മാനേജിംഗ് കമ്മററി യോഗം അനുമോദിച്ചു. സഖ്യത്തിൻെറ സജീവപ്രവത്തകനും, മികച്ച അദ്ധ്യാപകനും, സംഘാടകനും എഴുത്തുകാരനും സാമൂഹ്യപ്രവത്തകനുമായ അദ്ദേ ഹം അന്നു് കോതമംഗലം രൂപതയിലെ കെ.സി.എസ്.എൽ. നിർവ്വാഹകസമിതിയംഗമായിരുന്നു.

1980-81-ൽ 16 രൂപതകളിലായി 30000 പ്രവത്തകാംഗ ങ്ങളും 20000 ഭാഗികാംഗങ്ങളും 300-ൽ പരം ശാഖകളും സഖ്യ ത്തിനുണ്ടായിരുന്നു. 1980-81-ൽ തന്നെ 12267 അംഗങ്ങൾ പുതിയതായി ചേന്നു.

## പി. ററി. തോമസ് ഷെവലിയറാകുന്നു

64-ാം വാഷികം പാലാ സെൻറ് തോമസ് ഹൈസ്കൂളിൽ വച്ചു് 1981 ഫെബ്രുവരി 14-ാം തീയതിയാരംഭിച്ചു. ''സമര ബഹുലവും മുദ്രാവാക്യമുഖരിതവുമായ ഈ കാലഘട്ടത്തിൽ ജീവിതമൂല്യങ്ങളെ മുറുകെപ്പിടിക്കുകയും സ്വയം ശൂന്യരാക്കി മററുള്ളവക്കു നന്മ ചെയ്യാൻ ദാഹിക്കുകയും ചെയ്യുന്ന ക്രിസ്തുവാഹ കരായിരിക്കണം കെ.സി.എസ്.എൽ. അംഗങ്ങൾ'' എന്നു് മാനേജിംഗ് കമ്മററി യോഗം ഉദ്ഘാടനം ചെയ്തുകൊണ്ടു് ബിഷപ്പ് ജോസഫ് പള്ളിക്കാപ്പറമ്പിൽ ഉദ്ബോധിപ്പിച്ചു. 64-ാം വാഷികത്തിനു് ഹരം പകന്ന അവിസ്മരണീയമായ ഒരു സംഭവമാണ് ഷെ. പി. ററി. തോമസിനു നല്കിയ സ്വീകര ണവും അനുമോദനവും. ചൈതന്യം നിറഞ്ഞ ഒരു കത്തോലി ക്കൻ, ആയുഷ്കാലം മുഴുവൻ അപ്പ്ണബുദ്ധിയോടും ആത്മാത്ഥത യോടുംകൂടി അവിവാഹിതനായി ക്രിസ്തുവിനുവേണ്ടി ജീവിച്ച ഒരു പ്രവാചകൻ, മാതൃകാദ്ധ്യാപകൻ, തികഞ്ഞ പണ്ഡിതൻ, സമത്ഥനായ സംഘാടകൻ, ശക്തനായ തൂലികോപാസകൻ,

അതുല്യ വാഗ്മി, സാമൂഹിക-സാംസ്കാരിക-മതമണ്ഡലങ്ങളിൽ രാജാളിയേപ്പോലെ വിഹരിച്ച അതുല്യ അല്മായ പ്രേഷിതൻ എന്നീ നിലകളിൽ വിഖ്യാതനായ പ്രൊഫ. പി.ററി. തോമസ്സിന് ഷെവലിയർ സ്ഥാനം നല്കി സഭ അംഗീകരിച്ചു. കെ. സി. എസ്. എൽ. സംഘടനയ്ക്കുവേണ്ടി 10 വർഷക്കാലം ട്രഷറർ ആയും 12വർഷക്കാലം പ്രസിഡൻറ് ആയും അഹോരാത്രം പണിയെടുക്കുകയും അതിൻെറ പുനരുജ്ജീവനത്തിന് മൃതസജ്ജീവനിയായിത്തീരുകയും ചെയ്ത അദ്ദേഹത്തിന് സഖ്യം അഭിനന്ദനങ്ങളർപ്പിച്ചു. മാർ സെബാസ്റ്റ്യൻ വയലിൽ, അഡ്വ. സിറിയക്ക് ജോസഫ്, പ്രൊഫ. കെ. ടി. സെബാസ്റ്റ്യൻ, ജോൺ മത്തായി എന്നിവർ ആശംസാപ്രസംഗങ്ങൾ നടത്തി. ''എൻെറ കെ.സി.എസ്.എൽ. ആണ് എനിക്ക് ഷെവലിയർ സ്ഥാനം വാങ്ങിത്തന്നതെന്ന്'' വികാരനിർഭരനായ ശ്രീ. പി. ററി. തോമസ് വിനയമധുരമായി പ്രഖ്യാപിച്ചു.

## മതസൗഹാർദ്ദ ദിനം

1981 ഒക്ടോബറിലെ ഗാന്ധിജയന്തി ദിനം മതസൗഹാർദ്ദ ദിനമായി കെ. സി. എസ്. എൽ ആചരിച്ചു. മതവൈരാഗ്യത്തിൻെറ പേരിൽ ചോരപ്പുഴയൊഴുക്കിക്കൊണ്ടിരുന്ന മുതിർന്ന ഏതാനും ചിലരുടെ ഭ്രാന്തിനെതിരായി കുട്ടികൾ പ്രതികരിച്ചതു് അപ്രകാരമായിരുന്നു. അതുപോലെതന്നെ അന്തരാഷ്ട്ര വികലാംഗ വർഷമായി പ്രഖ്യാപിക്കപ്പെട്ട 1981ൽ ഒരു ദിവസം സംസ്ഥാനതലത്തിൽ വികലാംഗദിനമായി സഖ്യം ആചരിച്ചു.

ഏററം നല്ല ശാഖയെ തെരഞ്ഞെടുത്തു് ട്രോഫി നല്കുന്ന രീതിയിൽ മാററം വരുത്തണമെന്ന് 81 നവംബറിൽ കോട്ടയത്തു ചേർന്ന മാനേജിംഗ് കമ്മററിയോഗം തീരുമാനമെടുത്തു. ശാഖകളെ, ആൺകുട്ടികളുടെ ശാഖ, പെൺകുട്ടികളുടെ ശാഖ, സമ്മിശ്ര ശാഖ എന്നു മൂന്നായി തിരിച്ച് ഓരോന്നിലും ഏററം നല്ല ശാഖയ്ക്ക് ട്രോഫി നല്കുന്ന രീതി 1982-ൽ 65-ാം വാർഷികത്തോടനുബന്ധിച്ച് സ്വീകരിച്ചു തുടങ്ങി. പക്ഷേ, ആ വർഷം സമ്മിശ്ര വിഭാഗത്തിൽ മികച്ച സ്കോർ ഇല്ലാതിരുന്നതിനാൽ അതിനു സമ്മാനം നല്കിയില്ല.

1981 നവംബർ 14-ാം തീയതി ചേർന്ന മാനേജിംഗ് കമ്മററി യോഗത്തിൽ 82-85 ലേയ്ക്കുള്ള കേന്ദ്രനിർവ്വാഹക സമിതിയംഗങ്ങളുടെ നാമനിർദ്ദേശം നടന്നു. ഒരു സർവ്വകാല റിക്കാർഡ് എന്ന വിധം വളരെയധികം പേർ നോമിനേഷൻ നല്കിയിരുന്നു.

സഖ്യം പ്രസിഡണ്ടായിരുന്ന അഡ്വ. സിറിയക്ക് ജോസഫിനെ സി.ബി.സി.ഐ. യുടെ ദേശീയ ഉപദേശക സമിതിയുടെ

(National Advisory Council) ആദ്യത്തെ അത്മായ സെക്രട്ടറിയായി തെരഞ്ഞെടുത്തു. 1981 നവം. 14 ന കൂടിയ മാനേജിംഗ് കമ്മററി അദ്ദേഹത്തെ അനുമോദിക്കയും ദേശീയ തലത്തിൽ തങ്ങളുടെ പ്രസിഡണ്ടിനു കിട്ടിയ ഈ അംഗീകാരത്തിൽ ആഹ്ലാദം പ്രകടിപ്പിക്കുകയും ചെയ്തു.

## അപ്പർ പ്രൈമറി അംഗങ്ങൾ

ഭരണഘടനയുടെ രണ്ടാം ഭാഗത്തിലെ 5-ഉം 6-ഉം വകുപ്പുകരം ഭേദഗതി ചെയ്ത് അപ്പർ പ്രൈമറി വിഭാഗം വിദ്യാർത്ഥികരംക്ക് സംഘടനയിൽ സജീവാംഗത്വം നല്കണമെന്നുള്ള പ്രമേയം 1981 നവംബർ 14-ാം തീയതി കോട്ടയം ബി. സി. എം. കോളേജിൽ ചേന്ന മാനേജിംഗ് കമ്മററിയിൽ മാസ്റ്റർ വിത്സൻ സേവ്യർ അവതരിപ്പിച്ചതു് ഐകകണ്ഠ്യേന പാസായി. 9-ാം വകുപ്പ് പരിപൂർണ്ണമായി നീക്കം ചെയ്യുവാനുള്ള നിർദ്ദേശവും അംഗീകരിച്ചു. 1982 ഫെബ്രുവരി 13-ാം തീയതി എറണാകുളം സെൻറ് തെരേസാസ് ഹൈസ്കൂളിൽ ചേന്ന മൂന്നാം മാനേജിംഗ് കമ്മററി യോഗത്തിൽ ശ്രീ. ജോസ് ആററുപുറം ഭരണഘടനാ ഭേദഗതി അവതരിപ്പിച്ചു. യോഗം അതു് ഐകകണ്ഠ്യേന പാസ്സാക്കി. അപ്പർ പ്രൈമറി വിദ്യാർത്ഥികരം അങ്ങനെ സഖ്യത്തിൻെറ സജീവാംഗങ്ങളായിത്തീന്നു.

## ഷെവ. പി. ററി തോമസിൻെറ നിര്യാണം

കെ. സി. എസ്. എൽ സംഘടനയുടെ ജീവനും ഓജസ്സുമായി പന്തീരാണ്ടോളം പ്രവത്തിച്ച ശ്രീ. പി. ററി. തോമസ് 1981 നവംബർ 20 ന് എല്ലാവരെയും ദുഃഖാർത്തരാക്കിക്കൊണ്ട് കാലയവനികയ്ക്കുള്ളിൽ തിരോധാനം ചെയ്തു. കെ. സി. എസ്. എൽ. പതാകയിൽ പൊതിഞ്ഞ മൃതദേഹത്തിൽ സഖ്യം പ്രസിഡൻറ് സിറിയക്ക് ജോസഫും സംസ്ഥാന ഡയറക്ടർ ഫാ. ജോർജ് ഈരത്തറയും സഖ്യാംഗങ്ങളിൽ പലരും ആദരാജ്ഞലികരം അർപ്പിച്ചു. അദ്ദേഹത്തെ ചങ്ങനാശ്ശേരി പാറേൽപള്ളി സിമിത്തേരിയിൽ സംസ്കരിച്ചു. പരേതൻെറ ആത്മശാന്തിക്കായി സഖ്യം പ്രത്യേകം പ്രാർത്ഥനകരം നടത്തുകയും അനുശോചനം രേഖപ്പെടുത്തുകയും ചെയ്തു.

## സംസ്ഥാന കൺവെൻഷൻ

സഖ്യം ഒരു സംസ്ഥാന കൺവെൻഷൻ സംഘടിപ്പിക്കണമെന്നു് ശ്രീ. സിറിയക്ക് ജോസഫ് അഭിപ്രായപ്പെട്ടു. അദ്ദേഹത്തിൻെറ നിർദ്ദേശത്തെ സിർവ്വാഹകസമിതിയും രണ്ടാം മാനേജിംഗ് കമ്മററി യോഗവും അംഗീകരിച്ചു. കെ.സി.എസ്.എൽ തൃശ്ശൂർ രൂപതാ രജതജൂബിലിയും ആദ്യത്തെ സംസ്ഥാന കൺ

വെൻഷനും ഒരുമിച്ച് സെൻറ് മേരീസ് കോളേജ് ഓഡിറേറാ റിയത്തിൽ (പി. ററി. തോമസ് നഗർ) ആഘോഷമായി കൊണ്ടാടി. 1981 ഡിസംബർ 19, 20, 21 തീയതികളിൽ നടന്ന ആദ്യ സംസ്ഥാന കൺവെൻഷനിൽ 300-ൽ പരം ശാഖകളിൽ നിന്നുമായി ഏതാണ്ട് 700 ഓളം പ്രതിനിധികൾ പങ്കെടുത്തു. 'വിദ്യാഭ്യാസത്തിൽ മതപാഠനം', 'വിദ്യാർത്ഥികളും കക്ഷിരാഷ്ട്രീയവും' എന്നീ വിഷയങ്ങൾ ചർച്ച് ചെയ്തു. അഗതികളുടെ അമ്മയായ മദർ തെരേസാ, ബിഷപ്പ് മങ്കുഴിക്കരി, ബിഷപ്പ് കുണ്ടുകുളം, ശ്രീ. സിറിയക്ക് ജോസഫ്, ഫാ. ഈരത്തറ, മുൻസിപ്പൽ ചെയർമാൻ കെ. എഫ്. ജോസ്, വിദ്യാർത്ഥി ജനറൽ സെക്രട്ടറിമാരായ വിത്സൻ സേവ്യർ, ആശാ മേരി സ്റ്റീഫൻ എന്നിവർ പ്രസംഗിച്ചു. വർണ്ണശബളമായ കെ.സി.എസ്.എൽ റാലിയും തേക്കിൻകാട്ട മൈതാനത്തു (ഫാ. ഒണോറേ നഗർ) നടന്ന പൊതുസമ്മേളനവും വിജയപര്യവസായി ആക്കിത്തീർത്തത് ഫാ. ജോൺസൺ ചിററിലപ്പള്ളിയുടെ നേതൃത്വമാണ്.

കക്ഷി രാഷ്ട്രീയം വിദ്യാലയങ്ങളിൽ നിന്നും തുടച്ച മാററുവാൻ കേരള സർക്കാരിനോട് ആവശ്യപ്പെടുന്ന ഒരു പ്രമേയം മാനേജിംഗ് കമ്മററി പാസാക്കി മുഖ്യമന്ത്രിയ്ക്കും വിദ്യാഭ്യാസ വകുപ്പു മന്ത്രിയ്ക്കും അയച്ചുകൊടുക്കുകയുണ്ടായി.

പരിസ്ഥിതി സംരക്ഷണം, അന്തരീക്ഷ വിമലീകരണം എന്നീ ആശയങ്ങൾ കുട്ടികളിൽ രൂഢമൂലമാക്കുവാൻവേണ്ടി 'ഒരു കുട്ടിയ്ക്ക് ഒരു വൃക്ഷം' എന്ന പരിപാടിയിൽ സഖ്യാംഗങ്ങൾ വ്യാപൃതരായി. വീട്ടുവളപ്പിലും റോഡരുകിലും സ്കൂൾ വളപ്പിലും ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്ന പരിപാടി കെ. സി. എസ്. എൽ. 81 - 82 വിദ്യാലയ വർഷത്തിൽ സംസ്ഥാനതലത്തിൽ നിർവ്വഹിക്കുകയുണ്ടായി.

81-82-ൽ 312 ശാഖകളിലായി 42008 അംഗങ്ങൾ സഖ്യത്തിനു ഉണ്ടായിരുന്നു.

എറണാകുളം സെൻറ് തെരസാസ് ഹൈസ്കൂളിൽ വച്ചു നടന്ന 65-ാം വാർഷികത്തോടനുബന്ധിച്ച് 1982 ഫെബ്രുവരി 13-ാം തീയതി നടന്ന മാനേജിംഗ് കമ്മററിയിൽ വച്ച് പുതിയ ഭാരവാഹികൾ തെരഞ്ഞെടുക്കപ്പെട്ടു. ശ്രീ. സിറിയക്ക് ജോസഫും (പ്രസിഡൻറ്) ശ്രീ. ജോസ് ആററുപുറവും (ജനറൽ സെക്രട്ടറി) വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു. ശ്രീ. പി. സി. ചാക്കോയാണ് ട്രഷററായി തെരഞ്ഞെടുക്കപ്പെട്ടത്.

സഖ്യാംഗങ്ങൾക്ക് ഉപയോഗിക്കുവാൻ പുതിയ ബാഡ്ജ് രൂപ കല്പന ചെയ്യുന്നതിലേയ്ക്ക് ഒരു കമ്മററിയെ നിയമിച്ചു. ആ കമ്മററി തങ്ങളുടെ അഭിപ്രായം രണ്ടാം മാനേജിംഗ് കമ്മററിയിൽ അവതരിപ്പിച്ചു. കെ. സി. എസ്. എൽ. ന്റെ മുദ്ര്യ്ക്കു

ചുററും ഒലീവിലകളുടെ ഒരു വലയം കൂടി ചിത്രീകരിച്ചിരിക്കുന്ന ഈ പ്ലാസ്റ്റിക്ക് ബാഡ്ജ് പിന്നീട് നടന്ന ഭരണഘടനാ ഭേദഗതി വഴി വിദ്യാൎത്ഥി സഖ്യത്തിൻെറ ഔദ്യോഗിക ബാഡ്ജ് ആയി അംഗീകരിക്കപ്പെട്ടു. മാതൃകയ്ക്കു് കേന്ദ്രത്തിൽനിന്നും 1000 ബാഡ്ജുകൾ നിൎമ്മിച്ച് ആവശ്യക്കാൎക്കു വിതരണം ചെയ്തു.

വിദ്യാൎത്ഥി സെക്രട്ടറിമാരെ തെരഞ്ഞെടുത്തിരുന്ന രീതിയിൽ വ്യതിയാനം വരുത്തണമെന്ന ഒരഭിപ്രായമുണ്ടായി. മാനേജിംഗ് കമ്മററിയിൽ നടത്തിയിരുന്ന പരിചയപ്പെടുത്തൽ പ്രസംഗത്തിലൂടെയായിരുന്നു കഴിഞ്ഞ കാലങ്ങളിൽ അവരെ തെരഞ്ഞെടുത്തിരുന്നതു്. നിലവിലുള്ള സംവിധാനം പുന:പരിശോധിക്കുന്നതിനും, ഭരണഘടനാ ഭേദഗതി ഇക്കാര്യത്തിൽ ആവശ്യമാണോയെന്നും പഠിച്ചു റിപ്പോർട്ടു ചെയ്യാൻ ഒരു എട്ടംഗ കമ്മററിയെ നിയമിക്കുകയുണ്ടായി. ഈ കമ്മററിയുടെ നിൎദ്ദേശാനുസരണം 84-85-ലെ രണ്ടാം മാനേജിംഗ് കമ്മററി യോഗത്തിൽ ഭരണഘടനാ ഭേദഗതി അവതരിപ്പിച്ചു. മദ്ധ്യവേനൽ അവധിക്കാലത്തു് ശാഖാ ഭാരവാഹികൾക്കുവേണ്ടി നടത്തുന്ന സംസ്ഥാന നേതൃത്വ പരിശീലന ക്യാമ്പിൽ വച്ച് ഹൈസ്കൂൾ വിഭാഗത്തിനും അപ്പർ പ്രൈമറി വിഭാഗത്തിനും വിദ്യാർത്ഥി വിദ്യാൎത്ഥിനി സെക്രട്ടറിമാരെ തെരഞ്ഞെടുക്കുന്ന രീതി 84-85 മുതൽ പ്രാബല്യത്തിൽ വന്നു.

## കേന്ദ്രത്തിനൊരു മന്ദിരം

സംഘടനാപ്രവൎത്തകരുടെ ചിരകാലാഭീഷ്ടങ്ങളിൽ ഒന്നായിരുന്നു സംഘടനയ്ക്കു് ഒരു തുണ്ടു ഭൂമിയും ഒരു കെട്ടിടവും. ഫാ. ഒണോറേയുടെ ജീവിതാഭിലാഷങ്ങളിൽ ഒന്നായിരുന്ന ഒരു കേന്ദ്ര ഓഫീസ് നിൎമ്മിക്കുകയെന്നതു്. അദ്ദേഹത്തിനു ജീവിതത്തിൽ സാക്ഷാത്കരിക്കാൻ സാധിക്കാതെപോയ ആ സ്വപ്നം ഒരു യാഥാർത്ഥ്യമാക്കാൻ സംസ്ഥാന ഡയറക്ടർ ഫാ. ഈരത്തറയും പ്രസിഡൻറ് സിറിയക്ക് ജോസഫും കേന്ദ്ര ഭരണസാരഥികളും അക്ഷീണം യത്നിച്ചു.

ആദ്യമായി സംഭാവന കാർഡ് ഉപയോഗിച്ച് ഒരു ലക്ഷം ഫണ്ടു സ്വരൂപിക്കാൻ പരിശ്രമിക്കുകയുണ്ടായി. ഒരു കാർഡിലൂടെ 6 രൂപാ ലഭിക്കത്തക്കവിധം സംവിധാനം ചെയ്യപ്പെട്ട കാർഡുകൾ 1978-ൽ പ്രചരിപ്പിച്ചു. ഒരു കാർഡിനു് 1 രൂപ കമ്മീഷൻ നീക്കി 5 രൂപാ കേന്ദ്രത്തിലേയ്ക്കു നല്കണമെന്നായിരുന്നു വ്യവസ്ഥ. കൂടാതെ പ്രോത്സാഹനസമ്മാനങ്ങളും നല്കിയിരുന്നു. ഇതൊരു വൻ വിജയമായിരുന്നു. അച്ചടിക്കൂലി, വിതരണച്ചെലവ്, സമ്മാനവില മുതലായി എല്ലാ ചെലവുകളും നീക്കി 95000 രൂപാ മിച്ചമുണ്ടാക്കാൻ ഈ പദ്ധതിയിലൂടെ

സാധിച്ചു. കെ.സി.എസ്.എൽ–ൻെറ സ്ഥിരനിക്ഷേപം പിൻവലിച്ച തുകയും അഭിവന്ദ്യപിതാക്കന്മാരിൽനിന്നു് കടമെടുത്ത 40,000 രൂപായും പശ്ചിമജമ്മനിയിൽ നിന്നും ഹോളണ്ടിൽ നിന്നും ബ. ഈരത്തറയച്ചനും ബിഷപ്പ് ഗ്രേഷ്യൻ മുണ്ടാടനും വഴി ലഭിച്ച സഹായധനവും സ്വരൂപിച്ച് ഏതാണ്ട് 2 ലക്ഷം രൂപാ വിലയ്ക്കു് കളമശ്ശേരി ഏലൂർ റോഡിൽ 36 1/, സെൻറു സ്ഥലം വിദ്യാത്ഥിഭവൻ നിമ്മിക്കുന്നതിനുവേണ്ടി 27-5-1981ൽ കെ.സി.എസ്.എൽ. വാങ്ങി. ഈ സ്ഥലം വാങ്ങിയതിനുശേഷമാണു് കെട്ടിടനിമ്മാണത്തിനുള്ള ലക്ഷം ഫണ്ട് പരിപാടി തുടങ്ങിയതു്. മുൻപറഞ്ഞ 95000 രൂപാ ലഭിച്ചെങ്കിലും സഖ്യത്തിൻെറ സ്വന്തം ഭൂമിയിൽ വിദ്യാത്ഥിഭവനെന്ന ലക്ഷ്യം ഒരു സ്വപ്നമായിത്തന്നെ അവശേഷിച്ചു. എറണാകുളം ചാവറ കൾച്ചറൽ സെൻററിൻെറ സമീപമുള്ള ഒരു മുറിയിലായിരുന്നു കേന്ദ്ര ഓഫീസ് പ്രവത്തിച്ചിരുന്നതു്. ചാവറ സാംസ്കാരികകേന്ദ്രം പണിയുവാൻ ഉദ്ദേശിച്ചിരുന്ന മൂന്നുനിലക്കെട്ടിടത്തിൽ ആവശ്യമായ സ്ഥലം കേന്ദ്രഓഫീസിനു് നല്കുവാൻ സി.എം.ഐ. സഭ സന്നദ്ധമായി. പക്ഷേ, ആ കെട്ടിടനിമ്മാണം പലേ കാരണങ്ങളാൽ നീട്ടിവയ്ക്കേണ്ടിവന്നു. അതിനാൽ ആ സംരംഭവും ഉപേക്ഷിക്കേണ്ടി വന്നു.

## തൊഴിലും ക്രൈസ്തവ സാക്ഷ്യവും

1983 ഏപ്രിൽ 5 മുതൽ 10 വരെ രാജഗിരി ഹൈസ്കൂളിൽ വച്ചു് ആ വഷത്തെ സംസ്ഥാന ക്യാമ്പ് നടന്നു. ക്യാമ്പുകളുടെ നടത്തിപ്പു രീതിയിൽ ഒരു വ്യതിയാനത്തിനു് ഈ ക്യാമ്പു തുടക്കം കുറിച്ചു. പ്രത്യേക വിഷയത്തെ അടിസ്ഥാനമാക്കി വിശദപഠനവും ചച്ചയും നടത്തുന്ന രീതി ആരംഭിച്ചതു് ഈ വഷമാണു്. 'തൊഴിലും ക്രൈസ്തവ സാക്ഷ്യവും' എന്നതായിരുന്നു ആ ക്യാമ്പിലെ മുഖ്യ പ്രതിപാദ്യ വിഷയം.

ക്രിസ്തുമസ്സിൻെറ പാവനതപോലും കാററിൽ പറത്തിക്കൊണ്ടു് ക്രിസ്തുമസ്സ് കാർഡുകൾ വികലമാക്കിക്കൊണ്ടിരിക്കുന്ന ഒരു കാലയളവാണല്ലോ നമ്മുടേതു്. അശ്ലീല ചിത്രങ്ങൾ പോലും ഇത്തരം കാർഡുകളിൽ കയറിപ്പററുന്നു. ഈ പ്രവണതയെ ചെറുക്കുന്നതിനു് കെ. സി. എസ്. എൽ. മുന്നോട്ടു വന്നു. ഇതിനായി, ക്രിസ്തുമസ്സിൻെറ ശാന്തി സന്ദേശം സംവഹിക്കുന്ന മനോഹര ചിത്രങ്ങൾ ആലേഖനം ചെയ്യപ്പെട്ട ക്രിസ്തുമസ്സ് കാർഡുകൾക്കു് സഖ്യം രൂപ കല്പന ചെയ്യുകയും അംഗങ്ങൾ അതു വിററഴിക്കുവാൻ ശ്രമിക്കുകയും ചെയ്തു. ഹോളണ്ടിലെ എ. എം. എ. സംഘടനയുടെ സഹായത്താൽ അടിച്ചിറക്കിയ ഈ കാർഡുകൾ വെറും ഒരു രൂപാ വിലയ്ക്കാണു് വിപണിയിൽ

എത്തിയതു്. പക്ഷേ, 1983-ൽ അടിച്ച ഈ കാർഡ്ു്. 1985 ആയിട്ടുപോലും വിററു തീർന്നില്ല. അതിനാൽ ഇതൊരു സാമ്പത്തിക വിജയമായിരുന്നില്ല തന്നെ.

1983 മെയ്് മാസത്തിൽ ഫാ. ജോസഫ് കൈമല സി. എം. ഐ. സഖ്യത്തിന്റെ സംസ്ഥാന ജോയിന്റ് ഡിറക്ടറായി നിയമിതനായി. ബ. ജോർജ്ജ് ഈരത്തറയച്ചൻ പി.ഓ.സി. ഡിറക്ടറായി ഉയർത്തപ്പെട്ടപ്പോൾ കൈമലയച്ചൻ സംസ്ഥാന ഡിറക്ടറായി നിയമിതനാവുകയും ചെയ്തു.

ഈ അവസരത്തിൽ ബ. ഈരത്തറയച്ചനെക്കുറിച്ചു് രണ്ടു വാക്കു പറയേണ്ടതു് ആവശ്യമാണ്്. ഏതാണ്ടു് 7 വർഷത്തെ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ സംഘടന അതിന്റെ മൂന്നാം വസന്തത്തിൽ എത്തിയെന്നു പറയാം. സംഘടനയെ വിവിധ പ്രവർത്തന മണ്ഡലങ്ങളിലേയ്ക്കു് നയിച്ചതു് ക്രാന്തദർശിയും കർമ്മോത്സുകനുമായ അദ്ദേഹമാണ്്. സംഘടനയുടെ സാമ്പത്തിക ഭദ്രത ഉറപ്പു വരുത്തുവാൻ അദ്ദേഹം നൽകിയിട്ടുള്ള വിലപ്പെട്ട സേവനം ചരിത്രത്തിൽ തങ്കലിപികളാൽ ആലേഖിതമാകേണ്ടതത്രേ. ഈശോ സഭക്കാർ ബാലാരിഷ്ടതയിൽ നിന്നും കരകയററിയ ഈ സംഘടനയെ കൗമാരത്തിലും യൗവനത്തിലും കൈപിടിച്ചു വളർത്തിയതു് സി. എം. ഐ. സഭക്കാരാണ്്. ഇന്നു് ഈ സംഘടന നിലനില്ക്കുന്നുണ്ടെങ്കിൽ അതിന്റെ പ്രധാന കാരണം സി. എം. ഐ. വൈദികരുടെ പരിലാളനയും പരിരക്ഷണവും നേതൃത്വവുമത്രേ. ഈ സംഘടനയുടെ വളർത്തച്ചന്മാരിൽ സി. എം. ഐ. ക്കാരായ വില്ല്യമച്ചനും ഔറേലിയൂസച്ചനും കോൺസ്റ്റൻന്റൈൻ അച്ചനും കഴിഞ്ഞാൽ പിന്നെ എടുത്തു പറയാവുന്ന ഒരു പേരാണ്് ഫാ. ജോർജ്ജ് ഈരത്തറ. സ്കോളർഷിപ്പു പരീക്ഷയ്ക്കും, പാനക്കളരികൾക്കും വേണ്ടി ബ. ഈരത്തറയച്ചൻ 12-ൽ പരം ലഘുഗ്രന്ഥങ്ങൾ തന്നെ എഴുതി കെ.സി.എസ്.എൽ–നു് സംഭാവന നൽകിയിട്ടുണ്ടു്.

അപ്പർ പ്രൈമറി വിദ്യാർത്ഥികൾക്കു് സജീവാംഗത്വം നൽകിയതിനെ തുടർന്നു് സഖ്യത്തിന്റെ അംഗസംഖ്യ വളരെയധികം വർദ്ധിച്ചു. 1983 നവംബറിലെ കണക്കനുസരിച്ചു് കെ. സി. എസ്. എൽ. അംഗസംഖ്യ 60000-നു മേൽ ഉണ്ടായിരുന്നു.

# അദ്ധ്യായം 7

# സംഘടന ഇന്ന്

ഫാ. ജോർജ് ഈരത്തറയച്ചനശേഷം സംസ്ഥാന ഡയറക്ടറായി ജോലിയേററ ഫാ. ജോസഫ് കൈമല സംഘടനയെ മുന്നോട്ട നയിക്കാൻ ശ്രമിച്ചു.

'വിമോചനം അനുരഞ്ജനത്തിലൂടെ'യെന്ന മുഖ്യവിഷയം പഠനത്തിനു സ്വീകരിച്ചുകൊണ്ട് 1983 ഡിസംബർ 26,27,28 തീയതികളിൽ സംസ്ഥാന കൺവെൻഷൻ തേവര കോളേജിൽ വച്ചു സാഘോഷം കൊണ്ടാടി. വിവിധ രൂപതകളിൽ നിന്നുമായി 461 പ്രതിനിധികൾ കൺവെൻഷനിൽ സംബന്ധിച്ചു. കേരളത്തിലെ വിവിധ രൂപതകളിൽ നിന്നുള്ള തിരുമേനിമാരും സംസ്ഥാന ഗവൺമെൻറിലെ മന്ത്രിമാരും, സമുദായത്തിലെ തലയെടുപ്പുള്ള നേതാക്കളും സംബന്ധിച്ച ഈ കൺവെൻഷൻ ഉദ്ഘാടനം ചെയ്തത് കർദ്ദിനാൾ പാറേക്കാട്ടിൽ ആണ്. സംഘടനയുടെ ഐക്യദാർഢ്യവും കൂട്ടായ്മയും വെളിപ്പെടുത്തിയ ഒരു വലിയ യജ്ഞമായി ഈ കൺവെൻഷനെ കണക്കാക്കാം. കേന്ദ്ര-രൂപത-ശാഖാതലങ്ങളെ സമന്വയിപ്പിക്കുക വലിയ ബുദ്ധിമുട്ടുള്ള കാര്യമാണ്. ഓരോ രൂപതയും അവരുടെ ഇടുക്കങ്ങളിൽ ഒതുങ്ങിക്കൂടി രൂപതാപ്രവർത്തനങ്ങളെ ശക്തിപ്പെടുത്തു-

കയും, കേന്ദ്രവുമായി വലിയ ബന്ധം പുലത്താതിരിക്കുകയും ചെയ്തിരുന്ന സ്ഥിതിവിശേഷം പല കോണുകളിലും വളന്ന വന്നിരുന്നു. തകച്ച്യുടെ ഈ സൂചനകളിൽനിന്നും ഐക്യത്തി ൻെറയും കൂട്ടായ്മയുടെയും പ്രതലത്തിൽ സംസ്ഥാന വ്യാപക മായി സംഘടനയെ ഒരുമിച്ചുനിത്തുവാൻ സഹായിച്ച ഈ കൺവെൻഷൻെറ മുഖ്യശില്പിയും നേതാവും ശ്രീ. സിറിയക്ക് ജോസഫ് ആയിരുന്നു.

ഈ കൺവെൻഷനിൽ രണ്ടു പ്രമേയങ്ങാം പാസാക്കുകയു ണ്ടായി, ഹൈസ്കൂം ഉാംപ്പെടെയുള്ള എല്ലാ വിദ്യാലയങ്ങളി ലെയും അർഹരായ വിദ്യാർത്ഥികാംക്ക് ഉച്ചഭക്ഷണം നല്കണ മെന്നു് കേരള സക്കാരിനോട്ട് ആവശ്യപ്പെടുന്ന ഒരു പ്രമേയം വിദ്യാത്ഥിനി സെക്രട്ടറി കുമാരി റാണി ജേക്കബ്ബ് അവതരി പ്പിച്ചു. വിദ്യാഭ്യാസപുരോഗതിക്ക് വിനാശകരമായിത്തീന്നി ട്ടുള്ള രാഷ്ട്രീയാടിസ്ഥാനത്തിലുള്ള വിദ്യാത്ഥി സംഘടനാപ്രവ ത്തനം വിദ്യാലയങ്ങളിൽ നിരോധിക്കണമെന്ന് സംസ്ഥാന ഗവൺമെൻറിനോടാവശ്യപ്പെടുന്ന മറെറാരു പ്രമേയവും സം സ്ഥാന കൺവെൻഷൻ ഐകകണ്ഠ്യേന പാസ്സാക്കി.

കൺവെൻഷൻ വിപുലമായ തോതിൽ നടത്തിയതിനാൽ 67-ാം വാർഷികം വളരെ ലളിതമായി മാത്രമേ ആഘോഷി ച്ചുള്ളൂ. തേവര കോളേജു തന്നെയായിരുന്നു വാഷികവേദി.

## യേശുവിനുവേണ്ടി, രാജ്യത്തിനുവേണ്ടി

ഭാരതത്തിൻെറ അഖണ്ഡതയേയും ദേശീയോദ്ഗ്രഥന ത്തെയും ഭീക്ഷണിപ്പെടുത്തുന്ന ചരിത്രവാസനകളും ശിഥിലീക രണ പ്രവണതകളും ശക്തിപ്പെട്ട ഒരു വഷമായിരുന്നു 1984. ഈ ദുഷ്പ്രവണതക്കെതിരായി ക്രിയാത്മകമായി പ്രതികരിക്കണ മെന്നു് കെ.സി.എസ്.എൽ-നു തോന്നി. വിദ്യാത്ഥികളിൽ രാജ്യസ്നേഹം ദൃഢമൂലമാക്കുന്നതിനു് ഉപയുക്തമായ പരിപാടി കാം ആസൂത്രണം ചെയ്യപ്പെട്ടു. 'യേശുവിനുവേണ്ടി, രാജ്യത്തിനു വേണ്ടി' എന്ന മുദ്രാവാക്യം സർവ്വത്ര മുഴങ്ങിക്കേട്ടു. 1984 ഏപ്രിൽ 30 മുതൽ മെയ് 5വരെ മാന്നാനം സെൻറ് എപ്രേംസ് ഹൈസ്കൂളിൽ നടന്ന സംസ്ഥാനക്യാമ്പിൻെറ പ്രധാന പഠന വിഷയം 'യേശുവിനുവേണ്ടി, രാജ്യത്തിനുവേണ്ടി' എന്നതായി രുന്നു. ചങ്ങനാശ്ശേരി മെത്രാപ്പോലീത്താ മാർ ആൻറണി പടിയറ ഉദ്ഘാടനം നിവ്വഹിച്ച ക്യാമ്പിൽ 12 രൂപതകളിലെ 14 ആനിമേററന്മാരും 120 വിദ്യാത്ഥികളും പങ്കുകൊണ്ടു.

## ദേശീയോദ്ഗ്രഥന കൺവെൻഷൻ

1984-85ലെ പ്രധാനപരിപാടിയായി ദേശീയോദ്ഗ്രഥന കൺവെൻഷനും റാലികളും കേരളത്തിൽ ഉടനീളം നടത്തപ്പെട്ടു.

1984 ഒക്ടോബർ 13-ന് കേരള തലസ്ഥാനമായ തിരുവനന്തപുരത്ത് സംഘടിപ്പിച്ച ദേശീയോദ്ഗ്രഥനറാലിയോടുകൂടി ഈ പ്രക്രിയയ്ക്കു തുടക്കംകുറിച്ചു. തിരുവനന്തപുരം മ്യൂസിയം ജംഗ്ഷനിൽനിന്നാരംഭിച്ച റാലി സംസ്ഥാന ഡയറക്ടർ ഫാ. ജോസഫ് കൈമല ഉദ്ഘാടനം ചെയ്തു. തിരുവനന്തപുരം, കൊല്ലം രൂപതകളും തിരുവനന്തപുരം അതിരൂപതയും സംയുക്തമായി സംഘടിപ്പിച്ച ഈ റാലി മതസൗഹാർദ്ദത്തിൻെറയും ദേശീയോദ്ഗ്രഥനത്തിൻെറയും ആവശ്യകതയെ മനുഷ്യഹൃദയങ്ങളിൽ ദൃഢമായി ഉറപ്പിക്കുവാൻ കരുത്തുള്ള ഒന്നായിരുന്നു. രാഷ്ട്രീയക്കാരുടെയും തൊഴിലാളികളുടെയും വിദ്യാർത്ഥികളുടെയും ഉശിരൻ പ്രകടനങ്ങൾ കണ്ടു തഴമ്പിച്ച നഗരവാസികളുടെ കണ്ണുകൾക്ക് കെ. സി. എസ്. എൽ-ൻെറ ഈ റാലി പീയൂഷധാരയായി പരിണമിച്ചു. തിരുവനന്തപുരം രൂപതാ പ്രസിഡൻറ് ശ്രീ. എൻ. ബൊനീഫസ് ആയിരുന്നു കൺവെൻഷൻെറയും റാലിയുടെയും കൺവീനർ. തിരുവനന്തപുരം നഗരത്തിലെ ഓരോ മണൽത്തരികളെയും കോരിത്തരിപ്പിച്ചുകൊണ്ട് അച്ചടക്കമായി നീങ്ങിയ വർണ്ണശബളമായ റാലിയിൽ 5000 വിദ്യാർത്ഥികളും നൂറിൽപരം ആനിമേറേഴ്സും പങ്കുകൊണ്ടു. റാലി സെൻറ് ജോസഫ്സ് സ്കൂൾ ഗ്രൗണ്ടിൽ എത്തിയതിനെ തുടന്ന് ബിഷപ്പ് ജേക്കബ് അച്ചാരുപറമ്പിൽ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. കൊല്ലം ബിഷപ്പ് ഡോ. ജോസഫ് ഫെർനാണ്ടസ്, ട്രാൻസ്പോർട്ടു വകുപ്പുമന്ത്രി ശ്രീ. സുന്ദരേശൻ നാടാർ, ശ്രീ. സിറിയക്ക് ജോസഫ്, ശ്രീ. ഓണക്കൂർ എന്നിവർ കൺവെൻഷനെ അഭിസംബോധന ചെയ്തു.

കോട്ടയം, ഇരിഞ്ഞാലക്കട, എറണാകുളം, കോതമംഗലം, തൃശ്ശൂർ എന്നീ 5 സുപ്രധാന കേന്ദ്രങ്ങളിലും പട്ടുകുററൻ റാലികളും കൺവെൻഷനുകളും നടത്തപ്പെട്ടു. അഭിവന്ദ്യ തിരുമേനിമാരും മന്ത്രിമാരും, സമുദായത്തിലെ ഉന്നതനേതാക്കളും വിദ്യാർത്ഥികളെ അഭിസംബോധന ചെയ്തു.

ഈ റാലികളും കൺവെൻഷനുകളും വിഭാഗീയ ചിന്തവെടിഞ്ഞ് ഐക്യദാർഢ്യത്തോടും രാജ്യസ്നേഹത്തോടുംകൂടി ഒരു ക്ഷേമരാഷ്ട്രം പടുത്തുയർത്തുവാൻ പിഞ്ചുഹൃദയങ്ങളിൽ ആവേശം പകന്നു. അതുപോലെതന്നെ, സൗഹൃദത്തിൻെറയും സമാധാനത്തിൻെറയും അന്തരീക്ഷം ഭാരതഭൂമിയിൽ സംജാതമാക്കുവാൻ വേണ്ടി ക്ഷമയോടും സ്നേഹത്തോടും ഒരുമയോടുംകൂടി പ്രയത്നിക്കുവാൻ മുതിന്ന തലമുറയ്ക്കും പ്രചോദനമേകി. കേരളത്തിലെ എല്ലാ പത്രമാസികകളും, മത-രാഷ്ട്രീയ-സാംസ്കാരിക വേദികളിലെ പ്രമുഖനേതാക്കളും ഈ റാലിയേയും കൺവൻഷനേയും അതിൻെറ അന്ത:സത്തയിൽ അലിഞ്ഞുചേന്നിരിക്കുന്ന മനോവികാരത്തെയും വാനോളം പുകഴ്ത്തി. റാലികളുടെ അവസാന

ത്തിൽ, പങ്കെടുത്ത എല്ലാവരും ദേശീയോദ്ഗ്രഥന പ്രതിജ്ഞ നടത്തിയിരുന്നുവെന്നുള്ളതും പ്രത്യേകം പ്രസ്താവ്യമാണ്.

1984 – 85 വിദ്യാലയവർഷമാണ് അപ്പർ പ്രൈമറി വിഭാഗത്തിനും, ഹൈസ്കൂൾ വിഭാഗത്തിനും വേണ്ടി സ്കോളർഷിപ്പ് പരീക്ഷകൾ പ്രത്യേകം നടത്തുന്ന സമ്പ്രദായം ആരംഭിച്ചത്. ഈ സ്കൂൾവർഷത്തിൽ 864 അപ്പർ പ്രൈമറി വിദ്യാർത്ഥികളും 922 ഹൈസ്കൂൾ വിദ്യാർത്ഥികളും സ്കോളർഷിപ്പ് പരീക്ഷയെഴുതുകയുണ്ടായി.

## പൂർവാംഗവേദി

ഹൈസ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞ് കലാലയത്തിലേയ്ക്കു കാലുകുത്തുന്ന സഖ്യാംഗങ്ങളെ ഒരുമിച്ചുകൊണ്ടുവരാനും അവരുടെ അനുഭവവും കർമ്മശേഷിയും പിൻഗാമികൾക്ക പകരുവാനും ഒരു പൂർവ്വാംഗവേദിക്ക രൂപംകൊടുക്കുവാൻ കെ.സി.എസ്.എൽ. മുന്നോട്ടുവന്നു. 1984 ഏപ്രിൽ 21 - ന് ചാവറ സാംസ്കാരികകേന്ദ്രത്തിൽകൂടിയ രൂപതാഡയറക്ടർമാരുടെയും കേന്ദ്ര നിർവ്വാഹക സമിതിയുടെയും സംയുക്തയോഗം പൂർവ്വാംഗവേദിയുടെ രൂപീകരണം സംബന്ധിച്ച് പ്രാരംഭ ചർച്ച നടത്തി. 1985 നവംബർ 11-നു തേവര കോളേജിൽവച്ച് സംസ്ഥാനാടിസ്ഥാനത്തിൽ പൂർവ്വാംഗങ്ങളുടെ ഒരു സമ്മേളനം നടന്നു. പ്രവർത്തനപരിപാടികൾ ആസൂത്രണം ചെയ്യുവാനും കൂടുതൽ അംഗങ്ങളെ സംഘടിപ്പിക്കുവാനുമായി ശ്രീ. ജോൺ മത്തായി കൺവീനറായി ഒരു അഡ്ഹോക്ക് കമ്മററിയെ തെരഞ്ഞെടുത്തു. ശ്രീ.വിത്സൻ സേവ്യർ, ശ്രീ. ജോൺ മാത്യു, ശ്രീ. ബിജുജോൺ, ശ്രീ.ജയിംസ് ജോസഫ്, കുമാരി ലത അബ്രാഹം, ശ്രീ. ജൂഡ് ചാർലി എന്നിവരായിരുന്നു കമ്മററിയംഗങ്ങൾ. 1986 സെപ്റ്റംബർ 19, 20 തീയതികളിൽ പൂർവ്വ വിദ്യാർത്ഥികളുടെ സംസ്ഥാനസമ്മേളനം തേവര കോളേജിൽ വച്ചു നടന്നു. എറണാകുളം ആർച്ചു ബിഷപ്പ് മാർ ആൻറണി പടിയറ വിദ്യാർത്ഥിവേദി ഔപചാരികമായി ഉദ്ഘാടനം ചെയ്തു. ശ്രീ. സിറിയക്ക് ജോസഫ്, കെ. ടി. സെബാസ്റ്റ്യൻ എന്നിവർ സമ്മേളനത്തെ അഭിസംബോധന ചെയ്തു. ഈ യോഗത്തിൽവച്ച് കെ.സി. എസ്.എൽ. പൂർവ്വാംഗവേദിയുടെ ഭരണഘടന അംഗീകരിക്കുകയും ചെയ്തു.

ഈ വേദിയുടെ രണ്ടാം സംസ്ഥാന സമ്മേളനം തേവര കോളേജിൽ വച്ച് 1987 നവംബർ 14, 15 തീയതികളിൽ നടത്തപ്പെട്ടു. 51 പൂർവ്വാംഗങ്ങളും 10 ആനിമേററർമാരും സംബന്ധിച്ച സമ്മേളനത്തെ സിറിയക്ക് ജോസഫ് അഭിസംബോധന ചെയ്തു. സമുദായത്തിൻെറ വിവിധ മണ്ഡലങ്ങളിൽ ആദർശ നിഷ്ഠമായ ജീവിതത്തിലൂടെ വ്യക്തി മുദ്ര പതിപ്പിച്ചിട്ടു

ള്ള അനേകം മഹാത്മാക്കളുടെ പരിശീലന വേദിയായിരുന്നു കെ.സി.എസ്.എൽ. എന്ന് അദ്ദേഹം പറഞ്ഞു. ഐക്കഫ് അതിന്റെ സ്ഥാപന ലക്ഷ്യത്തിൽ നിന്നും ബഹുദൂരം വ്യതിചലിച്ചിരിക്കുന്ന സാഹചര്യത്തിൽ കോളേജിലെ കത്തോലിക്കാ വിദ്യാർത്ഥികളുടെ ജീവിതം ക്രിസ്തീയാദർശാധിഷ്ഠിതമാക്കിത്തീർക്കാൻ കെ. സി. എസ്. എൽ. പൂർവ്വാംഗ വേദി സജീവമായി പ്രവർത്തിക്കണമെന്ന് അദ്ദേഹം എടുത്തു പറഞ്ഞു. സത്യവും നീതിയും പുലരുന്ന ഒരു സമൂഹത്തിന്റെ സൃഷ്ടിക്കായി അദ്ധ്വാനിക്കാൻ യുവജനങ്ങളെ അദ്ദേഹം ആഹ്വാനം ചെയ്യുകയും ചെയ്തു. 1988 സെപ്റ്റംബർ 10, 11 തീയതികളിൽ തേവരയിൽ വച്ച് ശ്രീ. ജോൺ മത്തായി പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടു. നിയമാവലി അനുസരിച്ചുള്ള ആദ്യ തെരഞ്ഞെടുപ്പ് ഈ യോഗത്തിൽ നടന്നു. 1989 നവംബർ 4, 5 തീയതികളിലെ സംസ്ഥാന പൂർവ്വാംഗ വേദി സമ്മേളനം തേവര വച്ച് ശ്രീ. വി. ജെ. ജോൺസണെ പ്രസിഡണ്ടായി തെരഞ്ഞെടുത്തു.

## നൽകുക, ധന്യരാവുക

1985-86-ലെ മുഖ്യപഠന വിഷയമായി 'നൽകുക, ധന്യരാവുക' എന്ന വിഷയമാണ് തെരഞ്ഞെടുക്കപ്പെട്ടത്. 1985 ഏപ്രിൽ 16 മുതൽ 20 വരെ കളമശ്ശേരി രാജഗിരി ഹൈസ്കൂളിൽ നടത്തിയ സംസ്ഥാന ക്യാമ്പിലെ പ്രധാന പഠന വിഷയം ഇതു തന്നെയായിരുന്നു.

അപ്പർ പ്രൈമറി വിഭാഗത്തിനും ഹൈസ്കൂം വിഭാഗത്തിനും സംസ്ഥാനാടിസ്ഥാനത്തിൽ പ്രത്യേകം പ്രത്യേകം ക്യാമ്പുകൾ നടത്തുവാൻ ആരംഭിച്ചതു് ഈ സ്കൂം വർഷത്തിലാണ്. അപ്പർ പ്രൈമറി വിദ്യാർത്ഥികൾക്കായി ആദ്യമായി പ്രത്യേക ക്യാമ്പ് നടത്തിയതു് 1985 ഏപ്രിൽ 9 മുതൽ 13 വരെ മൂലമററം എസ് എച്ച്. ഇംഗ്ലീഷ് മീഡിയം സ്കൂളിൽ വച്ചായിരുന്നു.

1985 ഫെബ്രുവരി 10-ാം തീയതി പ്രാബല്യത്തിൽ വന്ന ഭരണഘടനാ ഭേദഗതിയനുസരിച്ച് ക്യാമ്പിൽ വച്ചു വിദ്യാർത്ഥി സെക്രട്ടറിമാരെ തെരഞ്ഞെടുക്കുന്ന രീതി മൂലമററം ക്യാമ്പിൽ വച്ചാണ് ആദ്യമായി നടപ്പായതു്.

## ലീഗുഗാനം

ഈ കാലഘട്ടത്തിലാണ് കെ.സി.എസ്.എൽ. - ഗാനത്തിൽ മാററം വരുത്തിയതു്. പഴയഗാനത്തിനുപകരം ഫാ. ചെറിയാൻ കുനിയന്തോടത്തു് രചിച്ച് ശ്രീ. വി. ററി. ജോൺ സംഗീതം പകന്ന 'ജീവനിലുണരും നവസംഗീതം' എന്ന പുതിയ ഗാനം ഉപയോഗിക്കുവാൻ ആരംഭിച്ചു. കേന്ദ്രത്തിൽനിന്നു

തന്നെ ഈ ഗാനം റിക്കാർഡ് ചെയ്ത കാസററുകൾ എല്ലാ രൂപ തകൾക്കും നല്കുകയുണ്ടായി. അതുപോലെതന്നെ സംഘടനയ്ക്ക് ആദ്യമായി ഒരു ജോയിൻറ് സെക്രട്ടറി കോ ഓപ്ററു ചെയ്യപ്പെട്ടതും ഈ കാലയളവിലാണ്.

**പതാക**

സംഘടനയുടെ ഭരണഘടനയിൽ പതാക സംബന്ധിച്ച് വ്യക്തമായ നിയമങ്ങളുണ്ടായിരുന്നു. എന്നാൽ പതാകയുടെ നിറം ഇഷ്ടംപോലെ സ്വീകരിക്കുവാൻ ശാഖകൾക്ക സ്വാതന്ത്ര്യവും നല്കിയിരുന്നു. എന്നാൽ 1985 - ലെ ഭരണഘടനാഭേദഗതി പതാകയുടെ നീളവും വീതിയും പഴയതുപോലെ 3′×2′ ആയി തുടരാൻ അനുവദിച്ചു. എന്നാൽ നിറം സംബന്ധിച്ചുള്ള സ്വാതന്ത്ര്യം ഈ ഭേദഗതിയിലൂടെ എടുത്തുകളഞ്ഞു. സഖ്യം പതാകയുടെ നിറം ആനന്ദനീലയായിരിക്കണമെന്നും മുകളിൽ ഇടത്തുവശത്തായി വെള്ളനിറത്തിൽ കെ.സി.എസ്.എൽ. ചിഹ്നം മുദ്രണം ചെയ്യണമെന്നും നിശ്ചയിച്ചു.

## ഷെ. പി. ററി. തോമസ് അവാർഡ്

ഷെ. പി. ററി. തോമസിൻെറ സ്മരണയെ ശാശ്വതീകരിക്കാൻ ഒരു ഫണ്ട ശേഖരിക്കണമെന്ന ആശയം ആദ്യമായി വന്നതു് 1983 ജൂലൈ 9-ാം തീയതി എറണാകുളം ചാവറ സാംസ്കാരികകേന്ദ്രത്തിൽവച്ചുകൂടിയ മാനേജിംഗ് കമ്മററിയിലാണ്. കെ.സി.എസ്.എൽ. അംഗങ്ങളിൽ എസ്.എസ്.എൽ.സി.യ്ക്ക് പ്രശസ്തവിജയം കൈവരിക്കുന്ന വിദ്യാത്ഥികൾക്ക നല്കുന്ന സ്കോളഷിപ്പുതുക വദ്ധിപ്പിക്കണമെന്നും അതിലേയ്ക്ക് ഷെ. പി. ററി. തോമസ് സ്മാരകനിധി ഏപ്പെടുത്തണമെന്നും അഭിപ്രായപ്പെട്ടതു് അന്നത്തെ സംസ്ഥാന ഡയറക്ടർ ഫാ. ജോജ്ജ് ഈരത്തറ തന്നെയാണ്. ഈ നിർദ്ദേശത്തെ മാനേജിംഗ് കമ്മററി സ്വാഗതം ചെയ്യുകയും യുക്തമായ നടപടി സ്വീകരിക്കുവാൻ കേന്ദ്രനിർവ്വാഹകസമിതിയെ ചുമതലപ്പെടുത്തുകയും ചെയ്തു. കേന്ദ്രനിർവ്വാഹകസമിതി ഇതിനുവേണ്ടി ക്രോഡീകരിച്ച രൂപരേഖ 1984 മെയ്മാസം 21-ന കൂടിയ രൂപതാ ഭാരവാഹികളുടെയും കേന്ദ്രനിർവ്വാഹകസമിതിയുടെയും സംയുക്തയോഗം വിശദമായി ചച്ചചെയ്തു. സമ്മേളനം താഴെപ്പറയുന്ന കാര്യങ്ങൾ അംഗീകരിച്ചു. 50000 രൂപാ ശേഖരിച്ച് സ്ഥിരനിക്ഷേപമായി ബാങ്കിലിടുക, അതിൻെറ പലിശകൊണ്ട് എസ്.എസ്.എൽ.സി. പരീക്ഷയിൽ കൂടുതൽ മാക്കനേടുന്ന സഖ്യാംഗത്തിനും ഹരിജൻ കത്തോലിക്കാ വിദ്യാർത്ഥിക്കും 500 രൂപാവീതം സ്കോളഷിപ്പു നല്കുക, സ്വഭാവമഹിമ, അദ്ധ്യാപകനെന്ന നിലയിലുള്ള പ്രാഗത്ഭ്യം, കത്തോലിക്കാ സംഘടനകൾക്കും പ്രസ്ഥാ

ന്നങ്ങാംകളം നൽകുന്ന വിശിഷ്ടസേവനം എന്നിവ പരിഗണിച്ച് വഷംതോറും ഏററം നല്ല അദ്ധ്യാപകനെ തെരഞ്ഞെടുത്ത് പി. ററി. തോമസ് അവാർഡു നല്കുക, എന്നിവയായിരുന്നു തീരുമാനം.

പത്രമാസികകളിലൂടെ സംഭാവന ആവശ്യപ്പെട്ടുകൊണ്ടും തോമസ് സാർ സേവനമനുഷ്ഠിച്ചിട്ടുള്ള സ്ഥാപനങ്ങളെ സമീപിച്ചുകൊണ്ടും ഫണ്ടു പിരിക്കാനാണ് ആദ്യം തീരുമാനിച്ചത്. മാർ ആൻറണി പടിയറ രക്ഷാധികാരിയും ഷെവ. ജോസഫ് വിതയത്തിൽ, ഷെവ. കെ. സി. ചാക്കോ, ഷെവ. ജോർജ് വർഗ്ഗീസ് കണ്ണന്താനം. പ്രൊഫ.കെ.ടി. സെബാസ്റ്റ്യൻ മുതലായവർ അംഗങ്ങളായും ഫണ്ടുശേഖരണകമ്മററിയ്ക്ക് രൂപംകൊടുത്തു.

പക്ഷേ, സംഭാവന കൂപ്പൺരീതിയാണ് ഫണ്ടുപിരിവിന് കൂടുതൽ സൗകര്യമെന്നു തോന്നിയതിനാൽ ആരീതി സ്വീകരിച്ചു. 1985 ജൂൺ 15-നു വിതരണോദ്ഘാടനം നടന്നു. സർവ്വചെലവുംകഴിഞ്ഞ് 63000 രൂപാ ശേഖരിക്കുവാൻ സാധിച്ചു. ഇതിൽ 15000 രൂപാ അഭിവന്ദ്യപിതാക്കന്മാർ സംഭാവന ചെയ്തതാണെന്നുള്ള വസ്തുത ഇവിടെ സ്മർത്തവ്യമാണ്. ഈ തുകയിൽനിന്നും 50000 രൂപാ ഷെവ. പി.ററി. തോമസ് ഫണ്ടായി ബാങ്കിൽ നിക്ഷേപിക്കുകയും ചെയ്തു.

എസ്.എസ്.എൽ.സി. യ്ക്ക് ഏററം കൂടുതൽ മാർക്കു വാങ്ങുന്ന സഖ്യാംഗങ്ങാംക്കു് സ്കോളർഷിപ്പുകാം നൽകുവാൻ ആദ്യം എടുത്ത തീരുമാനം പിന്നീട് പലേ പരിണാമങ്ങാംക്കു വിധേയമായി. പി. ററി. തോമസ് സ്കോളർഷിപ്പ് നൽകുന്നത്, കെ. സി. എസ്. എൽ. സംസ്ഥാന തലത്തിൽ നടത്തുന്ന സ്കോളർഷിപ്പു പരീക്ഷയിൽ ഉന്നത വിജയം നേടുന്ന ഹൈസ്കൂറം അപ്പർ പ്രൈമറി സ്കൂളുകളിലെ വിദ്യാർത്ഥികാംക്കു് ആയിരിക്കണമെന്ന് പിന്നീടു തീരുമാനിക്കുകയുണ്ടായി. വീണ്ടും ഈ തീരുമാനത്തിനു മാററം സംഭവിച്ചു. ഷെവ. പി. ററി. തോമസ് സ്കോളർഷിപ്പു ലഭിക്കുവാൻ, രൂപതാതലത്തിൽ നടക്കുന്ന പ്രാഥമിക സ്കോളർഷിപ്പ് പരീക്ഷയിൽ പങ്കെടുത്ത് ആദ്യ പത്തു റാങ്കുകളിൽ ഒന്നു നേടുകയും തുടന്ന് സംസ്ഥാന തലത്തിൽ കേന്ദ്രത്തിൻെറ മേൽ നോട്ടത്തിലും ഉത്തരവാദിത്വത്തിലും നിശ്ചിത കേന്ദ്രങ്ങളിൽ വച്ചു നടത്തുന്ന മത്സരപ്പരീക്ഷയിൽ ആദ്യത്തെ മൂന്നു റാങ്കുകളിൽ ഒന്നു നേടുകയും ചെയ്തിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുകയും ചെയ്തു. വിദ്യാർത്ഥികാംക്കു് ഹൈസ്കൂറം 300, 200, 100 എന്ന ക്രമത്തിലും അപ്പർ പ്രൈമറിയിൽ 200, 150, 100 എന്ന ക്രമത്തിലും സമ്മാന തുക നിശ്ചയിക്കുകയുണ്ടായി. അതുപോലെതന്നെ അദ്ധ്യാപകനുള്ള അവാർഡിൻെറ തുക 2001 രൂപയായി ഉയർത്തി. ആദ്യമായി ഷെവ. പി.ററി.തോമസ് അവാർഡിനായി തെരഞ്ഞെടുക്കപ്പെട്ടതു് ശ്രീ. ജോസ് ആററുപുറം സാറാണ്.

'നല്കുക ധന്യരാവുക' എന്ന മുദ്രാവാക്യം ജീവിതത്തിൽ പകർത്തിയ കെ. സി. എസ്. എൽ. വിദ്യാർത്ഥികൾ ആയിരം കുട്ടികൾക്ക് ഉച്ചഭക്ഷണം നല്കുകയുണ്ടായി. ഉച്ചപ്പട്ടിണിക്കാരായ സഹപാഠികൾക്ക് ഓരോ സംഖ്യാംഗവും മാസത്തിൽ ഒരിക്കലെങ്കിലും ഉച്ചഭക്ഷണം നല്കുകയായിരുന്നു രീതി. അംഗങ്ങളിൽ നിന്നു ശേഖരിച്ച ഭക്ഷണപ്പൊതികൾ ആനിമേററർമാർ അർഹരായ വിദ്യാർത്ഥികൾക്ക് നൽകിപ്പോന്നു.

## ദേശീയ കൺവൻഷൻ

Y.C.S., K.C.S.L., Y.S.M. വിദ്യാർത്ഥികളെ ഉദ്ദേശിച്ച് ഈ സംഘടനകളുടെ സംയുക്താഭിമുഖ്യത്തിൽ 1985 ഒക്ടോബർ 16 മുതൽ 21 വരെ ഒരു ദേശീയ കൺവെൻഷൻ ബാംഗ്ലൂർ വൈററ് ഫീൽഡിലുള്ള എക്കുമേനിക്കൽ ക്രിസ്റ്റ്യൻ സെൻററിൽ വച്ച് സി. ബി. സി. ഐ. സംഘടിപ്പിക്കുകയുണ്ടായി. കേരളത്തിൽനിന്നും സഖ്യാംഗങ്ങളിൽ 36 വിദ്യാർത്ഥി പ്രതിനിധികളും സംസ്ഥാന ഡയറക്ടർ ഉൾപ്പെടെ ഏഴ് ആനിമേറേഴ്സും സംബന്ധിക്കുകയുണ്ടായി. ഒറീസാ, ബീഹാർ, ആന്ധ്രാപ്രദേശ്, തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽ നിന്നുമുള്ള കുട്ടികളുമായി നമ്മുടെ കുട്ടികൾ ഇടപഴകി ഒരുമയോടെ ജീവിച്ചതു് ഒരു പ്രത്യേക അനുഭവമായിരുന്നു അവർക്ക്. ''നീതി നിഷ്ഠവും സമാധാനപൂർണ്ണവുമായ ഒരു നല്ല നാളെയ്ക്കുവേണ്ടി'' എന്ന മുഖ്യപഠന വിഷയം പ്രഥമ സമ്മേളനത്തിൽ അവതരിപ്പിച്ചുകൊണ്ട് സംസാരിച്ചതു് സഖ്യാംഗത്തിൻെറ വിദ്യാർത്ഥി സെക്രട്ടറിയായ ജോമോൻ ജോസഫായിരുന്നു. നാനാ ജാതി മതസ്ഥരായ കുട്ടികൾ വിവിധ സംസ്ഥാനങ്ങളിൽ നിന്നും ഒരുമിച്ചുകൂടി ബൈബിൾ, ഖുർആൻ, ഭഗവത്ഗീത എന്നീ മതഗ്രന്ഥങ്ങൾ വായിച്ചു പ്രാർത്ഥിച്ചും ധ്യാനിച്ചും പഠിച്ചും കഴിഞ്ഞുകൂടി. സമാപന സമ്മേളനത്തിൽ സംസ്ഥാന ഡയറക്ടർ ഫാ. കൈമല സി. എം. ഐ. നന്ദി പറയുകയും ചെയ്തു.

1984-85-ൽ സംഘടനയുടെ അംഗസംഖ്യ 86000 ത്തിൽ കവിഞ്ഞു. ഈ വിദ്യാഭ്യാസ വർഷം തന്നെ 30000 പുതിയ അംഗങ്ങൾ സംഘടനയിൽ ചേരുകയുണ്ടായി.

സഖ്യത്തിൻെറ 68-ാം വാർഷികം ചങ്ങനാശ്ശേരി സെൻറ് ബർക്കുമാൻസ് ഹൈസ്കൂളിലെ പി. ററി. തോമസ് നഗറിൽ 1985 ഫെബ്രുവരി 8, 9 തീയതികളിൽ ആഘോഷിച്ചു. ഈ വാർഷികത്തിനു വേണ്ടിയുള്ള ദീപശിഖ ഷെവ. പി. ററി. തോമസ് അന്ത്യവിശ്രമം കൊള്ളുന്ന കുഴിമാടത്തിൽനിന്നുമാണ് (ചങ്ങനാശ്ശേരി പാറേൽപള്ളി സിമിററി) കൊളുത്തിയതു്.

തിരുവല്ലാ മെത്രാൻ ഐസക്ക് മാർ യൂഹാനോൻ, ആർച്ച്ബിഷപ്പ് ആൻറണി പടിയറ, വിദ്യാഭ്യാസമന്ത്രി ടി.എം. ജേക്കബ് എന്നിവർ വാർഷികത്തിലെ മുഖ്യാതിഥികളായിരുന്നു. ചങ്ങനാശ്ശേരി വാർഷികത്തിനുശേഷം ഇന്നോളംവരെ കെ.സി.എസ്.എൽ. സംസ്ഥാനതലത്തിൽ കായികമത്സരങ്ങൾ നടത്തിയിട്ടേയില്ല.

1985 – 86 സ്കൂൾ വർഷത്തിലാണ് ആദ്യമായി യു.പി. വിഭാഗം വൈസ് പ്രസിഡൻറുമാരും നിർവ്വാഹകസമിതിയംഗവും താല്ക്കാലികമായി തെരഞ്ഞെടുക്കപ്പെട്ടത്. ശ്രീ. പി. എം. ജോൺ, ശ്രീമതി ലിസി ബേബി എന്നിവരായിരുന്നു ആദ്യ യു.പി. വിഭാഗം വൈസ് പ്രസിഡൻറുമാർ. നിർവ്വാഹകസമിതിയംഗമായി സിസ്റ്റർ ഐറിസിനെയും തെരഞ്ഞെടുത്തു. 1986 ഏപ്രിൽ 12-ാംതീയതി ആലപ്പുഴ ലിയോ XIIIth ഹൈസ്കൂളിൽ നടത്തപ്പെട്ട 86–87 - ലെ ഒന്നാം മാനേജിംഗ് കമ്മററിയോഗം പി.എം. ജോണിനെയും ലിസി ബേബിയേയും അടുത്ത 3 വർഷത്തേയ്ക്കുള്ള വൈസ് പ്രസിഡൻറുമാരായി തെരഞ്ഞെടുത്തു.

85 ഫെബ്രുവരി 11 – ന് നടന്ന തെരഞ്ഞെടുപ്പിൽ പ്രസിഡൻറായി അഡ്വ. സിറിയക്ക് ജോസഫും ജനറൽ സെക്രട്ടറിയായി ശ്രീ. ജോസ് ആററുപുറവും വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു. ജനറൽ ട്രഷററായി തെരഞ്ഞെടുക്കപ്പെട്ടത് സിസ്റ്റർ സാവുള ആയിരുന്നു. ആദ്യത്തെ വനിതാട്രഷററാണ് സിസ്റ്റർ സാവുള സി.എം.സി. സംഘടനയുടെ കണക്കുകൾ ക്രമീകരിക്കുന്നതിലും ക്യാമ്പുകളും വാർഷികപരിപാടികളും വിജയിപ്പിക്കുന്നതിലും സി. സാവുള പ്രശംസനീയമാംവിധം സേവനം ചെയ്തു.

1986 ഫെബ്രുവരിയിൽ കേരളത്തിൽ പരിശുദ്ധ പിതാവ് ജോൺ പോൾ രണ്ടാമനെ അടുത്തുകാണുവാൻ കെ.സി. എസ്.എൽ. പ്രവർത്തകർക്കുവേണ്ടി ചില സ്ഥലങ്ങളിൽ പ്രത്യേക സെക്ടർ സജ്ജീകരിക്കപ്പെട്ടിരുന്നു.

സഖ്യത്തിൻെറ 69 – ാം വാർഷികം തേവര കോളേജിൽ വച്ച് 1986 ഫെബ്രുവരി 15, 16 തീയതികളിൽ നടന്നു. പരിചമുട്ടുകളി, മാർഗ്ഗംകളി, കെ.സി.എസ്.എൽ. ഗാനാലാപം, മലയാള പദ്യോച്ചാരണം എന്നിവ പുതിയതായി ഈ വാർഷികത്തിലാണ് ആരംഭിച്ചത്. സംസ്ഥാനസ്കൂൾ യുവജനോത്സവത്തിലെന്നപോലെ A.B,C, ഗ്രെയിഡു നിശ്ചയിച്ചുപോയിൻറുകൾ നിർണ്ണയിക്കുന്ന രീതിയും ഈ വാർഷികം മുതലാണ് കെ.സി.എസ്.എൽ. സ്വീകരിച്ചത്.

1986 - ലെ സംസ്ഥാനക്യാമ്പ് യു.പി. വിദ്യാർത്ഥികൾക്കായി ഏപ്രിൽ 1മുതൽ 15വരെ ഭരണങ്ങാനം അൽഫോൻസാ

റസിഡൻഷ്യൽ സ്കൂളിൽവച്ചും, ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി ഏപ്രിൽ 8 മുതൽ 12 വരെ ആലപ്പുഴ ലിയോ XIII th ഹൈസ്കൂളിൽവച്ചും നടത്തപ്പെട്ടു. 'നല്കുക, ധന്യരാവുക' എന്നതായിരുന്നു മുഖ്യ പഠനവിഷയം.

## ആനിമേറേഴ്സ് ക്യാമ്പ്

സംസ്ഥാന നിർവ്വാഹക സമിതിയുടെ ആഭിമുഖ്യത്തിൽ 1986 ജൂലൈ 11 മുതൽ 14 വരെ ആദ്യമായി ഒരു ആനിമേറ്റേഴ്സ് ക്യാമ്പ് എറണാകുളം റിന്യൂവൽ സെൻററിൽ നടത്തപ്പെട്ടു. കേന്ദ്രഭാരവാഹികളും 15 രൂപതകളിൽ നിന്നുമുള്ള പ്രതിനിധികളും അടക്കം 105 പേർ ക്യാമ്പിൽ സംബന്ധിച്ചു. മാർ ആൻറണി പടിയറ ഉദ്ഘാടനം ചെയ്ത ക്യാമ്പിൽ പ്രൊഫ. എൻ. എ. ഔസേപ്പ്, ഡോ. തങ്കമ്മ ജേക്കബ്ബ്, പ്രൊഫ. പി. ജെ. പാപ്പു, അഡ്വ. സിറിയക്ക് ജോസഫ്, ഡോ. സെബാസ്റ്റ്യൻ വടക്കുംപാടൻ എന്നിവർ ക്ലാസ്സുകളെടുത്തു. 'ആനിമേറ്റർമാരുടെ ധർമ്മം' എന്നതായിരുന്നു മുഖ്യ വിഷയം. ഇതിനെ തുടർന്ന് എല്ലാ വർഷവും ഇത്തരം ക്യാമ്പുകൾ നടത്തി വരുന്നുണ്ട്.

## സമാധാനം യേശുവിലൂടെ

1986 സമാധാന വർഷമായി U.N.O. പ്രഖ്യാപിച്ചതിനോടു പ്രതികരിച്ചുകൊണ്ട് 'സമാധാനം യേശുവിലൂടെ' എന്നതു് മുഖ്യ പഠന വിഷയമായി സ്വീകരിച്ചു. ഇക്കൊല്ലം കെ. സി. എസ്. എൽ. രൂപതാ കേന്ദ്രങ്ങളിലും സംസ്ഥാന തലത്തിലും സമാധാന റാലികൾ സംഘടിപ്പിച്ചു. ഇത്തരമൊരു റാലി പാലാ രൂപതയിൽ സംഘടിപ്പിച്ചതു് പ്രത്യേകം ശ്രദ്ധേയമായി. 1986 നവംബർ 1 ന് 1500 പേർ പങ്കെടുത്ത കൺവെൻഷനും 7000 വിദ്യാർത്ഥികൾ അണിനിരന്ന റാലിയും നടന്നു.

## സപ്തതിയാഘോഷം

1987 മെയ് 13–ന് കെ. സി. എസ്. എൽ. സംഘടനയ്ക്കു 70 വയസ്സു പൂർത്തിയാകുന്നതു പ്രമാണിച്ചു് 1986–87 സപ്തതി വർഷമായി പ്രഖ്യാപിച്ചു. സപ്തതി ആഘോഷങ്ങളുടെ ഭാഗമായി എറണാകുളത്തു 1987 ജനുവരി 31-നു നടന്ന ''നിശ്ചല റാലി'' ഒരു പ്രത്യേക റാലി സംസ്കാരത്തിനു് ആരംഭം കുറിച്ചു. ബാഡ്ജ് ധരിച്ച പതിനായിരത്തോളം വരുന്ന വിദ്യാർത്ഥികളും നൂറിൽപരം ആനിമേറേഴ്സും ചേർന്ന് പേപ്പൽ പതാകയും. കെ. സി. എസ്. എൽ. പതാകയും ഏന്തി നടത്തിയ അച്ചടക്കമുള്ള റാലി 'പുതിയൊരു റാലി സംസ്കാരത്തിനു്'തുടക്കമിട്ടു

വെന്നു് കേരളത്തിലെ എല്ലാ പത്രങ്ങളും പ്രകീർത്തിക്കുകയുണ്ടായി. ഗതാഗത തടസം സൃഷ്ടിക്കാതെ, ഫുട്പാത്തലൂടെ, ഗാനമാലപിച്ചും മുദ്രാവാക്യങ്ങൾ മുഴക്കിയും പതാകകൾ വീശിയും പ്ലാക്കാർഡുകൾ ഉയർത്തിയും, ദേശീയോദ്ഗ്രഥനത്തിൻെറയും മതസൗഹാർദ്ദത്തിൻെറയും സമാധാനത്തിൻെറയും സന്ദേശം പകന്ന ആ റാലി അത്തരത്തിൽ എറണാകുളം നഗരം കണ്ട ആദ്യ റാലിയായിരുന്നു. വിവിധ സ്കൂളുകളിൽ നിന്നു് യൂണിഫോറം ധരിച്ചെത്തിയ വിദ്യാർത്ഥികളും വിവിധ വേഷങ്ങളണിഞ്ഞ 20-ൽ പരം സ്കൂൾ ബാൻറു സെററുകളും എറണാകുളം നഗര വീഥിയിൽ നിരന്നപ്പോൾ അവിടെയൊരു മായാ പ്രപഞ്ചം തന്നെ സൃഷ്ടിക്കപ്പെട്ടു. റാലി സെൻറ് ആൽബർട്ട്സ് ഹൈസ്കൂൾ ഗ്രൗണ്ടിൽ തിരിച്ചെത്തിയപ്പോൾ 70-ാം സംസ്ഥാന വാർഷികം നടത്തപ്പെട്ടു. കേരള ഹൈക്കോടതി ജഡ്ജി ശ്രീ. കെ. ടി. തോമസ് സമ്മേളനം ഉദ്ഘാടനം ചെയ്തു. ''അനീതിക്കെതിരായി കെ. സി. എസ്. എൽ. അംഗങ്ങൾ വളന്നു വരണമെന്നു്'' ബ. ജഡ്ജി വിദ്യാർത്ഥികളെ ആഹ്വാനം ചെയ്തു. സപ്തതി റാലിയുടെ മാതൃക രാഷ്ട്രീയ റാലിക്കാർ അനുകരിച്ചിരുന്നുവെങ്കിൽ എന്നു് അദ്ദേഹം ആശ പ്രകടിപ്പിക്കുകയും ചെയ്തു. മോൺ. ഇമ്മാനുവൽ ലോപ്പസ് ആയിരുന്നു സമ്മേളനാദ്ധ്യക്ഷൻ.

## പേപ്പൽ ബഹുമതി

പരിശുദ്ധ പിതാവിൽനിന്നും 'പ്രോ എക്ലേസിയ പൊന്തിഫിച്ചേ' എന്ന പേപ്പൽ ബഹുമതി ലഭിച്ച സഖ്യം പ്രസിഡൻറ് അഡ്വ. സിറിയക്ക് ജോസഫിനെ 70-ാം സംസ്ഥാന വാർഷികത്തിൽവച്ചു് അനുമോദിക്കുകയുണ്ടായി. പന്ത്രണ്ടു സംവത്സരങ്ങൾ കെ. സി. എസ്. എൽ. സംഘടനയുടെ പ്രസിഡൻറായി സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച കർമ്മധീരനും മാതൃകായോഗ്യനുമായ ഒരു അത്മായ പ്രേഷിതനാണ് ശ്രീ. സിറിയക്ക് ജോസഫ്. കെ.സി.എസ്.എൽ. സംഘടനയുടെ പലേ കർമ്മപദ്ധതികളുടെയും സൂത്രധാരകനും പ്രധാന ശില്പിയും അദ്ദേഹമായിരുന്നു. വിദ്യാർത്ഥിയായിരുന്നപ്പോൾ തന്നെ ആദർശവാനായ ഒരു യുവനേതാവായി പ്രശോഭിച്ചിരുന്ന അദ്ദേഹം കറപുരളാത്ത വ്യക്തിത്വത്തിൻെറ ഉടമയാണ്. തുടർച്ചയായി നാലുപ്രാവശ്യം സഖ്യത്തിൻെറ പ്രസിഡൻറായി അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹത്തിൻെറ അർപ്പണമനോഭാവവും മിഴിവുററ ക്രൈസ്തവ ചൈതന്യവും ആദർശനിഷ്ഠയും സ്വാർത്ഥരഹിതമായ സേവനവും ഏററം ഉപരി മാതൃകാപരമായ ക്രിസ്തീയ ജീവിതവും സഭാസ്നേഹവും അദ്ദേഹത്തെ ഈ ഉന്നത ബഹുമതിക്ക് അർഹനാക്കിത്തീർത്തു.

1987 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷയിൽ സംഘടനാംഗങ്ങളിൽനിന്ന് മുൻപിലെത്തിയത് ഒരാൺകുട്ടിയാണ്. ചങ്ങനാശ്ശേരി സേക്രട്ട് ഹാർട്ട് ഹൈസ്കൂളിലെ പ്രദീപ് തോമസ് ഇക്കൊല്ലം സംസ്ഥാനത്ത് നാലാം റാങ്ക് നേടി.

## വിദ്യാർത്ഥി ഭവൻ

1983 മുതൽ 88 വരെ സംസ്ഥാന ഡയറക്ടറായിരുന്ന ഫാ. ജോസഫ് കൈമലയുടെ പ്രവർത്തനശേഷിയും സംഘടനാപാടവവും സഖ്യത്തിന് ഒരു മുതൽക്കൂട്ടായിരുന്നു. ഫാ. ഒണോരെ സ്വപ്നം കാണുകയും, ഫാ. ഈരത്തറ ആഗ്രഹിക്കുകയും ചെയ്ത വിദ്യാർത്ഥി ഭവൻ സാക്ഷാത്കരിക്കപ്പെട്ടത് ഫാ. കൈമലയുടെ കാലത്താണ്. സി എം.ഐ. സഭയുടെ ജനറലേററിന്റെ വക അഭിഷേക ബിൽഡിംഗിൽ 2¼ ലക്ഷം കൊടുത്ത് ഒരു ഫ്ളാററ് വാങ്ങാൻ സഖ്യം തീരുമാനിച്ചത് അക്കാലത്താണ്. സഖ്യത്തിന്റെ കളമശ്ശേരിയിലുള്ള സ്ഥലം വിററ് പണം സമാഹരിക്കുവാനായിരുന്നു പ്ലാൻ. പണം നല്കാതെയും തീറാധാരം എഴുതാതെയും ഫ്ളാററ് ഉപയോഗിക്കാൻ സി.എം.ഐ സഭ അനുവദിച്ചു. അങ്ങനെ 1988 ജൂലൈ 16-ാം തീയതി ക്ഷണിക്കപ്പെട്ട ഏതാനും കെ സി.എസ്.എൽ പ്രവർത്തകരുടെയും സുഹൃത്തുക്കളുടെയും സാന്നിദ്ധ്യത്തിൽ താമരശ്ശേരി രൂപതാദ്ധ്യക്ഷൻ മാർ സെബാസ്ററ്യൻ മങ്കുഴിക്കരി കേന്ദ്രഓഫീസ് വെഞ്ചരിക്കുകയും തുടർന്ന് ഉദ്ഘാടന സമ്മേളനം നടത്തുകയും ചെയ്തു. കെ. സി. എസ്. എൽ-ന്റെ പുതിയ പ്രസിഡൻറ് പ്രൊഫ. പി. ജെ. സിറിയക്കും സ്ഥാനമൊഴിഞ്ഞ പ്രസിഡണ്ട് അഡ്വ. സിറിയക്ക് ജോസഫും മററു കെ. സി. എസ്. എൽ. ഭാരവാഹികളും ഈ മനോഹര കർമ്മത്തിന് സാക്ഷി നിന്നു. സംതൃപ്തിയുടെയും സന്തോഷത്തിന്റെയും വികാരവീചികൾ എല്ലാവരിലും ദൃശ്യമാകുക സ്വാഭാവികമാണല്ലോ! അങ്ങിനെ ഒരു ചിരകാലാഭീഷ്ടം പൂർത്തീകരിക്കപ്പെട്ട കെ സി.എസ്.എൽ—ന് അതിന്റേതായ ഒരു കേന്ദ്രഓഫീസ് സംലബ്ധമായി.

## നവസാരഥികൾ

1987 – 88 ലെ വാർഷികം 1988 ഫെബ്രുവരി 13—ാം തീയതി വരാപ്പുഴ മെത്രാപ്പോലീത്താ കൊർണേലിയൂസ് ഇലഞ്ഞിക്കൽ തേവര കോളേജിൽ ഉദ്ഘാടനം ചെയ്തു. പിറേറദിവസം ശ്രീമതി ലിസി ബേബി ഒഴികെ മറെറല്ലാവരും പുതുമുഖങ്ങളായി പുതിയ എക്സിക്യൂട്ടീവ് തെരഞ്ഞെടുക്കപ്പെട്ടു. സംഘടനയുടെ പതിനൊന്നാമത്തെ പ്രസിഡൻറ് തേവര കോ

ളേജിലെ ധനതത്ത്വശാസ്ത്രാദ്ധ്യാപകനും വിൻസൻറ് ഡീ പോഠം സഖ്യത്തിൻെറ എറണാകുളം സെൻട്രൽ കൗൺസിൽ പ്രസിഡൻറും നാഷണൽ കൗൺസിൽ അംഗവുമായ പ്രൊഫ. പി. ജെ. സിറിയക്കാണ്. വൈസ് പ്രസിഡൻറുമാരായി ശ്രീ. കെ.പി. ജോർജ്, സിസ്റ്റർ ലൂസീനാ, ശ്രീ. പി. ആർ. ലോറൻസ്, ശ്രീമതി ലിസി ബേബി എന്നിവരും, ജനറൽ സെക്രട്ടറിയായി ശ്രീ. പി.പി. പൗലോസും, ട്രഷററായി ശ്രീ. പി.ഡി. മാത്യുവും തെരഞ്ഞെടുക്കപ്പെട്ടു. ഇവർ 1988 ജൂൺ 12 - ാം തീയതി കലൂർ റിന്യൂവൽ സെൻററിൽ നടത്തിയ ആനിമേറേഴ്സ് ക്യാമ്പിൽവച്ച് ഔദ്യോഗികമായി അധികാരമേററു.

1988 ഏപ്രിൽ 5–8 തീയതികളിൽ കോട്ടയം ചൈതന്യയിൽവച്ച് അപ്പർ പ്രൈമറി വിഭാഗത്തിനും ഏപ്രിൽ 11–15 തീയതികളിൽ കളമശ്ശേരി രാജഗിരി ഹൈസ്കൂളിൽ വച്ച് ഹൈസ്കൂഠം വിഭാഗത്തിനും നേതൃത്വ പരിശീലന ക്യാമ്പ് നടത്തി. ''നീതി സമാധാനത്തിൻെറ ഉറവിടം'' എന്നതാണ് ഇക്കൊല്ലത്തെ പഠനവിഷയം. സ്റ്റഡി സർക്കിളിനോടു നീതി പുലത്തുന്നതിനായി 1988 സെപ്റ്റംബർ 8 ന് ഉച്ചയ്ക്കു 1 15ന് സംസ്ഥാനത്തൊട്ടാകെ എല്ലാ യൂണിററുകളിലും പൊതുവേദികളിൽവച്ച് ഒന്നരലക്ഷത്തോളമുള്ള അംഗങ്ങഠം അനീതിക്കെതിരെ പ്രതിജ്ഞ എടുത്തു.

## കെ.സി.ബി.സി. നിർദ്ദേശങ്ങൾ

1988 ആഗസ്റ്റിൽ വടവാതൂർ സെമിനാരിയിൽ കൂടിയ കെ.സി.ബി.സി. സമ്മേളനം വിദേശപഠനത്തിനു പുറപ്പെടുന്ന ഫാ. ജോസഫ് കൈമലയ്ക്കു പകരം ഫാ. ജോസഫ് പുത്തൻപുര സി.എം.ഐ.യെ ജനറൽ ഡയറക്ടറായി നാമനിർദ്ദേശം ചെയ്തു. തേവര കോളേജിലെ സോഷ്യോളജി അദ്ധ്യാപകനായ ഇദ്ദേഹം മാന്നാനം ട്രെയിനിംഗ് കോളേജിലും, മാന്നാനം, മുഹമ്മ, പൂഞ്ഞാർ, പുളിങ്കുന്ന് ഹൈസ്കൂളുകളിലും ഗണിതശാസ്ത്രാദ്ധ്യാപകനായും സഖ്യം ആനിമേററായും സേവനം ചെയ്തിട്ടുണ്ട്. ഈ നിയമനത്തോടൊപ്പം താഴെപ്പറയുന്ന നിർദ്ദേശങ്ങളും കെ. സി. ബി. സി. പുതിയ ഡയറക്ടർക്കു നല്കിയിരുന്നു.

1) കെ. സി. എസ്. എൽ. ഒരു സംഘടനയായി രജിസ്റ്റർ ചെയ്യുക.
2) കെ.സി.എസ്.എൽ. ൻെറ ഭരണഘടന നവീകരിക്കുക.
3) കെ. സി. എസ്. എൽ ൻെറ കേന്ദ്രഓഫീസായ വിദ്യാർത്ഥിഭവൻ കഴിയുന്നതും വേഗം അഭിഷേക ബിൽഡിംഗിൽനിന്നും പി. ഒ. സി. യിലേക്കു മാററുക.

ഈ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുകയായിരുന്നു പുതിയ സംസ്ഥാന ഡയറക്ടറിന്റെയും കേന്ദ്രഭരണസമിതിയുടെയും ലക്ഷ്യം. സംഘടന രജിസ്റ്റർ ചെയ്യുന്നതിനുള്ള എല്ലാ ക്രമീകരണങ്ങളും പൂർത്തിയായിവരുന്നു. പുതിയ ഭരണഘടന ഉണ്ടാക്കുവാൻ പ്രസിഡന്റ് പ്രൊഫ. പി. ജെ. സിറിയക്ക് കൺവീനറായി ഒരു ഏഴംഗ കമ്മററി രൂപീകരിക്കുകയും ആ കമ്മററി പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. പുതിയ ഡ്രാഫ്ററ് കോൺസ്റ്റിററ്യൂഷൻ നവംബറിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

അഭിവന്ദ്യ തിരുമേനിമാരുടെ ആഗ്രഹമായിരുന്ന കേന്ദ്ര ഓഫീസ് പി. ഒ. സി. യിലേയ്ക്കു മാററുകയെന്നത്. വളരെ വർഷമായി ഈ കേന്ദ്ര ഓഫീസ് ചാവറ കൾച്ചറൽ സെൻററിന്റെ ബിൽഡിംഗിലായിരുന്നുവെന്നും അതിനുശേഷം അത് 'അഭിഷേക'യെന്ന സൗകര്യപ്രദമായ ബിൽഡിംഗിലേയ്ക്ക് മാററിയെന്നും മുൻപു സൂചിപ്പിച്ചിരുന്നുവല്ലോ.

പണം 6 മാസം കഴിഞ്ഞ് നല്കിയാൽ മതിയെന്നും അതുവരെ പണത്തിന് യാതൊരു പലിശയും വേണ്ടെന്നും കെട്ടിടം സ്വതന്ത്രമായി സംഘടന ഉപയോഗിക്കാമെന്നും ഹൃദയവിശാലതയോടെ സി.എം.ഐ. സഭ അനുവദിച്ചിരുന്നു. എന്നാൽ 6 മാസം കഴിഞ്ഞ് തീറാധാരം എഴുതുന്നില്ലെങ്കിൽ 10% പലിശ നല്കണമെന്നും വ്യവസ്ഥ ചെയ്തിരുന്നു. ഈയവസരത്തിലാണ് മങ്കുഴിക്കരി തിരുമേനി അഭിഷേകയിൽ വിദ്യാർത്ഥിഭവൻ ഉദ്ഘാടനം ചെയ്തത്. വളരെയധികം സൗകര്യമുള്ള 'അഭിഷേക' ബിൽഡിംഗിലെ ഫ്ളാററ് വിദ്യാർത്ഥിഭവനായി ലഭിച്ചതിൽ എല്ലാവർക്കും സന്തോഷവും സംതൃപ്തിയുമായിരുന്നു.

എന്നാൽ 6 മാസം കഴിഞ്ഞിട്ടും തീറാധാരമെഴുതി ഫ്ളാററ് സ്വന്തമാക്കാൻ സംഘടനയ്ക്കു സാധിച്ചില്ല. കാരണം, കളമശ്ശേരിയിലുള്ള വസ്തു പ്രതീക്ഷിച്ചതുപോലെ വില്ക്കുവാൻ സാധിച്ചില്ലയെന്നതുതന്നെ. സംസ്ഥാന ഡയറക്ടറും കേന്ദ്രസമിതിയംഗങ്ങളും ആ വസ്തു വില്ക്കുവാൻ പരമാവധി പരിശ്രമിച്ചു. എങ്കിലും വില്ക്കാൻ വയ്ക്കപ്പെട്ട വസ്തുവിന് വാങ്ങാനുള്ളവർ മാർക്കററു വില തരാൻ തയ്യാറായില്ല. സംഘടനയ്ക്ക് ഒരു പൈസ പോലും നഷ്ടം വരുത്തുവാൻ കേന്ദ്രസമിതിക്കും സംസ്ഥാന ഡയറക്ടർക്കും താല്പര്യമില്ലായിരുന്നു.

വസ്തു വില്ക്കുവാൻ സാധിക്കാതെ വന്ന സാഹചര്യത്തിൽ ഒരു ലോണെടുക്കുവാൻ സംഘടന തയ്യാറായി. ഡയറക്ടർ കെ. സി. ബി. സി. യിലെ പിതാക്കന്മാരെ സമീപിച്ച് 3 ലക്ഷം രൂപാ ലോൺ നല്കണമെന്ന് 1988 ഡിസംബറിൽ അപേക്ഷിച്ചു. എന്നാൽ കെ. സി. ബി. സി. ഈ അപേക്ഷ നിരസിക്കയാണുണ്ടായത്. വിദ്യാർത്ഥിഭവൻ പി. ഒ. സി.

യിലേയ്ക്കു മാററണമെന്നുള്ള നിർദ്ദേശം മനസ്സിൽ കണ്ടുകൊണ്ടായിരിക്കാം അവർ ലോൺ നിഷേധിച്ചത്. ലോൺ ലഭിച്ചിരുന്നുവെങ്കിൽ ഉദ്ഘാടനം ചെയ്യപ്പെട്ട അഭിഷേക ബിൽഡിംഗിൽതന്നെ വിദ്യാർത്ഥിഭവൻ തുടരാമായിരുന്നു.

ഈ സാഹചര്യത്തിൽ അഭിഷേകയിലെ ഫ്ളാററ് തിരിച്ചുതരാൻ തയ്യാറാണെന്ന് സി.എം.ഐ. സഭാധികാരികളെ ഡയറക്ടർ അറിയിച്ചു. ഇതിനിടയിൽ കെ.സി.ബി.സി.യുടെ ആഗ്രഹപ്രകാരം 1989 മെയ് മാസം 30-ാം തീയതി വിദ്യാർത്ഥിഭവൻ അഭിഷേകയിൽനിന്നും പി. ഒ. സി. യിലെ ഒരു മുറിയിലേയ്ക്കു മാററി. കെ. സി. ബി. സി. കൂടിക്കൊണ്ടിരുന്ന സാഹചര്യമായതിനാൽ അഭിവന്ദ്യ രൂപതാദ്ധ്യക്ഷന്മാരുടെ സാന്നിദ്ധ്യത്തിൽ C.B.C.I & K. C. B. C. ചെയർമാൻ ബനഡിക്ട് മാർ ഗ്രിഗോരിയോസ് മെത്രാപ്പോലീത്താ പി. ഒ. സി. യിലെ സംഘത്തിൻെറ കേന്ദ്ര ഓഫീസ് ഉദ്ഘാടനം ചെയ്തു. വിദ്യാർത്ഥി സെക്രട്ടറി ആവിഷ് ജോസഫ് തൻെറ സ്വാഗതപ്രസംഗത്തിൽ 'പിതാക്കന്മാരുടെ സ്നേഹം ഞങ്ങൾക്ക് അല്പം കൂടി തരണമേ'യെന്ന് വികാരനിർഭരനായി യാചിച്ചു. ''കേന്ദ്ര ഓഫീസ് ഇപ്പോൾ പി. ഒ. സി. യിലേയ്ക്കു മാററിയിരിക്കയാണല്ലോ. ഇനിയും നിങ്ങൾക്ക് സ്നേഹവും പരിഗണനയും കൂടുതലായി ഉണ്ടാകും'' മെന്ന് അവിടെ കൂടിയിരുന്ന പിതാക്കന്മാരുടെ നാമത്തിൽ മാർ ഗ്രിഗോരിയോസ് ഉറപ്പു നല്കുകയും ചെയ്തു. സമ്മേളനത്തിൽ യൂത്തുകമ്മീഷൻ ചെയർമാൻ ഡോ. പീററർ ചേനപ്പറമ്പിൽ അദ്ധ്യക്ഷനായിരുന്നു.

അഭിഷേകയിലെ ഫ്ളാററിനുവേണ്ടി സംഘടനയ്ക്കു ചെലവായ മുഴുവൻ തുകയും (കരം, കറണ്ടുചാർജ്ജ്, പലിശ തുടങ്ങിയവയ്ക്കു) തിരിച്ചു തന്നുകൊണ്ട് സി.എം.ഐ. സഭ ഫ്ളാററ് തിരിച്ചെടുത്തു. എങ്കിലും 1989 ആഗസ്റ്റുമാസം വരെ സംഘടന ഈ ഫ്ളാററ് തന്നെ ഓഫീസായി ഉപയോഗിച്ചിരുന്നു.

കേന്ദ്ര ഓഫീസാക്കിയ വിദ്യാർത്ഥി ഭവനിൽ, ഉദ്ഘാടനവും എക്സിക്യൂട്ടീവ് മീററിംഗുകളും ഒഴിച്ചാൽ, ഔദ്യോഗികമായി നടത്തിയ ഏകയോഗം രൂപതാ ഡയറക്ടറന്മാരുടെ സമ്മേളനമാണ്. 16 രൂപതാ ഡയറക്ടറന്മാർ പങ്കെടുത്ത ഈ യോഗത്തെ 15-12-88 ൽ ഇരിങ്ങാലക്കട മെത്രാൻ മാർ ജെയിംസ് പഴയാററിലും സംഘടനയുടെ മുൻ ഓർഗനൈസർ ഫാ. കോൺസ്റ്റൻൈറൻ സി. എം. ഐ. യും അഭിസംബോധന ചെയ്തു.

7-12-88 ൽ പി. ഓ. സി. യിൽ വച്ച് കെ. സി. ബി. സി. യൂത്തു കമ്മീഷൻ അംഗങ്ങളുമായി കോട്ടയം എം. സി. നിയോഗിച്ച പ്രൊഫ. പി. ജെ.സിറിയക്ക്, അഡ്വ. സിറി

യക്ക് ജോസഫ്, ശ്രീ. പി. പി. പൗലോസ്, ഫാ. ജോസഫ് പുത്തൻപുര എന്നിവർ സംഘടനാപരമായ കാര്യങ്ങാം ചർച്ച ചെയ്തു.

1988-89 ൽ കോഴിക്കോട്, കോട്ടപ്പുറം രൂപതകളിൽ സംഘടനാ പ്രവർത്തനങ്ങാം ഉദ്ഘാടനം ചെയ്തു. 1989 ജൂണിൽ പാലക്കാട്ട രൂപതയിലും സംസ്ഥാന ഡയറക്ടരുടെ സാന്നിദ്ധ്യത്തിൽ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് ഇരിമ്പൻ കെ. സി. എസ്. എൽ. ന തിരികൊളുത്തി.

## അദ്ധ്യാപക അവാർഡ്

അഖില കേരളാടിസ്ഥാനത്തിൽ ഒരദ്ധ്യാപകന് അവാർഡു നല്കി അംഗീകരിക്കണമെന്ന സംഘടനയുടെ ചിരകാലാഭിലാഷം പൂവണിഞ്ഞതു് 1989 ലാണ്. സംസ്ഥാനത്തിൻെറ വിവിധ ഭാഗങ്ങളിൽ നിന്നു നിർദ്ദേശിക്കപ്പെട്ട അദ്ധ്യാപകരുടെ യോഗ്യതകരം വിലയിരുത്തി ആദ്യത്തെ അവാർഡു നിർണ്ണയിക്കുന്നതിനു് ബിഷപ്പ് പീററർ ചേനപ്പറമ്പിൽ, റിട്ട. ജസ്റ്റിസ് ഷെവ. ജോസഫ് വിതയത്തിൽ, അഡ്വ. സിറിയക്ക് ജോസഫ്, പ്രൊഫ. കെ. ററി. സെബാസ്റ്റ്യൻ, ശ്രീ. എ.പി. യൂജിൻ, പ്രൊഫ. പി.ജെ. സിറിയക്ക്, ഫാ. ജോസഫ് പുത്തൻപുര എന്നിവരടങ്ങുന്ന കമ്മിററി രണ്ടു പ്രാവശ്യം സമ്മേളിച്ചു. ഷെവ. പി. ററി. തോമസ് അവാർഡിനു് ആദ്യമായി അർഹനായതു് ശ്രീ. ജോസ് ആററുപുറമാണ്. 72-ാം സംസ്ഥാന വാർഷികാവസരത്തിൽ 1989 ഫെബ്രുവരി 11 നു് തേവര കോളേജിൽ വച്ചു് അദ്ദേഹം 2001 രൂപയുടെ കാഷ് അവാർഡും പ്രശംസാ പത്രവും ആലപ്പുഴ ബിഷപ്പ് പീററർ ചേനപ്പറമ്പിൽ നിന്നു് ഏററുവാങ്ങി. രണ്ടാമതായി ഈ അവാർഡിനു തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നതു് ശ്രീമതി ലിസി ബേബി ടീച്ചറാണ്.

## സഭാദൗത്യം വിദ്യാഭ്യാസത്തിലൂടെ

1989-90 വർഷത്തെ പഠനക്കളരിയുടെ വിഷയം 'സഭാദൗത്യം വിദ്യാഭ്യാസത്തിലൂടെ' എന്നതാവണമെന്നു വിദ്യാർത്ഥി പ്രതിനിധികരം 1988 നവംബറിൽ കോട്ടയത്തു നടന്ന മാനേജിംഗ് കമ്മററിയിൽ അഭിപ്രായപ്പെട്ടു. ഈ വിഷയത്തെക്കുറിച്ചു വിദ്യാർത്ഥി നേതാക്കരംക്കു പ്രായോഗിക പരിശീലനം നല്കുന്നതിനായി 1989 ഏപ്രിൽ 17–21 തീയതികളിൽ മാന്നാനം സെൻറു് എഫ്രേംസ് ഹൈസ്കൂളിൽ നടത്തിയ സമ്മർ ക്യാമ്പ്, നവതി ആഘോഷിക്കുന്ന മുൻ സംസ്ഥാന

ഡയറക്ടർ ഫാ. ഔറേലിയൂസ് കടനപ്പുഴ ഉദ്ഘാടനം ചെയ്തു. പാലാ ബിഷപ്പ് ഡോ. ജോസഫ് പള്ളിക്കാപ്പറമ്പിൽ, ആലപ്പുഴ ബിഷപ്പ് ഡോ പീററർ ചേനപ്പറമ്പിൽ, സാധു ഇട്ടിയവിര തുടങ്ങിയവർ ക്യാമ്പിനെ അഭിസംബോധന ചെയ്തു. ഹൈസ്കൂൾ, അപ്പർ പ്രൈമറി എന്നീ വിഭാഗങ്ങളിൽ നിന്നായി 150 ലധികം വിദ്യാർത്ഥി പ്രതിനിധികൾ ഈ ക്യാമ്പുകളിൽ പരിശീലനം നേടി. ബോട്ടിലും ബസ്സിലുമായി തണ്ണീർമുക്കം ബണ്ടിലേയ്ക്കു നടത്തിയ വിനോദയാത്ര എല്ലാവരും ആസ്വദിച്ചു.

പഠന വിഷയത്തോടു നീതി പുലർത്താനായി എറണാകുളം ജില്ലയുടെ സമ്പൂർണ്ണ സാക്ഷരതായജ്ഞത്തിൽ ജില്ലയിലെ കെ സി. എസ്. എൽ. ശാഖകൾ തങ്ങളാലാവുന്ന വിധം സഹകരിക്കുന്നുണ്ട്. ഏപ്രിൽ 16 ന മാന്നാനത്തു കൂടിയ ഡയറക്ടന്മാരുടെയും പ്രസിഡണ്ടുമാരുടെയും സംയുക്ത സമ്മേളനം കേരളത്തിൻെറ സമ്പൂർണ്ണ സാക്ഷരതാ യജ്ഞത്തിൽ സഹകരിക്കുവാൻ ആഹ്വാനം ചെയ്തു.

ശാഖകളിലെ സംഘടനാ പ്രവർത്തനങ്ങൾ നേരിൽ കാണുന്നതിനും എല്ലാ അംഗങ്ങളുടെയും പരിശീലനം ഉറപ്പു വരുത്തുന്നതിനുമായി കേന്ദ്ര എക്സിക്യൂട്ടീവ് കമ്മററിയിലെ രണ്ടോ മൂന്നോ പേർ വീതം എല്ലാ രൂപതകളും സന്ദർശിക്കുന്ന രീതി ഇക്കൊല്ലം ആരംഭിച്ചിട്ടുണ്ട്. എക്സിക്യൂട്ടീവിലെ ഓരോ അംഗങ്ങൾക്കും ഈരണ്ടു രൂപതകളുടെ പ്രത്യേക ചാർജ്ജും ഉണ്ട്. ഈ ക്രമീകരണങ്ങൾ സംഘടനയെ ശക്തിപ്പെടുത്താനും കേന്ദ്ര രൂപതാ ബന്ധങ്ങൾ സുദൃഢമാക്കാനും സഹായിച്ചിട്ടുണ്ട്.

ആധുനിക ലോകത്തിൻെറ പുരോഗതിയ്ക്കൊത്തു കെ.സി. എസ്.എൽ. അംഗങ്ങളുടെ നേതൃത്വ പരിശീലനത്തിലും വ്യതിയാനങ്ങൾ വിഭാവനം ചെയ്യുന്നു. നേതൃത്വത്തിൻെറ ഉന്നത തലങ്ങളിലേയ്ക്കു് ഉയരാൻ സാധ്യതയുള്ളവർക്ക് പ്രത്യേക പരിശീലനം നല്കുന്നതിനായി 1990 ജനവരിയിൽ ഒരു ജീവിത മാർഗ്ഗ നിർദ്ദേശക ക്യാമ്പ് ആസൂത്രണം ചെയ്യുന്നുണ്ട്. ഇതേ തുടർന്ന് കരീയർ ഗൈഡൻസും നടത്തുന്നതാണ്.

## ചാവറ പ്രസംഗമത്സരം

1973 മുതൽ സംഘടന അഖിലകേരളാടിസ്ഥാനത്തിൽ നവംബറിൽ നടത്തിവരുന്ന പ്രസംഗമത്സരത്തിന് സമ്മാനമായി മാന്നാനത്തുള്ള വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചൻെറ നാമകരണാലയത്തിൽനിന്നും 100 രൂപാ വീതം നല്കി പോന്നിരുന്നു. 1989 മുതൽ ഈ തുക കൂട്ടിത്തരണമെന്നു ഡയ

റക്കർ വൈസ് പോസ്റ്റുലേററോട് ആവശ്യപ്പെട്ട. അതനുസരിച്ച് 1000 രൂപാ വീതം പ്രതിവർഷം മാന്നാനത്തുനിന്നും തരാമെന്നു സമ്മതിച്ചതിനാൽ ഹൈസ്കൂരം, അപ്പർ പ്രൈമറി വിഭാഗങ്ങരംക്ക് 250, 150, 100 രൂപാ വീതം സമ്മാനമായി നല്ലാമെന്നു സംഘടന തീരുമാനിച്ചു. ഇതനുസരിച്ച് ആദ്യമായി 1989 നവംബറിൽ POC യിൽ നടത്തിയ പ്രസംഗമത്സരത്തിൽ ആദ്യത്തെ രണ്ടു സ്ഥാനങ്ങരം നേടിയവർ: I സീമാ തെരേസാ (കാഞ്ഞിരപ്പള്ളി), ലിജോ ജോസ് മാത്യു, കൂടല്ലൂർ, (കോട്ടയം); II അക്സാ ഓസ്റ്റിൻ, തുടങ്ങനാട്, (പാല), ജോബിൻസ് ആൻറണി ചിറക്കടവ്, (കാഞ്ഞിരപ്പള്ളി) എന്നിവരാണ്.

## സാമൂഹ്യസേവനക്യാമ്പുകൾ

അംഗങ്ങളുടെ സേവനമന:സ്ഥിതിയും വിവിധ റീത്തുകളിലെ സംഘടനാംഗങ്ങളുടെ സംഘാതമായ സഹകരണവും വളത്തുന്നതിനുവേണ്ടി 6 മേഖലകളിലായി സാമൂഹ്യ സേവന ക്യാമ്പുകരം സംഘടിപ്പിക്കുവാൻ 1989 – ൽതീരുമാനിച്ചു. വിവിധ സ്കൂളുകളിൽനിന്നു വിദ്യാത്ഥികളുടെ ത്യാഗത്തിൻെറ ഫലമായി സമാഹരിച്ച പിടിയരിയും വസ്ത്രങ്ങളും അർഹരായവരെ കണ്ടുപിടിച്ചു മററാരുമറിയാതെ നല്കുക, വീടുവയ്ക്കുക, പരിസരശുചീകരണം, രോഗീസന്ദർശനം എന്നിവ നടത്തുക, ചെടികളും മരങ്ങളും വച്ചുപിടിപ്പിക്കുക, സമീപ രൂപതാംഗങ്ങരം ഒരുമിച്ചു വസിക്കുക, കലാപരിപാടികരം ഗ്രാമീണർക്കായി അവതരിപ്പിക്കുക എന്നു തുടങ്ങിയ പല പരിപാടികളും ഇതിൽ ഉരംക്കൊള്ളിച്ചിട്ടുണ്ട്.

## നിയമാവലി പരിഷ്ക്കരണം

സംഘടനയെ അടുത്ത നൂററാണ്ടിലെ പ്രവത്തനത്തിനു അണിയിച്ചൊരുക്കുവാനുള്ള ശ്രമകരമായ പരിപാടിയുടെ ഭാഗമായി നിയമാവലി സമൂലം പരിഷ്കരിക്കുവാൻ പ്രൊഫ പി. ജെ. സിറിയക്ക് കൺവീനറായി അഡ്വ. സിറിയക്ക് ജോസഫ്, ശ്രീ. ജോസ് ആററുപുറം, ശ്രീ. പി പി. പൗലോസ്, ശ്രീ. എ പി. യൂജിൻ, ഫാ കോൺസ്റ്റൻൈറൻ, ഫാ. ജോസഫ് പുത്തൻപുര എന്നിവരടങ്ങുന്ന ഏഴംഗക്കമ്മിററി പ്രവത്തിക്കുന്നുണ്ട്. ഇതോടൊപ്പം കെ.സി.എസ്.എൽ. ഒരു മത-വിദ്യാഭ്യാസ ട്രസ്റ്റായി രജിസ്റ്റർ ചെയ്യാനുള്ള നടപടികളും ആവിഷ്ക്കരിച്ചുവരുന്നു.

73-ാം സംസ്ഥാനവാർഷികം തേവര കോളേജിൽ വച്ച് 1990 ഫെബ്രുവരി 10, 11 തീയതികളിൽ വണ്ണശബളമായ

പരിപാടികളോടെ ആചരിക്കുവാൻ മാനേജിംഗ് കമ്മററി തീരുമാനിക്കുകയും അതിലേയ്ക്കുള്ള പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. വിദ്യാർത്ഥികളുടെ നേതൃത്വപരിശീലനക്യാമ്പ് ഇരുവിഭാഗങ്ങൾക്കും വേർതിരിച്ച് രാജഗിരി ഹൈസ്കൂളിൽവച്ച് 1990 ഏപ്രിൽ 16–20 തീയതികളിൽ നടത്തുവാനും ആനിമേറേഴ്സ് സെമിനാർ ജൂൺ 8, 9 തീയതികളിൽ കലൂർ റിന്യൂവൽ സെൻററിൽ നടത്താനും പ്ലാനിട്ടിരിക്കുന്നു.

## സംഘടനാമാസികകൾ

കുട്ടികളുടെ സാഹിത്യാഭിരുചി വർദ്ധിപ്പിക്കുന്നതിനായി തൃശ്ശൂർ രൂപത 'ബൊക്കെ'യും, പാലാ രൂപത 'കളരി'യും, ചങ്ങനാശ്ശേരി അതിരൂപത 'പ്രതിഭ'യും, എറണാകുളം അതിരൂപത 'ബാലവാണി'യും, കോതമംഗലം രൂപത 'മിഷനും' മാസികകളായി പ്രസിദ്ധീകരിക്കുന്നുണ്ട്. ഇരിങ്ങാലക്കുട രൂപതയുടെ പുതിയ സംരംഭമാണ് 'വിടരുന്ന മൊട്ടുകൾ' എന്ന ഇൻലൻഡ് മാഗസിൻ. പല യൂണിററുകളും വർഷത്തിൽ ഒരു കൈയെഴുത്തു മാസികയും രചിക്കാറുണ്ട്.

ഇപ്രകാരം നാനാവിധ പ്രവർത്തനങ്ങളിലൂടെ ഏതാണ്ട് $1^1/_2$ ലക്ഷം വിദ്യാർത്ഥികളും ആയിരത്തിനുമേൽ അദ്ധ്യാപകരും തോളോടു തോൾ ചേർന്ന് പ്രവർത്തിക്കുന്ന ഈ സംഘടനയുടെ 75 വർഷത്തെ ചരിത്രത്തിന് നാം ഇവിടെ അർദ്ധവിരാമം ഇടുകയാണ്. ചരിത്രം നാളെകളിലൂടെ ഒഴുകിക്കൊണ്ടിരിക്കും. ആ ഒഴുക്കിൽനിന്നും കനപ്പെട്ടവ തെരഞ്ഞെടുത്ത് ഈ ഗ്രന്ഥത്തിന് ഒരു രണ്ടാംഭാഗം അനതി വിദൂരമല്ലാത്ത ഭാവിയിൽ വിരചിക്കപ്പെടും. അതുവരെ ഇതായിരിക്കട്ടെ നമ്മുടെ സംഘടനയുടെ ചരിത്രം.

## അദ്ധ്യായം 8

# ചരിത്രം നല്കുന്ന പാഠങ്ങൾ

ഒരു വലിയ സംഘടനയുടെ ചെറിയ ചരിത്രം ഇവിടെ നിർത്തുകയാണ്. 1915 മുതൽ 1990 വരെയുള്ള അതിന്റെ വളർച്ചയും തളർച്ചയും ഒരു കണ്ണാടിയിലെന്ന വണ്ണം നാം കണ്ടു. സംഘടന ജീവിക്കുകയാണ്, വളരുകയാണ്. അതിന്റെ ചരിത്രം ഭാവിയുടെ ചിറകുകളിൽ മുന്നോട്ടു പോവുകയാണ്. ഭാവിയുടെ ചരിത്രം ഇന്നേ മുൻകൂട്ടി കുറിക്കുവാൻ സാധിക്കയില്ല. അതു ചരിത്രമാകയുമില്ല.

എങ്കിലും എഴുപത്തിയഞ്ചു വർഷത്തെ സംഘടനയുടെ ജീവിതം വിശ്ലേഷണം ചെയ്യുന്ന ഒരു ചരിത്ര വിദ്യാർത്ഥിക്ക് ഈ ചരിത്രത്തിന്റെ അർദ്ധ വിരാമം കുറിക്കുന്ന ഈ സാഹചര്യത്തിൽ വിമർശനബുദ്ധ്യാ ചിലതെല്ലാം പറയുവാൻ കാണും. ഇന്നലെകളുടെ ജീവിതത്തിലേക്കു ഇന്നു തിരിഞ്ഞുനോക്കുമ്പോൾ നാളകളെക്കുറിച്ചുള്ള ഒരു വ്യഗ്രത സ്വാഭാവികമാണല്ലോ. ഈ ചരിത്രത്തിന്റെ വരികൾക്കിടയിൽ എഴുതപ്പെട്ടിട്ടില്ലെങ്കിലും തെളിഞ്ഞും ഒളിഞ്ഞും നില്ക്കുന്ന ചില പരമാർത്ഥങ്ങൾ ഉപസംഹാരമായി ഇവിടെ പ്രതിപാദിക്കുന്നുവെന്നുമാത്രം. ഇവ ചരിത്രം നല്കുന്ന പാഠങ്ങളാണ്.

കേരളത്തിലെ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ പോരായ്മ നികത്തി വിദ്യാർത്ഥികളെ യഥാർത്ഥ രാജ്യസ്നേഹികളും ദൈവസ്നേഹികളും സത്യം, നീതി, ധർമ്മം, സ്നേഹം എന്നീ അടിസ്ഥാന ജീവിത മൂല്യങ്ങളുടെ സംവാഹകരുമാക്കി തീർക്കുന്നതിനായിരുന്നു സഖ്യം സംസ്ഥാപിതമായത്ത് അതിന്റെ വൈവിധ്യമാർന്ന പ്രവർത്തന ശൈലിയിലൂടെ സംഘടനയുടെ ലക്ഷ്യം കുറെയൊക്കെ സാധിക്കയും ചെയ്തു. അതിന്റെ പ്രത്യക്ഷ തെളിവാണ് സമുദായത്തിലെ വിവിധ മേഖലകളിൽ പ്രബുദ്ധരും പ്രഗത്ഭരും പ്രേഷിത ചൈതന്യം നിറഞ്ഞവരുമായ ഒരുപററം അല്മായ നേതാക്കളെ വാർത്തെടുക്കുവാൻ ഈ സംഘടനയ്ക്കു സാധിച്ചുവെന്നുള്ളത്. അടിപതറാത്ത ആദർശനിഷ്ഠയിൽ രാജ്യത്തിനും ദൈവത്തിനും വേണ്ടി ജീവിച്ച ഈ സഭാതനയരുടെ ജീവിത ചെയ്തികളുടെ ഫലമാണ് ഇന്ന് കേരള സഭയെ ത്രസിപ്പിക്കുന്നത്.

ഇന്നലെകളിലെ വിദ്യാഭ്യാസാന്തരീക്ഷത്തേക്കാൾ കാറും കോളും കൊണ്ടതാണ് ഇന്നത്തെ വിദ്യാഭ്യാസരംഗം. ഏതാനും ചില വ്യക്തികളുടെ സ്വാർത്ഥതയാൽ ക്രൈസ്തവ വിദ്യാഭ്യാസരംഗംപോലും മൂല്യച്യുതി സംഭവിച്ച മൂല്യശോഷണം സംഭവിച്ച ഒരു പ്രതലമായി മുദ്രകുത്തപ്പെടുന്നു. മാറി മാറി വരുന്ന ഗവൺമെന്റുകളുടെയും അവർ പ്രതിനിധാനം ചെയ്യുന്ന പാർട്ടികളുടെയും കളരികളായിത്തീർന്നിരിക്കുന്ന സർക്കാർ സ്കൂളുകളേക്കാൾ അച്ചടക്കത്തിനും റിസൾട്ടിനും മേന്മ പറയുന്ന ക്രൈസ്തവ വിദ്യാലയങ്ങളിൽ ചിലതിൽപോലും ക്രിസ്തുവിനെയോ, യഥാർത്ഥ വിദ്യാഭ്യാസത്തെയോ കാണുവാൻ ചിലപ്പോഴെങ്കിലും ബുദ്ധിമുട്ടാണ്! വിദ്യാഭ്യാസം ഏതാനും വൻ കെട്ടിടങ്ങളിൽ കച്ചവടച്ചരക്കായി വില്പനയ്ക്കു വച്ചിരിക്കുന്നു, പ്രത്യേകിച്ചും ചുരുക്കം ചില ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ. ഇവയുടെ ഉടമസ്ഥരായ കങ്കാണികൾക്ക് എന്തിലുമുപരി പണം മാത്രം മതി. റിസൾട്ടിന്റെ തിളക്കം കണ്ട് ഈയാംപാററകളെപ്പോലെ വിദ്യാർത്ഥികൾ അവിടെ ഓടിക്കൂടുന്നു; ചിറകററു വീഴുന്നു. വളരുന്ന മനുഷ്യന്റെ വ്യക്തിത്വത്തിനോ, സേവനസന്നദ്ധമായ ഈശ്വര ചിന്തയ്ക്കോ, അടിസ്ഥാനപരമായ ജീവിതമൂല്യങ്ങൾക്കോ ഇന്നത്തെ വിദ്യാലയാന്തരീക്ഷത്തിൽ സ്ഥാനമില്ല. ക്രിസ്തുവിന്റെയും അങ്ങയെ അടുത്തറിഞ്ഞ വിശുദ്ധാത്മാക്കളുടെയും പേരു പേറിനില്ക്കുന്ന ചില വൻ സൗധങ്ങളിൽ ജീവിതസ്പർശിയായ മൂല്യങ്ങളോ മതാത്മകതയോ പകർന്നുകൊടുക്കാൻ അസാദ്ധ്യമായി വന്നിരിക്കുന്നു. ഈ പരിതസ്ഥിതിയിൽ കെ. സി. എസ്. എൽ. ഇന്നിന്റെ ഒരു ആവശ്യമായിത്തീരുന്നു.



55762.
DHARMARAM COLLEGE LIBRARY
BANGALORE-29

വിദ്യാഭ്യാസത്തിൽ വന്നു ഭവിച്ചിരിക്കുന്ന മൂല്യച്യോച്ച് മാററി വിദ്യാർത്ഥികളെ ക്രിസ്തുവിൽ വളർത്തിയെടുക്കുവാൻ, ഭൗതികവാദത്തിന്റെ നീരാളി പിടിത്തത്തിൽനിന്നു രക്ഷിക്കുവാൻ, സ്വതന്ത്രഭാരതത്തിന്റെ വ ധാതാക്കളാക്കിത്തീർക്കുവാൻ, ദൈവരാജ്യത്തിലെ പൗരന്മാരും സുവിശേഷത്തിന്റെ പ്രഘോകരുമാക്കിത്തീർക്കുവാൻ കെ.സി.എസ്.എൽ–നേ കഴിയൂ. സത്യത്തിൽ ജീവിക്കുന്ന സ്നേഹത്തിന്റെ മാലാഖമാരെ വാർത്തെടുക്കുവാൻ ഈ സംഘടന പുത്തൻപുത്തൻ ഉപാധികൾ സ്വീകരിച്ച് വിദ്യാലയാന്തരീക്ഷത്തിലെ പുളിമാവായി മാറണം. വിദ്യാഭ്യാസരംഗത്ത് ഇന്ന് അഴിഞ്ഞാടുന്ന അഴിമതിയും അച്ചടക്കരാഹിത്യവും അനിശ്ചിതാവസ്ഥയും അടിച്ചുമാററാൻ ഒററക്കെട്ടായി ഈ വലിയ സംഘടന പടപൊരുതണം. വെറും ഭക്തസംഘടനയായിരിക്കാതെ ഒരു വൻശക്തിയായി ഈ സംഘടന പുതുപുത്തൻ മണ്ഡലങ്ങളിലേയ്ക്ക് ഉയർന്നു നിൽക്കണം. കെ. സി. എസ്. എൽ ശാഖയുള്ള ഒരു സ്കൂളിലും അഴിമതിയും അധർമ്മവും അനീതിയും നടമാടരുത്. ഈ സ്കൂളുകളിൽനിന്നും പുറത്തുവരുന്ന ഒരു വ്യക്തിയും ഈ സാമൂഹ്യതിന്മകൾക്ക് അടിമയാവരുത്. അവയെ ചോദ്യം ചെയ്യാനും എതിർക്കാനും ആളുണ്ടെന്ന് തിന്മയുടെ പ്രവാചകന്മാരെ മനസ്സിലാക്കികൊടുക്കാനുള്ള കരുത്ത് സംഘടനാംഗങ്ങൾക്ക് ഉണ്ടാകണം. യേശുവിൽ വളരുന്ന വ്യക്തികൾ പ്രാർത്ഥനയിലും പ്രസംഗത്തിലും മാത്രം ഒതുങ്ങി നിന്നാൽ പോരാ, യേശുവിന്റെ പ്രവാചക ദൗത്യത്തിന്റെ പടയണിപ്പോരാളികളായി, സ്നേഹത്തിന്റെ സംവിധാതാക്കളായി മാറണം. ഇത് കെ.സി.എസ്.എൽ. സംഘടനയുടെ ധർമ്മമാണ്. ഇതിനായി സംഘടന മുന്നോട്ട വരണം. രാഷ്ട്രീയത്തിനതീതമായി, ജാതിക്കതീതമായി, റീത്തിനതീതമായി ഒരുമയോടും ലക്ഷ്യബോധത്തോടും കൂടി, സ്വഭാവരൂപീകരണത്തിന്റെ ത്രിമാനങ്ങളും വളർത്തിയെടുത്തുകൊണ്ട് വിദ്യാലയങ്ങൾക്ക പുറത്തു വന്നാൽ സമുദായം സംശുദ്ധമാകും; ഭാവി തലമുറ യേശുവിന്റെ നവ്യവ്യവസ്ഥിതിയുടെ പ്രഘോഷകരും സംവാഹകരുമായിത്തീരും.

കെ.സി.എസ്.എൽ. സംഘടനയെ ഇന്നോളം വരെ വളർത്തിയത് മാതൃകാദ്ധ്യാപകരാണല്ലോ. നൂറുകണക്കിനു് സന്യസ്തരും അല്മായരും വൈദികരും ഒരുമിച്ചു ചേർന്നാണ് ഇളംതലമുറയ്ക്കു് പ്രചോദനമേകിയത്. അഭിവന്ദ്യപിതാക്കന്മാരുടെ പരിലാളനയുടെ തണലിൽ അല്മായ വൈദിക ബന്ധം അരക്കിട്ടുറപ്പിച്ചുകൊണ്ട് വൈദികരെന്നോ, അല്മായരെന്നോ, സന്യസ്തരെന്നോ, ഉള്ള ചേരിതിരിവു കൂടാതെ ഒന്നായി ഒററക്കെട്ടായി നാം പ്രവർത്തിച്ചതിന്റെ ഫലമാണ് കെട്ടുറപ്പുള്ള ഒരു സംഘടന. ചേരി തിരിഞ്ഞുള്ള പ്രവർത്തനങ്ങൾ നമ്മെ ബലഹീനരാക്കുക

യേ ഉള്ളൂ. ക്രിസ്തീയ വിശ്വാസത്തിൻെറ അടിസ്ഥാനത്തിൽ ക്രൈസ്തവമൂല്യമായ സ്നേഹവും സേവനവും കൈമുതലാക്കിക്കൊണ്ടു് ഒന്നായി മുന്നേറിയാൽ ഇനിയും വിജയത്തിൻെറ പാത അനേകകാതം നാം താണ്ടും. ഒരു ശക്തിയായി, ഒരു സ്വരമായി, ഒരു അണിയായി, നാം മുന്നേറേണ്ടതു് വിഘടനാവാദത്തിൻെറയും ശിഥിലീകരണപ്രവണതയുടെയും ഈ കാലഘട്ടത്തിൻെറ ഒരാവശ്യമാണു്. റീത്തിൻെറ പേരിലോ, രൂപതയുടെ പേരിലോ വ്യക്തിപൂജയുടെ പേരിലോ, നാം ചേരി തിരിഞ്ഞപ്പോഴൊക്കെ സംഘടന തളർന്നിട്ടുണ്ടെന്നതു് എഴുപത്തിയഞ്ചുവർഷത്തെ സഖ്യത്തിൻെറ ചരിത്രം നമുക്കു കാട്ടിത്തരുന്നു. റീത്തിനെ നാം സ്നേഹിക്കണം. രൂപതയെ നാം അംഗീകരിക്കണം. എൻെറ അമ്മയെ സ്നേഹിക്കുന്ന ഞാൻ മററുള്ളവരുടെ അമ്മമാരെയും സ്നേഹിക്കും. ഒരിക്കലും വെറുക്കില്ല. എൻെറ റീത്തിനെ സ്നേഹിക്കുവാൻ പഠിക്കുന്നതുപോലെ ഇതര റീത്തുകളെയും സ്നേഹിക്കാനും ബഹുമാനിക്കാനും ഞാൻ പഠിക്കണം, മററുള്ളവരെ പഠിപ്പിക്കണം. റീത്തുകളുടെ വളർച്ച കത്തോലിക്കാ സഭയുടെ വളർച്ചയാവണം. എല്ലാ റീത്തുകളും നല്ലതാണു്. സഭയുടെ ഭാഗമാണു്. എല്ലാ റീത്തുകാരും കത്തോലിക്കരാണു്. കത്തോലിക്കരുടെ ലക്ഷണം പരസ്പരമുള്ള സ്നേഹമാണു്. കെ.സി.എസ്.എൽ. അംഗങ്ങളും അവരുടെ ആനിമേറേറഴ്സും സഭയുടെ ഈ സാർവ്വത്രിക സ്വഭാവത്തിനു് കൂടുതൽ ഊന്നു നൽകികൊണ്ടു് വരും കാലത്തു് പ്രവർത്തിച്ചെങ്കിൽ മാത്രമേ ഐക്യവും സൗഹൃദവും ആദരവും നിറഞ്ഞു തുളുമ്പുന്ന ഭാവി ക്രൈസ്തവരെ വാർത്തെടുക്കാൻ സാധിക്കുകയുള്ളൂ. ഇതോടൊപ്പംതന്നെ ഇതര മതങ്ങളെയും മതാനുയായികളെയും സ്നേഹിക്കാനും സേവിക്കാനും നാം തയ്യാറായെങ്കിൽ മാത്രമേ വരുന്ന നൂററാണ്ടിനെ ക്രിസ്തുവിനുവേണ്ടി നേടുവാൻ നമുക്കു സാധിക്കയുള്ളൂ; നമ്മുടെ സഖ്യത്തെ കെട്ടുറപ്പുള്ള, വളരുന്ന, കർമ്മശേഷിയുള്ള ഒരു സംഘടനയാക്കിത്തീർക്കാൻ കഴിയുകയുള്ളൂ. അതിനാൽ വിഘടനവാദവും, ശിഥിലീകരണപ്രവണതയും കെ.സി.എസ്.എൽ. സംഘടനയിൽ ഒരു നാളും കടന്നു വരുവാൻ ഇടയാക്കരുതു്. ഇതു് സഖ്യത്തിൻെറ ഭാവി വളർച്ചയ്ക്കു് ആവശ്യം ആവശ്യമായ ഒരു ഘടകമത്രെ.

ഈ സാഹചര്യത്തെ വളർത്തിയെടുക്കേണ്ട വ്യക്തികൾ അദ്ധ്യാപകരാണു്. ക്രൈസ്തവ അദ്ധ്യാപകർ നമുക്കു് ഇന്നു് ധാരാളമുണ്ടു്. അവരിൽ പലരും രാഷ്ട്രീയസംഘടനകളുടെയും അദ്ധ്യാപകസംഘടനകളുടെയും തൊഴിലാളിസംഘടനകളുടെയും അംഗങ്ങളായിരിക്കാം. ചിലകാര്യസാദ്ധ്യങ്ങൾക്കായി ഇന്നു് ഇതു് ആവശ്യവുമാകാം. എന്നാൽ ചുരുക്കം ചിലരിൽ ഒരു തെററിദ്ധാരണ കടന്നുകൂടിയിട്ടുണ്ടു്. കെ. സി. എസ്. എൽ. പോലുള്ള സംഘടനകളിൽ പ്രവർത്തിക്കുന്നതു് തങ്ങളുടെ 'സ്ററാററസി'നു്

ഒരു കുറവാണെന്നു്. അവയുടെ പ്രവർത്തനങ്ങളിൽ സഹകരിക്കുന്നതു് ഏതാണ്ടു് മാനക്ഷയമായിപ്പോലും കണക്കാക്കുന്നവരുണ്ടു്. അതുപോലെതന്നെ പേരിനും പ്രശസ്തിക്കുംവേണ്ടി മാത്രം സംഘടനയുടെ പദവികൾ അലങ്കരിക്കാൻ തത്രപ്പെടുന്നവരും കണ്ടേക്കാം. ഉറച്ച ക്രിസ്തീയവ്യക്തിത്വത്തിൻെറ അഭാവമാണു് ഇവ കാണിക്കുന്നതു്. വികലമായ ഈ ചിന്തകളാണു് സംഘത്തിൽ അല്പമായ അദ്ധ്യാപകർ അധികമൊന്നും പങ്കെടുക്കുവാൻ ഇടയാകാതിരുന്നതു്. നമ്മുടെ വിദ്യാർത്ഥികളെ യേശുവിൽ വളർത്തിയെടുക്കാൻ ലജ്ജിക്കുന്ന ഒരു ക്രൈസ്തവ അദ്ധ്യാപകനും ക്രൈസ്തവ സ്കൂളുകൾക്കു വേണ്ട. ഇങ്ങനെ നീങ്ങിയാൽ കെ.സി എസ്.എൽ. നല്കുന്ന അദ്ധ്യാപക അവാർഡിനുപോലും അർഹരില്ലാതെ വരാം. ഇത്തരക്കാർക്കു് സത്യസന്ധതയും ആത്മാർത്ഥതയുമുണ്ടെങ്കിൽ അവരുടെ സംഘടനകളോ പാർട്ടികളോ ഗവൺമെൻേറാ നടത്തുന്ന വിദ്യാലയങ്ങളിലല്ലേ ജോലി അന്വേഷിക്കേണ്ടതു്.

ക്രൈസ്തവർ സ്കൂൾ നടത്തുന്നതിൻെറ പ്രധാന ഉദ്ദേശം വിദ്യാലയത്തിൽ ക്രൈസ്തവാന്തരീക്ഷം കെട്ടിപ്പടുക്കുന്നതിനും ക്രൈസ്തവരൂപവത്കരണം വരുംതലമുറകൾക്കു നൽകുന്നതിനുമാണു്. ഈ ലക്ഷ്യം സാധിക്കുവാൻ ഇന്നത്തെ പ്രത്യേക വിദ്യാലയാന്തരീക്ഷം ഉപയുക്തമാക്കുകയാണു് കെ.സി.എസ്.എൽ. പോലുള്ള സംഘടനകൾ. ക്രൈസ്തവവിദ്യാലയത്തിൽ അദ്ധ്യാപകനായി നിയമിക്കപ്പെടുമ്പോൾ ഈ ചുമതല സ്വയം പേറുകയാണു ചെയ്യുന്നതു്. അക്രൈസ്തവ വിദ്യാലയങ്ങളിലുള്ള ക്രൈസ്തവാദ്ധ്യാപകരും തങ്ങളുടെ പ്രേഷിതദൌത്യമായി ഇതു നിർവ്വഹിക്കേണ്ടതാണു്. അതിനാൽ ഇത്തരം പ്രവർത്തനങ്ങളിൽനിന്നും ഒഴിഞ്ഞുമാറുവാൻ ഒരദ്ധ്യാപകനു് അവകാശമില്ല. ഇത്രയും പറഞ്ഞതു് കഴിഞ്ഞ കാലത്തെ സംഘടനയുടെ തളർച്ചയുടെ ഒരു കാരണം ചൂണ്ടിക്കാട്ടാനാണു്. ആയിരക്കണക്കിനു് അദ്ധ്യാപകരും അദ്ധ്യാപികമാരുമുള്ള നമ്മുടെ വിദ്യാലയങ്ങളിൽ വളരെ കുറച്ചുപേർ മാത്രമേ ഈ സംഘടനാപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നുള്ളു. അതായിരുന്നു സംഘടനയുടെ വളർച്ചയ്ക്കു് പണ്ടു് വിഘാതമായി നിന്നതു്. ഇന്നത്തെ സംഘടനയുടെ അത്ഭുതപൂർവ്വമായ വളർച്ചയ്ക്കു് പിന്നിലെ വലിയ ശക്തി, കൂടുതൽ അദ്ധ്യാപകർ പ്രവർത്തനത്തിനിറങ്ങിയതാണു്. ഈ കാലഘട്ടത്തിൽ ഇനിയും കൂടുതൽ കൂടുതൽ അദ്ധ്യാപകർ കെ.സി.എസ്.എൽ. പ്രവർത്തനങ്ങളിലേയ്ക്കു വരണം. ഈ സംഘടനാപ്രവർത്തനങ്ങളിലൂടെയും, സഭയുടെയും സമുദായത്തിൻെറയും രാഷ്ട്രത്തിൻെറയും അംഗീകാരം നേടാൻ സാധിക്കുമെന്നും, അവർക്കും വളരുവാനും ഉന്നതരാകുവാനും സാധിക്കുമെന്നുള്ള പരമാർത്ഥം അവർ മനസ്സിലാക്കട്ടെ. അഖില കേരളാടിസ്ഥാനത്തിൽ കെ. സി. എസ്. എൽ തന്നെ അദ്ധ്യാപക അവാർഡു നല്കുന്നതും ഇതിനാണു്. കേരള സഭാ

ചരിത്ര വിഹായസിൽ ജാജ്വല്യമാനമായി പ്രകാശിക്കുന്ന അല്പായ താരങ്ങളെല്ലാം തന്നെ ഈ സംഘടനയിൽ പ്രവർത്തിച്ചിട്ടുള്ളവരാണ്; വിജയിച്ചിട്ടുള്ളവരാണ്. അവരുടെ മാതൃക അദ്ധ്യാപക ലോകത്തെ ഒരു പുനഃവിചിന്തനത്തിന് പ്രേരിപ്പിക്കണം. ആയിരക്കണക്കിന് അദ്ധ്യാപകാ അദ്ധ്യാപിക ആനിമേറേറഴ്സ് കർമ്മോത്സുകരായി രംഗത്തു വരട്ടെ—നമ്മുടെ കുഞ്ഞുങ്ങൾ നമ്മുടെ ആനന്ദത്തിന് കാരണമാകും. സംതൃപ്തമായ ഒരു ക്രൈസ്തവ ജീവിതത്തിൽ നാം അഭിമാനിതരാകും. ഇപ്രകാരം അദ്ധ്യാപക സുഹൃത്തുക്കൾ അങ്കത്തട്ടിലിറങ്ങിയാൽ ലക്ഷമുള്ള അംഗസംഖ്യ പല ലക്ഷങ്ങളായിത്തീരും. സംഘടന സുശക്തമാകയും സംഘടനയുടെ സ്വരത്തിന് ശക്തി ലഭിക്കയും അത് പരിവർത്തന കാരണമായിത്തീരുകയും ചെയ്യും. അതിനാൽ പ്രിയപ്പെട്ട അദ്ധ്യാപകരെ, നിങ്ങൾ അഭിമാനവിജൃംഭിതരായി അരങ്ങത്തിറങ്ങുക. ഭാവി നമ്മുടെതായിരിക്കും.

കെ. സി. എസ്. എൽ-ൻെറ ഭൂതകാല ചരിത്രം ഒരു കാര്യം വ്യക്തമാക്കുന്നുണ്ട്. സാമ്പത്തികമായ ദാരിദ്ര്യമാണ് സഖ്യത്തിൻെറ തളർച്ചയ്ക്ക് നിദാനമായി നിന്ന മററൊരു കാരണമെന്ന്, കേരള സഭയ്ക്ക്, അവരുടെ 24 രൂപതകൾക്ക്, ഈ സാമ്പത്തിക പാതിത്യം നീക്കുവാൻ യാതൊരു പ്രയാസവുമില്ലായിരുന്നു. കാരണം സഭയുടെ ഏററം വലിയ ഒരു പ്രേഷിതത്വമാണ് കെ. സി. എസ്. എൽ. തിരുമേനിമാരുടെ അനുഗ്രഹവും ആശീർവ്വാദവും പോലെതന്നെ രൂപതകളുടെ ഒരു സംഭാവനയും എല്ലാ വർഷവും ഈ അഖില കേരള സംഘടനയുടെ പ്രവർത്തനങ്ങൾക്കായി മാററി വയ്ക്കണം. സഖ്യത്തിൻെറ ഫണ്ടു പിരിവു ശ്രമങ്ങളിൽ എല്ലാ രൂപതയും സഹകരിക്കണം. കഴിഞ്ഞ കാലങ്ങളിൽ പല രൂപതകളും ഇക്കാര്യത്തിൽ വൈമുഖ്യം കാട്ടിയതായി ചരിത്രം സാക്ഷിക്കുന്നു. കോടിക്കണക്കിനു പണം മുടക്കി കെട്ടിടം പണിയുകയും ലക്ഷോപലക്ഷങ്ങൾ ചെലവു ചെയ്ത് വണ്ടികൾ സംഘടിപ്പിക്കുകയും ചെയ്യുന്ന ക്രൈസ്തവ മാനേജുമെൻറുകൾ അവരുടെ ബഡ്ജററിൽ നിശ്ചിത ശതമാനം കെ. സി. എസ്. എൽ-ൻെറ ശാഖാ പ്രവർത്തനത്തിനു വേണ്ടി മാററി വയ്ക്കണം. കെട്ടിടവും വണ്ടിയും ക്ലാസ്സ് സൗകര്യങ്ങളും വർദ്ധിപ്പിക്കുന്നതോടുകൂടി, എന്തിനുവേണ്ടി ഈ ഭാരിച്ച പണവ്യയം ചെയ്യുന്നുവോ ആ ലക്ഷ്യം നേടിയെടുക്കുവാൻ ഈ സംഘടന ഇന്ന് ആവശ്യമാണെന്നുള്ള ബോധ്യത്തോടുകൂടി ഇതു ചെയ്യേങ്കിലേ വിദ്യാഭ്യാസംകൊണ്ടു നാം ഉദ്ദേശിക്കുന്ന ഫലം ഉണ്ടാകൂ. വിദ്യാഭ്യാസരംഗത്തെ കച്ചവട മനഃസ്ഥിതി മാററി അതിനെ സേവന രംഗമാക്കി തീർക്കണം. വിദ്യാഭ്യാസ പ്രസ്ഥാനത്തിലൂടെ മുതൽ സംഭരിക്കുകയും ലാഭം വർദ്ധിപ്പിക്കുകയും മാത്രമല്ല നമ്മുടെ ലക്ഷ്യം. മനുഷ്യമക്കളെ വാർത്തെടുക്കുകയാണ്,

സഭയ്ക്കും സമുദായത്തിനും രാഷ്ട്രത്തിനും ഭാവി പൗരന്മാരെ പ്രദാനം ചെയ്യുകയാണ് യഥാർത്ഥത്തിൽ നമ്മുടെ സമ്പാദ്യം. റിസൾട്ടും കെട്ടിട സൗകര്യവും മാത്രമല്ല മൂല്യാധിഷ്ഠിതമായി ജീവിക്കുന്ന സ്വർഗ്ഗീയ പൗരന്മാരെയും രാഷ്ട്രീയ പൗരന്മാരെയും സൃഷ്ടിച്ചു വിടുകയാണ് നമ്മുടെ ഉന്നം. ഇന്ന്, എല്ലാ കാലഘട്ടത്തേക്കാളും കൂടുതലായി കെ. സി. എസ്. എൽ-നെ വളർത്തിയെടുക്കേണ്ടത് നമ്മുടെ വിദ്യാലയങ്ങളുടെ നിലനില്പിനും പ്രവർത്തനക്ഷമതയ്ക്കും ആവശ്യം ആവശ്യമാണ്. ഇതിനായി, മററു സംഗതികൾക്കെന്നപോലെ, സംഘടനയുടെ കാര്യത്തിലും ക്രിയാത്മക താല്പര്യം ഓരോ മാനേജുമെൻറും കാണിച്ചെങ്കിലേ വിദ്യാഭ്യാസം ക്രൈസ്തവമായിത്തീരുകയുള്ളൂ.

മാതാപിതാക്കൾ സംഘടനാ കാര്യങ്ങളിൽ താല്പര്യമുള്ളവരും സംഘടനാ പ്രവർത്തനത്തിനായി കുട്ടികളെ ഉത്സുകരാക്കുകയും ചെയ്യേണ്ടതാണ്. അവരുടെ ഉപദേശത്താലും ഇടയ്ക്കിടയ്ക്ക് സംഘടനാ പ്രവർത്തനത്തിനായി സംഭാവന ചെയ്തുകൊണ്ടും പ്രോത്സാഹിപ്പിക്കണം. ഈ സംഘടന ക്രൈസ്തവ രൂപവല്ക്കരണത്തിന്റെ ഒരു വേദിയായി അവർ മനസ്സിലാക്കണം. നൂറു കണക്കിനും ആയിരക്കണക്കിനും നമ്മുടെ മക്കളുടെ വിദ്യാഭ്യാസത്തിനായി പണം ചെലവാക്കുന്ന മാതാപിതാക്കൾക്ക് ഒരു വർഷം പത്തു രൂപയെങ്കിലും ഈ നല്ല കാര്യത്തിനുകൂടി സന്മനസ്സോടെ ചെലവാക്കാൻ സാധിക്കയില്ലേ? പാവപ്പെട്ട മാതാപിതാക്കൾ അവരുടെ ചെറിയ ഓഹരിയെങ്കിലും ഇതിനായി നൽകണം. ദൈവാനുഗ്രഹത്താൽ, ഉള്ളവരായി തീർന്നിരിക്കുന്നവർ, ഇല്ലാത്തവർക്കുകൂടി കുറച്ചൊക്കെ സംഭാവന ചെയ്യാൻ വിശാലത കാട്ടണം. വേണേൽ ചക്ക വേരിലും കായ്ക്കും എന്നാണല്ലോ പഴഞ്ചൊല്ല്.

വിദ്യാർത്ഥികൾ പഠനത്തോടും കായിക മത്സരത്തോടും ഒക്കെ ചേർത്ത് സംഘടനാപ്രവർത്തനത്തെ തങ്ങളുടെ ജീവിതത്തിന്റെ ആവശ്യഘടകമായി കാണണം. സഖ്യത്തിന്റെ അംഗങ്ങളാവുകയും സംഘടനാപ്രവർത്തനങ്ങളിൽ ക്രിയാത്മകരായി പങ്കുകൊള്ളുകയും അങ്ങനെ ക്രൈസ്തവ രൂപവല്ക്കരണത്തിന് ത്യാഗപൂർവ്വം തങ്ങളെത്തന്നെ സ്വയം വിധേയരാക്കുകയും ചെയ്യണം. നിങ്ങളുടെ സംഘടനയിൽ നിങ്ങൾക്ക് അഭിമാനം ഉണ്ടാകണം. സഖ്യാംഗമായിരിക്കുന്നതിൽ ആനന്ദം തോന്നണം, നിങ്ങളുടെ ക്രിസ്തീയ ജീവിതത്തിൽ നിങ്ങൾ വിജ്രംഭിതരാകണം നിങ്ങൾ സംഘടിച്ചു വളർന്ന് ശക്തരാകണം.

സംഘടനയുടെ പ്രാഥമിക സെൽ ശാഖകളാണ്; ശാഖകൾ രൂപതകളിലും. അതിനാൽ രൂപതാപ്രവർത്തനങ്ങളാണ് സഖ്യത്തിന്റെ ജീവശക്തി. പക്ഷേ, ഈ യൂണിററുകളുടെ യോജിപ്പും കൂട്ടായ പ്രവർത്തനവും കേന്ദ്രസമിതിയുമായുള്ള അവിഭാജ്യ

ബന്ധവുമാണ് സംഘടനയെ ശക്തമാക്കുന്നതും ഒന്നാക്കി നിർത്തുന്നതും. അതിനാൽ എപ്പോഴും സംഘടനയുടെ സംസ്ഥാന രൂപത്തിനും ആകാരത്തിനുമാണ് പ്രാമുഖ്യം നല്കേണ്ടതു്. കേന്ദ്ര ഭരണസമിതിയുമായി അവിഭാജ്യം ബന്ധപ്പെട്ട് അതിന്റെ ഉപഘടകങ്ങളായി മാത്രമേ രൂപതായൂണിററുകൾ പ്രവർത്തിക്കാവൂ. അല്ലെങ്കിൽ സംഘടന ബലക്ഷയമുള്ളതായിത്തീരും. കഴിഞ്ഞ കാലങ്ങളിൽ ചിലപ്പോഴെങ്കിലും ആവശ്യത്തിലേറെ ഊന്നൽ രൂപതകൾ സ്വയം നല്കിയതിനാൽ സംഘടന ശക്തിരഹിതമാകുകയും പ്രവർത്തനരഹിതമാകയും ചെയ്തിട്ടുണ്ട്. ഈ പാളിച്ച ഇനിയും സംഭവിക്കാതെ നാം സൂക്ഷിക്കണം. രൂപതകൾക്ക് പ്രവർത്തനസ്വാതന്ത്ര്യം ഉണ്ടെങ്കിലും കേന്ദ്രവുമായി എല്ലാ രൂപതകളും അരക്കിട്ടുറപ്പിക്കപ്പെടണം. വൃക്ഷത്തിൽനിന്നു വിച്ഛേദിക്കപ്പെട്ടാൽ ശാഖകൾ ജീവചൈതന്യം നശിച്ചവയായിത്തീരും. ഉണങ്ങിവരണ്ട ശാഖകൾ ഫലദായകമാവില്ലല്ലോ.

കെ. സി. എസ്. എൽ. മററ് അന്തർദേശീയ – ദേശീയ കത്തോലിക്കാ യുവജന സംഘടനകളുമായി ആരോഗ്യകരമായ ബന്ധം പുലർത്തുകയും, ഇടയ്ക്കിടയ്ക്ക് ദേശീയാടിസ്ഥാനത്തിൽ എല്ലാവരും ഒരുമിച്ചു കൂടുകയും കർമ്മപരിപാടികൾ ആസൂത്രണം ചെയ്യുകയും, ഇടപഴകുകയും, പരസ്പരം ആശയവിനിമയം നടത്തുകയും ചെയ്യുക ഇന്നിന്റെ ഒരാവശ്യമാണ്. ഈ സംഘടനകൾ എല്ലാം പരസ്പരം സഹകരിച്ചും, പരസ്പരം സഹായിച്ചും, വളന്നും വളത്തിയും, ആദർശങ്ങൾക്കും അവകാശങ്ങൾക്കുമായി കൂട്ടായി ഏകസ്വരത്തിൽ വാദിച്ചും മുന്നേറേണ്ടതു് ഇന്നിന്റെയും നാളയുടെയും ആവശ്യമാണ്. ഇക്കാര്യത്തിൽ സംഘടനാ നേതൃത്വം പുതിയ പുതിയ മാനങ്ങൾ കണ്ടെത്തുകയും, പുത്തൻ പാതകൾ വെട്ടിക്കയറുകയും പുത്തൻ വാതായനങ്ങൾ തുറന്നിടുവാൻ ശ്രദ്ധിക്കയും വേണം. ഇത്രയും പാരമ്പര്യമുള്ള, സംഖ്യാബലമുള്ള, കെട്ടുറപ്പുള്ള ചൈതന്യവത്തായ മറെറാരു യുവജന സംഘടന ദേശീയതലത്തിൽ ഉണ്ടോയെന്നു സംശയമാണ്. അതിനാൽ, ഇക്കാര്യങ്ങളിലെല്ലാം മുൻകൈയ്യെടുത്തു പ്രവർത്തിക്കേണ്ടതു് കെ. സി. എസ്. എൽ. തന്നെയാണ്.

ഹൈസ്കൂൾ വരെ വിദ്യാത്ഥികളെ കണ്ണിൽ മഷിയിട്ടു വളത്തിയെടുക്കുന്ന ഈ സംഘടന കലാലയ വാതില്ക്കലൂടെ കുട്ടികളെ അനിശ്ചിതത്തിലേയ്ക്കു തള്ളിവിട്ടുകൊണ്ടു് പിന്നോക്കം നില്ക്കുന്ന ഒരു പ്രതിഭാസമാണ് നമുക്ക് ഇതുവരെ ദൃശ്യമായതു്. ഒരു പൂർവവിദ്യാത്ഥി സംഘടനയ്ക്കു് അടുത്ത കാലത്തു് രൂപം നൽകിയിട്ടുണ്ടെങ്കിലും അതെവിടെ നില്ക്കുന്നുവെന്നുള്ളതു് സംശയാസ്പദമാണ്. കലാലയ വിദ്യാത്ഥികൾക്കും കെ. സി. എസ്. എൽ.

അംഗത്വം നല്കണം. അപ്പർപ്രൈമറി, ഹൈസ്കൂൾ എന്നീ വിഭാഗം പോലെ ഒരു കലാലയവിഭാഗവും സഖ്യത്തിനുണ്ടായെങ്കിൽ മാത്രമേ സഖ്യത്തിന്റെ ലക്ഷ്യം പൂർണ്ണമായി നിറവേറുകയുള്ളൂ. സഖ്യത്തിന്റെ ആരംഭം തന്നെ കലാലയ വിദ്യാർത്ഥികളിലൂടെയാണല്ലോ! ചില പ്രത്യേക കാരണങ്ങളാലായിരിക്കാം അവരെ പിന്നീടു മാററി നിർത്തിയതു്. അന്നു് AICUF ഉണ്ടായിരുന്നു. അതിന്റെ ചൈതന്യപ്രകഷ്ത്തിനു് മങ്ങൽ ഏററിട്ടുമുണ്ടു്. ഈ സാഹചര്യത്തിൽ കെ. സി. എസ്സ്. എൽ. ഉണർന്നു പ്രവർത്തിക്കേണ്ടതാണെന്നു തോന്നുന്നു. കലാലയവിദ്യാർത്ഥികൾക്കും ഉപകാരം ഉണ്ടാകത്തക്കവിധത്തിൽ കാലോചിതമായ പരിഷ്കാരങ്ങൾ വരുത്തി, ഈ സംഘടനയിൽ അംഗത്വം നൽകുകയും അവരുടെ പ്രവർത്തനമണ്ഡലങ്ങൾ വ്യക്തമാക്കി കൊടുക്കുകയും അങ്ങനെ ഒരു പുതിയ വിഭാഗം കലാലയങ്ങളിൽ ആരംഭിക്കുകയും ചെയ്യണം. കലാലയാദ്ധ്യാപകർ തന്നെ ഇതിനു നേതൃത്വം നൽകുകയും വേണം. നല്ല പ്രായത്തിൽ യുവാക്കളെ നാം കൈവെടിയുന്നതു് ശരിയല്ല. അതിനാൽ സ്ഥാപകരുടെ ആത്മചൈതന്യം സ്വായത്തമാക്കി, കലാലയ വിദ്യാർത്ഥികളെ ഒഴിച്ചു നിർത്തുവാനുണ്ടായ കാരണങ്ങൾ ദൂരികരിച്ചു്, തൻേറടത്തോടെ ഈ രംഗത്തു പ്രവർത്തിക്കുവാൻ സംഘടന മുന്നോട്ടു വരണം. ഇസങ്ങളുടെ ചിലന്തി വലയിലും പാർട്ടികളുടെ കുടിപ്പകയിലും നിന്നു് നമ്മുടെ വിദ്യാർത്ഥികൾക്കു് സംരക്ഷണം നല്കുവാൻ ഈ പ്രസ്ഥാനത്തിനു് സാധിക്കണം. കലാപകലുഷിതമായ കലാലയാന്തരീക്ഷത്തിൽ സമാധാനത്തിന്റെയും ശിക്ഷണത്തിന്റെയും ഒരന്തരീക്ഷം വിരചിക്കുവാൻ കുറച്ചൊക്കെ ഇതു സഹായകമായിത്തീരും.

അഖില കേരള കത്തോലിക്കാ കോൺഗ്രസ്സ്, ലത്തീൻ കത്തോലിക്കാ അസോസിയേഷൻ, തുടങ്ങിയുള്ള മുതിർന്നവരുടെ സംഘടനകൾക്കു് ഭാവിയിൽ അംഗങ്ങളെ ലഭിക്കുവാൻ ഉതകുമാറു് ഈ സംഘടനകൾ കെ. സി. എസ്സ്. എൽ. സംഘടനയെ വളർത്തുകയും പരിപോഷിപ്പിക്കയും തങ്ങളുടെ അനുഭവജ്ഞാനത്തിന്റെ അകത്തളം തുറന്നു കൊടുത്തു് വിദ്യാർത്ഥികളെ സഹായിക്കുകയും ചെയ്യണം. ഭാവി സമുദായനേതാക്കളും, വിവിധ മേഖലകളിൽ സമുദായത്തിന്റെ ഭാവി വാഗ്ദാനങ്ങളുമായ വിദ്യാർത്ഥികളുടെ ഈ സംഘടനയുമായി അവർ ബന്ധപ്പെടുകയും ചെയ്താൽ കുറച്ചുകൂടി ശക്തി ഈ സംഘടനയ്ക്കു സംലബ്ധമാകും. നിങ്ങളുടെ യോഗങ്ങളിലും ചർച്ചകളിലും കെ.സി.എസ്സ്.എൽ. പ്രതിനിധികളെ ക്ഷണിക്കുകയും അവരുടെ ആശയങ്ങൾ ശ്രവിക്കുകയും ചെയ്യുക. അതുപോലെതന്നെ കെ. സി. എസ്സ്. എൽ. ആലോചനാ യോഗങ്ങളിലും ചർച്ചകളിലും ഈ സംഘടനകളുടെ

സ്ഥാനീയരെ ക്ഷണിക്കുകയും അവരുടെ ആശയങ്ങൾ പ്രകടിപ്പിക്കുവാൻ അവക്ക് അവസരം നല്കുകയും വേണം. ഇതു് കൂടുതൽ ഇഴയടുപ്പമുള്ള ബന്ധത്തിനും പരസ്പര സഹകരണത്തിനും വഴി തുറക്കും.

അവസാനമായി ഒരു സംഗതി കൂടി ഇവിടെ വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു. കഴിഞ്ഞ കാലത്തു് റീത്തു വഴക്കിന്റെയും രൂപതകളുടെ അവകാശങ്ങളുടെ അതിപ്രസരത്തിന്റെയും ഫലമായി സംഘടന കുമ്പടഞ്ഞുപോയിട്ടുണ്ട്. സ്ഥാനീയരുടെ ചില രാജികളും ഇതു് ഇന്ധനമേകിയിട്ടുണ്ട്. സംഘടനാതലത്തിൽ ഇവയൊന്നും മുഴച്ചു നില്ക്കാൻ ഭാവിയിലെങ്കിലും ഇടയാവരുതു്. ഈ വിദ്യാർത്ഥി സംഘടനയെ ഒരുമിച്ചു നിർത്താനും വളർത്തിയെടുക്കാനും മുന്നോട്ടു നയിക്കാനും ശ്രമകരമായ നേതൃത്വം നല്കിയതു് ഈശോസഭാ വൈദികരും സി.എം.ഐ. സഭക്കാരുമാണല്ലോ. എല്ലാ രൂപതയേയും സ്നേഹിക്കുന്ന, എല്ലാ റീത്തുകൾക്കും തുല്യപ്രാധാന്യം നല്കുന്ന, എല്ലാ രൂപതകളിലും വ്യാപിച്ചുകിടക്കുന്ന പ്രസ്ഥാനമാണല്ലോ സന്യാസസഭകൾ. അവർ രൂപതാപ്രവർത്തനത്തിന്റെ അവിഭാജ്യഘടകവുമാണു്. രൂപതകളുടെ ഇലുകകൾക്കതീതമായി ചിന്തിക്കാനും എല്ലാ രൂപതകളെയും വിശാലതയോടെ ഉൾക്കൊള്ളാനും സാധിക്കുന്ന സന്യസ്തർക്കു മാത്രമേ ഈ സംഘടനയ്ക്കു് പൊതുനേതൃത്വം നല്കാൻ സാധിക്കയുള്ളൂ. ചരിത്രം പഠിപ്പിച്ചിരിക്കുന്നതും അതുതന്നെയാണു്. പൊതുനേതൃത്വം ഒരു രൂപതയ്ക്കു് ആയാൽ പലപ്പോഴുമല്ലെങ്കിൽ ചിലപ്പോഴെങ്കിലും ശിഥിലീകരണ പ്രവണതയ്ക്കും അനാരോഗ്യകരമായ മത്സരങ്ങൾക്കും സംഘടനയുടെ തകർച്ചയ്ക്കും അതു കാരണമാകാൻ ഇടയുണ്ട്. അതിനാൽ രൂപതകൾക്കു് അതീതമായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവരും എല്ലാ രൂപതകളെയും റീത്തുകളെയും സമഭാവനയോടെ വീക്ഷിക്കുന്നവരുമായ ആളുകളായിരിക്കണം, കഴിഞ്ഞ കാലങ്ങളിലെതുപോലെ, സംഘടനയുടെ സംസ്ഥാന നേതൃത്വം വഹിക്കേണ്ടതെന്നു തോന്നുന്നു. ഇടുക്കാന്ന ചിന്തകൾക്കും ദുരഭിമാനത്തിനും വശഗരാകാതെ കേരളസഭയുടെ ആകമാന ശ്രേയസ്സിനു് ഉപയുക്തമായ ചിന്താശൈലി ഇക്കാര്യത്തിൽ നമ്മെ നയിച്ചില്ലെങ്കിൽ അതു് സംഘടനയുടെ തന്നെ തകർച്ചയ്ക്കു് വഴി മരുന്നിടുകയായിരിക്കും ചെയ്യുക.

ആധുനിക ജീവിതവുമായി ഏററുമുട്ടുന്ന പുതിയ തലമുറയെ കായികവും, കലാപരവും വൈജ്ഞാനികവും ആദ്ധ്യാത്മികവും സാംസ്കാരികവുമായ തലങ്ങളിൽ സുശിക്ഷിതരാക്കി ക്രൈസ്തവോചിതമായ ധീരതയോടെ രംഗത്തിറക്കുകയെന്ന മഹത്തായ

യജ്ഞത്തിൽ ആണല്ലോ കെ. സി. എസ്. എൽ. വ്യാപൃതാ യിരിക്കുന്നതു്. ആധുനിക പ്രശ്നങ്ങൾക്ക് ക്രൈസ്തവമായ പരി ഹാരം കണ്ടെത്തേണ്ട ചുമതല നമ്മുടേതാണ്. ഇതിനായി ആ പ്രശ്നങ്ങൾ അവധാനപൂർവ്വം പഠിക്കയും കത്തോലിക്കാ സഭ നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗങ്ങൾ മനസ്സിലാക്കി അതു പ്രാവ ർത്തികമാക്കയും വേണം. ഇതിന് ഏററം ഉപയുക്തമാണ് 'വിശ്വാസം, പഠനം, സേവനം' എന്ന സംഘടനയുടെ മുദ്രാ വാക്യം. കെ. സി. എസ്. എൽ. ഒരു അലങ്കാര വസ്തുവല്ല. ഇന്നിന്റെ അടിയന്തിരാവശ്യമാണ്. വിദ്യാർത്ഥികളെ ആദ്ധ്യാ ത്മിക കാര്യങ്ങളിലേയ്ക്കു് ആകർഷിക്കാവുന്ന എല്ലാ മാർഗ്ഗങ്ങളും നാം സ്വീകരിക്കണം. മനസ്സിൽ തട്ടത്തക്കവിധം ആദ്ധ്യാത്മിക കാര്യങ്ങൾ നാം പഠിച്ചിട്ടില്ലാത്തതാണ്, പഠിപ്പിക്കാത്തതാണ് ആധുനിക കുഴപ്പങ്ങൾക്കു പ്രധാന കാരണം. ആഴമുള്ള ആദ്ധ്യാ ത്മികതയ്ക്കേ വേരിറങ്ങിയ വിശ്വാസവും, ചൈതന്യവത്തായ സേവനവും കാഴ്ചവയ്ക്കാൻ സാധിക്കയുള്ളൂ. ഇതു സംലബ്ധമാക ണമെങ്കിൽ പങ്കുചേർന്നുള്ള, കൂട്ടായി നിന്നുള്ള, എല്ലാം മറന്നുകൊ ണ്ടുള്ള പ്രേഷിത ചൈതന്യം നിറഞ്ഞ, ക്രിസ്തീയ സ്നേഹം നാം വളർത്തിയെടുക്കണം.

യശഃശരീരനായ ശ്രീ. പി. ററി. തോമസിന്റെ വാക്കുക ളിൽ ഈ ഗ്രന്ഥം അവസാനിപ്പിക്കുന്നതിൽ എനിക്കു അതിയായ ചാരിതാർത്ഥ്യമുണ്ടു്. "ഒരു മതേതര രാഷ്ട്രത്തിന്റെ വർദ്ധമാന മായ നിയന്ത്രണവും സാമൂഹ്യമണ്ഡലത്തിൽ ലോകായതികത്വ ത്തിനു കൈവന്നിരിക്കുന്ന സ്വാധീനവും മൂലം വിദ്യാഭ്യാസ പരിപാടികൾ തിരുസഭയുടെ ആദർശങ്ങൾക്ക് അനുരൂപമായ വിധത്തിൽ നിർവ്വഹിക്കുക ദുഷ്കരമായി തീർന്നിരിക്കുകയാണ്. ഈ പ്രതികൂല സാഹചര്യങ്ങളിൽ കത്തോലിക്കാ വിദ്യാഭ്യാസ ത്തിനു നേരിട്ടിരിക്കുന്ന പോരായ്മകൾ പരിഹരിച്ച് അതിനെ ലക്ഷ്യത്തിലെത്തിക്കുവാൻ വേണ്ടിയാണ് സഖ്യം പരിശ്രമിച്ചു കൊണ്ടിരിക്കുന്നതു്. ക്രിസ്തീയ വിശ്വാസത്തിലും ആദർശങ്ങളി ലും അറിയുറച്ചു നിന്നുകൊണ്ടു് ആധുനിക ഭൗതിക പരിഷ്കാര ത്തിന്റെ വെല്ലുവിളികളെ വിജയപൂർവ്വം നേരിടുവാനും സാമൂ ഹ്യ സാംസ്കാരിക മണ്ഡലങ്ങളിൽ ക്രിസ്തുവിനു സാക്ഷ്യം വഹി ക്കുവാനും കഴിവുള്ള ഒരു പ്രേഷിത വ്യൂഹത്തെ കരുപ്പിടിപ്പിക്കുക യെന്നതാണ് സഖ്യത്തിന്റെ ലക്ഷ്യം. മഹത്തായ ഈ ലക്ഷ്യം നേടണമെങ്കിൽ വിദ്യാലയാധികൃതരുടെയും രക്ഷകർത്താക്കളുടെ യും ആത്മാർത്ഥമായ സഹായ സഹകരണങ്ങൾ കൂടിയേ കഴിയൂ. ഈ വിദ്യാർത്ഥി സംഘടനയ്ക്കു് സഭയുടെയും സമുദായത്തിന്റെയും ഉള്ളഴിഞ്ഞ പിൻതുണ വർദ്ധമാനമായ തോതിൽ തുടർന്നുകൊണ്ടി രിക്കുമെന്നുള്ള പ്രതീക്ഷ അസ്ഥാനത്താകയില്ലെന്നു വിശ്വസി ക്കുന്നു."

# അനുബന്ധം (A)

## ജനറൽ ഡയറക്ടർമാർ

| | | |
|---|---|---|
| 1. | ഫാ. ജിൽവാസ് എസ്. ജെ. | 1917—18 |
| 2. | ഡോ. ജോസഫ് സി. പഞ്ഞിക്കാരൻ എസ്. ജെ. | 1918—20 |
| 3. | ഫാ. ജോൺ പാലോക്കാരൻ എസ്. ജെ. | 1920—22 |
| 4. | ഫാ. ഒണോരെ എസ്. ജെ. | 1922—34 |
| 5. | ഫാ. വില്ല്യം നേര്യംപറമ്പിൽ സി. എം. ഐ. | 1949—65 |
| | ഫാ. കോൺസ്റ്റൻൈറൻ മണലേൽ, ഓർഗനൈസർ | 1950—73 |
| 6. | ഫാ. ഔറേലിയസ് കടമപ്പുഴ സി. എം. ഐ. | 1965—68<br>1972—73 |
| 7. | ഫാ. ഗ്രേഷ്യൻ മുണ്ടാടൻ. സി. എം. ഐ. | 1968—72 |
| 8. | ഫാ. എസ്. വെങ്ങാലൂർ. സി. എം. ഐ. | 1973—77 |
| 9. | ഫാ. ജോർജ്ജ് ഈരത്തറ സി. എം. ഐ. | 1977—83 |
| | ഫാ. ജോർജ്ജ് കല്ലറസ്ക്കൽ സി. എം. ഐ. | (ആക്ടിംഗ് 1979) |
| 10. | ഫാ. ജോസഫ് കൈമലയിൽ സി. എം. ഐ. | 1983—88 |
| 11. | ഫാ. ജോസഫ് പുത്തൻപുര സി. എം. ഐ. | 1988— |

# അനുബന്ധം (B)

## പ്രസിഡൻറുമാർ

| | | |
|---|---|---|
| 1. | ജോൺ നിധീരി-കുറവിലങ്ങാട് | 1917—18 |
| 2. | ഷെവ. സി. ജെ. വക്കി_തൃശ്ശൂർ | 1918—22<br>1949—52 |
| 3. | ഫാ. ഒണോരെ. S. J. – തൃശിനാപ്പള്ളി | 1922—32<br>1933—34 |
| 4. | ഷെവ. ഐ. സി. ചാക്കോ – പുളിങ്കുന്ന് | 1932—33 |
| 5. | ഫാ. എൽ. ഡി. മർഫി S. J.-മദ്രാസ് | 1935—37 |
| 6. | ഫാ. പി. കാർട്ടി S. J.-തൃശിനാപ്പള്ളി | 1937—49 |
| 7. | ഷെവ. പി. ററി. തോമസ്-ചങ്ങനാശ്ശേരി | 1952—64 |
| 8. | പ്രൊഫ. കെ. ററി. സെബാസ്റ്റ്യൻ-ചങ്ങനാശ്ശേരി | 1964—70 |
| 9. | പ്രൊഫ. പി. ജെ. മാത്യു-പാലാ | 1970—76 |
| 10. | അഡ്വ. സിറിയക്ക് ജോസഫ്-കോട്ടയം | 1976—88 |
| 11. | പ്രൊഫ. പി. ജെ. സിറിയക്ക്-എറണാകുളം | 1988— |

# അനുബന്ധം (C)

## വൈസ് പ്രസിഡൻറുമാർ

| | | |
|---|---|---|
| 1. | ഗ്രാൻറ് ഷെവ. എൽ. എം. പൈലി, വരാപ്പുഴ | 1917—22 |
| 2. | ശ്രീ. ജോസഫ് വെള്ളാപ്പള്ളി, കോട്ടയം | 1917—18 |
| 3. | ഡോ. പി. ജെ. തോമസ്, കാവിലങ്ങാട്ട്, പാലാ | 1918—19 |
| 4. | എസ്. എഫ്. നൂനസ്സ് | 1919—20 |
| 5. | ഷെവ. ജോസഫ് പെട്ട, തൃശ്ശൂർ | 1920—24 |
| 6. | ഡോ. ജി. എഫ്. പപ്പാളി, വരാപ്പുഴ | 1924—25 |
| | | 1929—38 |
| | | 1941—49 |
| 7. | മി. കെ. ജെ. സക്കറിയാസ്, തൃശ്ശൂർ | 1925—26 |
| 8. | മി. സി. ഏ. പോറം, തൃശ്ശൂർ | 1926—27 |
| 9. | മി. കെ. സി. സെബാസ്റ്റ്യൻ, പാലാ | 1927—28 |
| | | 1949—52 |
| 10. | മി. എം. സി. മത്തായി, ചങ്ങനാശ്ശേരി | 1938—41 |
| 11. | ഫാ. തുണ്ടിയിൽ S. J., ചങ്ങനാശ്ശേരി | 1952—55 |
| 12. | മി. പി. സി. ജോൺ, നെടുങ്കുന്നം | 1955—58 |
| 13. | മി. ആൻഡ്രൂസ് കോട്ടയിരി, പാലാ | 1958—61 |
| 14. | മിസ്. കാതറൈൻ ചാണ്ടി, ആലപ്പുഴ | 1953—61 |
| 15. | മി. കെ. എം. മാത്തൻ, ഭരണങ്ങാനം | 1952—55 |
| | | 1958—61 |
| 16. | മി. വി. ജോർജ് ഇരുമേട, തിരുവല്ല | 1961—64 |
| 17. | മിസ്സിസ്സ് ലില്ലിക്കുട്ടി ജെ. പഞ്ഞിക്കാരൻ, ചേർത്തല | 1961—64 |
| 18. | മി. കെ. ററി. തോമസ്, പാലാ | 1964—67 |
| 19. | മിസ്. കെ. കെ. ഏലിക്കുട്ടി | 1964—65 |
| 20. | മിസ്. പി. എഫ്. മേരിക്കുട്ടി, ചങ്ങനാശ്ശേരി | 1965—67 |
| | | 1970—73 |
| 21. | ശ്രീ. വർഗ്ഗീസ് കരിപ്പായിൽ, തിരുവല്ല | 1967—70 |
| 22. | ശ്രീമതി. കെ. എക്സ്. ട്രീസ, കൊച്ചി | 1967—70 |
| 23. | ശ്രീ. ആൻറണി ആറാടൻ, കൊല്ലം | 1970—76 |
| | | 1985—88 |
| 24. | സിസ്റ്റർ. സിയെന്നാ, ചങ്ങനാശ്ശേരി | 1973—76 |
| 25. | ശ്രീ. കെ. പി. ജോർജ്, തൃശ്ശൂർ | 1976—79 |
| | | 1988— |
| 26. | സിസ്റ്റർ. കൊർണേലിയ, ആലപ്പുഴ | 1976—79 |
| 27. | ശ്രീ. കെ. കെ. ജോസഫ്, തൃശ്ശൂർ | 1979—82 |
| 28. | സിസ്റ്റർ അലേക്സിയ, വരാപ്പുഴ | 1979—82 |
| 29. | ശ്രീ. ജേക്കബ് പൊന്നാററിൽ, ചങ്ങനാശ്ശേരി | 1982—85 |
| 30. | സി. സാവ്വള സി. എം. സി., എറണാകുളം | 1982—85 |
| 31. | സി. മരിയ ഫ്രാൻസീസ്, പാലാ | 1985—88 |
| 32. | സി. ലൂസീനാ സി. ററി. സി., വരാപ്പുഴ | |
| | | 1988— |

## യു. പി. വിഭാഗം വൈസ് പ്രസിഡൻറുമാർ

| | | |
|---|---|---|
| 33. | ശ്രീ. പി. എം. ജോൺ, പാലാ | 1985—88 |
| 34. | ശ്രീമതി. ലിസ്സി ബേബി, എറണാകുളം | 1985— |
| 35. | ശ്രീ. പി. ആർ. ലോറൻസ്, കോട്ടപ്പുറം | 1988— |

# അനുബന്ധം (D)

## ജനറൽ സെക്രട്ടറിമാർ

| | | |
|---|---|---|
| 1. | തോമസ് ചാണ്ടി | 1917—18 |
| 2. | കെ. ജെ. ക്ലീററസ് | 1918—19 |
| 3. | സി. ജെ. മാത്യു | 1919—20 |
| 4. | ഡോ. ജി. എഫ്. പപ്പാളി വരാപ്പുഴ | 1920—21 |
| 5. | സി. എം. ജോൺ ചങ്ങനാശ്ശേരി | 1921—22 |
| 6. | നോർബർട്ട് ജോർജ് | 1922—23 |
| 7. | ജോസഫ് മാഞ്ഞൂരാൻ എറണാകുളം | 1923—24 |
| 8. | സി. എ. പോറം തൃശ്ശൂർ | 1924—26 |
| 9. | എൻ. ജെ. ജോസഫ് കുറവിലങ്ങാട് | 1926—27 |
| 10. | സി. ഗ്രേഗറി | 1927—28 |
| 11. | ഇട്ടൂപ്പ് മാഞ്ഞൂരാൻ എറണാകുളം | 1928—29 |
| 12. | എം. സി. മത്തായി ചങ്ങനാശ്ശേരി | 1935—38 |
| 13. | ഉലഹന്നൻ തോപ്പിൽ എറണാകുളം | 1938—40 |
| 14. | പി. സി. കുര്യൻ ചങ്ങനാശ്ശേരി | 1940—49 |
| 15. | ഇ. ജെ. കാരി ചങ്ങനാശ്ശേരി | 1949—51 |
| 16. | കെ. എം. മാത്തൻ ഭരണങ്ങാനം | 1951—52 |
| 17. | ആൻഡ്രു കോട്ടയിരി പാലാ | 1952—56 |
| 18. | വി. ജോർജ് ഇരുമേട മല്ലപ്പള്ളി, തിരുവല്ല | 1956—61 |
| 19. | സിറിയക്ക് തെക്കേത്തു് ചങ്ങനാശ്ശേരി | 1961—64 |
| 20. | കെ. ററി. ചെറിയാൻ മണിമല | 1964—66 |
| 21. | സി. എഫ്. തോമസ് ചങ്ങനാശ്ശേരി | 1966—73 |
| 22. | ഏ. പി. യൂജിൻ ആലപ്പുഴ | 1973—76 |
| 23. | ജോസ് ആറുപുറം വരാപ്പുഴ | 1976—88 |
| 24. | പി. പി. പൗലോസ് എറണാകുളം | 1988— |

# അനുബന്ധം (E) ജനറൽ ട്രഷറർമാർ

| | | |
|---|---|---|
| 1. | ഏ. ജെ. ജോൺ തലയോലപ്പറമ്പ് | 1917—18 |
| 2. | കെ. ജെ. ക്വീററസ് | 1918—19 |
| 3. | ഡോ. ജി. എഫ് പപ്പാളി വരാപ്പുഴ | 1919—20 |
| 4. | ഷെവ. ജോസഫ് പെട്ട തൃശ്ശൂർ | 1921—22 |
| 5. | അലക്സാണ്ടർ പറമ്പിത്തറ എറണാകുളം | 1922—23 |
| 6. | കെ. ജെ. സക്കറിയാസ് തൃശ്ശൂർ | 1923—25 |
| 7. | സ്റ്റീഫൻ നെറോറ | 1925—26 |
| 8. | കെ. സി. ജോസഫ് | 1926—27 |
| 9. | പി. എം. ജോസഫ് | 1927—29 |
| 10. | പ്രൊഫ. പി. ററി. തോമസ് ചങ്ങനാശ്ശേരി | 1939—49 |
| 11. | ഡി. വർഗ്ഗീസ് ചങ്ങനാശ്ശേരി | 1949—52 |
| 12. | സി. എക്സ്. ജോൺ സെബാസ്റ്റ്യൻ ആലപ്പുഴ | 1952—67 |
| 13. | എൻ. ജെ. ജോബ് എറണാകുളം | 1967—82 |
| 14. | പി. സി. ചാക്കോ പാലാ | 1982—85 |
| 15. | സിസ്റ്റർ സാവുള സി.എം.സി., എറണാകുളം | 1985—88 |
| 16. | പി. ഡി. മാത്യു കാഞ്ഞിരപ്പള്ളി | 1988— |

# അനുബന്ധം (F) വിദ്യാർത്ഥി സെക്രട്ടറിമാർ

| | | |
|---|---|---|
| Master | Tom Jose, St. Vincents HS, Palai | 1973—74 |
| Kumari | A.P. Laly, St. Josephs HS, Verapoiy | ,, |
| Master | Rajan Joseph, SH HS, Thevara, Ernakulam | 1974—75 |
| Kumari | Doly Sebastian, St. Antonys HS, Poonjar Palai | ,, |
| Master | Dean K. Mathew, Kalathilthara, Shertallai | 1975—76 |
| Kumari | Meena Joseph, St. Marys GHS, Ernakulam | ,, |
| Master | Josy Joseph, SH HS, Changanacherry | 1976—77 |
| Kumari | Jessy P. Scaria, St. Marys HS Palai | ,, |
| Master | Antappan K.J., St. Josephs HS, Pulincunnoo | 1977—78 |
| Master | Maxy P. Michael, Rajagiri, HS, Kalamassery | ,, |
| Kumari | Sheena Stephen, SH GHS, Trichur | ,, |
| ,, | Mini Mathew, St. Teresas GHS, Ern., Verapoly | ,, |
| Master | George Thomas, St. Peters HS, Kurumpanadam. | ,, |
| ,, | James Jose, St. Georges HS, Kaipuzha, KTM | 1978—79 |
| ,, | Johnson Xavier, SH HS, Thevara, Ernakulam | ,, |
| Kumari | Aimy K. Joseph, St. Marys HS, Ernakulam | ,, |
| ,, | Neena Ann Thomas, St. Teresas GHS, Chengaroor Thiruvalla | ,, |
| ,, | Mini Jose, SH GHS, Bharananganam, Palai | 1979—80 |
| Master | Sebastian Jacob, St. Aloysious HS, Athirampuzha | ,, |
| ,, | John Mathai, Cardinal HS, Thrikkakara, Ekm | 1980—81 |

Kumari Mary Augustine, Holy Family HS, Angamaly. 1980—81
,, Asha Mary Stephen, St. Augustines HS,
Moovattupuzha, Kothamangalam 1981—82
Master Vinson Xavier, SH HS, Thevara, Ernakulam ,,
,, Gijan Vazhaparambil, St. Peters HS,
Kurumpanadam Chry 1982—83
Kumari Giji Paul, Holy Family GHS, Angamaly, Ekm ,,
,, Rani Jacob, St. Thomas HS, Anikad Palai 1983—84
Master Jackson Mathew, Holy FamilyHS, Shertallai, Ekm ,,
,, James P. Joseph, St. Georges HS, Kaipuzha. 1984—85
Kumari Peeush Antony, St. Josephs GHS, Changanacherry ,,
,, Nisha Betry Thomas, St. Teresas HS,
Chengaroor, TVLA 1985—86
Master Jomon Joseph, St. Marys HS, Teekoy, Palai ,,
,, Jobin Thomas, St. Sebastians HS, Kadanad 1986—87
Kumari Vineetha Sebastian, St. L.T. GHS Vaikom, Ekm ,,
,, Rita Jacob, AMHS Kalaketty, Kanjirappally 1987—88
Master Toms Joseph, St. Josephs EMHS, Kalamassery, ,,
Kumari Shino Abraham, St. Agnes GHS, Muttuchira 1988—89
Master Anand Joseph, Nirmala HS, Muvattupuzha ,,
,, Avish Joseph, ,, ,, ,, 1989—
Kumari Deepa Thomas, SH CGHS, Trichur ,,

UPPER PRIMARY SECRETARIES

Master Martin K. Sebastian, St. Josephs HS, Chengal 1985—86
Kumari Brincy Mathew, Kala Nilayam UPS, Puliyanoor ,,
,, Smitha Rose Sebastian, St. Josephs UPS,
Poonjar, Palai 1986—87
Master Toby Augustine, St. Thomas BTS, Palai ,,
,, Jose James, St. Josephs UPS, Kunnonni, Palai 1987—88
Kumari Smitha C.Thomas, St. Marys CGHS, Eranakulam ,,
,, Smitha P. Antony, St. Augustines GHS,
Kuzhuppilly, Ekm. 1988—89
Master Adolf Mathew, St. Sebastians HS, Kadanad Palai ,,
,, Nithin Simon P, St. Sebastians HS, Gothuruthy,
Kottapuram 1989—
Kumari Rani Sebastian, St. Joseph's UPS, Velliyamattom ,,

# അനുബന്ധം (G)

## ട്രോഫികൾ, സമ്മാനങ്ങൾ

| | | | |
|---|---|---|---|
| 1. | ഫാ. ഒണോറെ ട്രോഫി | — | ഏററം നല്ല ശാഖയ്ക്ക് |
| 2. | കൊച്ചിൻ ഓഠം സ്പോട്ട്സ് ഷീൽഡ് | — | രണ്ടാമത്തെ നല്ല ശാഖയ്ക്ക് |
| 3. | ഫാ. വില്ല്യംമെമ്മോറിയൽ ട്രോഫി | — | വാഷിക സ്റ്റഡിസർക്കിഠം മത്സരത്തിൽ ഒന്നാം സമ്മാനം നേടുന്ന ഗേഠംസ് സ്കൂളിനു് |
| 4. | ഷീൽഡ് | — | സ്റ്റഡിസക്കിഠം മത്സരത്തിൽ രണ്ടാം സ്ഥാനം നേടുന്ന സ്കൂളിനു് |
| 5. | ഡൊമിനിക്ക് ററി.കരിപ്പാപ്പറമ്പിൽ മെമ്മോറിയൽ ട്രോഫി | — | സ്റ്റഡിസക്കിഠം ഒന്നാം സ്ഥാനം നേടുന്ന ബോയ്സ് സ്കൂളിനു് |
| 6. | രാജഗിരി ട്രോഫി | — | വാഷിക കലാമത്സരത്തിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടുന്ന ഗ്രൂപ്പതയ്ക്ക് |
| 7. | പുല്ലുകാട്ടു ട്രോഫി | — | ടി വിഭാഗത്തിൽ പെൺകുട്ടികഠം ഒന്നാം സ്ഥാനം നേടുന്ന ഗ്രൂപ്പതയ്ക്ക് |
| 8. | പ്രയർ ജനറൽ ട്രോഫി | — | വാഷികത്തിൽ ഗ്രൂപ്പ് ഡാൻസിനു് ഒന്നാം സ്ഥാനം നേടുന്ന സ്കൂളിനു് |
| 9. | ബി.എസ്.എസ്. ട്രോഫി | — | ഗ്രൂപ്പ്ഡാൻസിനു് രണ്ടാം സ്ഥാനം നേടുന്ന ശാഖയ്ക്ക് |
| 10. | ദേവമാതാ ട്രോഫി | — | ഏകാങ്കത്തിനു് ഒന്നാം സ്ഥാനം നേടുന്ന ശാഖയ്ക്ക് |
| 11. | ഷീൽഡ് | — | കൈയ്യെഴുത്തു മാസികയിൽ പെൺകുട്ടികളുടെ വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടുന്ന ശാഖയ്ക്ക് |
| 12. | മേരി ഡൊമിനിക്ക് കരിപ്പാപ്പറമ്പിൽ മെമ്മോറിയൽ ട്രോഫി | — | മാസിക ആൺകുട്ടികളുടെ വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടുന്ന ശാഖയ്ക്ക് |
| 13. | ബിഷപ്പ്കാളാശ്ശേരി ട്രോഫി | — | വാഷിക കായിക മത്സരത്തിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ ഏററം കൂടുതൽ പോയിൻറു നേടുന്ന ഗ്രൂപ്പതയ്ക്ക് |
| 14 | ബിഷപ്പ് ചൂളപ്പറമ്പിൽ ട്രോഫി | — | കായിക മത്സരത്തിൽ പെൺകുട്ടികളുടെ വിഭാഗത്തിൽ ഏററം കൂടുതൽ പോയിൻറു നേടുന്ന ഗ്രൂപ്പതയ്ക്ക് |

15. ബിഷപ്പ് ജറോം ജൂബിലി ട്രോഫി — കായിക മത്സരത്തിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും കൂടി ഏററം കൂടുതൽ പോയിൻറു നേടുന്ന ശാഖയ്ക്ക്.

16. മാർ സെവേരിയോസ് മെഡൽ — വാഷിക പ്രസംഗ മത്സരത്തിൽ ഒന്നാം സമ്മാനം നേടുന്ന ആൺകുട്ടിയ്ക്കും പെൺകുട്ടിയ്ക്കും നൽകുന്ന മെഡലുകൾ

17. ശ്രീ. കെ. ഇ. ജോബ് പ്രൈസ് — വാഷിക ഉപന്യാസ മത്സരത്തിൽ ഒന്നാം സമ്മാനം നേടുന്ന ആളിനു്

18. കുടുംബദീപം പ്രൈസ് — വാഷിക ചെറുകഥാ മത്സരത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾക്ക്

# അനുബന്ധം (H)

## സ്കോളർഷിപ്പുകൾ

1. ഫാദർ വില്ല്യം മെമ്മോറിയൽ സ്കോളർഷിപ്പ് (I)
2. ഷെവ. പോത്തൻ ജോസഫ് മെമ്മോറിയൽ സ്കോളർഷിപ്പ്
3. ഏ. ജെ. ചാക്കോ എടയാടിയിൽ സ്കോളർഷിപ്പ്
4. റോസ് ടീച്ചർ വെങ്ങാലുവക്കേൽ സ്കോളർഷിപ്പ്
5. ഫാ. വില്ല്യം മെമ്മോറിയൽ സ്കോളർഷിപ്പ് (II)
6. ഷെവ. പി. ററി. തോമസ് സ്കോളർഷിപ്പ്
7. ഷെവ. സി. ജെ. വക്കി സ്കോളർഷിപ്പ്

## അദ്ധ്യാപകർക്ക്

ഷെവ. പി. ററി. തോമസ് അവാർഡ്

# അനുബന്ധം (I) വിശ്വാസ പ്രഖ്യാപനം

മനുഷ്യരക്ഷയ്ക്കുവേണ്ടി, മനുഷ്യനായി ജനിച്ച്, മനുഷ്യനെ സ്നേഹിച്ച്, കുരിശിൽ ജീവാർപ്പണം ചെയ്ത്, ഉയിർത്തെഴുന്നേററ, എൻെറ നേതാവും ദൈവവുമായ, യേശുവിൽ ഞാൻ വിശ്വസിക്കുന്നു.

രക്ഷാകരദൗത്യത്തിൻെറ തുടർച്ചയായി, അവിടുന്നു സ്ഥാപിച്ച സഭയിലും ഞാൻ വിശ്വസിക്കുന്നു.

സഭാമേലദ്ധ്യക്ഷന്മാരുടെ മാർഗ്ഗനിർദ്ദേശം സ്വീകരിച്ച്, പ്രാർത്ഥനയിലും കൂദാശാ ജീവിതത്തിലും നിന്നു ശക്തിയാർജ്ജിച്ച്, യേശുവിൻെറ രക്ഷാകരദൗത്യം, എന്നിലൂടെ തുടരുന്നതിനുള്ള സന്നദ്ധത, ഞാൻ ഏററു പറയുന്നു.

വിശ്വാസം, പഠനം, സേവനം എന്നിവയിലൂടെ ക്രിസ്തുവിലേയ്ക്കു വളരുകയും, ജീവിതമാതൃകയിലൂടെ സമൂഹത്തിൽ ക്രിസ്തുവിനു സാക്ഷ്യം വഹിക്കുകയും എൻെറ ദൗത്യമാണെന്നു ഞാൻ വിശ്വസിക്കുന്നു.

സത്യം, നീതി, സ്നേഹം, വിശുദ്ധി, ത്യാഗം, സേവനതല്പരത, ജീവിതലാളിത്യം, രാജ്യസ്നേഹം, ഗുരുഭക്തി, സഹകരണം, കഠിനാദ്ധ്വാനം, തുടങ്ങിയ മൂല്യങ്ങളിൽ അടിയുറച്ച്, ഉത്തമക്രൈസ്തവനും ഉത്തമ പൗരനുമായി ജീവിക്കുക എൻെറ കർത്തവ്യമായി ഞാൻ സ്വീകരിക്കുന്നു.

ദുഃഖിതരുടെയും പീഡിതരുടെയും സ്നേഹിതനും വക്താവും ആയിരിക്കാനുള്ള എൻെറ കടമ ഞാൻ അംഗീകരിക്കുന്നു.

ധാർമ്മികമൂല്യങ്ങളിൽ അധിഷ്ഠിതമായ സാമൂഹികപുരോഗതി കൈവരുത്തുന്നതിനും, സാമൂഹികനീതി നടപ്പാക്കുന്നതിനുള്ള യത്നങ്ങളിൽ പങ്കെടുക്കുകയും ആവശ്യമായ സന്ദർഭങ്ങളിൽ നേതൃത്വം നൽകുകയും എൻെറ ചുമതലയായി ഞാൻ കരുതുന്നു.

വിദ്യാർത്ഥി എന്ന നിലയിൽ എൻെറ പ്രാഥമിക കർത്തവ്യം പഠനമായിരിക്കും. വിദ്യാർത്ഥി സമൂഹത്തിൻെറ ഉത്തമ താല്പര്യങ്ങൾ സംരക്ഷിക്കാൻ ഞാൻ എപ്പോഴും ശ്രമിക്കുകയും ചെയ്യും.

വിദ്യാർത്ഥികളുടെ കലാപരവും, സാഹിത്യപരവും, കായികവും, ബൗദ്ധികവുമായ കഴിവുകൾ വികസിപ്പിച്ച് ദൈവമഹത്വത്തിനും മനുഷ്യനന്മക്കുമായി വിനിയോഗിക്കാൻ ഞാൻ ശ്രമിക്കുന്നതാണ്.

ശാസ്ത്ര സാങ്കേതിക മണ്ഡലങ്ങളിലെ പുരോഗതിയുടെ പേരിൽ മതാത്മക ജീവിതത്തിൽ നിന്നു മനുഷ്യനെ അകററുന്ന പ്രവണതകളെ മതപഠനത്തിലും മതപരിശീലനത്തിലും നിന്നു കരുത്താർജ്ജിച്ച് ഞാൻ ചെറുക്കുന്നതാണ്.

കേരളകത്തോലിക്കാ വിദ്യാർത്ഥി സഖ്യത്തിൻെറ ആദർശങ്ങളിൽ ഉറച്ചുനിന്നുകൊണ്ട്, സഭാസേവനത്തിനും രാഷ്ട്രപുരോഗതിക്കും വേണ്ടി ഞാൻ എന്നെത്തന്നെ പൂർണ്ണമായി സമർപ്പിക്കുന്നു. ആമ്മേൻ

# അനുബന്ധം (J)

## കെ.സി.എസ്.എൽ.

## മുദ്രാവാക്യങ്ങൾ

1. ജയ് ജയ് കെ.സി.എസ്.എൽ.
2. ജയ് ജയ് ക്രിസ്തുരാജൻ
3. ജയ് ജയ് പോപ്പുരാജൻ
4. വരുന്നു ഞങ്ങൾ വരുന്നു ഞങ്ങൾ
   കെസിയെസ്സെൽ വീരഭടന്മാർ
5. ക്രിസ്തു നമ്മുടെ നേതാവ്
   വിശ്വാസം നമ്മുടെ അടയാളം
   പഠനം നമ്മുടെ പടവാള്
   സേവനം നമ്മുടെ പരിപാടി
6. കാൽവരി മലയിൽ കൊളുത്തിയ ദീപം
   ജനകോടികളുടെ ആശാദീപം
   തലമുറ തലമുറ കൈമാറി
   ഭാരതമാകെ പടത്തും ഞങ്ങൾ
7. തോമാശ്ലീഹാ പകർന്നു നല്കിയ
   വിശ്വാസത്തിൻ ചൈതന്യം
   തലമുറ തലമുറ കൈമാറി
   കെടാതെ ഞങ്ങൾ സൂക്ഷിക്കും
8. സത്യസനാതന ധർമ്മങ്ങൾ
   പുലരും പുതിയൊരു രാഷ്ട്രത്തെ
   പടുത്തുയർത്താൻ അണിയണിയായ്
   വരുന്നു ഞങ്ങൾ ധീരഭടന്മാർ
9. ഇന്നു മുളച്ചൊരു നാമ്പുകൾ നമ്മൾ
   നാളെത്തെളിയും തീപ്പന്തം
   കത്തിജ്വലിക്കും ആളിപ്പടരും
   പുത്തൻ വിപ്ലവ ചൈതന്യം.
10. പേനപിടിക്കും കുഞ്ഞിക്കൈകളേ
    പേറുക സ്നേഹപ്പടവാള്
    ഹൃദയം ഭവനം സ്കൂളും രാജ്യവു-
    മെല്ലാം നമ്മുടെ സമരമുഖം.
11. ആവേശം തിരതല്ലി വരുന്നു
    കേരള സഭയുടെ ചേതനകൾ
    പുത്തൻ കാഴ്ചപ്പാടുകളോടെ
    അടി വെച്ചടി വെച്ചണയുന്നു.

# അനുബന്ധം (K)

## മാർഗ്ഗരേഖ (1972)

1. K.C.S.L. അടിസ്ഥാനപരമായി കേരളത്തിലെ കത്തോലിക്കാ വിദ്യാർത്ഥികളുടെ ഒരു സംഘടനയാണ്. അതിലെ പൂർണ്ണമായ അംഗത്വം ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക മാത്രമാണെങ്കിലും അപ്പർപ്രൈമറി സ്കൂളിലെ കുട്ടികൾക്കും ഭാഗികമായ അംഗത്വം നൽകിയിട്ടുണ്ട്. ശാഖാതലത്തിലുള്ള സാമൂഹ്യസാംസ്കാരിക പ്രവർത്തനങ്ങളിൽ അകത്തോലിക്കരായ കുട്ടികൾക്ക താല്പര്യമെങ്കിൽ അവരുടെ സഹകരണം സ്വാഗതം ചെയ്യാവുന്നതാണ്.

2. 'ക്രിസ്തുവിലേയ്ക്കു വളരുക' എന്നതാണ് ഈ സംഘടനയുടെ ലക്ഷ്യം. ഈ ലക്ഷ്യം പ്രാപിക്കേണ്ടതു വിശ്വാസം, പഠനം, സേവനം എന്നിവയിലൂടെയാണ്. അംഗങ്ങൾ സുവിശേഷത്തിലെ ക്രിസ്തുവിനെ പിഞ്ചെല്ലുകയും അങ്ങനെ അവിടത്തെ ചൈതന്യത്തോടെ മററുള്ളവക്ക സേവനം ചെയ്യുകയും വേണം. ക്രിസ്തുവിനെ അടുത്തറിയുന്നതിനും, ഉൾക്കൊള്ളുന്നതിനും അവിടുത്തെ ജീവിതം നയിക്കുന്നതിനും ദൈവവചനാനുഭവം അത്യന്താപേക്ഷിതമാണ്. തന്മൂലം ബൈബിൾ പഠനത്തെ ശ്രദ്ധാപൂർവ്വം പ്രോൽസാഹിപ്പിക്കേണ്ടിയിരിക്കുന്നു. നന്മ ചെയ്തുകൊണ്ടു കടന്നുപോയ ക്രിസ്തുവിൻെറ സജീവചിത്രമാണു ബൈബിൾ നല്കുന്നത്. ക്രിസ്തുവിൻെറ സേവനം സകല മനുഷ്യക്കുംവേണ്ടി ആയിരുന്നതുപോലെ ഈ സംഘടനയുടെ സേവനം സമൂഹത്തിനു മുഴുവനും വേണ്ടിയായിരിക്കണം.

3. ഭൂതകാലാനുഭവങ്ങളുടെ വെളിച്ചത്തിൽ മെച്ചപ്പെട്ട ഒരു ലോകത്തെ കെട്ടിപ്പടുക്കുന്നതിനുള്ള പരിശീലനം വിദ്യാർത്ഥികൾക്ക നല്കേണ്ടതാണ്. അതിനുള്ള ഉത്തേജനം അവക്ക ലഭിക്കണം. അവരുടെ ചിന്തയുടെ ചക്രവാളങ്ങൾ വികസിക്കണം. വളർന്നുവരുന്ന തലമുറയുടെ സമഗ്രമായ വ്യക്തിത്വവികസനം സാധിക്കുന്നതിനുതകുന്ന കർമ്മപദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുകയും വേണം.

4. സ്വഭാവരൂപവത്ക്കരണത്തിൻെറയും വ്യക്തിത്വവികസനത്തിൻെറയും ഘട്ടമാണ് ഹൈസ്കൂൾ വിദ്യാഭ്യാസകാലം. ഈ നിർണ്ണായകാവസരത്തിൽ കുട്ടികളുടെ ബഹുമുഖമായ കഴിവുകളെ ക്രിസ്തീയാദർശങ്ങൾക്കനുഗുണമായി വളർത്തുന്നതിൽ K.C.S.L. പ്രത്യേകം ശ്രദ്ധ പതിക്കേണ്ടതാണ്.

5. ആധുനിക ശാസ്ത്രത്തിൻെറ അത്ഭുതാവഹമായ പുരോഗതിയിൽ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കാണാമെന്നു വിശ്വസിക്കുന്നവർ വിരളമല്ല. ഭൗതികമാത്ര ചിന്താഗതിയും മനുഷ്യരെ അന്ധരാക്കുന്നുണ്ട്. ഇന്നത്തെ ഈ സ്ഥിതിവിശേഷത്തെ K.C.S.L. ശരിക്കും മനസ്സിലാക്കുന്നു. ശാസ്ത്രത്തിനു് അപ്രാപ്യമായ മേഖലകളുണ്ട്. ആ മണ്ഡലങ്ങളിൽ മതത്തിനുമാത്രമേ കടന്നുചെല്ലാനാവൂ. സത്യം, നീതി, സ്നേഹം, തുടങ്ങിയ ധാർമ്മികമൂല്യങ്ങൾ ജനങ്ങളിൽ ശാശ്വതമാക്കണം. ഈ മൂല്യങ്ങളിൽ അടിയു

റച്ചു നിന്നുകൊണ്ടു പ്രവത്തിച്ചാൽ മാത്രമേ സമാധാനത്തിൻെറയും സംതൃപ്തിയുടെതുമായ ലോകം പടുത്തുയത്താൻ സാധിക്കൂ എന്നു കുട്ടികളെ ബോധ്യപ്പെടുത്തണം. ഈ നവ്യലോക വ്യവസ്ഥിതിയുടെ നിർമ്മാതാക്കളാകുന്നതിനു് ആന്തരിക പങ്കാളിത്തമുള്ള ആരാധനാജീവിതവും അത്യന്താപേക്ഷിതമാകയാൽ, അതിനുവേണ്ട പ്രചോദനവും പരിശീലനവും അംഗങ്ങൾക്കു നല്ലേണ്ടതാണു്. അതോടൊപ്പം ആനുകാലികപ്രശ്നങ്ങളെ ക്രിസ്തീയമായ രീതിയിൽ നേരിടുന്നതിനു് അവരെ പ്രാപ്തരാക്കത്തക്കവിധം പഠനക്കളരികളും സംഘാതചർച്ചകളും പുന:സംവിധാനം ചെയ്യുകയും വേണം.

6. ഉത്തമരായ നേതാക്കൾ നമ്മുടെ നാട്ടിൽ വിരളമാണു്. ഈ സത്യം പരിഗണിച്ചുകൊണ്ടു് ഉത്തമനേതാക്കന്മാരെ വാർത്തെടുക്കുന്ന മൂശയായി K.C.S.L. പ്രവത്തിക്കുന്നു. നേതൃത്വപരിശീലനക്യാമ്പുകളിൽവച്ചു നല്ല നേതാവാകാനുള്ള മാർഗ്ഗങ്ങളെപ്പററി വിദ്യാത്ഥികൾ താത്വികമായി പഠിക്കുന്നു. വക്കു ക്യാമ്പുകൾ, സെമിനാറുകൾ തുടങ്ങിയവയിലൂടെ പഠിച്ച തത്വങ്ങൾക്കു പ്രായോഗികരൂപം നല്കാൻ ലീഗു് ജാഗരൂകയാണു്.

7. ഒരു വിദ്യാത്ഥി സംഘടനയെന്ന നിലയിൽ K.C.S.L. വിദ്യാത്ഥിസമൂഹത്തിൻെറ ഉത്തമ താല്പര്യങ്ങളുമായി താദാത്മ്യം പ്രാപിക്കുയും അവരുടെ പുരോഗതിക്കു സഹായകമായ പരിപാടികൾ ആസൂത്രണംചെയ്തു നടപ്പിൽ വരുത്തുകയും ചെയ്യേണ്ടതുണ്ടു്. ക്ലാസ്സുമുറികളിലും വിദ്യാലയത്തിലും വിദ്യാത്ഥിസമൂഹത്തിലും കാണപ്പെടുന്നതോ, ഉണ്ടാകാവുന്നതോ ആയ അവധതകൾക്കും അനീതികൾക്കും, ന്യായവും വ്യവസ്ഥാപിതവുമായ മാർഗ്ഗങ്ങളിലൂടെ പരിഹാരം കാണുന്നതിനുവേണ്ടി നേതൃസ്ഥാനത്തേയ്ക്കു് K.C.S.L. അംഗങ്ങൾ വരേണ്ടതാണു്. വിദ്യാലയത്തിൽ അനാവശ്യമായോ അകാരണമായോ ഉണ്ടാകാവുന്ന പ്രക്ഷോഭണങ്ങളെ ലീഗംഗങ്ങൾ ഒന്നിച്ചുനിന്നു ചെറുത്തു് വിദ്യാഭ്യാസ പ്രവത്തനത്തെ സുഗമമാക്കിത്തീക്കുവാൻ അവരുടെ കഴിവുകൾ വിനിയോഗിക്കേണ്ടതാണു്. എങ്കിലും ഒരു സംഘടനയെന്ന നിലയിൽ K.C.S.L. എന്നും കക്ഷിരാഷ്ട്രീയത്തിനു് അതീതമായിരിക്കണം. തെററും ശരിയും വിവേചിച്ചറിഞ്ഞു് അതിൻെറ അടിസ്ഥാനത്തിലുള്ള പ്രവത്തനങ്ങൾ വഴി നല്ലൊരു സമൂഹത്തിനു രൂപം കൊടുക്കാനുള്ള പണിപ്പുരയായി K.C.S.L. എന്നും നിലകൊള്ളണം.

8. K.C.S.L. ശാഖകൾ പ്രത്തിക്കുന്ന സ്ഥലങ്ങളിൽ പ്രാദേശികാവശ്യങ്ങളെ പരിഗണിച്ചു സാമൂഹികപ്രവത്തനങ്ങളുടെ നേതൃത്വം സ്വയം ഏറെറടുക്കയോ മററു സന്നദ്ധസംഘടനകളുമായി സഹകരിച്ചു പ്രവത്തിക്കയോ ചെയ്യുണ്ടേതാണു്. ഭവനനിർമ്മാണം, പരിസരശുദ്ധീകരണം, റോഡുനിർമ്മാണം തുടങ്ങിയ പദ്ധതികൾ ഉദാഹരണങ്ങളാണു്. സേവനത്തിൻെറ പുതിയ മേച്ചിൽ സ്ഥലങ്ങൾ തേടിപ്പിടിക്കുവാൻ അംഗങ്ങൾ മുൻകൈയെടുക്കണം.

9. രാജ്യത്തിൻെറ സർവ്വതോമുഖമായ പുരോഗതിയാണു നമ്മുടെ വിദ്യാഭ്യാസത്തിൻെറ പ്രധാന ലക്ഷ്യങ്ങളിലൊന്നു്. ഇതു മനസ്സിലാക്കി രാജ്യപുരോഗതിക്കുവേണ്ടിയുള്ള നിർമ്മാണപദ്ധതികളിൽ തങ്ങളുടേതായ സജീ

പങ്കാളിത്വം K.C.S.L. അംഗങ്ങൾക്കുണ്ടായിരിക്കണം. രാജ്യത്തിന്റെ പ്രശ്നങ്ങളും പ്രതീക്ഷകളും സഖ്യംഗങ്ങൾക്ക് അജ്ഞാതമായിരിക്കരുത്. കഠിനാദ്ധ്വാനത്തിലൂടെ മാത്രമെ രാജ്യപുരോഗതി കരഗതമാകൂ എന്ന സത്യം ഗ്രഹിച്ചു കൊണ്ടു സ്വജീവിത മാതൃകയിലൂടെ മററുള്ളവർക്ക് ഉത്തേജനം നല്കേണ്ടതാണ്. വരൾച്ച, യുദ്ധം, പ്രളയം തുടങ്ങിയ ദേശീയദുരിതങ്ങളുണ്ടാകുമ്പോൾ സഹാനുഭൂതിയോടൊപ്പം സാമ്പത്തികസഹായവും നല്കുന്നതിനുപുറമെ നേരിട്ടു സന്നദ്ധസേവനത്തിനിറങ്ങാനും അംഗങ്ങൾ തയ്യാറാകണം. അങ്ങനെ K.C.S.L. ൽ നിന്നു് അംഗങ്ങൾക്കു കിട്ടുന്ന അർപ്പണമനോഭാവം സമൂഹത്തിനുള്ളിൽ നന്മയ്ക്കു പ്രചോദനം നല്കുന്ന പുളിമാവായിത്തീരണം.

10. K.C.S.L. അംഗങ്ങളുടെ കലാകായിക കഴിവുകളെ ക്രിസ്തീയപശ്ചാത്തലത്തിൽ വികസിപ്പിച്ചെടുത്തു് സാംസ്കാരികരംഗത്തെ സ്വാധീനിക്കുന്നതിനു് അവരെ പ്രാപ്തരാക്കാൻ ലീഗു് ശ്രദ്ധിക്കേണ്ടതാണ്. ഈ ഉന്നം വച്ചുകൊണ്ടു് ഇന്നു് ലീഗു് നടത്തുന്ന കലാ സാഹിത്യ കായിക പരിപാടികളെ പുന:സംവിധാനം ചെയ്തു ക്രമപ്പെടുത്തേണ്ടിയിരിക്കുന്നു.

11. K.C.S.L. ന്റെ ഇപ്പോഴത്തെ ഭരണസംവിധാനം തുടരുന്നതോടൊപ്പം സംഘടനയുടെ പ്രസിഡൻറ്, സെക്രട്ടറി തുടങ്ങിയ ഉത്തരവാദിത്വമുള്ള സ്ഥാനങ്ങൾ വിദ്യാർത്ഥികളിലേക്കുതന്നെ ക്രമേണ മാറേണ്ടതാണ്. എന്നാൽ ഈ സ്ഥാനങ്ങളിലേക്കു തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്കുവേണ്ട യോഗ്യതകൾ ഏവയാണെന്നു് കൃത്യമായി നിർണ്ണയിക്കണം. അവരെ കർമ്മശേഷിയും ആദർശശുദ്ധിയുമുള്ള നേതാക്കളാക്കി വളർത്തുന്നതിനു് വൈദികരും കന്യാസ്ത്രീകളും അദ്ധ്യാപകരും അർപ്പണബോധത്തോടെ സദാ പ്രവർത്തിക്കേണ്ടതാണ്. അവരുടെ അംഗീകാരത്തിനും നിയന്ത്രണത്തിനും വിധേയമായി മാത്രമേ കർമ്മപദ്ധതികൾ ഏറെറടുക്കാവൂ.

12. ഹൈസ്കൂൾ വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള ദേശീയസംഘടനയായ YCS/YSMഉം ആയി സമാഗതമായ കാര്യങ്ങളിൽ സഹകരിച്ചു പ്രവർത്തിക്കുകയും കാലാന്തരത്തിൽ ആവശ്യം പരിഗണിച്ചു പ്രസ്തുത സംഘടനയുമായി ഫെഡറേറു ചെയ്യുകയും അങ്ങനെ ദേശീയതലത്തിൽ നന്മ ചെയ്യാവുന്ന സേവനരംഗങ്ങളിലേയ്ക്കു് ലീഗു് കടന്നുചെല്ലുകയും വേണം.

13. K.C.S.L. അംഗങ്ങൾ കോളേജുക്ലാസ്സുകളിലെത്തുമ്പോൾ ലീഗിന്റെ പ്രവർത്തനങ്ങളുടെ തുടർച്ചയായി AICUF പ്രവർത്തനം സ്വീകരിക്കത്തക്ക രീതിയിൽ അവർക്കു ആവശ്യമായ പരിശീലനം ലഭിച്ചിരിക്കേണ്ടതാണ്. കാലാകാലങ്ങളിൽ രണ്ടു സംഘടനകളുടെയും പ്രവർത്തകർ ഒരുമിച്ചുകൂടി നമ്മുടെ യുവജനപ്രസ്ഥാനത്തെ സജീവമാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ആരായുന്നതു് ഉപകാരപ്രദമായിരിക്കും. പ്രത്യേകാവസരങ്ങളിൽ ഇരുസംഘടനകളുടെയും ആഭിമുഖ്യത്തിൽ പൊതുവായ പ്രവർത്തനപരിപാടികൾ നടത്തുന്നതു അഭിലഷണീയമായിരിക്കും.

# അനുബന്ധം (L)

## സംഘടനയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ

സംഘടനയുടെ ഉദ്ദേശലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.

1. അംഗങ്ങളെ ഉത്തമ ക്രൈസ്തവരും ഉത്തമ പൗരന്മാരും ആകാൻ ഉത്തേജിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുക.
2. ഭാരതത്തിന്റെ ഐക്യവും അഖണ്ഡതയും വളർത്തി പരിപോഷിപ്പിക്കാനും, ജനായത്ത ഭരണത്തിന്റെയും മതസ്വാതന്ത്ര്യത്തിന്റെയും മൂല്യങ്ങൾ ഉയർത്തിപ്പിടിക്കാനും വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുക.
3. ''ക്രിസ്തുവിൽ വളരാൻ'' (എഫേ. 4, 15) അംഗങ്ങളെ ബോധവല്ക്കരിക്കുക. ഈശ്വരവിശ്വാസവും ധാർമ്മിക ബോധ്യവും വളർത്തുക.
4. പഠനക്കളരി തുടങ്ങിയ കർമ്മ പരിപാടികളിലൂടെ ബൈബിളും സഭാപഠനങ്ങളും സാമൂഹ്യ പ്രശ്നങ്ങളും മനസ്സിലാക്കാൻ അംഗങ്ങളെ സഹായിക്കുക.
5. ''വിശ്വാസം, പഠനം, സേവനം'' എന്ന മുദ്രാവാക്യങ്ങളിലൂടെ ക്രൈസ്തവ മൂല്യങ്ങളും പൗരബോധവും ആർജ്ജിക്കുവാൻ അംഗങ്ങളെ ശക്തരാക്കുക.
6. ക്രൈസ്തവ വിദ്യാഭ്യാസ പ്രേഷിതത്വത്തിനു സഹായിക്കുക.
7. 'ദൈവത്തിന്റെ പിതൃത്വവും, മനുഷ്യന്റെ ഭ്രാതൃത്വവും' എന്ന അവബോധം വിദ്യാർത്ഥികളിൽ വളർത്തുക.
8. ജാതി മത വർണ്ണ വിവേചന കൂടാതെയുള്ള വിശ്വസാഹോദര്യം അരക്കിട്ടുറപ്പിക്കുക.
9. വൈദിക, സന്യസ്ത, കുടുംബ ജീവിതാന്തസ്സുകളിലേക്കുള്ള ഉത്തമ ദൈവവിളി പരിപോഷിപ്പിക്കുക.
10. ക്രൈസ്തവ അത്മായനേതൃത്വത്തിന് ആക്കം നൽകുക.
11. പഠനനിലവാരം ഉയർത്താൻ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുക.
12. വിദ്യാർത്ഥികളുടെ സർഗ്ഗ പ്രതിഭ കണ്ടെത്തി, വളർത്തി, വികസിപ്പിക്കാനുള്ള അവസരങ്ങൾ നല്കുക.
13. സമൂഹത്തിന്റെ സുസ്ഥിതിക്കായി വിദ്യാർത്ഥികളിൽ അച്ചടക്കബോധവും ക്രൈസ്തവ ത്യാഗ മനോഭാവവും വളർത്തിയെടുക്കുക.
14. ചുററുപാടുകളുടെ പ്രശ്നങ്ങളും ആവശ്യങ്ങളും മനസ്സിലാക്കാനും, സ്നേഹ–സേവന–സഹകരണ മന:സ്ഥിതിയിൽ അവയോടു ക്രിയാത്മകമായി പ്രതികരിക്കാനും അംഗങ്ങളെ സജ്ജരാക്കുക.
15. സംഘടനയുടെ അച്ചടക്കത്തിനും ഉദ്ദേശലക്ഷ്യങ്ങൾക്കും വിരുദ്ധമാവാത്ത ഏതൊരു മത-വിദ്യാഭ്യാസ-ആതുരപ്രവർത്തനങ്ങളും നടത്തുകയോ പ്രോത്സാഹിപ്പിക്കുകയോ ഏറെറടുക്കുകയോ ചെയ്യുക. ഇതിനായി പ്രാർത്ഥനാസമ്മേളനങ്ങൾ, പഠനക്കളരികൾ, ചർച്ചാക്ലാസ്സുകൾ, സെമിനാറുകൾ, റാലികൾ, ക്യാമ്പുകൾ, കലാ–സാഹിത്യ-കായിക മത്സരങ്ങൾ, ജീവിത മാർഗ്ഗനിർദ്ദേശക കോഴ്സുകൾ, സ്കോളർഷിപ്പു പരീക്ഷകൾ, സാമൂഹ്യസേവനപ്രവർത്തനങ്ങൾ, ആദ്ധ്യാത്മികപരിശീലനം, മതപഠനം, പ്രസിദ്ധീകരണങ്ങൾ, പ്രദർശനങ്ങൾ, ജാഥകൾ, സന്ദർശനങ്ങൾ, വിനോദയാത്രകൾ, സ്ഥാപനങ്ങൾ തുടങ്ങിയവ നടത്താവുന്നതാണ്.

# അനുബന്ധം (M)

## സംഘടനാ വാർഷികങ്ങൾ

| വാർഷികം | വർഷം | വാർഷികസ്ഥലം | ശാഖകൾ | അംഗങ്ങൾ |
|---|---|---|---|---|
| 0 | 1917 | ആലപ്പുഴ ലെയോ XIII | | |
| 1 | 1918 | കൊച്ചി സാന്താക്രൂസ് | | |
| 2 | 1919 | ആലുവ സെ. മേരീസ് | — | 252 |
| 3 | 1920 | തൃശ്ശൂർ സെ. തോമസ് കോളേജ് | — | 500 |
| 4 | 21 | എറണാകുളം സെ. ആൽബർട്ട്സ് | — | 500 |
| 5 | 22 | ചങ്ങനാശ്ശേരി സെ. ബർക്കുമാൻസ് | — | — |
| 6 | 23 | ചേർത്തല | 20 | 495 |
| 7 | 24 | എറണാകുളം സെ. ആൽബർട്ട്സ് | — | — |
| 8 | 25 | തൃശ്ശൂർ സെ. തോമസ് കോളേജ് | — | — |
| 9 | 26 | ആലപ്പുഴ ലെയോ XIII | 17 | 891 |
| 10 | 27 | പാലാ | 25 | 1230 |
| 11 | 28 | ചങ്ങനാശ്ശേരി സെ. ബർക്കുമാൻസ് | 23 | 1056 |
| 12 | 29 | ആലുവാ സെ. മേരീസ് | 23 | 1056 |
| 13 | 1930 | ഒല്ലൂർ | 24 | 1069 |
| 15 | 32 | ചമ്പക്കുളം | 23 | 981 |
| 18 | 35 | പുളിങ്കുന്ന് സെ. ജോസഫ്സ് | 16 | 873 |
| 20 | 37 | ചങ്ങനാശേരി സെ. ബർക്കുമാൻസ് കോളേജ് | — | — |
| 21 | 38 | മാന്നാനം സെ. എഫ്രേംസ് | — | — |
| 22 | 39 | കോട്ടയം എസ്. എച്ച്. മൗണ്ട് | — | — |
| 24 | 41 | മാന്നാനം സെ. എഫ്രേംസ് | 18 | 725 |
| 32 | 49 | രാമപുരം സെ. അഗസ്റ്റിൻസ് | — | — |
| 33 | 1950 | ചങ്ങനാശേരി സെ. ബർക്കുമാൻസ് കോളേജ് | — | — |
| 34 | 51 | പാല സെ. തോമസ് ഹൈസ്കൂൾ | — | — |
| 35 | 52 | ആലപ്പുഴ ലെയോ XIII | — | — |
| 36 | 53 | ചങ്ങനാശേരി സെ. ബർക്കുമാൻസ് കോളേജ് | — | — |
| 37 | 54 | ഭരണങ്ങാനം സെ. മേരീസ് | — | — |
| 38 | 55 | എറണാകുളം സെ. ആൽബർട്ട്സ | 8 | 1964 |
| 39 | 56 | പുളിങ്കുന്ന് സെ. ജോസഫ്സ് | — | — |
| 40 | 57 | തേവര എസ്. എച്ച്. | 42 | 2622 |
| 41 | 58 | വാഴക്കുളം ഇൻഫൻറ് ജീസസ് | 49 | 3120 |
| 42 | 59 | കൈപ്പുഴ സെ. ജോർജ് | 6 | 3815 |
| 43 | 1960 | കോട്ടയം മൗണ്ട് കാർമൽ | —1 | 5070 |
| 44 | 61 | മാന്നാനം സെ. എഫ്രേംസ് | 75 | 7699 |
| 45 | 62 | തിരുവല്ല സെ. തോമസ് | 98 | 102 40 |
| 46 | 63 | തൃശ്ശൂർ സെ. തോമസ് കോളേജ് | 101 | 12568 |
| 47 | 64 | കറവിലങ്ങാട്ട് സെ. മേരീസ് | 100 | 13066 |
| 48 | 65 | അതിരമ്പുഴ സെ. അലോഷ്യസ് | 67 | 11690 |
| 49 | 66 | തേവര എസ്. എച്ച്. കോളേജ് | 77 | 11825 |
| 50 | 67 | ആലപ്പുഴ ലെയോ XIII | 123 | 16723 |
| 51 | 68 | എറണാകുളം സെ. ആൽബർട്ട്സ് | — | — |
| 52 | 69 | ഭരണങ്ങാനം സെ. മേരീസ് | — | — |
| 53 | 1970 | കോട്ടയം മൗണ്ട് കാർമൽ | — | — |

| | | | | |
|---|---|---|---|---|
| 54 | 1971 | എറണാകുളം സെ. ആൽബർട്ട്സ് | — | — |
| 55 | 72 | തൃശ്ശൂർ സെ. മേരീസ് | — | — |
| 56 | 73 | ചങ്ങനാശേരി സെ. ബർക്കുമാൻസ് | — | — |
| 57 | 74 | തിരുമൂലപുരം സെ. തോമസ് | — | — |
| 58 | 75 | തൃശ്ശൂർ സെ. മേരീസ് കോളേജ് | — | — |
| 59 | 76 | കോട്ടയം എസ്. എച്ച്. മൗണ്ട് | 198 | 23202 |
| 60 | 77 | എറണാകുളം സെൻറ് ആൽബർട്ട്സ് | 198 | 31919 |
| 61 | 78 | മൂവാററുപുഴ നിർമല കോളേജ് | 198 | 29946 |
| 62 | 79 | തേവര എസ്. എച്ച്. കോളേജ് | 220 | 28079 |
| 63 | 1980 | ആലപ്പുഴ ലെയോ XIII | — | — |
| 64 | 81 | പാലാ സെ. തോമസ് | 300 | 30000 |
| | | തൃശ്ശൂർ സെ. മേരീസ് (ആദ്യകൺവൻഷൻ) | — | — |
| 65 | 82 | എറണാകുളം സെ. തെരേസാസ് | 312 | 42008 |
| 66 | 83 | തേവര (സംസ്ഥാനകൺവൻഷൻ) | — | 60000 |
| 67 | 84 | തേവര എസ്. എച്ച്. കോളേജ് | — | — |
| 68 | 85 | ചങ്ങനാശേരി സെ. ബർക്കുമാൻസ് | — | 86000 |
| 69 | 86 | തേവര എസ്. എച്ച്. കോളേജ് | — | — |
| 70 | 87 | എറണാകുളം സെ. ആൽബർട്ട്സ് | — | — |
| 71 | 88 | തേവര എസ്. എച്ച് കോളേജ് | — | — |
| 72 | 89 | ,, ,, | — | — |
| 73 | 1990 | ,, ,, | 940 | 131650 |

# അനുബന്ധം (N)

## സംഘടനയുടെ ഭാരവാഹികൾ

| | | |
|---|---|---|
| ജന. ഡയറക്ടർ | : | ഫാ. ജോസഫ് പുത്തൻപുര സി.എം.ഐ. |
| പ്രസിഡണ്ട് | : | പ്രൊഫ. പി. ജെ. സിറിയക്ക് |
| വൈസ് പ്രസിഡണ്ടമാർ | : | ശ്രീ. കെ.പി. ജോർജ്, തൃശ്ശൂർ<br>സിസ്റ്റർ ലൂസീനാ സി.ററി.സി, വരാപ്പുഴ<br>ശ്രീ. പി. ആർ. ലോറൻസ്, കോട്ടപ്പുറം<br>ശ്രീമതി ലിസ്സി ബേബി, എറണാകുളം |
| ജന. സെക്രട്ടറി | : | ശ്രീ. പി. പി. പൗലോസ്, എറണാകുളം |
| ജന. ട്രഷറർ | : | ശ്രീ. പി.ഡി. മാത്യു, കാഞ്ഞിരപ്പള്ളി |
| വിദ്യാർത്ഥി സെക്രട്ടറിമാർ | : | മാസ്റ്റർ ആവിഷ് ജോസഫ്, കോതമംഗലം<br>കുമാരി ദീപാ തോമസ്, തൃശ്ശൂർ<br>കുമാരി റാണി സെബാസ്റ്റ്യൻ, പാലാ<br>മാസ്റ്റർ നിഥിൻ സൈമൺ, കോട്ടപ്പുറം |
| എക്സിക്യൂട്ടീവ് അംഗങ്ങൾ | : | ശ്രീ. സാബു ഡി. മാത്യു, പാലാ<br>ശ്രീ. പി. ഐ. ജോർജ്, ഇരിങ്ങാലക്കുട<br>മാസ്റ്റർ ടോം ജോസ്, കോതമംഗലം<br>കുമാരി ഷിമ്മി ജോർജ്, ഇരിങ്ങാലക്കുട<br>കുമാരി മഞ്ജു മാത്യു, വരാപ്പുഴ |

# അനുബന്ധം (O)

## 1989-90 ലെ സ്ഥിതി വിവര കണക്ക്

| ന. | രൂപതാഘടകങ്ങൾ | യൂണിറ്റുകൾ | | ആനിമേറ്റേഴ്സ് | | അംഗങ്ങൾ | |
|---|---|---|---|---|---|---|---|
| | | H.S. | U.P. | M. | F. | M. | F. |
| 1 | ആലപ്പുഴ | 8 | 9 | 7 | 11 | 546 | 756 |
| 2 | കോഴിക്കോട് | 20 | 22 | 19 | 30 | 600 | 1400 * |
| 3 | ചങ്ങനാശ്ശേരി | 60 | 77 | 57 | 74 | 8492 | 14459 |
| 4 | കൊച്ചി | 21 | 17 | 4 | 46 | 2649 | 4468 |
| 5 | എറണാകുളം | 25 | 36 | 22 | 90 | 7625 | 10636 |
| 6 | ഇരിങ്ങാലക്കുട | 20 | 31 | 21 | 74 | 3630 | 6807 |
| 7 | കാഞ്ഞിരപ്പള്ളി | 28 | 54 | 52 | 78 | 1096 | 1254 |
| 8 | കോതമംഗലം | 26 | 33 | 37 | 37 | 1331 | 1560 |
| 9 | കോട്ടപ്പുറം | 8 | 12 | 3 | 18 | 701 | 1976 |
| 10 | കോട്ടയം | 13 | 26 | 13 | 26 | 1175 | 1475 |
| 11 | പാലാ | 104 | 30 | 41 | 80 | 14210 | 20483 |
| 12 | പാലക്കാട് | 5 | 5 | 5 | 15 | 100 | 300 * |
| 13 | കൊല്ലം | 5 | 5 | 5 | 5 | 100 | 300 * |
| 14 | തിരുവല്ല | 5 | 5 | 5 | 5 | 100 | 100 * |
| 15 | തൃശ്ശൂർ | 50 | 64 | 50 | 64 | 4744 | 9454 |
| 16 | തിരുവനന്തപുരം A.D. | 17 | 25 | 16 | 26 | 1035 | 1468 |
| 17 | ,, D. | 15 | 15 | 15 | 30 | 800 | 1500 * |
| 18 | വിജയപുരം | 9 | 5 | 5 | 9 | 193 | 1127 |
| 19 | വരാപ്പുഴ | 15 | 15 | 15 | 15 | 1000 | 2000 * |
| | ആകെ | 454 | 486 | 392 | 733 | 50127 | 81523 |
| | | 940 | | 1125 | | 131650 | |

(* ചിഹ്നം സൂചിപ്പിക്കുന്ന രൂപതകളിലെ കണക്കുകൾ പൂർണ്ണമല്ല)

അനുബന്ധം (P)

# K.C.S.L. Anthem

ജീവനിലുണരും നവസംഗീതം
ജയജയ കെ.സി.എസ്.എൽ.
അണിയായ് വിജയപതാകയുമേന്തി
അണയാം ധന്യത പുല്കാൻ

(ജീവനി......)

ക്രിസ്തുവിലെന്നും വളരുക നമ്മൾ
വിശ്വാസദീപവുമേന്തി
പാനം വഴിയായ് വളരാം പാരിൽ
സേവനതത്പരരായ് നാം

(ജീവനി......)

നിരയായ് നിരയായ് നീങ്ങുക നമ്മൾ
സത്യം നീതി പുലർത്താൻ
ധരണിയിൽ നന്മ വിതയ്ക്കാം നിതരാം
മനുജനു സ്നേഹം പകരാം...

(ജീവനി......)

ദിവ്യവിഭാതം നമ്മെ വിളിക്കും
നവ്യവസന്തം വിടരും
ജയജയ കർമ്മപഥത്തിൽ
ജയജയ കെ.സി.എസ്.എൽ.

DHARMARAM LIBRARY

BANGALORE-560 029

| Due Date | Due Date | Due Date |
|---|---|---|

DC Library
*00055762*
P63 C45 C

# പ്രഥമ വിദ്യാർത്ഥി പ്രസ്ഥാനം

ജെ. ചിറയിൽ

കേരള കത്തോലിക്കാ വിദ്യാർത്ഥി സഖ്യം എന്നറിയപ്പെടുന്ന കെ.സി.എസ്.എൽ. – ന്റെ 1915 മുതൽ 1990 വരെയുള്ള ഏഴരപതിറ്റാണ്ടിന്റെ ചരിത്രമാണിത്. ലോകത്തിലെ ആദ്യത്തെ വിദ്യാർത്ഥിപ്രസ്ഥാനം, വിദ്യാർത്ഥികൾ തന്നെ സ്ഥാപകരായുള്ള സംഘടന, കേരളീയർക്കുവേണ്ടി കേരളത്തിനു പുറത്തുള്ള കേരളീയരുടെ സംഭാവന എന്നീ തലങ്ങളിൽ ഇതിന്റെ സ്ഥാപനംതന്നെ ശ്രദ്ധേയമാണ്. വേതനമില്ലാതെ വ്യയം ചെയ്യുന്നവരുടെയും സമഗ്രവ്യക്തിത്വ വികസനത്തിനുവേണ്ടി ദാഹിക്കുന്ന പ്രത്യാശാപൂർണ്ണരുടെയും വീരേതിഹാസ ചരിത്രമാണിത്. ഈശ്വരവിശ്വാസത്തിനും ധാർമ്മികമൂല്യങ്ങൾക്കും മതസൗഹാർദ്ദത്തിനും ദേശീയോദ്ഗ്രഥനത്തിനും നിസ്വാർത്ഥസേവനത്തിനും ജീവിതത്തിൽ പ്രഥമസ്ഥാനം നൽകുന്നതിനുള്ള പരിശീലനവേദിയാണ് കെ.സി.എസ്.എൽ. യുവജന നേതൃത്വം പരിപോഷിപ്പിക്കുന്ന ഈ വിദ്യാർത്ഥി സംഘടനയ്ക്കു ഭാവുകങ്ങൾ.

ഫാ. ജോസഫ് കൈമല സി.എം.ഐ.

DVK CR
DHARMA

K
C
S
L

1915
To
1990

# പ്രഥമ
# വിദ്യാർത്ഥി
# പ്രസ്ഥാനം

ജെ. ചിറയിൽ

LIBRARY
BANGALORE
063
C 45

Indic Digital Archive Foundation
gpura.org